# ഇടപ്പള്ളി രാഘവൻപിള്ളയുടെ

# കൃതികൾ

EDITED BY

CHANGAMPUZHA

Digitized By Kerala Sahitya Akademi

# ദേവഗീത

ശ്രീ: ജയദേവകൃതമായ 'ഗീതഗോവിന്ദ'ത്തിന്റെ (അഷ്ടപദി) ലളിതസുന്ദരമായ പരിഭാഷ. പുളകംകൊള്ളിക്കുന്ന [illegible] പുതുമയുള്ളതുമായ ഗാനങ്ങൾ.

മലയാളത്തിലെ ആദ്യത്തെ പരിഭാഷയായ ഈ ഗ്രന്ഥം. ചുരുക്കം പ്രതികളേ അച്ചടിച്ചിട്ടുള്ളു. മുൻകൂട്ടി ആവശ്യപ്പെടുക.

പരിഭാഷകൻ: [illegible]

വില രണ്ടുരൂപാ.

# ദിവ്യഗീതം

ലോകസാഹിത്യത്തിൽ ഗീതകാവ്യവിഭാഗത്തിലുള്ള സ്ഥാനമാണ് ക്രൈസ്തവസാഹിത്യത്തിൽ 'ദിവ്യഗീത'ത്തിനുള്ളതെന്നു പണ്ഡിതവരരായ പാശ്ചാത്യനിരൂപകന്മാർ അഭിപ്രായപ്പെടുന്നു. മൂവായിരം കൊല്ലം പഴക്കം ചെന്നിട്ടും പുതുമ നശിക്കാത്ത ഒരു അത്ഭുതകലാസൃഷ്ടിയാണ് സോളമൻ ചക്രവർത്തിയുടെ Song of Songs എന്ന വിശിഷ്ടകാവ്യം. ദിവ്യഗീതം അതിന്റെ മനോഹരമായ വിവർത്തനമാണ്. [illegible] അടിയിലും [illegible] സംഗീതം അനായാസമായി ഒഴുകിക്കൊണ്ടിരിക്കുന്നു.

വിവർത്തകൻ: [illegible]

വില ഒന്നരരൂപാ.

ആവശ്യപ്പെടുക.

മംഗളോദയം ലിമിറ്റഡ്,

തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

ഇടപ്പള്ളി രാഘവൻപിള്ളയുടെ

# കൃതികൾ

CIRCLE BOOK HOUSE
PUBLISHERS & BOOK SELLERS
ERNAKULAM

EDITED BY

**CHANGAMPUZHA KRISHNA PILLAY M. A.**

**EDAPPALLY**

PUBLISHERS

THE MANGALODAYAM LTD.,

TRICHUR.

Digitized By Kerala Sahitya Akademi

മധുരമാമാശകൾ മണ്ണടിഞ്ഞു
മരണത്തിൻ ചുണ്ടിൽ ചിരിപൊഴിഞ്ഞു.

അപരാധമോരോന്നുമൊത്തുകൂടി_
യറുവേലമെൻമുന്നിൽ നൃത്തമാടി.

ഹൃദയമൺഭിത്തിയെത്തട്ടിനീക്കി
രുധിരമനങ്ങളും പാഞ്ഞൊഴുകി.


Digitized By Kerala Sahitya Akademi



ഇടപ്പള്ളി, ആർ. രാഘവൻപിള്ള

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi


Place Trivandrum


EDAPPALLY, R. RAGHAVAN PILLAY.

Date 7/11/10


To B.V. Book Depot.

സഹോദരാ,


Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi


Place............
EDAPPALLY, R. RAGHAVAN PILLAY.
Date............


Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi


Digitized By Kerala Sahitya Akademi

രാഘവൻപിള്ളയും ചില സുഹൃത്തുക്കളും



1. ചങ്ങമ്പുഴ കൃഷ്ണപിള്ള. 2. പി. എം. അച്യുതവാരിയർ.
3. ആർ. കൃഷ്ണപിള്ള ബി. ഏ. 4. ഇടപ്പള്ളി രാഘവൻപിള്ള.
5. പി. എൻ. മാധവൻപിള്ള ബി. ഏ.

Digitized By Kerala Sahitya Akademi



# നിൽക്കുക!

(മഞ്ജരി)

I

[illegible]

II

[illegible]

Digitized By Kerala Sahitya Akademi

III

[illegible]

IV

[illegible]

Digitized By Kerala Sahitya Akademi

# സമർപ്പണം

സത്യസൌന്ദര്യത്തിൻ സങ്കേതസത്മകം
നിസ്തുലസ്നേഹത്തിൻ നൃത്തരംഗം,
ശാരദാകാശത്തിൻ ശാന്തിതൻ ശാശ്വത
പൂരം പുരട്ടുമെൻ പുണ്യപുഞ്ജം,
ആനന്ദമന്ദിരമാകുമത്താരകം,
ഞാനെന്നിൽ കാണുമെൻ ഭാഗ്യദീപം,
എന്നുമൊഴുക്കീടും നിശ്ശബ്ദഗാനത്തിൻ
പൊന്നല വന്നെന്നെപ്പുല്കീടുമ്പോൾ,
—അന്തരാത്മാവിലുറങ്ങുമെൻവീണതൻ
തന്ത്രികൾമന്ദമിളകീടുമ്പോൾ—
നീലാംബരത്തിങ്കലേയ്ക്കു നിഗൂഢമായ്
നീളുമെന്നേകാന്തഗാനമെല്ലാം
അക്ഷയമാകുമാനക്ഷത്രത്തിന്നായി-
ട്ടർപ്പിച്ചിടുന്നു ഞാനാത്തമോദം.

തിരുവനന്തപുരം,
24-10-1110.

ഇടപ്പള്ളി രാഘവൻപിള്ള.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയവിവരം

അനുസ്മരണകം. തട്ടായത്തു പരമേശ്വരപ്പണിക്കർ.
തുഷാരഹാരത്തിനു മഹാകവി ഉള്ളൂർ എഴുതിയ മുഖവുര.


| നവസൌരഭം | | പേജ്. |
|---|---|---|
| ൧ | എന്റെ ജീവിതം | 1 |
| ൨ | 'പോവല്ലേ, പോവല്ലേ, പൊന്നണമേ!' | 3 |
| ൩ | പശ്ചാത്താപം | 6 |
| ൪ | തപ്തബാഷ്പം | 10 |
| ൫ | ഉണരുക | 17 |
| ൬ | മുററത്തെ തുളസി | 20 |
| ൭ | ആദ്യസാഹിത്യം | 23 |
| ൮ | നില്ക്കുക | 24 |
| ൯ | സന്ധ്യാസംഗീതം | 27 |
| ൧൦ | നവവത്സരം | 30 |
| ൧൧ | വസന്തത്തിൽ | 31 |
| ൧൨ | കാലം | 32 |
| ൧൩ | ആശ | 33 |
| ൧൪ | നിർമ്മല | 35 |
| ൧൫ | ഒരു കാത്ത് | 36 |
| ൧൬ | വേണുഗാനം | 40 |
| ൧൭ | എതിരേല്പ് | 42 |
| **ഹൃദയസ്മിതം** | | |
| ൧൮ | സന്ദർശനം | 47 |
| ൧൯ | ശ്യാമള | 49 |
| ൨൦ | ഏകാന്തകാമുകൻ | 52 |
| ൨൧ | നിരാശ | 55 |


Digitized By Kerala Sahitya Akademi

| | | |
|---|---|---|
| ൨൨ | ഹൃദയസ്മിതം | 57 |
| ൨൩ | അദൃശ്യബാഷ്പം | 59 |
| ൨൪ | രാഗിണി | 60 |
| ൨൫ | ഹൃദയാലാപം | 63 |
| ൨൬ | സ്മരണ | 67 |
| ൨൭ | ആശ്വാസം | 71 |
| ൨൮ | വ്യാമോഹം | 73 |
| ൨൯ | കിരണോദ്ഗമം | 75 |
| ൩൦ | പാദുക | 77 |
| ൩൧ | അർത്ഥന | 79 |
| ൩൨ | പിരിഞ്ഞപ്പോൾ | 81 |


## തുഷാരഹാരം


| | | |
|---|---|---|
| ൩൩ | കഴിഞ്ഞ കാര്യം | 85 |
| ൩൪ | ഞങ്ങൾ | 87 |
| ൩൫ | കാട്ടാറിന്റെ കരച്ചിൽ | 91 |
| ൩൬ | സന്ദേശം | 94 |
| ൩൭ | ചന്ദ്രികയിൽ | 97 |
| ൩൮ | ആ വസന്തം | 100 |
| ൩൯ | കളിത്തോണിയിൽ | 101 |
| ൪൦ | ശിഥിലചിത്രം | 104 |
| ൪൧ | ഭ്രമരഗീതി | 107 |
| ൪൨ | പ്രതീക്ഷ | 110 |
| ൪൩ | ജീവിതം | 113 |
| ൪൪ | നിഗൂഢരാഗം | 116 |
| ൪൫ | സഖികൾ | 118 |
| ൪൬ | മരണം | 121 |


Digitized By Kerala Sahitya Akademi

| | | |
|---|---|---|
| ൨൭ | ക്ഷണം | 122 |
| ൨൮ | ആ രംഗം | 124 |
| ൨൯ | അപരാധി | 128 |
| ൩൦ | ലക്ഷ്യം | 131 |
| ൩൧ | സമാധാനം | 133 |
| ൩൨ | പുളകപ്പുതപ്പിൽ | 135 |
| ൩൩ | ഭിക്ഷു | 137 |
| ൩൪ | അസ്വാസ്ഥ്യം | 138 |
| ൩൫ | ഹൃദയാഞ്ജലി | 139 |
| ൩൬ | ഒടുക്കത്തെ താരാട്ട് | 142 |
| ൩൭ | തോഴിയോട് | 145 |
| ൩൮ | പ്രണയിഹൃദയം | 148 |
| ൩൯ | നിത്യരോദനം | 150 |
| ൪൦ | പടിവാതിൽക്കൽ | 153 |
| ൪൧ | ഉൽക്കണ്ഠ | 156 |
| ൪൨ | സുധ (ചെറുകഥ) | 161 |
| ൪൩ | ചില്ലിക്കാശ് (ആത്മ. കഥ) | 179 |


## മണിനാദം


| | | |
|---|---|---|
| ൪൪ | മണിനാദം | 189 |
| ൪൫ | നാളത്തെ പ്രഭാതം | 194 |
| ൪൬ | വരുന്നു ഞാൻ | 195 |
| ൪൭ | വിശ്വഭാരതിയിൽ | 197 |
| ൪൮ | ഞാനിതാ വിരമിപ്പൂ | 200 |
| ൪൯ | കരയല്ലേ....! | 202 |
| ൫൦ | വിപ്ലവം! വിപ്ലവം! | 205 |
| ൫൧ | വസന്തം കഴിഞ്ഞു | 208 |


Digitized By Kerala Sahitya Akademi

| | | |
|---|---|---|
| ൧൨ | ''തകരു! തകരു!'' | 210 |
| ൧൩ | തകരാത്ത നീർപ്പോള | 213 |
| ൧൪ | വിസ്മൃതമാകണം | 215 |
| ൧൫ | എന്റെ പോക്ക് | 218 |
| ൧൬ | സ്വപ്നവിഹാരി | 219 |
| | അന്ത്യസന്ദേശം (ഒരു കത്ത്) | 221 |


## അവ്യക്തഗീതം


| | | |
|---|---|---|
| ൧൭ | അവ്യക്തഗീതം (ഗദ്യകവിത) | 225 |
| ൧൮ | കാമുകൻ | 230 |
| ൧൯ | കൃഷിപ്പാട്ട് | 231 |
| ൨൦ | അറിയുന്നു ഞാൻ | 234 |


Digitized By Kerala Sahitya Akademi

# അനുസ്മരണകൾ

I leave thy praises unexpressed
In verse that brings myself relief.
And by the measure of my grief
I leave thy greatness to be guessed.

രാഘവൻപിള്ള!—രാമണീയകമായിരുന്ന ആ മണിനാദം ആകസ്മികമായി അവസാനിച്ചിട്ടു വത്സരങ്ങൾ ഇതാ, പത്തു തികയാറാകുന്നു. നീണ്ടുനീണ്ട കരച്ചിലുകൾ, ആയിരമായിരം ഊഷ്മളങ്ങളായ നെടുവീർപ്പുകൾ അവിച്ഛിന്നമായി ഉൽഗളിച്ചു പരിക്ഷീണമായി, പരിതപ്തമായി ആ മുരളി തകർന്നുപോയി. അതിൽനിന്നും അനവരതം പ്രവഹിച്ചുകൊണ്ടിരുന്ന മധുരസംഗീതം നുകരുവാൻ ലൗകികപ്രാഭവത്തിന്റെ ശൂന്യഹൃദയത്തിനു കഴിവുണ്ടായില്ല. അഭൗമമായ ആ ആത്മീയസൗന്ദര്യപ്പുളപ്പിൽ നിഷ്ഠുരമായ സമുദായം അന്ധമായി, അലസമായി വർത്തിച്ചു. അങ്ങിനെ, സ്നേഹപ്രകാശം കൊതിച്ചുകൊണ്ട്, പാടിപ്പാടിത്തളർന്ന് ആ കാട്ടുരുവി നിത്യതയുടെ മരുഭൂവിൽ ലയിച്ചു.

നിസ്തുലമായ പ്രണയമധുവൂറിനിന്ന വികാരഭരിതമായ ഹൃദയത്തിന്റെ കിളിക്കൊഞ്ചലായിരുന്നു ആ കാമുകഗായകന്റെ ഗാനാലാപം. എന്നാൽ, അസ്വത



Digitized By Kerala Sahitya Akademi

ന്ത്രതകളുടേയും അസമത്വങ്ങളുടേയും ആയസശൃംഖല കളെ ഖണ്ഡിച്ചു കുതിച്ചുപാഞ്ഞുവാനുള്ള ഒരു വെമ്പലും അതിൽ സ്ഫുരിച്ചിരുന്നു. ആ വെമ്പലിൽ അദ്ദേഹം ആത്മാഹുതിചെയ്തു.

കണ്ണീർപുരണ്ട സ്മരണയുടെ മുകുരത്തിലൂടെ "കരയുവാനായ് പിറന്ന ആ കാമുകനെ" എനിക്കിന്നു കാണുവാൻ കഴിയും. സാഹിത്യകുതുകികളുടെ വിഹാരരംഗമായിരുന്ന ഒരന്തരിക്ഷത്തിൽ ഞങ്ങൾ സൗഹാർദ്ദപൂർവ്വം ഉല്ലസിച്ചിരുന്ന ആ സുദിനങ്ങൾ ഇന്നും പുളകോൽഗമകാരികളാണ്.

രാഘവൻപിള്ളയുടെ കവിതയെക്കുറിച്ചുള്ള വിമർശനമോ ആസ്വാദനമോ അല്ലിതു്. ഒരു സ്നേഹിതൻെറ വ്യക്തിഗതമായ അനുസ്മരണകൾമാത്രം.

സാഹിത്യപരിഷത്തിൻെറ ഉദയത്തിനു മുമ്പുള്ള കാലം. അന്നു് ഇടപ്പള്ളിയിലെ കലാപ്രേമികളുടെ സൗഹാർദ്ദസമ്മേളനങ്ങൾ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്നു. ഹൃദയാകർഷകമായ രീതിയിൽ കവിത ചൊല്ലുവാൻ കഴിവുള്ളവനിൽ കവിതയുണ്ടെന്നു പറയാറുണ്ട്. കവിതാപാരായണത്തിനു മാത്രമല്ല, കവിതാരചനയ്ക്കു തന്നേയും കെല്പുള്ളവർ അക്കൂട്ടത്തിലുണ്ടായിരുന്നു. ഏതൊരു വ്യക്തിയുടേയും ഹൃദയത്തിൽ കവിതയുടെ ഒരു നേരിയ നിഴലാട്ടം ഉണ്ടായിരിക്കും. അതു സ്പഷ്ടമായി ആരിൽ വികസിച്ചു കാണുന്നുവോ അയാളെ നാം കവി എന്നു പറയുന്നു. ഇങ്ങിനെതന്നെയാണ് കവിസാമ്രാ



Digitized By Kerala Sahitya Akademi

ഭൗമന്മാരെ നിരൂപകന്മാർ സൃഷ്ടിക്കുന്നതും. ഇടപ്പള്ളിയിലെ അന്നത്തെ സാഹിത്യാരാമത്തിൽനിന്നും പാടിയുയൎന്ന കവികോകിലമാണു് രാഘവൻപിള്ള. യുവത്വത്തിലേയ്ക്കു കാലൂന്നിയിട്ടില്ലായിരുന്ന അദ്ദേഹത്തെ. കവിതാകാമിനി തുരുതുരെ ചുംബിച്ചുണൎത്തി. സുകുമാരങ്ങളായ പിഞ്ചുകൈകളിലൊതുങ്ങി, അദ്ദേഹത്തിന്റെ കവിതാവൈഭവം പരിസരങ്ങളെ അതിക്രമിച്ചു വിസ്മയകരമാംവണ്ണം പുഷ്പിച്ചു പരിമളം ചിന്നി.

രാഘവൻപിള്ളയുടെ പ്രസിദ്ധിയിലേയ്ക്കുള്ള പ്രയാണത്തെ പടിപടിയായി വിവരിക്കുക അശക്യമാണു്. ഒരുദിവസം കണ്ണുതുറന്നപ്പോൾ സുപ്രസിദ്ധനായ ഒരു കവിയായി സഹൃദയലോകം അദ്ദേഹത്തെ പുകഴ്ത്തുവാൻ തുടങ്ങി എന്നു പറയുവാൻ സാധ്യവുമല്ല. പക്ഷേ, അത്ഭുതകരമാംവിധം ചുരുങ്ങിയ ഒരു കാലഘട്ടത്തിനകം, ഏതാനും കുറെ സ്വച്ഛന്ദഗീതങ്ങൾകൊണ്ടുമാത്രം തന്റെ യശഃസ്തംഭം പ്രതിഷ്ഠിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ചില കവികളുടെ ജീവചരിത്രഗ്രന്ഥങ്ങളിൽ അവരുടെ വിദ്യാഭ്യാസകാലത്തെ രസകരമായി വിവരിച്ചുകാണാറുണ്ടു്. വിശ്രുതന്മാരായ പണ്ഡിതശ്രേഷ്ഠന്മാർ മാത്രമാണു് അവരുടെ ഗുരുഭൂതന്മാർ. സിദ്ധരൂപം ഉരുവിടൽ തുടങ്ങിയ അഭ്യാസരീതി. ശിഷ്യരാകട്ടെ, പിഞ്ചുപൈതലായിരിക്കുമ്പോൾത്തന്നെ കവിതാവാസന പ്രകടിപ്പിക്കുകയായി. എട്ടുവയസ്സാകുമ്പോഴെയ്ക്കും ഒരു

Digitized By Kerala Sahitya Akademi

സ്തോത്രമോ ശതകമോ ചമച്ചുകഴിഞ്ഞു. പന്ത്രണ്ടുവയസ്സാകുമ്പോഴെയ്ക്കും ഒരു കാവ്യവും. ഗുരുഭൂതൻ വിസ്മയാധീനനാകുന്നു. ഇങ്ങിനെയൊന്നും രാഘവൻപിള്ളയെക്കുറിച്ചു പറയുവാനില്ല. അദ്ദേഹത്തിൻെറ വിദ്യാലയജീവിതം ഇക്കാലത്തെ ഒരു സാധാരണവിദ്യാർത്ഥിയുടേതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. സ്കൂൾഫൈനൽ മാത്രമേ അദ്ദേഹം ജയിച്ചിട്ടുള്ളു. പക്ഷേ, സഹജമായ കലാവാസന എന്നു് ഒന്നുണ്ടല്ലോ. അതു് അദ്ദേഹത്തിൽ പ്രകടമായി പ്രസ്ഫുരിച്ചിരുന്നു. വിദ്യാലയങ്ങൾക്കും കലാശാലകൾക്കും അതീതമായ കവിതാപാടവം അദ്ദേഹം പ്രദർശിപ്പിച്ചു. ഒരു ഗുരുഭൂതനെയല്ല, പല ഗുരുദേവന്മാരെയുമല്ല, മലയാളസാഹിത്യലോകത്തെത്തന്നെ അതു് അത്ഭുതപരതന്ത്രമാക്കി.

കൂട്ടുകൂടിയിരുന്ന ആ സന്ദർഭങ്ങൾ, ഒന്നിച്ചു വിദ്യാലയത്തിലേയ്ക്കു പോയിരുന്ന ആ ദിവസങ്ങൾ, ഇന്നും എൻെറ ഓർമ്മയിൽ വരുന്നു. ഇങ്ങിനിവരാതവണ്ണം മറഞ്ഞുപോയ ആനന്ദതുന്ദിലങ്ങളായ ആ നിമിഷങ്ങൾ. അന്നെല്ലാം അകംകുളുർക്കെ ചിരിക്കുന്ന, ഉള്ളഴിഞ്ഞു സംസാരിക്കുന്ന, നിഷ്കളങ്കഹൃദയനായിരുന്ന ആ സ്നേഹിതൻ കാലാന്തരത്തിൽ വിഷാദാത്മകനായ ഒരു യുവകവിയായി പ്രത്യക്ഷപ്പെട്ടു. അതിൽ ഒരു ജീവിതരഹസ്യം അടങ്ങിയിരിക്കുന്നു. എൻെറ ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള രാഘവൻപിള്ളയുടെ ചിത്രം ഇതാണു്: രൂക്ഷമായ ലോകനീതിയോടുള്ള പ്രതിഷേധം



Digitized By Kerala Sahitya Akademi

വ്യക്തമാക്കിക്കൊണ്ട്, ഏതോ പോർവിളിയെ വിദ്യോതിപ്പിക്കുന്ന ഒരന്വേഷണഭാവത്തിൽ ഉയർത്തിപ്പിടിച്ചിരിക്കുന്ന ശിരസ്സ്; ശോകയാതനകളുടെ തീപ്പൊരി പാറുന്ന ജീവത്തായ നയനങ്ങൾ. പുഞ്ചിരികൾ പൊഴിഞ്ഞിരുന്നു, തേങ്ങിക്കരയുവാൻ വയ്യാഞ്ഞിട്ട്. സ്നേഹസമ്പൂർണ്ണമായിരുന്ന ഹൃദയത്തിന് ഇത്തരമൊരു കണ്ണാടിയുണ്ടായതാണത്ഭുതം. വിഭിന്ന ചിത്രങ്ങൾ പലരും കണ്ടിട്ടുണ്ടാകാം. എന്റെ ചിത്രമിതാണ്

രാഘവൻപിള്ളയുടെ ഹൃദയം മൃദുവും ക്ഷിപ്രസ്പർശിയുമായിരുന്നു. ഉദാരമായ ആ ഹൃദയം ഒരു തൊട്ടാവാടിയായി രൂപാന്തരപ്പെടുവാൻ സാരമായ കാരണങ്ങളൊന്നും ചിലപ്പോൾ വേണ്ടിയിരുന്നില്ല. ഈ ലേഖകനെ ഇന്നും വേദനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സംഭവം ഇതിനു ദൃഷ്ടാന്തമാണ്. സായാഹ്നവേളകളിലെ സുഹൃൽസമ്മേളനങ്ങളിൽ അതാതാഴ്ചകളിലെ മലയാള വാരികകൾ—ചിത്രവാരികയും മാതൃഭൂമിയും—പ്രസിദ്ധപ്പെടുത്തിയിരുന്ന കവിതകൾ അക്കാലത്തു പ്രായേണ സംഭാഷണവിഷയമാകാറുണ്ടായിരുന്നു. ആ അവസരങ്ങളിൽ, അപൂർവ്വമായി, ആ കവിതകളെ അനുകരിച്ച് തങ്ങളുടെ ധിഷണാവിലാസംപോലെ വിനോദകവിതകൾ ഉണ്ടാക്കിച്ചൊല്ലുക പലരുടേയും പതിവായിരുന്നു. അത്തരം കവിതകൾ പലപ്പോഴും സഭ്യതയെ സമീപിക്കുകപോലും ചെയ്തിരുന്നില്ലെന്നതു പ്രത്യേകം പ്രസ്താവ്യമാണ്. ഒരിക്കൽ, രാഘവൻപിള്ള പ്രസിദ്ധ



Digitized By Kerala Sahitya Akademi

പ്പെടുത്തിയ 'ആത്മസാഹിത്യം' എന്ന ലഘുകവിതയെ കുറിച്ച് അങ്ങിനെയൊരു വിനോദകവിത രചിക്കുവാനുള്ള വിചാരശൂന്യത ഈയുള്ളവനുണ്ടായി. ദുർവിചാരം ലേശംപോലും തീണ്ടിയിട്ടില്ലായിരുന്ന എൻെറ പ്രവൃത്തി, രാഘവൻപിള്ളയെ കുപിതനാക്കി, ക്ഷുഭിതനാക്കിത്തീർത്തു. അതിൽപ്പിന്നെ, ഞങ്ങളുടെ സ്നേഹബന്ധം ദീർഘകാലം മൗനമുദ്രയാൽ അങ്കിതമായിരുന്നു. പിന്നീട്, 'തുഷാരഹാര'ത്തിൻെറ പ്രസിദ്ധീകരണത്തിനുശേഷം, സ്നേഹാകുലനായ ആ ഇഷ്ടതോഴൻ, അതിൻെറ ഒരു പ്രതി പാരിതോഷികമായി എനിക്കു സമ്മാനിച്ചാണ് ആ കാലഘട്ടത്തിനു വിരാമമിട്ടത്. അദ്ദേഹത്തിൻെറ കവിതയെ അനുകരിച്ച് ഒരു വിനോദകവിത ഞാൻ ചൊല്ലിയതല്ല രാഘവൻപിള്ളയ്ക്കസഹ്യമായത്. എന്നെപ്പോലെയുള്ള ഒരു സ്നേഹിതൻ അങ്ങിനെയൊരു ചപലസാഹസത്തിനു മുതിർന്നതാണ് ഋജുബുദ്ധിയായിരുന്ന അദ്ദേഹത്തെ വികാരക്ഷുബ്ധനാക്കിയത്. ലളിതഹൃദയത്തിൻെറ ഗതിവിശേഷം! വിമർശകവാക്ശരങ്ങളെ അലക്ഷ്യമായി, അധൃഷ്യമായി, അലസമായി വീക്ഷിക്കുവാനുള്ള മനോഭാവം രാഘവൻപിള്ളയ്ക്കുണ്ടായിരുന്നോ എന്നോ സംഗതി സംശയഗ്രസ്തമാകുന്നു. ഈയിടെയുണ്ടായ ഒരു സംഭവം വിവരിച്ച് എൻെറ ആശയം വിശദീകരിക്കാം. ഏതാനും ദിവസങ്ങൾക്കുമുമ്പു മി: ചങ്ങമ്പുഴയും ഞാനുംകൂടി ഇടപ്പിള്ളിക്കു വണ്ടികയറുവാനായി എറണാകുളം റെയിൽവേസ്റ്റേഷനിൽ നില്ക്കുകയായിരു



Digitized By Kerala Sahitya Akademi

നു. അപ്പോൾ ഒരു മി. വാലത്തു് മി: ചങ്ങമ്പുഴയെ സമീപിച്ചു് അല്പം സങ്കോചത്തോടുകൂടി പറഞ്ഞു, "ഞാൻ ഒന്നു attack ചെയ്യിട്ടുണ്ടു് പരിഭവിക്കരുതു്" attack എന്നു കേട്ടാൽ മി: ചങ്ങമ്പുഴ വാടിത്തളൎന്നു വിഷണ്ണനായിത്തീരുമെന്നാണു് ആ ചങ്ങാതി കരുതിയതു്. ആന്തരികമായ പ്രചോദനത്തിന്റെ ഫലമായി സൃഷ്ടിപരമായ കലാനിൎമ്മിതിയിൽ നിരന്തരം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന മേധാശാലികളല്ലേ വിമൎശകന്മാരുടെ അഭിപ്രായങ്ങളിൽ ചഞ്ചലചിത്തരാകുന്നു! പ്രതിരോധിയുടെ മനഃസ്ഥൈര്യത്തെ പാടേ വിപാടനം ചെയ്യുന്ന സവിശേഷമായ ആ ചിരിയോടുകൂടി ചങ്ങമ്പുഴ പ്രതിവദിച്ചു, "നിങ്ങൾ ഒന്നല്ല, ഒരുനൂറു്, attack ചെയ്യുവിൻ. അതാണു് ഞാൻ ആവശ്യപ്പെടുന്നതു്. പണം കൊടുത്തും ഞാൻ attack ചെയ്യിക്കാറുണ്ടു്." ഈ അശനിപാതത്തോടുകൂടി ആരംഭിച്ച വാഗ്ധാര ഒരുമണിക്കൂറിലധികംനേരം മി. വാലത്തിന്റെ കൎണ്ണരന്ധ്രങ്ങളിൽ പതിച്ചപ്പോൾ, അദ്ദേഹം അന്ധാളിച്ചുപോയി. ഇടപ്പള്ളി റയിൽവേസ്റ്റേഷനിലേയ്ക്കുതന്നെ അദ്ദേഹവും ടിക്കററുവാങ്ങിയിരുന്നില്ലെങ്കിൽ, പക്ഷേ, ആ സാഹിത്യവിമൎശകൻ തരംനോക്കി തൊങ്കുമായിരുന്നു. രാഘവൻപിള്ളയായിരുന്നു മി: ചങ്ങമ്പുഴയുടെ സ്ഥാനത്തെങ്കിൽ ഇപ്രകാരം ഒരു രംഗം ഉണ്ടാകുമായിരുന്നോ എന്ന കാര്യം വാദഗ്രസ്തമാണു്



Digitized By Kerala Sahitya Akademi

മിതഭാഷിയായിരുന്നു രാഘവൻപിള്ള. അദ്ദേഹത്തിൻെറ ഹൃദയം ഏതോ ഒരു ഭാരം പേറുന്നതുപോലെ, എന്തോ ഒരു രഹസ്യം നിഗൂഹനം ചെയ്യുന്നതുപോലെ തോന്നിയിരുന്നു. നിഷ്ഠുരമായ സമുദായജീവിതം നിർദ്ദയം പൊഴിച്ചുകൊണ്ടിരുന്ന ക്രൂരതാഡനങ്ങൾ ചെറുത്തുകൊണ്ടു തലപൊക്കി നിന്നിരുന്ന ആത്മാഭിമാനമായിരുന്നിരിക്കണം അതിനു ഹേതു. അനുഭവങ്ങളും ആദർശങ്ങളും തമ്മിൽ പ്രായേണ കാണാറുള്ള വൈരുദ്ധ്യത്തെ പ്രായോഗികമനഃസ്ഥിതിയോടെ അഭിവീക്ഷിക്കുവാൻ അദ്ദേഹം ശീലിച്ചില്ല. അനിതരസാധാരണങ്ങളായ സംഭവങ്ങളൊന്നുമുണ്ടായിരുന്നില്ല ആ ജീവിതത്തെ നിരാശാപൂർണ്ണമാക്കുവാൻ. മാത്രമല്ല, ഉദാരഹസ്തങ്ങൾ അദ്ദേഹത്തെ താലോലിച്ചിട്ടുമുണ്ട്. എങ്കിലും, തികഞ്ഞ ആദർശവാദിയും വികാരഭരിതനുമായിരുന്ന രാഘവൻപിള്ള സ്വയം ഒരു സങ്കല്പലോകം സൃഷ്ടിച്ച്, നിരാശയെ പ്രതിഷ്ഠിച്ച്, അവിടെനിന്നും 'മണിനാദം' മുഴക്കി.

ചരിത്രപുരുഷൻ ഭാവനയിൽ കണ്ടിരുന്ന ആ സ്വർഗ്ഗസാമ്രാജ്യം സമാഗതമാകുന്നതെന്നാണോ? സമ്പത്തിൻേറയും സമുദായത്തിൻേറയും കിങ്കരന്മാരായ അസമത്വങ്ങളും അസ്വാതന്ത്ര്യങ്ങളും വ്യക്തികളെ ശ്വാസംമുട്ടിക്കാതിരുന്നുവെങ്കിൽ, ധിഷണാവിലാസത്തിനു മുമ്പിൽ പാരമ്പര്യമഹിമ വിലങ്ങടിച്ചു നില്ക്കാതിരുന്നുവെങ്കിൽ, മനുഷ്യത്വത്തിനു മാനവസമുദായത്തിൻെറ ഉപരിതല



Digitized By Kerala Sahitya Akademi

ത്തിലേയ്ക്കുയരുവാൻ കഴിവുണ്ടായിരുന്നുവെങ്കിൽ, രാഘവൻപിള്ള ഇന്നു മലയാളസാഹിതിക്കു നഷ്ടപ്പെടുകയില്ലായിരുന്നു. ഏതാദൃശമായ സമുദായനീതി പ്രതിഷ്ഠിക്കുവാനാണല്ലോ പുരോഗമനകക്ഷിക്കാരുടെ ഇന്നത്തെ പരിശ്രമങ്ങൾ. കണ്ണെത്താത്ത ആ നവലോകത്തിൻെറ രക്തസാക്ഷിയത്രെ രാഘവൻപിള്ള.

രാഘവൻപിള്ളയുടെ കവിത വിഷാദാത്മകമാണെന്നും പരാജയപ്രസ്ഥാനത്തിലുൾപ്പെട്ടതാണെന്നും ഉള്ള വിമർശകമതം ഇവിടെ അനുസ്മരിച്ചുകൊള്ളുന്നു. അദ്ദേഹത്തിൻെറ വിഷാദാത്മകത്വം അകൃത്രിമരമണീയമാണ്. സ്വജീവരക്തംകൊണ്ട് അതിന് അദ്ദേഹം ആത്മാർത്ഥതകൂട്ടി. ലൌകികജീവിതത്തിലുണ്ടാകുന്ന പരാജയങ്ങൾ കവിതാവിഷയങ്ങളാക്കുന്നതിൽ കവി പ്രദർശിപ്പിക്കുന്ന പാടവവും സൂക്ഷ്മദൃഷ്ടിയും സമുദായമാലിന്യങ്ങളെ ദൂരീകരിച്ചു ശുദ്ധമായ ഒരന്തരീക്ഷം സൃഷ്ടിക്കുവാൻ പര്യാപ്തമായിത്തീരുന്നു. തന്മൂലം, ജനതയുടെ ഉറങ്ങിക്കിടക്കുന്ന ചിന്താശക്തിയെ ഉയർത്തിവിടുന്ന പരാജയപ്രസ്ഥാനക്കാർ, മനുഷ്യസമൂഹത്തിൻെറ വിജയപതാക പിടിച്ചുകൊണ്ടു മുന്നണിയിൽ നടക്കുന്ന യോദ്ധാക്കളാകുന്നു.

ആയിരത്തി ഒരുനൂററി പതിനൊന്നാമാണ്ടു മിഥുനമാസം ഇരുപത്തൊന്നാം തിയ്യതി ശനിയാഴ്ച രാത്രി നടന്ന ആ ദാരുണസംഭവം—ആ ആത്മഹത്യ—വികാര



Digitized By Kerala Sahitya Akademi

വിവശനാകാതെ ഇന്നും ഓക്കുവാൻ സാധ്യമല്ല. അങ്ങിനെയൊരു അത്യാഹിതം ഉണ്ടാകുമെന്നു വിചാരിക്കുവാൻ രാഘവൻപിള്ളയുടെ ഹൃദയത്തിൻെറ പല ഭാഗങ്ങളും കണ്ടിട്ടുണ്ടായിരുന്ന സ്നേഹിതന്മാക്കുപോലും കഴിവുണ്ടായിരുന്നില്ല. കഴിഞ്ഞിരുന്നുവെങ്കിൽ, അതു സംഭവിക്കുമായിരുന്നോ എന്നും സംശയമാണ്. അലംഘനീയാ കമലാസനാജ്ഞാ. "താല്ക്കാലികമെങ്കിലും അപ്രതിരോധ്യമായ ഒരു ഹൃദയക്ഷോഭത്തിൻേറയോ, ദീഘവും അപഗാഢവുമായ ആലോചനയുടെ ഫലമായ നിശ്ചയത്തിൻേറയോ പരിണാമമായിരുന്നോ അതു് എന്നറിയുവാൻ തരമില്ല. ലോകസമക്ഷം തൻെറ ആത്മനിവേദനം സമപ്പിക്കുവാൻ വേണ്ടത്ര സമയം അദ്ദേഹം കാത്തുനിന്നു എന്ന വസ്തുതമാത്രം വ്യക്തമാണ്. ജീവിതഭാരങ്ങൾ പേറി തളന്നു്, തകന്നതല്ല ആ ആത്മാവു്. ലോകത്തിലെ അനീതികളോടു പൊരുതുവാൻ, വേണമെങ്കിൽ ഏകനായി നില്ക്കുവാൻ അദ്ദേഹത്തിനു ശക്യമായിരുന്നു. കരഞ്ഞുകൊണ്ടു പിരിയുവാൻ ആ കാമുകനെ പ്രേരിപ്പിക്കുന്നതിന് പ്രണയവഞ്ചന ഹേതുകമായിരുന്നോ എന്നു 'മണിനാദം' വ്യക്തമാക്കുന്നില്ല.

> "അവളുപങ്കില ക്രൂരയാണെങ്കിലും
> അരികിലുണ്ടെനിക്കെപ്പൊഴും കൂട്ടിനായ്
> നിഹതനാമെന്നെയോത്താ മുരളിയിൽ
> നിറയുതുണ്ടൊരു നിസ്സീമരോദനം."

അപങ്കിലമായ പ്രേമസവ്വസ്വത്തെ ധീരോദാത്തനായ



Digitized By Kerala Sahitya Akademi

ഒരു നായകന്റെ പൌരുഷത്തോടുകൂടി എന്തുകൊണ്ടു സ്വായത്തമാക്കിയില്ല? ഈദൃശമായ ചിന്താവീഥിയിലൂടെ ഞാൻ സഞ്ചരിക്കുമ്പോൾ, ഓക്കുമ്പോൾ ഞെട്ടുന്ന ആ സംഭവത്തിനു കാരണം കാണുന്നതിങ്ങിനെയാണ്. ആദർശങ്ങൾ അലതല്ലിക്കൊണ്ടിരുന്ന ആ രാഘവൻപിള്ളയുടെ മൃദുലഹൃദയത്തെ നിഷ്ഠുരമായ ലോകയാഥാർത്ഥ്യങ്ങൾ ശോകാത്മകമായി രൂപാന്തരപ്പെടുത്തി തന്നിമിത്തമുണ്ടായ പരാജയമനോഭാവത്തിന്റെ പശ്ചാത്തലത്തിൽ, സ്വഭാവനാവിരചിതവും കൃത്രിമവും ആയ ഒരന്തരിക്ഷത്തിൽ വിഹരിച്ചുകൊണ്ടിരിക്കെ, പെട്ടെന്നുണ്ടായ പ്രണയനൈരാശ്യത്തിൽ ക്ഷീണചിത്തനായി, നീറിപ്പൊരിഞ്ഞ്, ഓമനിച്ചു വളത്തിയിരുന്ന ആദർശങ്ങളുടെ യജ്ഞവേദിമേൽ അദ്ദേഹം ആത്മാവിനെ സമപ്പിച്ചു. യാഥാർത്ഥ്യങ്ങളോടു മല്ലിടുവാനുള്ള സന്നദ്ധത ഉണ്ടായില്ല.

"ഉൾക്കരുത്തൊന്നു കരസ്ഥമെങ്കി-
ലൊക്കയും സാദ്ധ്യ"മെന്ന് അദ്ദേഹം പറഞ്ഞതെന്തിനായിരിക്കാം?

ഹൃദയം! അത് അദ്ദേഹത്തേക്കാൾ വളന്ന് അദ്ദേഹം അതിലേയ്ക്കൊതുങ്ങി. രാഘവൻപിള്ള നിത്യശാന്തിയെ വരിച്ചു!!!

ഇടപ്പള്ളി, 5—6—1121. } തട്ടായത്തു പരമേശ്വരപ്പണിക്കർ.



Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

'തുഷാരഹാര'ത്തിനു മഹാകവി

ഉള്ളൂർ എഴുതിയ

# മുഖവുര

"ഇടപ്പള്ളി രാഘവൻപിള്ള" എന്ന ഉത്തിഷ്ഠമാനനും ഉത്സാഹശീലനുമായ ഒരു യുവകവിയുടെ പേർ സഹൃദയന്മാൎക്ക് ഇപ്പോൾ ധാരാളം പരിചിതമായിരിക്കും. കഴിഞ്ഞ ഏതാനും കൊല്ലങ്ങളിൽ ഈ രാഘവൻപിള്ളയും ഇടപ്പള്ളിതന്നെ സ്വദേശമായ മറെറാരു യുവകവി ചങ്ങമ്പുഴ കൃഷ്ണപിള്ളയും അവരുടെ ലഘുകവിതകൾകൊണ്ടു യഥാശക്തി പ്രസാധനം ചെയ്യാത്ത പത്രങ്ങളോ മാസികാപുസ്തകങ്ങളോ കേരളത്തിൽ എവിടെയെങ്കിലും ഉണ്ടോ എന്നു സംശയമാണ്. ഒരേ ഞെട്ടിൽ വികസിക്കുവാൻ തുടങ്ങുന്ന രണ്ടു വാസനാസമ്പന്നങ്ങളായ കോമളകുസുമങ്ങളായാണ് ഇവർ ആദ്യമായി എൻെറ ദൃഷ്ടിക്കു വിഷയീഭവിച്ചതു്. രണ്ടുപേരുടെ പ്രതിഭയ്ക്കും അഭ്യാസത്തിനും ഉള്ള അസാമാന്യമായ സാദൃശ്യം എന്നെ ആശ്ചൎയ്യപരതന്ത്രനാക്കി. പ്രായത്തിൽ കവിഞ്ഞ പരിപാകം അവരുടെ കൃതികളിൽ പ്രായേണ സുലഭമായിരുന്നു. ശബ്ദത്തിനുള്ള മാധുൎയ്യവും അൎത്ഥത്തിനുള്ള ചമല്ക്കാരവും അവയിൽ അക്ലിഷ്ടരീതിയിൽ പരിലസിച്ചിരുന്നു; ചുരുക്കത്തിൽ അവർ രണ്ടുപേരും എ



Digitized By Kerala Sahitya Akademi

ൻെറ പ്രത്യേകവാത്സല്യത്തിനു പാത്രീഭവിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ചില കൃതികൾ ഇതിനുമുൻപു് പുസ്തകാകൃതിയിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. രാഘവൻപിള്ള തൻെറ ലഘുകൃതികൾ സമാഹരിച്ചു് ആദ്യമായി പ്രകാശനം ചെയ്യുന്ന പുസ്തകമാണു് ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നതു്. ഈ പുസ്തകത്തിൽ അടങ്ങീട്ടുള്ള എല്ലാ കൃതികളും ഭാവുകന്മാരുടെ ശ്രദ്ധയെ ആവർജ്ജനം ചെയ്യുവാൻ പര്യാപ്തങ്ങളാണു് അവരുടെ ആദരവിനെ ആർജ്ജിക്കുവാനും അനഹങ്ങളല്ല.

"അഴകിൻെറ തൂവെള്ളിക്കിണ്ണമെല്ലാ-
മഴലുനിറഞ്ഞവയായിരുന്നു;
സ്ഫടികാഭമാകുമരുവികൾത-
ന്നടിയെല്ലാം പങ്കിലമായിരുന്നു;
ചിരിയൊന്നറിയാതെ തൂകിപ്പോയാൽ
ചിരകാലം തേങ്ങിക്കരഞ്ഞിടേണം.
ചെറുമിന്നൽകണ്ടു തെളിഞ്ഞ മേഘ-
മൊരുജന്മം കണ്ണീർ പൊഴിച്ചിടേണം."
"എന്നുൾത്തടത്തിൻതുടിപ്പുപോലെ
പൊന്നുഷത്താരം ചലിച്ചുനില്ക്കും;
മാമക ചിന്തകളെന്നപോലെ
മാമലക്കൂട്ടമുയൻനുകാണും;



Digitized By Kerala Sahitya Akademi

അല്ലിനോട്ടങ്ങളൊരെന്നാവലാതി-
യെല്ലാം കിളികളെടുത്തുപാടും
അന്തരാത്മാവിൻ രഹസ്യമെല്ലാം
ബന്ധുരസൂനത്തിൽ ദൃശ്യമാകും;
ഗൂഢമാണെൻപ്രേമമെന്നമട്ടിൽ
മൂടൽമഞ്ഞെങ്ങും പരന്നിരിക്കും."
"തന്നന്ത്യഗാനവും പാടിപ്പടിഞ്ഞാട്ടു
പൊന്നന്തിപ്പൈങ്കിളി പാറിപ്പോയി;
അല്ലിൻെറയമ്മലർവാടിയിലിന്നത്തെ
മുല്ലപ്പൂവെല്ലാം വിരിഞ്ഞുതീർന്നു;
അംബുജം തൻമൃദുമന്ദസ്മിതാങ്കുര-
മന്തിപ്രഭയിലലിഞ്ഞുചേർന്നു;
കൂകിത്തളർന്നൊരു കോകിലംമുററത്തെ
മാകന്ദക്കൊമ്പിലുറക്കമായി;
ആകാശദേശത്തിലെങ്ങാനലയുമെ-
ന്നാശാപതംഗമേ പോരിക നീ."

ഇത്യാദി പദ്യഭാഗങ്ങൾ എന്നെ എന്നപോലെ ഒരു ഭാഷാഭിമാനികളേയും സാഹിത്യരസികന്മാരേയും ആനന്ദപ്പിക്കാതെയിരിക്കുകയില്ലെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

എനിക്കനുഭവപ്പെട്ട ഒരു വസ്തുത, പ്രസ്തുത ഗ്രന്ഥകാരൻ വ്യുല്പത്തികൊണ്ടു് അദ്ദേഹത്തിൻെറ അനവദ്യ



Digitized By Kerala Sahitya Akademi

മായ വാസന പരിപുഷ്ടമാക്കി നിരന്തരമായി കാവ്യപഥത്തിൽ സഞ്ചരിക്കുമെങ്കിൽ അദ്ദേഹത്തിന് അചിരേണ കേരളത്തിലെ പ്രഥമഗണനീയന്മാരായ കവിപുംഗവന്മാരിൽ ഒരാളായിത്തീരുവാൻ പ്രയാസമില്ലെന്നുള്ളതാകുന്നു. കവിക്കു വ്യുൽപത്തി വേണ്ടെന്നു ചിലർ പറയാറുണ്ട്. അതു ശരിയല്ല. അപശബ്ദനിരാസനത്തിനു മാത്രമല്ല അന്യാദൃശമായ ചാരുതാധായകത്വത്തിനുകൂടി അതിന്റെ സാഹായ്യം ആവശ്യമാണ്.

ശ്രീമാൻ രാഘവൻപിള്ളയ്ക്കു സകല സിദ്ധികളേയും ആശംസിച്ചുകൊണ്ടു തല്ക്കാലം വിരമിക്കുന്നു.

തിരുവനന്തപുരം,<br>21—10—1110.

ഉള്ളൂർ എസ്, പരമേശ്വരയ്യർ,<br>എം. എ., ബി. എൽ.



Digitized By Kerala Sahitya Akademi

# നവസൗരഭം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൮. എന്റെ ജീവിതം

I

കനലെതിർച്ചൂടുവെയിലേററു നില്ക്കും
പനീരലർസമം മദീയജീവിതം!

പ്രദോഷവേളതൻ പ്രഭ നശിക്കുമ്പോൾ
പിടഞ്ഞുവീണതു കൊഴിഞ്ഞു മണ്ണാകും.

അനഘമാകുമീയലരിനേശിയോ-
രനിഭൃത കണ്ടിട്ടതിൻ ദലങ്ങളിൽ

വിഷാദവായ്പിനാൽ നിശാംഗനാനടി
തുഷാരമാം കണ്ണീർ പൊഴിച്ചിടുമെന്നാൽ

ധരാതലംതന്നിലൊരുവരുമെന്റെ
വിരഹത്താൽ ബാഷ്പം പൊഴിക്കുകയില്ല!

II

വിളർത്തു വാനിടേ വിലസുമിന്ദുവിൻ
കുളിർത്ത ചന്ദ്രികാപ്രവാഹത്തിൽ മുങ്ങി

ചലിച്ച ദാരുവിൽ വസിക്കുന്ന ഗ്രീഷ്മ-
ദലത്തിനു സമം മദീയജീവിതം;

Digitized By Kerala Sahitya Akademi

നിലയ്ക്കയില്ലെന്നുമവിടത്തിലെന്ന-
ച്ചലിച്ചിടും ദലമറിഞ്ഞിരിക്കണം.

അടുത്ത ഭാവിയിലതുമടർന്നട-
നധഃപതിച്ചൂഴിപതിച്ചു മണ്ണാകും ;

മരിച്ച പൈതലാം ദലത്തിനായ് നിത്യം
മരത്തിനോടൊത്താ മരുത്തും കേണിടും;

ഒരുത്തരുമെന്നാലെനിക്കുവേണ്ടിയി-
ട്ടൊരിക്കലും വിടില്ലൊരു നെടുവീർപ്പും!!

## III

കടല്ക്കരതന്നിൽ പതിച്ചതാം, കാലി-
ന്നടിക്കുതുല്യമാണിവന്റെ ജീവിതം;

അരക്ഷണത്തിനാലുദധിതൻ തിര-
ക്കരങ്ങളാലവയശേഷം മാച്ചിടും;

നരനെഴും കാലിന്നടി മറയ്ക്കയാൽ
കരകയാണിന്നും കടലിരമ്പലാൽ!

അഹോ മഹാകഷ്ടമെനിക്കുവേണ്ടിയി-
ട്ടവനിയിലാരും കരയുകയില്ലാ......!!



Digitized By Kerala Sahitya Akademi

## ൨. 'പോവല്ലേ, പോവല്ലേ, പൊന്നോണമേ!'

ആനന്ദ,മാനന്ദം കൂട്ടുകാരേ,
ഹാ! നമ്മൾക്കോണമിങ്ങെത്തി ചാരേ;
വിണ്ണോളം മന്നിനെ പൊക്കും നാളേ,
പൊന്നോണനാളേ, ജയിയ്ക്കൂ നീളേ!

വർഷം കഴിഞ്ഞു കൊയ്ത്തു തീർന്നു
കർഷകരെല്ലാരും ഹർഷമാർന്നു;
സസ്യലതാദികൾ സൽഫലത്താ-
ലുത്സവം കണ്ണിന്നരുളിയാക്കും;
കാർമുകിൽമാല മറഞ്ഞു വാനം
ശ്യാമളകോമളമാകമാനം;
ഓരോരോ രാവും കളുർമയേന്തും
ഓണനിലാവിനാലോളം തല്ലും!
'അത്ത'മടുത്തുപോയ് ബാലകന്മാ-
രത്തലെന്നുള്ളതറിയാറായീ;
മെത്തിന കൌതുകാൽ കൂട്ടരുമാ-
യെത്തുന്നു പൂങ്കാവിൽ പൂവറുക്കാൻ;
ഓമനക്കുഞ്ഞുങ്ങളൊത്തുകൂടി,
ഓണപ്പാട്ടോരോന്നു പാടിപ്പാടി,



Digitized By Kerala Sahitya Akademi

പൂമലർ തേടി നടക്കുന്നേരം
കോൾമയിർ ഭൂവിന്നും കൊള്ളും പാരം.

ചിററാട, ചേമന്തി, ചെങ്കുറിഞ്ഞി,
ചെത്തി, നൽ ചെട്ടിച്ചി, ചെമ്പരത്തി,

മന്ദാരം, മാലതി, മുക്കററിയും,
ബന്ധുരമായ പവിഴമല്ലി,

തുമ്പതുടങ്ങിയ പൂക്കളില-
ക്കുമ്പിളിലാവോളം ശേഖരിച്ചു്,

കററക്കിടാങ്ങൾ കളിച്ചുവന്നു്,
മുററത്തു പൂവിട്ടു വെള്ളംചുററി,

നീളത്തിൽ കുരുകുമ്പോളാക്കു കണ്ണ-
നാളും തനിയേത്തുറക്കുകില്ലാ!

ഓണപ്പുടവയുടുത്തണിഞ്ഞു്,
ഊണുകഴിച്ചതിതുഷ്ടരായി,

'ഇട്ടോടി'ത്തട്ടാൻ കളിക്കോപ്പുക-
ളിട്ടോടിപ്പോകുന്ന ബാലകന്മാർ;

കൊച്ചനുജത്തിമാർ തുമ്പിതുള്ളാൻ
പിച്ചകത്തോപ്പിലൊരുമിക്കുന്നു.

അമ്മമാർ പണ്ടത്തെ പാട്ടുപാടി
'കുമ്മി'യടിച്ചു കളിച്ചിടുന്നു.

നാലു്

Digitized By Kerala Sahitya Akademi

## പോവല്ലേ, പോവല്ലേ, പൊന്നോണമേ!

ഉത്സാഹമാരുതനീവിധത്തിൽ
ഉത്സവപ്പൊൻകൊടി പാറിക്കുമ്പോൾ
'മാവേലി' തന്നുടെ നാടുകാണ്മാൻ
താവും മുദമോടെഴുന്നള്ളുന്നു;
ദാനവവീരനദ്ദാനശീലൻ
ആനന്ദനൃത്തങ്ങളാടിടുന്നു;

പോവല്ലേ, പോവല്ലേ, പൊന്നോണമേ,
പൂവല്ലേ ഞാനിട്ടു പൂജിക്കുന്നു.



Digitized By Kerala Sahitya Akademi

## ൯. പശ്ചാത്താപം

### I

പകലവൻ ദഹിച്ചതാം പുകപോലെയുലകിട-
മഖിലവുമിരുൾപ്പുതപ്പണിഞ്ഞ നേരം
നെടുവീർപ്പു വിടുമൊരു പനിമലരടുത്തായി
നിലകൊള്ളുമിളമൊട്ടോടുരസ്സയായീ:—

“അയി, സഖീ! ശിവം നിനക്കരുളട്ടെയഖിലേ
അവനിയെ വെടിഞ്ഞിവൾ ഗമിക്കയായീ; (ശൻ
വാടാമലർക്കുലയേറെയിടതിങ്ങിടുന്ന മലർ-
വാടിയിങ്കലേയ്ക്കാണെന്റെ പ്രയാണമിപ്പോൾ.
നിറകതിർ ചിതറുമെൻ വഴിയിങ്കൽ നിങ്ങളാരും
കരയലാൽ കലുഷത കലർത്തിടൊല്ലാ;
ഹതഭാഗ്യ,നെനിക്കിനിയൊരു ഞൊടിയിവിടത്തി-
ലധിവസിക്കുവാൻ കൊതി മതിയിലില്ലാ;
വിമലമായീടുമെന്റെ ലഘുകാലജീവിതത്തെ
വിഫലമായുലകിൽ ഞാൻ നയിച്ചു കഷ്ടം!
കരിവരഗമനതൻ കചഭരേ ലസിപ്പാനോ,
പരമേശപദതളിർ പണിയുവാനോ,
കഴിയാത്തോരിവളുടെ കർമ്മഫലംമൂലമിപ്പോ-
ളൊഴിയാത്ത തിമിരത്തിലുഴന്നിടുന്നു;



Digitized By Kerala Sahitya Akademi

പരിതാപകരമാമെൻ ചരിതങ്ങളൊരുവിധം
പറഞ്ഞിടാം സഖീ, നീയതറിഞ്ഞുകൊൾക:—

ഭവതിയെപ്പോലെ ഞാനുമൊരു ചെറുകോരകമായ്
പലദിനം ലതയിങ്കൽ പരിലസിച്ചു;

അതിരററ മധുരിമയൊഴുകുന്ന ഗീതങ്ങളിൽ,
പൊതിഞ്ഞതാം കിനാവു ഞാനനേകം കണ്ടു;

മഴവില്ലിൻ മാറിടത്തിലനേകനാൾകൊണ്ടുഞാനൊ-
രഴകേറും മണിഹർമ്മ്യം പണിഞ്ഞുതീർത്തു;

കട്ടവിലതുടഞ്ഞുപോ;-യൊരു ഞൊടികൊണ്ടു, ഞാ
വിട്ടന്നൊന്നെൻ പരിസരം പകച്ചുനോക്കി;( നം

കരളിലൊരനഘമാം കുളിരിയററിടുമാര്യ-
ക്കണിയെന്നിലതിരററു പുളകം ചാർത്തി;

വസുമതിതന്നിലാടിക്കളിച്ചിട്ടുമുഷസ്സിൻെറ-
യസമമാം സുഷമ വാഗതീതംതന്നെ;

മൃദുലകരാംഗുലിയാൽ പുലരിമാതിവളുടെ
മൃദുലലതതികളിൽ തഴുകി മന്ദം;

മതിമുഖിമണിമഞ്ഞിൻകണികയൊരണിമുത്തു
മതിതളിർതെളിഞ്ഞെൻെറ ഗളത്തിൽ ചാർത്തി;

കുതുകമോടപാംഗത്താലവളൊന്നു കടാക്ഷിച്ചെ-
പ്പതിയൊരു പ്രഭാപൂരം പകന്നിതെന്നിൽ

ഉരുതരസുഖാമൃതമശിച്ചതാമെനിക്കന്നി-
ദ്ധരാതലം സുരപുരസമമായ്ത്തോന്നീ......!!



൧

Digitized By Kerala Sahitya Akademi

## II

ആനന്ദച്ചാർ പുരണ്ടതാമമൂല്യമാം നിമിഷങ്ങൾ
ഞാനഞ്ചാറു കഴിച്ചു ഹാ! പിഴച്ചു കാലം!

വളർത്തമ്മപോലെയെന്നെ രസിപ്പിച്ച പുലർകാലം
തളിർച്ചെടിപ്പടപ്പിങ്കൽ മറഞ്ഞുപോയീ!

അരുണനെൻറ കിരണം ഞാനണിഞ്ഞതാം ഹിമമണി-
യഖിലവും തനിരത്നപ്രകാണ്ഡമാക്കി;

തൻകരത്താലിവളെയത്തങ്കച്ചാറിൽക്കുളിപ്പിച്ചി-
ട്ടെൻകായത്തിൻ കാന്തിയവൻ കവർന്നെടുത്തു!

അണകയായപ്പൊഴുതെന്നരികിലൊരളിവര-
നനുരാഗസംഗീതങ്ങൾ മുഴക്കി മന്ദം.

പ്രണയവിവശനാകുമവനു ഞാനറിയാതെ
പണയമായ്ക്കഴിഞ്ഞുപോയനുക്ഷണത്തിൽ;

കുടിലനാമവനെൻെറ ഹൃദയത്തിന്നടിത്തട്ടിൽ
കുടികൊള്ളും മകരന്ദം കവർന്നെടുത്തു!

അനന്തരമിലകൾതന്നിടയിൽനിന്നടുത്തെത്തി
മനം കവർന്നിടുംമട്ടിൽ മലയവാതം,

വിരുതനാമവനെൻെറ പരിസരേ പറന്നിട്ടെൻ
പരിമളം ഹരിച്ചുടൻ തിരിച്ചു ചോരൻ!

* * * *



Digitized By Kerala Sahitya Akademi

വിലയും നിലയുമററൊരിവളിനി വസിക്കുകിൽ
പുലരിയിലഖിലരും പരിഹസിയ്ക്കും;
പരപരിഹാസമേററു ധരയിങ്കലിരിപ്പതിൽ-
പ്പരമൊരു ദുരിതം മേ വരുവാനുണ്ടോ?
സ്വാത്ഥർതൻെറ പുഞ്ചിരിയാമിരയിൽ നാം ഭ്രമിക്കു
കോത്ത്പോകുമഴലാകും കൊളുത്തുതന്നിൽ. (കിൽ
നിനക്കുമെന്നനുഭവമണയാതെയിരിപ്പാൻ ഞാൻ
നിനയ്ക്കുന്നു; വിളിയ്ക്കുന്നെൻ ജനനിയെന്നെ......!!"



Digitized By Kerala Sahitya Akademi

## ൪. തപ്തബാഷ്പം

പന്തിക്കു താനാടിയിരുന്നൊരർക്ക-
പ്പന്താഴിയിൽച്ചെന്നു പതിക്കയാലേ,
അന്തിത്തുടുപ്പാൽ ദിനലക്ഷ്മി, ശോക-
മേന്തിപ്പടിഞ്ഞാട്ടു ഗമിക്കയായി.

സന്തോഷമോടപ്പൊഴുതോളവും ഞാ-
നെൻ തോഴരോടൊത്തു കളിച്ചശേഷം
എന്തോ വിചാരത്തിരതള്ളൽ മൂല-
മെൻ തോപ്പുവിട്ടുന്നു പുറത്തിറങ്ങി.

കുന്ദാദിപുഷ്പപ്ലുതഗന്ധമോടു
മന്ദാനിലൻ മന്നിലണഞ്ഞിതെങ്ങും:
വെൺതാരമന്ദാരസുമങ്ങൾ ചൂടി-
സ്സന്ധ്യാനതാംഗീവരവെത്ര രമ്യം!

പാടത്തു കാലത്തു പണിക്കുപോയി
വീടെത്തുവാനുള്ള തിടുക്കമോടെ,
വാടിത്തളർന്നുള്ളൊരു മേനിയോടു-
കൂടിത്തിരിപ്പൂ ചെറുമക്കളപ്പോൾ.



Digitized By Kerala Sahitya Akademi

കറന്നു പുൽതിന്നുവതിന്നുവേണ്ടി-
പ്പുറത്തയച്ചീടിന പൈക്കുലങ്ങൾ
വരുന്നതീക്ഷിച്ചിയലും കിടാവിൻ
കരച്ചിലാർക്കുൾക്കുളിരേകിടാത്തൂ?

പരം പണിപ്പെട്ടരി നാഴി നേടി
വരുന്നതാമപ്പുലയത്തറയ്ക്കൽ
പരന്ന സന്തോഷരവങ്ങൾ കാതിൽ-
പ്പകർന്നതില്ലാർക്കു മരന്ദസാരം!

ആനന്ദവായ്പാലകതാർകുളുർത്തി-
ട്ടാനന്ദനീയോത്സവവേളയിങ്കൽ
ഞാനെന്റെ ഗേഹത്തിലണഞ്ഞിടാനായ്
താനേ നടന്നു വയൽവക്കിലൂടെ.

ഇളംകുളിർക്കാറ്റിലലം കളിയ്ക്കും
വിളഞ്ഞ നെല്ലിന്നിടയിങ്കലായി
തെളിഞ്ഞു കാണുന്ന വരമ്പിലൂടെ
തളർന്ന മെയ്യിൻനിഴലൊന്നു കാൺമൂ.

'കായക്കരിക്കാടി' കഴിച്ചിടാതെ
കാലത്തു 'തമ്പ്രാന്റെ' പടിയ്ക്കലെത്തി;
നാലഞ്ചുകെട്ടോല മുടഞ്ഞുപോകും
പുലച്ചിയാണെന്നുടെ മുന്നിലിപ്പോൾ.



Digitized By Kerala Sahitya Akademi

കാണുന്ന മർത്ത്യാവലിയാർത്തതാപാൽ
കണ്ണീരൊഴുക്കും ദയനീയചിത്രം,
നാരിത്തിടമ്പിന്റെ വിളർത്ത വക്ത്രം,
ദാരിദ്ര്യഭൂതക്കൊടുന്തരംഗം!!

'മാനം' മറയ്ക്കുന്നതിനായിമാത്ര-
മേണാക്ഷി ചാർത്തീടുമിരുണ്ട മുണ്ടിൽ;
കാണുന്ന തുന്നൽപ്പണിയെത്രയെത്ര-
യാണെന്നുരപ്പാനെളുതല്ലൊരാൾക്കും!

മാറത്തു തത്തുന്ന കുചങ്ങളൊട്ടു
കാണാത്ത മട്ടൊന്നു മറയ്ക്കുവാനായ്
കീറത്തുണിത്തുണ്ടതുപോലുമന്ന-
ക്കാറൊത്ത കായത്തിലിണങ്ങിയില്ലാ!

തൈലക്ഷയാൽ താമ്രതയാർന്നു ചിന്നി-
ക്കാററിൽച്ചലിക്കും കബരീഭരത്തിൽ
സായാഹ്നസൂര്യന്റെ മരീചി തട്ടി-
സ്സുവർണ്ണസങ്കാശമിയന്നിടുന്നു!

ലസിപ്പതുണ്ടക്കരതാരിലന്നു
ലഭിച്ച നെല്ലിൻകിഴിയൊന്നു തുച്ഛം!
അന്നത്തെയന്തിക്കു ഗൃഹത്തിലേക്കു-
ള്ളത്താഴമൂണിൻ വിഭവം സമസ്തം.

പന്ത്രണ്ടു

Digitized By Kerala Sahitya Akademi

അടുത്ത ഗേഹത്തിലെരിഞ്ഞ തീയു-
മെടുത്തുകൊണ്ടാത്തരളാക്ഷി വേഗം
ഇടയ്ക്കു കാണും ചെറുപുള്ളി, കുമ്പി-
ട്ടെടുത്തുകൊണ്ടുള്ള നടപ്പു ചിത്രം!!

പാടത്തിനങ്ങേക്കരയുള്ള കുന്നിൻ
പാർശ്വത്തിലായിക്കുടിലൊന്നു കാണ്മൂ,
വിളക്കുവെച്ചാലയൽവീടു വിട്ടി-
ട്ടിരുൾക്കദംബത്തിനിരിപ്പിടംപോൽ.

മുററത്തൊരേടത്തു കരഞ്ഞു, കണ്ണീ-
രിററിററു വീഴും കവിളോടുകൂടി.
നില്ക്കുന്ന തൻ 'മൂത്തകിടാത്തി'മോദം
ചേക്കുന്നിതല്ലോ ചെറുമിസ്സു ചിത്തേ.

"കരഞ്ഞതെന്തിന്നെടി, യമ്മയെത്താ-
നൊരിത്തിരിത്താമസമായിയെന്നോ?
ഉറങ്ങിയോ കുഞ്ഞി"തുമട്ടിലോരോ-
ന്നുരച്ചു മച്ചിന്നകമെത്തി തന്വി.

"ഉച്ചസ്സുറങ്ങാൻ തുടരുന്നു, കുഞ്ഞ-
ഞ്ഞുണർന്നതില്ലേ"ന്നുരചെയ്തു പൈതൽ
കച്ചത്തുണിത്തുമ്പിലിയന്നതെന്തെ-
ന്നഴിച്ചുനോക്കുന്നു വിടർന്ന കണ്ണാൽ.



Digitized By Kerala Sahitya Akademi

കാലത്തു വേലയ്ക്കവൾ പോയിടുമ്പോൾ
ശീലായ്മയൊന്നും കലരാത്ത പൈതൽ,
തിരിച്ചു മാടത്തിലണഞ്ഞ നേരം
മരിച്ചു കഷ്ടം! മരവിച്ചിരിപ്പൂ!!

പൂർവ്വാചലത്തിൽ പുലർവേളതോറും
പൂരിച്ചു കാണും പുരടപ്രകാശം
പൂണന്നിടംനേരമെണീറ്റു നിത്യം
പുലച്ചി വേലയ്ക്കു പുറത്തു പോകും.

ചെഞ്ചോരമാറാതെയെഴുന്ന തന്റെ
പിഞ്ചോമനക്കുഞ്ഞിനെ വീട്ടിലാക്കും,
കഷ്ടിച്ചു നാലഞ്ചു വയസ്സുചേരും
'കിടാത്തി' പൈതല്ലൂരികത്തിരിക്കും.

പൈദാഹശാന്തിയ്ക്കു സവിത്രിയാൾതൻ
പൈമ്പാലു പൈതൽക്കവലംബമല്ലോ;
അതേ,യതിന്നുള്ളൊരഭാവമാണീ-
യിളംകിടാവിന്നുയിർനാശമേകീ!

കാലത്തു തൻചുണ്ടു നനച്ചിരുന്ന
കറ്റക്കിടാവന്നു വിശപ്പുമൂലം
കരഞ്ഞു തൻതൊണ്ടവരണ്ടുതന്നെ
കാലാലയത്തിങ്കലണഞ്ഞു കഷ്ടം!



Digitized By Kerala Sahitya Akademi

'എണീക്കുകെന്നോമന'യെന്നുരച്ചാ
മണിക്കിടാവിന്നരികത്തിലെത്തി
കുലുക്കി നാലഞ്ചുവിളിച്ചതെന്നാൽ
ഫലിച്ചതില്ല,മ്മ തളർന്നു പാവം!!

അൻപാക്കമേറുന്നവിധത്തിലപ്പോൾ
തൻപാർശ്വമായ് കണ്ടൊരു കാഴ്ചയാലേ
അംബാ!-യിതാണെൻഗതിയെന്നു ചൊല്ലി
സ്തംഭം കണക്കായവൾ നിന്നുപോയി!!

താരോടിടഞ്ഞീടിന മേനി ചുംബി-
ച്ചാരോമലാളന്നു പുണർന്നു ഗാഢം
ആ രോദനം കേട്ടവൾതന്നയൽക്കാ-
രാരോ, കുതിച്ചെത്തി ഞൊടിക്കു മുമ്പിൽ.

എന്നാലുമദ്ദാരുണരോദനത്താ-
ലൊന്നാർദ്രമാകാത്ത ഹൃദന്തമോടെ
തന്നാലയംനോക്കി ഗമിപ്പതുണ്ട-
ങ്ങന്നാട്ടുകാര്യസ്ഥനവൾക്കു തമ്പ്രാൻ!!

മരിച്ചൊരക്കുഞ്ഞിനെയപ്പറമ്പിൽ
മറക്കുവാനായനുവാദമേകാൻ
'പടിക്ക'ലെത്തീട്ടറിയിച്ച നേരം
പറഞ്ഞതീവാക്കു ഗൃഹസ്ഥനയ്യോ:

പതിനഞ്ച്

Digitized By Kerala Sahitya Akademi

"തോററക്കമെല്ലാം മതി,യാ ജഡത്തെ
*'തോററപ്പറമ്പി'ല്ലയൊടീ തുലപ്പാൻ?
മാററിത്തമെന്തിന്നു, മനുഷ്യനായാൽ
മാററാവതല്ലാ മരണം വരിഷ്ഠം."

ചിന്താശതത്തോടു പുലച്ചി വേണ്ട-
തെന്താണതാനെന്നു പകച്ചുനില്ക്കെ;
കണ്ടീടുമാൾക്കാരിലൊരാൾക്കു തെല്ലു-
ന്നുണ്ടായി കാരുണ്യമകക്കരുന്നിൽ!

കാരുണ്യപൂർത്താമിതരന്റെ തോപ്പിൻ
കോണൊന്നു മാറീ ചുടലപ്പറമ്പായ്;
അതിങ്കലക്കുഞ്ഞിറുവേണ്ടു,തല്ല
മാരോ വിരിച്ചു വിറപൂണ്ടകയ്യാൽ!

തന്നാത്മജൻ പൂരുഷനായിടുമ്പോ-
ളെന്തൊക്കെയാണമ്മ നിനച്ചതാവോ?
പക്ഷേയവനന്നൊരു രാജയോഗം-
കൂടിച്ചിലപ്പോളുവൾ കണ്ടിരിക്കാം.

അതാ പതിക്കുന്നു കുഴിക്കുക്കത്തേ-
ക്കുവൾക്കെഴന്നോമനതൻ ശരീരം
അതിങ്കലഞ്ചാറു തപിച്ച ബാഷ്പ-
കണങ്ങളല്ലോ പതിയുന്നു ശാന്തം!!

---

* ഒരു പൊതുശ്മശാനം

## ൫. ഉണരുക

ഉണരുക,യുണരുക,യോമനേ, നീ,-
യൂഴിവിട്ടോടിയൊളിച്ചു രാത്രി;
വിളറിയ വളർമതിയുഡുനിരയെ
വേഗം വിളിച്ചു ഗമിച്ചതെങ്ങോ,
അനുപമവിലാസശ്രീയൊഴുകിനിന്നോ-
രാകാശപ്പന്തലും ശൂന്യമായീ;
നിയതിതൻകരതലമൊരുവരേയും
നീണാളൊരേമട്ടിൽ നിർത്തുകില്ലാ!

മരതകവിരിപ്പിട്ട മലമുകളിൽ
മാർത്താണ്ഡബിംബമുദിച്ചുയർന്നു;
പുരന്ദരദിശിക്കാന്നു പുളകപൂരാൽ
പൂങ്കവിളേററം തുടുത്തുപോയീ;
ഇളവെയിലിളകുമീയിളാതലത്തി-
ന്നീദൃശസൗന്ദര്യമെത്ര രമ്യം!

പുതുമണമിളകുന്നപൂക്കളേന്തി
പൂവല്ലിജാലം നിരന്നുനില്പൂ!
മുദിതരായ്മധുവുണ്ണുമളിനിരകൾ
മൂളിപ്പാട്ടോരോന്നു പാടിടുന്നു.



Digitized By Kerala Sahitya Akademi

തളിർവല്ലി;തലയാട്ടിരസിച്ചിടുമ്പോൾ
താളംപിടിയ്ക്കുന്നിളംതെന്നലും,

കളകളമൊഴികളാൽ കിളിനിരകൾ
കാല്യക്കടലിന്നലകൾ ചേർപ്പൂ;

മഴവില്ലിന്നൊളിചിന്നും ശലഭജാലം
മാമരത്തോപ്പിൽ പറന്നിടുന്നു;

അധികനാളവനിയിലധിവസിപ്പാ-
നാകയില്ലെന്നുള്ള തത്വബോധാൽ

അതുകൾ തൽക്ഷണികമാം ജീവിതത്തെ-
യാനന്ദച്ചാറിൽ കുളിപ്പിക്കുന്നു;

തൃണതതിയണിയുന്ന ഹിമമണികൾ
മാണിക്യഖണ്ഡമായ് മാറിടുന്നു;

ദിനമണി ചൊരിയുന്ന കരങ്ങൾക്കൊട്ടും
ദീനനും വമ്പനും ഭേദമില്ലാ;

ശിശുക്കളെമതുവിധംസമതാബോധം
ശീലിച്ചു ജീവിതം പോക്കിടേണം;

അരുവിതന്നടിത്തട്ടിൽതരംഗപോതം
ആനന്ദനൃത്തങ്ങളാടിടുന്നു;

പുലരിപ്പൊൻശിശുവിൻെറ കളിയാട്ടങ്ങൾ
ഭുവിനിപ്പുണ്യത പൂശിടുന്നു;



Digitized By Kerala Sahitya Akademi

## ഉണരുക

അതുവിധം മമ ചിത്തവിഭാതമാകും
ആരാമൽപ്പൈതങ്ങളുണരു വേഗം;

പ്രകൃതിതന്നകൃതവിലാസം കാണ്മാൻ
പ്രാപ്തനായ്ത്തീർന്നോരീ മർത്ത്യനെന്തേ,

അദൃശ്യമായീടും മറെറാരമരലോകം
ആരാഞ്ഞു ജീവിതം പാഴാക്കുന്നു?

---

ര.। തെതാവളു്

Digitized By Kerala Sahitya Akademi

## ൯. മുററത്തെ തുളസി

മന്ദിരാങ്കണംതന്നിൽ മഞ്ജുകൽത്തറയ്ക്കുള്ളിൽ,
മന്ദമാരുതാശ്ലേഷമേററുകൊണ്ടാടീടുന്ന
മംഗളേ, വൃന്ദേ, ദേവി, മംഗളം, ഭവതിയെൻ
മങ്ങിടും മനസ്സിന്നു മാറേററമേററീടുന്നു;
ഉണ്ടു ഞങ്ങളിൽച്ചില ഭാരതീയാദർശത്തിൻ
തുണ്ടുകളിനിയെന്നാലൊന്നതു നീതാനല്ലേ.
കുന്ദാദിലതകളും, നന്ദനോദ്യാനത്തിലെ
മന്ദാരദാരുക്കളും മന്ദരാം തവ മുമ്പിൽ;
എത്രയോ ജന്മം പാഴിൽ പോക്കി നീ, നീയായിട്ടി-
ങ്ങെത്തുവാനെന്ന കാര്യമോക്കുന്നീലവർ തെല്ലും!
പ്രാണവായുവിങ്ങേററം നിന്നിലപ്പാശ്ചാത്യർക്കു
കാണുവാൻ കഴിവാന് കാലത്തിൻ മുമ്പുതന്നെ
കീർത്തനംചെയ്തുപോന്നു താവകമാഹാത്മ്യത്തെ-
ക്കീർത്തനീയന്മാരെന്റെ പൂർവ്വികർ പുണ്യാത്മാക്കൾ.
മാനസം കുളിർപ്പിക്കും സൂനമോ. സുഗന്ധമോ,
തേനൊലിപ്പഴങ്ങളോ നിന്നിലില്ലെന്താണതിൽ?

ഇരുപതു്

Digitized By Kerala Sahitya Akademi

താവകദലങ്ങളുംകൂടവേ വരിഷ്ഠമാം
പൂവുകളായിട്ടല്ലേ ചൊൽവതെന്തതിൽശ്രേഷ്ഠം?
പിച്ചകവല്ലി നിത്യം നിന്നെയങ്ങിടയ്ക്കിടെ-
പ്പുച്ഛമായ് നോക്കിക്കൊണ്ടു പുഞ്ചിരിതൂകുന്നുണ്ടാം.
അംഗസൗഭാഗ്യം പക്ഷേ, തെല്ലതേ കുറഞ്ഞാലു-
മെങ്ങിനെയവയ്ക്കുണ്ടാം ദേവിതൻ മനഃശ്ശുദ്ധി?

നിൻഗളും കാഴ്ചവെച്ചിട്ടീശ്വരസംപ്രീതിയെ
ഞങ്ങളീ നികൃഷ്ടന്മാർ നാൾക്കുനാൾ തേടീടുന്നു;
തെല്ലുമില്ലിതിൽത്തെററീ,ഭ്ഭാരതാരാമത്തിലെ-
പ്പുല്ലുകൾപോലും പോക്കീ ജീവിതം പരാർത്ഥമായ്;
സ്വാർത്ഥപ്പിശാചിതൻ തൃഷ്ണയെക്കെടുത്തുവാൻ
ചോർത്തിടും നരാധമർ സോദരഹൃദ്രക്തവും!

നന്നിതു തവ നാമ്പു നുള്ളിയങ്ങെടുത്താലു-
മൊന്നിനു രണ്ടായിട്ടു നാളെ നീയേന്തീടുന്നു;

തങ്കരങ്ങളാൽ നിന്നിൽ തങ്കനീരാളം ചാർത്തും
പങ്കജരമണൻപോയ് സിന്ധുവിൽ പതിയ്ക്കുമ്പോൾ,
കായസംശുദ്ധിചെയ്തു, നിർമ്മലവസ്ത്രം ചാർത്തി
കാർകുഴൽ ചീകിക്കെട്ടിക്കാഞ്ചനസൂമം ചൂടി
ലോലമോഹനമായ ഫാലദേശത്തിൻ മദ്ധ്യേ
ചാലവേ വിഭൂതിയാൽ നേരിയ കുറിയിട്ടു്,



Digitized By Kerala Sahitya Akademi

പിഞ്ചിളംപ്രായംതന്നിൽ മുത്തശ്ശി ചൊല്ലിക്കേട്ടു,
നെഞ്ചകം കുളൂർത്തീടും കീർത്തനം പാടിപ്പാടി;

എത്തിടും നിന്നന്തികേ, കൈത്തലംതന്നിൽ കത്തും,
കൈത്തിരിയേന്തിക്കൊണ്ടെന്നുത്തമവധൂടിയാൾ.

മങ്കയാളൂത്തു നിന്റെ പാദപങ്കജേ വെച്ചു
കങ്കണാരവം ചിന്നും തൻകരം രണ്ടും കൂപ്പും;

അന്ന്യനു ലഭിയ്ക്കയില്ലീദൃശഭാഗ്യം പാർത്താൽ
ധന്ന്യ നീ നിന്നോടെനിയ്ക്കുണ്ടു തെല്ലഭ്യസൂയ!



Digitized By Kerala Sahitya Akademi

## ൧. ആദ്യസാഹിത്യം

ശാന്തസുന്ദരമയമായിട്ടും ശരൽക്കാല-
സാന്ധ്യരാഗാഭയെങ്ങും പരന്നിടുമ്പോൾ,
പാൎവണശശിതന്റെ പാലൊളിപ്പട്ടുസാരി
പാരിടവധൂടിയെയുടുപ്പിക്കുമ്പോൾ,
മെത്തിന കൗതുകത്താൽ പത്രികൾ കളസ്വനാ-
ലെത്തിടും രജനിയെപ്പുകഴ്ത്തിടുമ്പോൾ,
തന്നലക്കരങ്ങളാൽ താളംപിടിച്ചുകൊണ്ടും,
വെൺനുരപ്പൂപ്പുഞ്ചിരി പൊഴിച്ചുകൊണ്ടും,
കണ്ണങ്ങൾ കൃത്യാനന്ദമേററിട്ടുമോരോതരം
വണ്ണങ്ങൾ പാടിപ്പാടിയിളകിക്കൊണ്ടും,
ഉണ്മയിലലസയായ് പാഞ്ഞിടും തടിനിതൻ-
വെണ്മണൽ വിരിപ്പിട്ട പുളിനം തന്നിൽ;
ഏകനായിരുന്നതിതുഷ്ടനായ് തട്ടിനിയും
നാകവും മാറി മാറിസ്സമീക്ഷിക്കുന്ന,
പ്രാകൃതരൂപനാകുമാദിപുമാന്റെ, പരി-
പൂതമാം മനസ്സൊന്നു തുടിച്ചിരിക്കും;
മെച്ചത്തിലവൻ തന്റെ മാനസമനന്തമാം
സച്ചിദ്സ്വരൂപം തന്നിൽ ലയിച്ചിരിക്കും;
പെട്ടെന്നാ ഹൃദയമാം താരു വഴിഞ്ഞു, പുറ-
പ്പെട്ടതാം മകരന്ദധാരികയല്ലോ,
വാഗ്ദേവിതൻ നൽസ്തന്യപീയൂഷ,മല്ലെന്നാകി-
ലാദ്യസാഹിത്യമായിട്ടറിവൂ ലോകം.

ഇരുപത്തിമൂന്ന്

Digitized By Kerala Sahitya Akademi

## വ്യ. നില്ക്കുക

### I

നില്ക്കുക! നില്ക്കുക! നിന്നുഗേ! നീയിത്ര
നിഷ്കൃപയെന്നോ നികൃഷ്ടയെന്നോ?

നിസ്തുലഭാസ്സേന്തും നിന്നിലായ് നിത്യവും
നിർഗ്ഗുണനീരമോ നിർഗ്ഗളിപ്പൂ?

സംപ്രാപ്യമേതൊരു സായൂജ്യമാം നിന-
ക്കെൻപ്രാണനാഥതൻ പ്രാണവാതാൽ?

നിർമ്മലമാകുമപ്പ്രേമപ്രവാഹമോ
'നമ്മളേ!' നിൻഗതിക്കുളകുട്ടി?

നാളീകലോചനതന്നെ നിനച്ചിത്ര
നാളുകളായി ഞാൻ നിർമ്മിച്ചതാം.

ആകാശസൗധങ്ങളാകെയുടഞ്ഞു നി-
ന്നാഴത്തിൽത്തന്നെയലിഞ്ഞുപോയി.

കാരണം? അയ്യയ്യോ! തെററിദ്ധരിച്ചുപോയ്
താരണിവേണി; ഞാൻ വഞ്ചകനായ്.

### II

ദഗ്ദ്ധഹൃദയനായെന്നെച്ചമച്ചോരാ
മുഗ്ദ്ധവിലോചനതൻലിഖിതേ

ഇരുപത്തിനാല്

Digitized By Kerala Sahitya Akademi

“ശേഷിയില്ലോതുവാൻ, നമ്മുടെ ചൊല്ലുമെൻ
ശേഷം കഥക”ളെന്നല്ലോ കാണ്മൂ!

വെന്തുരുകീടുന്നെൻ മാനസ,മോമലാ-
ളെന്തുരചെയ്തു മറന്നു നിന്നിൽ?

വെൺനുരപ്പാഴ്ച്ചിരി തൂകാതെ,യുത്തര-
മൊന്നുരചെയ്തെന്നെ പ്രീതനാക്കൂ;

മർമ്മം പിളർക്കുമാ,യന്തിമസന്ദേശം
മർമ്മരവ്യാജേന ചൊല്ലുകയോ നീ?

പാറപ്പുറത്തൂടി പാഞ്ഞിടും നിൻ ചിത്തം
പാറയേക്കാട്ടിൽ കഠിനമെന്നോ!

താഴത്തേയ്ക്കല്ലെങ്കിൽ താഴാതെയെന്തേ, നീ
താരൊളിമെയ്യാളെത്താങ്ങിയില്ല—?

## III

അക്കരിംകുന്തലാളാററിൽ പതിക്കുമ്പോൾ
ദിക്കുകളെല്ലാമിരുണ്ടിരിക്കും;

ഓമൽത്തൻ സാഹസം കണ്ടസ്തമിച്ചിടും
സോമനും ചിത്തം തകർന്നിരിക്കും,

അഞ്ചെട്ടു താരങ്ങളംബരവീഥിയിൽ
തൻ ചുട്ട കണ്ണീർ പൊഴിച്ചിരിക്കും,

മാമരക്കൊമ്പിന്മേലെങ്ങാനും തൂങ്ങിയ
മാലേയമാരുതൻ മാഴ്കിയേക്കും,



Digitized By Kerala Sahitya Akademi

പൂവാടിതന്നിൽ പുലരിയിൽ കണ്ടൊരു
പൂവാടി,പ്പൂഴിയിൽ പൂണ്ടിരിക്കും,
എൻ ചിരപുണ്യം മറഞ്ഞതു കാണുമ്പോൾ.
പിഞ്ചിളംപുല്ലും കരഞ്ഞിരിക്കും;
നിശ്ചയമോതിടാം നീയും കുറച്ചിട
നിശ്ചലയായിട്ടു നിന്നിരിക്കും...!!

നില്ക്കുക, നിമ്നഗേ, നിന്നിൽ പതിച്ചു ഞാൻ
നിത്യസഖിതൻ നികടമെത്താം...



Digitized By Kerala Sahitya Akademi

# ൯. സന്ധ്യാസംഗീതം

I

കലിതാഭമവനിയിൽ കനകാഭിഷേകം ചെയ്തു
കതിരവൻ കടല്ക്കകം പതിച്ച നേരം
സുരവരപുരസരിത്തതിങ്കൽ നീരാടിത്തന്റെ
കരിമുകിൽക്കചഭരം കരത്താൽ ചിക്കി
അന്തിമേഘപാളികളാലന്തരീക്ഷാങ്കണം തന്നിൽ
ചെന്താരടിപ്പാടുകളെയെമ്പാടും ചിന്നി—
പാടലാഭ പരന്നിടുമധരങ്ങളിളംകാററി-
ലാടുമന്തിമലരിതൻ മലരാൽക്കാട്ടി
മന്ദം മന്ദം വിടർന്നിടും കുന്ദസുമങ്ങളിലൂടെ
മന്ദഹാസവിലാസശ്രീ നിതരാം തൂകി,
സന്ധ്യാതാരമായിടുന്ന ചന്ദനത്തിൻ തിരി കയ്യി-
ലേന്തിക്കൊണ്ടിങ്ങെത്തും സന്ധ്യ,യഖിലവന്ദ്യേ!
ജയിക്കയാനന്ദമൂർത്തേ, ജയിക്ക സൽഗുണകീർത്തേ!
ജയിക്ക നീ രജനിസ്തുങ്ങെഴുന്ന വിഭാതേ!

II

മുരണ്ടുകൊണ്ടളിനിര സുമങ്ങളിൽ ചെന്നു ഭക്തി-
തിരണ്ട ശംഖൊലിയേററം മുഴക്കി നില്ക്കേ,

ഇതഃപാത്തേയ്

Digitized By Kerala Sahitya Akademi

മലർവാടികക്കമെത്തി മലയമാരുതൻ മന്ദ്ര-
മധുരമാമിടസ്സ്വരത്തിന്നൊലി പൊഴിക്കേ
നളിനികൾ മുകുളാഭമിയലുമുൽപലങ്ങളാം
ലളിതഹസ്തങ്ങൾ കൂപ്പിത്തൊഴുതു നില്ക്കേ
കൊഴിഞ്ഞിടും ദലങ്ങളാൽ ലതകളർച്ചന ചിത്തം-
വഴിഞ്ഞിടും ഭക്ത്യാ നിന്നിൽക്കഴിച്ചു നില്ക്കേ
ആഗതയാം ഭവതിക്കു സ്വാഗതമരുളുവാനായ്
പാകതയിന്നോളമെന്നിൽ പകന്നില്ലീശൻ.

## III

ചരമാക്കശവദാഹം കഴിച്ചുകൊണ്ടെത്തും നിന്നോ-
ടരവിന്ദനിരകൾക്കൊരരിശമുണ്ടാം.
ചെറുതുമില്ലതിൽത്തെററീയുലകത്തിലഖിലക്ഷ-
മരുമക്കുഞ്ഞായിരിക്കാനെവനു സാദ്ധ്യം?
തകന്നിടുമെത്രയെത്ര തരുണർതൻ ഹൃദയത്തിൽ
പകന്നിടുന്നില്ല നീയും പരമാനന്ദം!
ശരിമാറു കലരും നിന്നിരുളിലെ വെളിച്ചത്തിൽ
പരമതത്വങ്ങളെത്ര തെളിവതില്ലാ!
പകലിൻെറ പാൽക്കുളിയിലൊളിയററ താരകങ്ങൾ
ക്കകതളിർ കുളിപ്പു നിൻറിഴലു കാൺകെ;
തപ്പേവടിത്തളിരിണ തലോടുകമൂലമല്ലോ
കൊച്ചുമിന്നാമിനുങ്ങിനു തെളിച്ചമുണ്ടായ്



Digitized By Kerala Sahitya Akademi

മന്നിലേക്കു പോന്ന നിന്നെത്തിരഞ്ഞുകൊണ്ടന്തിവാ
സുന്ദരതാരകമൊന്നു പകച്ചു നില്ലേ; (നിൽ

ആട്ടമേച്ചിട്ടടവിയിൽ നടക്കുമൊരിടയനും,
കൂട്ടുതേടിപ്പറക്കുന്ന വിഹഗങ്ങളും,

കരിക്കാടി കുടിക്കാതെ കരംപൊട്ടി ധനാഢ്യർതൻ-
നിരക്കു വിൺതൂണ്ടുതീർക്കാൻ പ്രയത്നിപ്പോരും

ജനനിതൻ തുണിത്തുമ്പിൽ തൂങ്ങിനിന്നു കരയുമൊ-
രനഘവിലാസമോലുമിളംകിടാവും,

അവനിയിലമിതാഭമണഞ്ഞു കൂത്താടിടുന്ന
ഭവതിതൻ തണൽപറ്റിത്തളച്ചു തിഷ്ഠ്യു;

പകലിനെയിരുളുമായ് കലഹങ്ങളുടിക്കാതെ
പരമപാവനേ, നീയും പറഞ്ഞയല്ലേ,

അന്ധതയിലാണ്ടുപോകുമടിയങ്ങൾക്കുകതാരി-
ലംബികേ, നിന്നൊളിയൊരു കുളിരു ചേർപ്പൂ!

---



Digitized By Kerala Sahitya Akademi

## ൫൦. നവവത്സരം

നവവത്സരം, ഹാ, ഹാ! കേരളക്ഷമതന്നുള്ളിൽ
നവചൈതന്യം ചേർക്കും മംഗളപ്രഭാരംഗം;
കാലശൈലത്തിൽനിന്നും നിർഗ്ഗളിച്ചീടും പുത്തൻ-
ചോലയൊന്നിതാ ഭൂവിൽ പുളകം പൂശീടുന്നു;

ചന്ദനക്കുളിർകാററിന്നിക്കിളിയിയറുന്ന
തെന്നലിലൂഞ്ഞാലാടും പൂവല്ലിനിരയിലും,

അലസം അലതല്ലിയുലയും പാടത്തിലെ
പ്പവിഴക്കതിർക്കുലത്തുമ്പിലും തുളുമ്പുന്ന
സുസ്മിതസുധാരസം പാരിനോടോതീടുന്നു,
“വിസ്മരിക്കുവിൻ പോയ കാലത്തെയഖിലരും.”

കൊച്ചുപത്രങ്ങൾ തുന്നിച്ചേർത്തിട്ടുമാനന്ദംപോൽ
പച്ചിലക്കാട്ടിൽ പാറിക്കളിപ്പൂ പറവകൾ;

പൈതങ്ങൾ തങ്ങൾ ‘ക്കോണത്തപ്പ’നെക്കണ്ടെത്തു
കൈവന്നൊരത്യാശതന്നാകാരസമാനമായ് (വാൻ
‘പയർ’വള്ളിയിൽനിന്നും വാനിലേയ്ക്കുയർന്നിട്ടു
പതറിയിളകുന്നൂ പൂമ്പാററപ്പുത്തുപൂക്കൾ!

മലയാളത്തിൻ മഹാസൗഭാഗ്യപതാകപോൽ
മലയാനിലനിങ്കലാടുന്ന പൊന്നോലങ്ങൾ;

ഭാവിയങ്ങൊരുപക്ഷേ,യിരുളാണെങ്കിലെന്തി-
ബ്ഭാസുരമഹത്തിങ്കൽ പങ്കെടുക്കുവാനായി
ക്കൂടു വിട്ടുണർന്നുടൻ മച്ചിത്തവിഹംഗമേ!
കൂവി, നിൻകൂട്ടരോടുകൂടിയൊന്നാഹ്ലാദിക്കൂ!

മപ്പുഴ്

Digitized By Kerala Sahitya Akademi

## ൧൧. വസന്തത്തിൽ

വസന്തം വന്നുപോയ്, വസന്തം വന്നുപോയ്
വസുന്ധര, രാഗവിലാസലോലയായ്,
'സ്വാദിഷ്ഠകാനന്ദ'മിദം, നൽത്തേനൊലി-
സ്വരത്തിലോതിനാർ വിഹംഗപാളികൾ;

പുളകത്താൽ പൊതാതതി തരുക്കളെ
പുണർന്നു പുഞ്ചിരിപ്പൂത്തുമലർ തൂകി;

അമരസംഗീതം പൊഴിച്ചു തേൻതേടി
ഭ്രമരവൃന്ദങ്ങൾ മുരണ്ടു മണ്ടിനാർ;

പരിസരം ചിത്രപതംഗസുന്ദരം,
പരിതൃപ്തിതന്റെ പരിവേഷംപോലെ.

* * *

"എവിടെയാണെന്റെയഭാവ"മെന്നോതി
യവികലാനന്ദമദാലസയായി,

തളിർക്കൊടിയേന്തിത്താളുവാസന്തം
തളക്കിലുക്കമൊരുത്താ നടക്കുന്നു;

വളരുമിസ്സുഖമകരന്ദമെന്നാ-
ലെളിയൊരു ഹൃത്തിൽ പുരണ്ടതില്ലല്ലം!

ഇലകൾതൻ പിന്നിൽ നെടുവീർപ്പുവിട്ടി-
ട്ടിളമരുത്തേററം വിലപിക്കയല്ലീ!
ചിരിയുടെ മൃദുതരംഗമർമ്മരം
പൊരിയുമാത്മാവിൻ ഞരക്കമാണെന്നോ!



Digitized By Kerala Sahitya Akademi

## ൩൨. കാലം

വത്സരങ്ങളാം വൻതിരമാലകൾ
മത്സരിച്ചാർത്തു മുന്നോട്ടു പായുന്ന
സങ്കടജലസമ്പൂർണ്ണമായുള്ള
വൻകടലാകും കാലം ഭയങ്കരം!

ആളുകൾതന്റെ കണ്ണീരിനാലതിൽ
നാളുകൾതോറുമുപ്പുകലർന്നുപോയ്!

കൂലമറ്റൊരീയംബുധിതന്നുടെ
വേലിയേറ്റം തുടങ്ങുന്ന വേളയിൽ

മർത്ത്യതതന്റെയോരോ പരിധിയി-
ലെത്തിമെല്ലെത്താഴ്കിഗ്ഗമിക്കുന്നു!

കുക്ഷിപൂരിതം ഭക്ഷിച്ചുവെന്നാലു-
മക്ഷമനായലറുമീയംബുധി!

തട്ടി നിത്യം തകർക്കുന്ന വസ്തുവിൻ
ശിഷ്ടമൊക്കെയും തീരത്തിലർപ്പിപ്പൂ!

ശാന്തമാണെങ്കിലേറ്റമപകടം,
ശാന്തമല്ലെങ്കിലേറ്റം ഭയങ്കരം!

അത്യഗാധമാമംബുധി, നിന്നിലേ-
യ്ക്കെത്തിനോക്കാൻ കൊതിക്കുന്നതാരുതാൻ?

---

മുപ്പത്തിരണ്ട്

Digitized By Kerala Sahitya Akademi

## ൧൩. ആശ

ജീവതന്ത്രികൾ തൂകും,
നിസ്തുലഗീതം കേട്ടു
ഭാവിയെച്ചിന്തിയ്ക്കാതെ
ഭാസുരപ്രഭാതത്തിൽ

മർത്ത്യമാനസമാകും
പന്നഗശ്രേഷ്ഠൻ നിജ-
പത്തിയും പൊക്കിപ്പിടി-
ച്ചാടുന്നു ജാതോന്മേഷം.

ആടലിലാനന്ദം ക-
ണ്ടുള്ളതിൽ സംതൃപ്തവാ-
നാകുമാ ഭുജംഗത്തെ-
ക്കൊത്തിക്കൊണ്ടുയരുവാൻ

ലോകത്തിൽ വിഹരിച്ചു-
ള്ളാശയാം പരുന്തെന്നും
തക്കവുംനോക്കിത്താണും
പൊങ്ങിയുമാകാശത്തിൽ.

ചിലപ്പോൾ കരസ്ഥമാം
പന്നഗം താഴെ വീഴും
ചിലപ്പോൾ വൻതാപത്താൽ
തൻപത്രം കരിഞ്ഞീടും



Digitized By Kerala Sahitya Akademi

എങ്കിലും തെല്ലുപോലും
പിന്തിരിഞ്ഞീടാതിര
തൻകൊക്കിലാക്കാനാണാ-
പ്പക്ഷിതൻ പരിശ്രമം!

മതിയെന്നാശേ, നിന്നെക്കൂടിയും വിഴുങ്ങുവാൻ
ചതിയനൊരാളുണ്ട്;—കാലമാം കാളസർപ്പം...!!



Digitized By Kerala Sahitya Akademi

# സ്ര. നിർമ്മല

കാനനലക്ഷ്മിതന്നോമനയാണെൻ
കാതരേ, നീ ജനിച്ചതും;
പച്ചിലക്കാടും വാനവും നിന്റെ
കൊച്ചുനേത്രങ്ങൾ, വീക്ഷിച്ചാർ;
അപ്പെരുചില്ലതോറും ചാഞ്ചാട-
മുല്ലലതകളെന്നപോൽ
പിച്ചകത്തോപ്പിൽ കൊച്ചടികളാൽ
പിച്ചവെച്ചു കളിച്ചു നീ;
വന്യലക്ഷ്മിതൻ കാന്തിയന്നേറ്റം
നിന്നിലേവനും കാണായി;
ഉല്പതിച്ചു നിൻ വാർകുഴൽക്കള്ളി-
ലപ്പുരത്തിലെസ്സായയാഹം;
വിണ്ടലച്ഛായ കണ്ടിടുന്നതാം
രണ്ടരുവികൾ നിൻകൺകൾ!

*　　*　　*　　*

അന്യപാദങ്ങളേശിടാത്തൊരാ-
വന്യഭൂവിൻവിശുദ്ധത
നിന്നുടെ ചിത്തശുദ്ധിയോടൊമേ
വന്നിടുകില്ല നിർണ്ണയം!
ഇങ്ങു ഞാൻ നിന്നിൽക്കാണ്മു തെന്നലിൽ
തിങ്ങിടും ദിവ്യശാന്തത!

മുപ്പത്തഞ്ചു്

Digitized By Kerala Sahitya Akademi

## ൫൩. ഒരു കാശ്

മദ്ധ്യാഹ്നമാർത്താണ്ഡന്റെ
തീവ്രമാം മയൂഖത്താ-
ലിദ്ധരാതലം തപ്ത-
ലോഹമായ് ജ്വലിക്കവേ,

ഉച്ചലന്മരുത്തമ-
ന്നാതപം സഹിയാഞ്ഞു
പച്ചിലക്കുടക്കീഴിൽ
നിശ്ചലം നിലകൊൾകേ,

ഹാടകമണിമേട-
സ്സുള്ളിലായ് ധനാഢ്യന്മാ-
രാടലെന്നിയേ പങ്ക
വീശിച്ചു ശയിക്കവേ,

ദാരുണം കേൾക്കായാക്കും
"ദൈവമേ, ഒരു കാശ്"
ദാരിദ്ര്യപ്പിശാചിന്റെ
കണ്ഠസ്ഥലങ്ങാവം!!

വിദ്യാലയങ്ങൾ വിട്ടി-
ട്ടുണ്ണുവാൻ ഗമിക്കുന്നോ-
രദ്ധ്യാപകാദ്ധ്യേതാക്കൾ
പിന്നെയും ശ്രവിക്കയായ്:—

മുപ്പത്താറ്

Digitized By Kerala Sahitya Akademi

## ഒരു കാശു്

"ദൈവമേ!-യൊരുകാശി-
യച്ഛനില്ലാത്തോരെന്റെ-
പൈതലിന്നൊരുകാശു
തന്നീടിൻ തമ്പ്രാക്കളേ!"

മസ്തകം തന്നിലക്കൻ
ചെങ്കനൽ വർഷിക്കുന്നോ-
രസ്ഥിപഞ്ജരേ, നിന്നാ-
ണത്ഭവിച്ചതീ വാക്യം!

നിത്യവും ശ്രവിക്കുമീ
വാക്കുകൾ കേട്ടിട്ടാകാ-
മധ്വാവിനാസ്യാകാഷ്ഠം
മാറിടംവിണ്ടു കാണ്മൂ!!

തണ്ടെല്ലുതലോടുന്നോ-
ദരം ഭയങ്കരം,
കുണ്ടോടുസമമായ
കണ്ണുകൾ ജീവച്ഛവം!

കണ്ടുകൊണ്ടതിലൂടെ
പാഞ്ഞിടും നരന്മാർക്കി
രണ്ടുകാൽക്കുരങ്ങന്മാ-
ർക്കില്ലയോ ഭാവഭേദം! !

കവിയും ഖേദത്തിനാ-
ലായതു സമീക്ഷിക്കും
കവിയോ, വാനോ, തെല്ലു
കണ്ണുനീർ പൊഴിച്ചേക്കാം.

മൂപ്പത്തെഴു്

Digitized By Kerala Sahitya Akademi

കൊച്ചുകുട്ടികൾപോലും
കല്ലെറിഞ്ഞോടിക്കുന്ന
പിച്ചയാചിച്ചും പെണ്ണൊ,-
ന്നിങ്ങു നാം കാണും സത്യം;

കീറിയ പഴംപായിൻ
തുണ്ടിലായവൾതന്റെ
ചാരവേയെന്തോ കാണ്മൂ
ചേതനയുണ്ടതിന്നും;

ഉഴറിയിലവൾക്കുള്ളൊ-
രല്ലലിൻ ഭാരം കൂട്ടാൻ
ദുർവ്വിധിയെറിഞ്ഞതാ-
ണിക്കൊച്ചു ഭാണ്ഡംകൂടി;

ദാരിദ്ര്യാർണ്ണവത്തിൽനി-
ന്നായവൾക്കായത്തമാം
ഹീരമാണത്തു പക്ഷേ
ലോകവും വെളുപ്പിച്ചാം;

ഏകയായവളോരാത്രം
തള്ളിനീക്കിടുമവൾ-
ക്കേകിടാമതും തെല്ലൊ-
രാശ്വാസം മനസ്സിങ്കൽ;

അപ്പിഞ്ചുവക്ത്രത്തിൽനി-
ന്നുയർന്നിടുമലശബ്ദ-
മിപ്പാരിലൊന്നാരിസ്സുല-
'ഗീത'യായ് മാറിപ്പോകാം!

മുപ്പത്തെട്ട്

Digitized By Kerala Sahitya Akademi

## ഒരു കാശു്

കാലുകൾ കൂടന്തതല്ലോ,
കേഴുകയായീ, മുല-
പ്പാലിറക്കുന്നതു, കുഞ്ഞേ,
കേഴുകവൃഥാവിൽ നീ;

പട്ടടക്കാട്ടിൽ ചില
പാഴ്മണൽത്തരിക്കൂട്ടാൻ
കഷ്ടമേ, യമാസ്സില്ല
മാംസമജ്ജകൾ തെല്ലും!

അമ്മണിപ്പൈതൽക്കവ-
ളിങ്ങിനെകൊടുത്തീട
മമ്മിഞ്ഞപ്പാലു കഷ്ടം,-
മണ്ണായ്പ്പോയീയവൾ!

"ദൈവമേ,യൊരുകാശി-
യത്ത്രവില്ലാത്തോരെന്റെ-
പൈതലിന്നൊരു കാശു
തന്നീടിൻ തമ്പ്രാക്കളേ... !!"

## ൧൩. വേണുഗാനം

ഏകനായെൻമണിമച്ചിൽ ഞാനന്നൊരു
നാകംചമച്ചു ശയിച്ചീടുമ്പോൾ

കോടക്കാർ വർണ്ണനാം ഗേപാലൻതന്നുടെ-
യോടക്കുഴൽ വിളികേട്ടുണർന്നു;

അമൃതസംഗീതധാര നുകർന്നൊരു
വേണുകിലാവ് ഞാൻ കുതിച്ചുപാഞ്ഞു;

കണ്ടകാകീർണ്ണമാം കാപഥം പിന്നിട്ടു-
കൊണ്ടു ഞാനാനന്ദതുന്ദിലനായ്,

കാർവർണ്ണൻതന്നുടെ കാലടി ചുംബിക്കും
കാളിന്ദിയാററിൻ കരയ്ക്കലെത്തി;

കണ്ണൻതൻകായത്തിൻ കാന്തിവിശേഷത്തെ-
ക്കണ്ടു ഞാനല്ലിന്നിടയിലൂടെ;

ശ്രീകാമ്യമാകുമപ്പാദാബ്ജം സ്പർശിച്ചേ-
നേകാന്തതതന്നടിത്തട്ടിങ്കൽ;

പുഞ്ചിരിപ്പൂനിലാവോററംപൊഴിച്ചെന്നെ
യഞ്ജനവർണ്ണനനുഗ്രഹിച്ചു.

എന്നുടെ മുന്നിലായ് നൃത്തംചവിട്ടുന്ന
പൊന്നുണ്ണിക്കണ്ണൻ കഥിക്കയായീ:—

നാല്പത്

Digitized By Kerala Sahitya Akademi

"നിർദ്ദയമർത്ത്യരാൽ മർദ്ദിതരാകുന്ന
മർത്ത്യരോടൊത്തു വസിക്കൂ വത്സാ;

ദുർബ്ബലന്മാരോടും, ബാലകന്മാരോടും
നിർബ്ബാധം ലീലകളാടിക്കൊൾക;

ഭക്തർക്കുൾപ്പൂവാനാകാത്ത കോവിലിൻ
ഭിത്തികൾക്കുള്ളിലില്ലെൻചൈതന്യം;

നിങ്ങൾതൻ നാഥനാം ഞാനെന്നും നൈർമ്മല്യം
തിങ്ങിടും മാനസേയാവസിപ്പൂ;

പ്രേമത്തിൻ സൌരഭ്യമെങ്ങും പരത്തലാ-
ണീ മന്നിലേവനുമുള്ള കൃത്യം;

ആകുലഭാരം വഹിക്കും നരരിലെൻ
ഗോകുലമാഹാത്മ്യം കണ്ടുകൊൾക;

കഷ്ടപ്പെടുന്നോർതൻ കണ്ണീർച്ചൊരിച്ചിലിൽ
സ്പഷ്ടമായെൻ'ഗീത' കേട്ടുകൊൾക!!"



Digitized By Kerala Sahitya Akademi

## ൫൦. പ്രതിരേല്പ്

"കളവാണീമണി, കളക താപം നീ
കളവാണീക്കേട്ട കഥയെല്ലാം;
വിളറിയ നിൻെറ വളരിന്ദുവക്ത്രം
തെളിയട്ടേ മന്ദഹസിതത്താൽ;

കമലക്കണ്ണിണയിതുവിധമെ-
ന്തമലേ, നീ രാഗവിവശയായ്.

ഉണരാതെ കഷ്ടം, കദനത്താൽ കണ്ണീർ-
കണികകളെന്തിന്നു ചൊരിയുന്നു?

കലിതാഭമായ കനകച്ചാറാൽ നിൻ
കമനീയകായം കഴുകിയും,
കമിതാവായീടും കതിരവൻ റ്റത്തിൽ
കനിവൊരല്പവും കലരാതെ
കരിതേച്ചു നിറന്നക്കബളിപ്പിക്കുന്നു
കരുതിയതോർത്താൽ കഠിനനവൻ!

പരിഭവമറ ചെറുതുമെന്യേ നാ
വെറുമൊരു പ്രേമകലഹത്താൽ
മരതകക്കുന്നിൻ ചരിവിലട്ടിന-
മണിയൊന്നു മന്ദം മറയവേ,



Digitized By Kerala Sahitya Akademi

സരളേ, നീയല്പവിരഹത്താൽ മേലി-
ലിരുളുതാനൊന്നു കരുതിയോ?

പ്രണയച്ചോലയിലിതുവിധം ചില
ച്ചുഴികളുണ്ടെന്നു വരികിലും,

'മധുവിധു'കാലനിശകളേക്കാളും
മധുരമിപ്രേമകലഹങ്ങൾ"

*　　　*　　　*

സദയമിത്തരമരിയസാന്ത്വനം
സഖിയാകും കടലുരചെയ്കെ,

മഹിയുടെ മഞ്ജും വദനത്തിലൊരു
മഹിതസൗന്ദര്യം കളിയാടീ,

അഖിലവും സ്വപ്നസമമായ് വിസ്മരി-
ച്ചവികലാനന്ദഭരിതയായ്,

വിരഹതാപത്താൽ ശിഥിലമാക്കിയോ-
രനഘതാരകവാളർമാല്യം

അകലത്തൊക്കെയും ചിതറിയതാരു-
മറിയാതെ വാരി മറവാക്കി,

ഇരുളാകും കചഭരമൊതുക്കിക്കൊ-
ണ്ടൊരുവിധം പിന്നിൽ തിരുകിയും,

ഇളകിയാലോലനയനത്തിൽ വീഴു-
മളകാളി മന്ദം തടവിയും,



Digitized By Kerala Sahitya Akademi

ഇളവെയിൽച്ചെമ്പട്ടുടയാടയണി-
ഞ്ഞിളകിപ്പൊൻതളയൊലി ചിന്നി,

പിരിയാതെയെന്നും പരിചര്യചെയ്യും
ചെറുതെന്നൽത്തോഴിയൊരുമിച്ച്

എതിരേയെത്തു മക്കതിരോനെയവ-
ളെതിരേല്ക്കും രംഗം കമനീയം!!



Digitized By Kerala Sahitya Akademi

# ഹൃദയസ്മിതം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ൫൮. സന്ദേശനം

(മാവേലി)

ഉത്സഖി, യാരുനീ, ജീവിതമൊ-
രുത്സവമെന്നു കഥിപ്പതെന്നും?
പാരം തകർന്നൊരിപ്പൊളിജനത്തിൽ
പാവനപ്രേമം നിറപ്പതെന്നും?—
വാർമെത്തും സൗന്ദര്യധാരയെങ്കിൽ
പ്രേമത്തിൽ ചൈതന്യം ചേർന്നിണങ്ങി
ഈലോകമാനന്ദമഗ്നമാക്ക-
മാലോകനാതീതേയാരുനീയും?

അജ്ഞാതയാം നിന്നെത്തേടിയെൻറ
ജിജ്ഞാസപ്പൈങ്കിളി പാറിടുമ്പോൾ
മിന്നൽപ്പിണരൊളിയായി നീയെൻ
പിന്നാലണഞ്ഞെന്നെപ്പുല്കിടുന്നു!
സംഗീതധാരയൊഴുകിടും നിൻ
സങ്കേതമെത്താൻ ഞാൻ വെമ്പിടുമ്പോൾ
ഇക്കുരിരുൾക്കുണ്ടിലെത്തിയെന്തി-
നിക്കിളി നീയെനിക്കേകിടുന്നു?
തമ്മിലന്യോന്യമറിഞ്ഞിടാതീ
നമ്മസല്ലാപംകൊണ്ടെന്തുകാര്യം?

*　　*　　*　　*



Digitized By Kerala Sahitya Akademi

നേരിൻമുഖത്തൊരു നീണ്ടനീണ്ട
നേരിയശീലയിട്ടെത്തിനോക്കും

എൻപൂർവ്വപുണ്യമേ, നിത്യമാംനിൻ
സമ്പൂർണ്ണരൂപം നുകരുവാനായ്

എങ്ങും തിരഞ്ഞു തളർന്നൊടുവിൽ
തിങ്ങും നിരാശയ്ക്കടിമയായി

അന്ധകാരത്തിന്നടിയിലെങ്ങാ-
നെൻതപ്തചിത്തമുറങ്ങിടുമ്പോൾ

വ്യക്തമല്ലാതൊരു രൂപമായെൻ
നിദ്രയുമായി നീ സല്ലപിക്കും!

ഞെട്ടിയുണർന്നതിതുഷ്ടനായ് കൈ-
വിട്ടതാമെന്തോ പിടിച്ചെടുപ്പാൻ

കൂരിരുളായി ഞാൻ കൂട്ടിമുട്ടും
താരങ്ങൾ നോക്കിപ്പരിഹസിക്കും!

* * *

കോരിത്തരിക്കുമെൻമേനിയേതോ
കോമളകാന്തിക്കടലിൽ മുങ്ങും;

വൃന്ദാരകാരാമസൗരഭമാ
മന്ദാനിലനിലലിഞ്ഞൊഴുകും

പാതിയും പാടിയ ഗാനമൊന്നാ
പാതിരാപ്പക്ഷിയുമേറ്റുപാടും

തമ്മിലന്യോന്യമറിഞ്ഞിടാതീ
നമ്മസല്ലാപംകൊണ്ടെന്തുകാര്യം......?'

നാല്പത്തെട്ട്

## ൧൯. ശ്യാമള

'ശ്യാമള,' കോമള, ബാലികമാർമണി-
യാ,മലഭ്രൂ,മലർമങ്കതന്നെ;

ലീലകളാടി നടന്നിടുമോമലിൻ
പേലവപാദവിന്യാസത്തിനാൽ

കാനനലക്ഷ്മിക്കു പിഞ്ചുതൃണങ്ങളാൽ
കോൾമയിർക്കൊള്ളുന്നുണ്ടിന്നും മേനി;

കുട്ടിക്കരണംമറിയും കപോതങ്ങൾ,
പൊട്ടിച്ചിരിയ്ക്കും മലർനിരകൾ

ഓടിക്കുതിയ്ക്കുന്ന കാനനച്ചോലകൾ,
പാടിക്കളിയ്ക്കുന്ന പൈങ്കിളികൾ,

തുമ്പിതുള്ളീടും ലതകൾ,ഇലകൾതൻ
പിമ്പിലൊളിച്ചുകളിയ്ക്കും തെന്നൽ,

ഇത്തരം തോഴരോടൊത്തു കളിച്ചവൾ
ചിത്തരസേന കഴിച്ചു ബാല്യം;

കാനനകാഞ്ചനവല്ലിയിൽനിന്നുമാ
മാനവദൃഷ്ടി മറഞ്ഞിരുന്നു!
കൊണ്ടലിൻഗർഭത്തിൽനിന്നു കുതൂഹലാൽ
വിണ്ടലം വിട്ടു കുതിച്ചുചാടി,



Digitized By Kerala Sahitya Akademi

മന്നിനെപ്പൊന്നൊളി പൂശിപ്പുലരുന്ന
മിന്നലത്തന്വിതൻ സന്നതാംഗം;

ശാന്തിയും കാന്തിയുമേന്തിടും കണ്ണുകൾ
സാന്ധ്യതാരത്തിലും സാന്ദ്രശോഭം;

കെട്ടഴിഞ്ഞൊട്ടുമൊതുങ്ങാതെ പാദങ്ങൾ
തൊട്ടഴിഞ്ഞീടുമക്കേശഭാരം,

എന്നും തടവിവിടുർത്തുവാനല്ലാതെ
തെന്നലിന്നില്ലൊരു ജോലി വേറെ;

എന്തി, നാ രൂപം സ്മരിക്കലാണന്നെനി-
യ്ക്കെന്തിലും പ്രീതിദമായ കാര്യം!!

ആളാരും കൂട്ടിനു കൂടാതെ സായാഹ്ന-
വേളകൾതോറുമണഞ്ഞിടും ഞാൻ;

ചെന്നെൽക്കുലയലച്ചെത്തുന്ന പാടത്തിൽ
തെന്നലുമേററു നടന്നു ചുററും;

ദൂരവേ പൈക്കളെ മാടിവിളിക്കുമ-
ത്താരൊളിമേനികണ്ടാനന്ദിയ്ക്കും......!!

*　　　　*

രാഗത്തിൻമാധുര്യം ത്യാഗത്തിലാണെന്നാ
നാകത്തിലാരോ കുറിച്ചിടുമ്പോൾ.
ഞാനൊരു ഗാനസമ്പൂർണ്ണമാം വേണുവായ്
പൂനിലാപ്പൊയ്കയിൽ മുങ്ങിപ്പൊങ്ങും......!!

അമ്പത്

Digitized By Kerala Sahitya Akademi

അന്നൊരു തപ്തമാം മദ്ധ്യാഹ്നനേരത്തി-
ലങ്ങിങ്ങു ചുററിത്തിരിഞ്ഞൊടുവിൽ
പാന്ഥൻ ഞാൻ 'ശ്യാമള' മേവിടുമാലയ-
പ്രാന്തപ്രദേശത്തിൽ വിശ്രമിച്ചേ;
'ഓമനത്തിങ്കളാം' താരാട്ടു പാടിയൊ-
രോമനക്കുഞ്ഞിനെ മാറിലേന്തി,
തൂണിൻമറവിലായങ്ങുച്ചനേരത്തൊ-
രേണാങ്കബിംബമുദിച്ചു കണ്ടു!
അമ്മയാണന്നവളെന്നു മുലകുടി-
ച്ചമ്മണിപ്പൈതൽ വെളിപ്പെടുത്തി.

*　　　*　　　*

ഹന്ത! മന്മാനസവീണതൻ തന്ത്രികൾ-
ക്കന്തരമെന്തിത്ര വന്നതാവോ......?



Digitized By Kerala Sahitya Akademi

## ൨൦. ഏകാന്തകാമുകൻ

പോകയാണയാളൊരു
കാമുകൻ, കാണും മൎത്ത്യ-
ക്കാകവേയൊരു മൂകൻ,
സങ്കേതസതതോന്മുഖൻ —

ഇല്ലയാൾക്കന്ന്യമായി-
ട്ടാശകൾ സ്നേഹത്തിൻെറ
വല്ലകിതകരോളം
മീട്ടിനോക്കുവാനെന്ന്യേ;

താരിലും താരത്തിലും
കാണുന്ന സൌന്ദൎയ്യത്തിൻ
സാരത്തെ നുകൎന്നാത്മ-
നിൎവൃതി നേടാനെന്ന്യേ—!

ചിന്തതൻ ചിതയിങ്കൽ
നീറിടുമസ്സാദ്ധ്യത-
ന്നന്തരംഗത്തിൽ ശാന്തി
പൊൻതിരയിളക്കീടും

അക്കളിൎപ്പൊയ്കതൻെറ
തീരത്തിലെത്താനെത്ര
കൎക്കശസമുദ്രങ്ങൾ
മേലിലും കടക്കണം!



Digitized By Kerala Sahitya Akademi

അന്ധകാരമാണെങ്ങു-
മെങ്കി,ലെന്തിതെത്രയോ
സുന്ദരം കാലസർപ്പ-
രത്നദീപ്തിയേക്കാട്ടിൽ!

കേൾപ്പതുണ്ടിടിനാദ-
മെങ്കിലും, ചിലരിൽനി-
ന്നുൽഗമിച്ചീടും പൊട്ടി-
ച്ചിരിയിൽ പാരം ഭേദം!

ചെഞ്ചോരയുറയിക്കു-
മിക്കൊടുംവാത്യാഘാതം
നെഞ്ചകം കുളുർപ്പിപ്പൂ
സോദരവാക്യത്തേക്കാൾ......!!

* * *

ചോരവാർന്നൊലിക്കുമ-
പ്പാവത്തിൻ പദം കണ്ടാൽ
കാരമുള്ളിനും കാണും
കാരുണ്യമകക്കാമ്പിൽ!

മധുരം, മധുരംതാൻ
ജീവിതമയാൾക്കാശാ-
മധുരം മുന്നോട്ടുതാ-
നെങ്കിലും നിജയാനം.



Digitized By Kerala Sahitya Akademi

രാഗിതൻ നയനങ്ങ-
ളുള്ളിലാണിക്കാണുന്ന-
താകവേ വെറും മിത്ഥ്യ,
ശാശ്വതം നിജസ്വപ്നം!

സങ്കേതമെത്തീടുവാ-
നായാലുമില്ലെങ്കിലും
സംഗരത്തിങ്കൽത്തെല്ലും
ഭീരുവാകില്ലാ മർത്ത്യൻ!!



Digitized By Kerala Sahitya Akademi

## ൨൰. നിരാശ

എന്നാണെന്നാകിലും മണ്ണായി മാറി ഞാ-
നെന്നാത്മനന്തികമെത്തുമെന്നാൽ,

വന്നാളുമാതങ്കവഹ്നി കെടുത്തുവാ-
നിന്നായാ,ലായതിലാർക്കു ചേതം?

മൽക്കരൾ പൊട്ടി ഞാനിന്നു മരിച്ചാലി-
പ്പുൽക്കൊടിപോലും കരകയില്ലാ—

എൻചുടുകണ്ണുനീർ വീഴ്ത്തിയാൽ ഭൂമിക്കും
നെഞ്ചകമയ്യോ, മലിനമായി!

മൽക്കൊടും നൈരാശ്യധൂമം പരക്കയാൽ
ദിക്കുകൾപോലുമിരുണ്ടുപോയി!!

എന്തിനാണീശനെൻ വിത്തിനെ ശൂന്യമാ-
മന്ധകാരത്തിൽ വിതച്ചതാവോ?

ഒപ്പം മുളച്ച ലതികകളൊക്കെയും
പുഷ്പിച്ചു പുഞ്ചിരിച്ചാനന്ദിപ്പൂ,

എത്രവസന്തങ്ങളൂഴിയിൽ വന്നാലും
എത്രയോ കാകളി പാടിയാലും

മാമകമാനസവല്ലിയിലിന്നോളം
പൂമൊട്ടൊരെണ്ണം കുരുത്തതില്ലാ!

അമ്പത്തച്ചു്

Digitized By Kerala Sahitya Akademi

മുന്നോട്ടു നോക്കിയാൽ ഘോരമാമാരണ്യം
പിന്നിലോ ശൂന്യമരുപ്പരപ്പ്;

കാലൊന്നിടറിയാൽ വീണുപോം ഗർത്തത്തിൻ
കൂലത്തിലാണു ഞാൻ നില്പതിപ്പോൾ!

വിശ്വാതിരിപ്പതുമെങ്ങിനെ, മൃത്യുവിൻ
വിശ്വാശിനായിട്ടെൻ ജീവഭാരം!!

മൃത്യോ, നിൻനാമം സ്മരിക്കുമ്പോളെന്താണെൻ
ചിത്തമിതേററം തുടിച്ചീടുന്നു?

ആതങ്കസിന്ധുവിലാണ്ടുപോമീയെറി-
ക്കാലംബം നീയല്ലാതാരു വേറെ?

നിൻമലർവാടിയിൽ വാടാതെ നില്ക്കുമ-
പ്പൊൻമലരെന്നെ വിളിക്കുന്നുണ്ടാം,

പാരിടംതന്നിൽ പരക്കുന്ന ദ്വിഷ-
പ്പൂരമാം വായുവിൽ വീർപ്പുമുട്ടി

കന്നിനംകൊള്ളാത്തൊരെന്നെ നിന്നാരാമ-
ത്തെന്നൽ ശപസിയ്ക്കാനനുവദിയ്ക്കൂ;

ആരുമറിയാത്തൊരെത്ര രഹസ്യം നിൻ
കൂരിരുൾക്കുള്ളിൽ നീ സൂക്ഷിപ്പീലാ!

ആയിരം കാര്യങ്ങളുണ്ടെനിയ്ക്കോതുവാ-
നായതങ്ങെത്തി ഞാനായിക്കൊള്ളാം.



Digitized By Kerala Sahitya Akademi

## ൪൪. ഹൃദയസ്മിതം

കാളമേഘാളികൾ കാലപ്പകർച്ചയാൽ
നീലാംബരത്തിൽ നിരന്നെന്നാലും

വാർമഴവില്ലൊളി സ്വപ്നംകണ്ടംബരം
തൂമിന്നൽക്കോൾമയിർക്കൊണ്ടിടുന്നു!

കൂരിരുൾക്കൂട്ടങ്ങൾ കൂത്താടിച്ചെമ്പാടും
പാരംഭയാനകമാക്കിയാലും

താരകഹീരങ്ങൾ നിശ്ശബ്ദസംഗീത-
ധാരയൊഴുക്കിച്ചിരിച്ചിടുന്നു!

വേനലിൻ കാറ്റിന്നാൽ സന്തപ്തരായാലും
കാനനച്ചോലകൾ പുഞ്ചിരിയാൽ

ആത്മസംഗീതം പൊഴിച്ചുകൊണ്ടെപ്പോഴും
ആത്മനാഥാന്തികം തേടിടുന്നു!

ഏകാന്തജീവിയാ,മേറ്റം ചവർപ്പേറും
മാകന്ദപല്ലവമാസ്വാദിച്ചും

പൂങ്കുയിലാനന്ദമഗ്നനായെപ്പോഴും
തേങ്കുളിർസംഗീതം പെയ്തിടുന്നു!

മോഹനമാകുന്ന ദീപകലികയിൽ
സ്നേഹപ്രവാഹം നശിച്ചെന്നാലും

അമ്പത്തേഴ്

Digitized By Kerala Sahitya Akademi

അസ്തമിച്ചീടാൻ തുടങ്ങുന്ന നേരത്തും
നിസ്തുലകാന്തി ചൊരിഞ്ഞിടുന്നു!

അല്ലലിന്നന്ത്യത്തിലാനന്ദമാണെന്ന-
തല്ലാതെയെന്തിവസ്ത്വാന്തരാർത്ഥം?

സത്യമതിങ്ങനെയാണെങ്കിലെന്നുടെ
ദഗ്ദ്ധഹൃദയമേ! നീ ചിരിയ്ക്കൂ......!!

---



Digitized By Kerala Sahitya Akademi

## ൨൩. അദൃശ്യബാഷ്പം

പ്രാന്താരമദ്ധ്യം പലവിധത്തിൽ
കാന്താഭം, ലോകത്തിനന്ധകാരം!

എന്നവാം പ്രേമസമ്പൂർണ്ണം, ഞാനൊ–
രുന്മാദി ലോകത്തിനെന്തുചെയ്യും!

കാമുകൻ, കാമുകൻ, രാഗമൂകൻ,
കാണുന്നവർക്കൊക്കെ വാവദൂകൻ!

താരുണ്യം, താരുണ്യമയ്യോ കഷ്ടം!
കാരുണ്യം കാണുകിൽ കല്ലെറിയും!

* * *

ബാല്യത്തിൻ മഞ്ഞുകണികയെ ഞാൻ
കാല്യത്തിൻ കയ്യിൽ പണയമാക്കി,

എന്തിനിക്കൈതവഹേതുവാകും
ബന്ധുരരത്നം കരസ്ഥമാക്കി?

മൊട്ടിട്ട വല്ലരിയെന്തിനാവോ
പൊട്ടിച്ചിരിച്ചു പുലരിതന്നിൽ!

കാണുന്നവർക്കു ഹസിക്കാൻമാത്രം
കാണാത്ത കണ്ണീർ ചൊരിയാൻമാത്രം!!

അമ്പത്തൊമ്പതു്

Digitized By Kerala Sahitya Akademi

## റ.ർ. രാഗിണി

വ്യലാരഹിതമായിടും ചിന്താശതങ്ങളാൽ
പലയിരവുമിങ്ങിനെ പാഴിലായ്ത്തീർത്തു ഞാൻ

തരളിതമാനസയായ്തപ്തബാഷ്പത്തിനാൽ
തലയിണ നനയ്ക്കുന്നതെന്തിനായീവിധം?

തനിയെയൊരുകോണിലായ് പ്രേമവിവശയായ്
പനിമലരറിഞ്ഞിടാതിട്ടിടും വീർപ്പുകൾ

കനകമയതാരമൊത്തുല്ലസിയ്ക്കേണ്ടതാം
പനിമതിയറിഞ്ഞില്ലയെങ്കിലെന്തത്ഭുതം!

പുലരിയുടെ പുഞ്ചിരി ചെഞ്ചായമിട്ടതാം
പുളകിതവിലാസം പുലർത്തും ഹിമകണം

ഒരു ഞൊടിയിൽമാത്രമാണാനന്ദമാധുരിതൻ
മധുരമറിയുന്നതിൻ പിന്നിൽ തമോമയം!

കഠിനതരകോളിളക്കത്താലിരമ്പിടും
കടലിനു സമാനമാം ജീവിതം ഭീകരം!

അതിനിടയിലങ്ങിങ്ങു കാണുന്നവെൺനര-
ത്തരി നിമിഷജീവിതാനന്ദമാണേവനും.

പിതൃഹിതമൊരിക്കലും വിസ്മരിച്ചീടുവാൻ
പിറവിമുതലോരാത്തൊരെന്നാത്മനാഥനിൽ



Digitized By Kerala Sahitya Akademi

വഴിയുമനുരാഗോഷ്ണവാക്കിനാലീവിധം
പഴിചൊരിയുമെൻകൃത്യമേററമനുചിതം;
പിരിവതിനുമുന്നിലൊ"യെൻചിത്തമെന്നുമു-
ണ്ടറിക തവ ചാരെ"യെന്നുള്ളൊരാ വാക്കുകൾ
കരളിൽ മമ ചേർത്താം രോമാഞ്ചമെന്നുമെൻ
സിരകളൊരു മുദ്രയായ് സൂക്ഷിച്ചുവെച്ചിടും......!!

* * * *

ഗുണഗണമിണങ്ങുമപ്പൂമേനിയല്ലതിൻ
പ്രണയസുധമാത്രമാണാശിപ്പതോമനേ;
പരിമൃദുലചുംബനമല്ല; ഞാൻ നാഥന്റെ
കരചരണദാസ്യമാണാശിപ്പതെപ്പൊഴും.
കവിയുമൊരു മോദമോടപ്പുമാൻ വിത്ത്വവും
കവനകലയായിട്ടു സല്ലപിയ്ക്കുന്നതാം
മലർനിരയുതിർത്തിടും മാമരത്തോപ്പിൽ ഞാ-
നൊരു ലതികയാകുവാൻ ഭാഗ്യമുണ്ടാവുകിൽ
അമൃതരസമൂറിടും പ്രേമഗീതങ്ങളാ-
ലമരപുരസംഗീതമെങ്ങും ചിതറവേ,
സുരഭിലസുനിർമ്മലാലോലമായ് മിന്നുന്ന
സുമനിരപൊഴിച്ചു ഞാൻ സ്വാഗതമോതിടും
വിരവിലതിവിസ്തൃതമാകുമാ നെററിയിൽ
വിവിധതരചിന്തയാൽ വേർപ്പു പൊടിയവേ



Digitized By Kerala Sahitya Akademi

ചലദലവിടമോഹനത്താലവൃന്തത്തിനാൽ
വിലയമിയലാതെ ഞാൻ വീശിനില്ക്കും ദീൎഘം.

രജനികളിൽ നാഥൻെറ വായനമല്ലിലാ
രജതകമനോഹരദീപികയാവുകിൽ

ഇതരകരമായതിൽ സ്നേഹം പകൎന്നിടാ-
തിമിരമിതകൗതുകം നിന്നുജ്ജ്വലിച്ചിടും!

*            *

പരമഗുണധാമമപ്പുരുഷൻ വാഴുമി-
ധരണിയിൽ വസിച്ചിടാൻ ഭാഗ്യമിയന്നു ഞാൻ

സുകൃതനിധിതന്നെയാണെന്നല്പനാല്മാം
സുരഭുവനസുന്ദരം തന്നെയെൻമന്ദിരം......!!



Digitized By Kerala Sahitya Akademi

# ൬൩. ഹൃദയാലാപം

വല്ലരൊളിതൂകും വസന്തരാവുകൾ
വൃന്ദകം ചേർത്തെന്നെപ്പുണർന്നാലെങ്കിലും
ഒരു ഞൊടിപോലും തിരിഞ്ഞുനോക്കാതെ
ഇരുളിൽപ്പാഞ്ഞൊരെൻ തരളചിത്തമേ!
കരിമുകിൽനിര കലുഷമാകാശ-
ത്തിലേറവുമലയുന്നതെന്തേവം?
പല നിനവിനാൽ പതറുമെൻ ചിത്തം
പറകയാണതിൻ പരമാർത്ഥമിത്ഥം:—

“ഒരന്തമില്ലാത്ത ദുരന്തഭാരത്താൽ
നിരന്തരം വെന്തു തളർന്നിടുന്ന ഞാൻ
വിരാമമില്ലാത്ത വിപിനഗർത്തത്തിൽ
വൃഥാവിലാനന്ദം തിരഞ്ഞുപോകുന്നു,
നിരാലംബയെന്നിസ്സുഖദിനം വെറും
നിരാശമാത്രമാണെന്നുമാതിഥ്യം.
പുലരി നല്കുന്ന പുളകപ്പൂമ്പട്ടു
പുതച്ചുകൊണ്ടു ഞാൻ പുരോഗമിച്ചിടും
തണലോറു തളർന്നൊരുവിധം രാവിൻ
തണുത്ത മാർത്തട്ടിൽ തലയണയ്ക്കവേ
ഇരുളിലെൻനാഥൻ വരുന്നപള്ളിത്തേ-
രുരുളൊലി കേട്ടിട്ടുണർന്നെണീറ്റിടും;



ൻ

പരിസരമൊക്കെപ്പകച്ചുനോക്കവേ
പരിശൂന്യ—മിതാണനുഭവമെന്നും!!
സകലശക്തിയും ക്ഷയിച്ചിട്ടുമാശാ-
ശകലമുണ്ടെന്നെപ്പിരിയാതിപ്പൊഴും!!

മദീയനിദ്രകൾ മധുരമാക്കുന്ന
മധുമയസുമമസൃണമാം സ്വപ്നം

മറവുമാ, മണിസദനമെങ്ങെന്നായ്
കരങ്ങൾ കൂപ്പി ഞാൻ കരഞ്ഞു ചോദിക്കേ,

ഉരിയാടുന്നതില്ലൊരുവരും, വെറും
ചിരികൾമാത്രമാണെനിക്കുത്തരം!

മധുരഗാനങ്ങൾ ശ്രവിക്കും കർണ്ണങ്ങൾ
മഥിതചിത്തത്തിൻ കരച്ചിൽ കേൾക്കുമോ?

പുതുവെള്ളപ്പട്ടു ഞെറിഞ്ഞു ചാർത്തിയും
പുതുമപോരാഞ്ഞിട്ടഴിച്ചുമാറ്റിയും

അലങ്കരണങ്ങളാലപരമൊന്നിനെ-
യലംഭാവം കൂടാതെടുത്തുനോക്കിയും

നരത്തരികളാം മണിപ്രകാണ്ഡങ്ങൾ
നിരത്തി നിർമ്മിച്ച തരിവളകളെ

കളിത്തോഴി മന്ദം കരത്തിലർപ്പിക്കേ
തരത്തിനൊക്കാഞ്ഞു തകർത്തി വീഴ്ത്തിയും

തനതു മേനിയെത്തഴപ്പിച്ചാനന്ദ-
തരളയായ് നാഥനികേതം പൂകുന്ന



Digitized By Kerala Sahitya Akademi

തരംഗിണിയ്ക്കെന്റെ കരച്ചിൽ കേൾക്കുവാ-
നൊരു ഞൊടിക്കുടിസ്സമയമില്ലപോൽ!!

സുലളിതലതാതതികളിലെത്തി-
സ്സുരഭിലസുമനിരകളിൽത്തത്തി,

പ്രണയഗാനങ്ങളനേകം മൂളിയ
പ്രസൂനപാളിയെപ്പുണർന്നു തൃപ്തനായ്,

നവനവസുമം തിരയുന്ന മന്ദ-
പവനനുമില്ല പറയുവാൻ നേരം!!

ചെറുചെടികളെച്ചവുട്ടിത്താഴ്ത്തിക്കൊ-
ണ്ടൂർദ്ധ്വപഥം ഭേദിച്ചുയർന്നു പോകുന്നു,

വികാരമൂകരാം വിടപികൾക്കെന്റെ
വിലാപം കേവലം വിനോദം മാത്രമായ്!

ഒരുവിധം മമ നെടുവീർപ്പന്ത്യമായ്
കരിമുകിൽ ചിന്നും ഗഗനത്തിലെത്തി

കരയുവാൻമാത്രം പിറന്ന വാനിനെൻ
കഥകൾ കേട്ടല്പമലിവു തോന്നിപ്പോയ്.

വിശുദ്ധതതന്റെ വിഹാരവേദിയാം
വിയത്തിനും മമ ഗതിതാനെപ്പൊഴും;

കനകപ്പൂമഴ പൊഴിയ്ക്കും കാമുകൻ
കതിരവൻ നിത്യം കഴൽപണിഞ്ഞിടും,



Digitized By Kerala Sahitya Akademi

പ്രണയപ്പാൽപ്പുഴയൊഴുക്കിക്കൊണ്ടൊരു
പനിമതിയെത്തിക്കനിഞ്ഞൊന്നു കേണിട്ടും
ക്ഷണികമാമൊരു മഴവില്ലിന്നു തൻ-
പ്രണയമറ്റിച്ചുകഴികയാം വാനം!!

മറഞ്ഞുപോയൊരാ മഹാപ്രകാശത്തെ-
സ്മരണയിൽക്കണ്ടിട്ടകംകുളുക്കവേ
തടില്ലതകളാം തരളനേത്രങ്ങ-
ളിടയ്ക്കു മന്ദമായ്ത്തുറന്നും ചിമ്മിയും

വൃഥാവിലായ്ജ്ജന്മം കഴിക്കുമോ, രാഗ-
വിവശയേകിനാളെനിയ്ക്കീസ്സന്ദേശം:

"തിരയുക സഖി, തിരയുക സഖി,
ചിരസമാർജ്ജിതസുകൃതപുഞ്ജത്തെ;"

വ്രണിതയാമെന്നിലനുപമാനന്ദ-
കണികപെയ്യുമക്കളമൃദുഗാനം
ഒരുദിനമെന്നിൽ പകരും വാനിടം
അതു നുകരുവാനവിടെയെത്തും ഞാൻ;
ഫലരഹിതമീ പ്രവൃത്തികൊണ്ടുതാൻ
വിലയംപ്രാപിക്കാതിരിയ്ക്കയില്ല ഞാൻ;
കരുണമാത്രമാണെനിയ്ക്കുവേണ്ടതി-
ധരണിയിലതിന്നുറവു വറ്റിപ്പോയ്!
വിരിഞ്ഞൊരിസ്സുമം കരിഞ്ഞുവീഴ്വോളം
കരഞ്ഞുതന്നെ മേൽ കഴിച്ചിടാം കാലം...!!



Digitized By Kerala Sahitya Akademi

## ൨൬. സ്മരണ

ഓർപ്പൂ ഞാനോമലാളൊത്തു പൂവിട്ടുകൊ-
ണ്ടാർപ്പുവിളിച്ചിട്ടുമോണക്കാലം!

മംഗളം വാഴ്ത്തുമാ മംഗളനാളിലീ
ഞങ്ങളിരുകരം കോർത്തിണക്കി,

ചെററാടൽക്കൂടാതെ പൂക്കൂടയേന്തിനൽ
ച്ചിററാടതൊട്ടുള്ള പൂക്കൾ തേടി

ചിത്രശലഭങ്ങളെന്നപോലുന്മേഷാ-
ലെത്ര പൂവാടിയിലെത്തിയില്ലാ!

പാടത്തു നെന്മണി കൊത്തിപ്പറക്കുന്ന
മാടപ്പിറാക്കളെ നോക്കിനോക്കി,

മാനഞ്ചുംകണ്ണിയാളാനന്ദസ്തബ്ധയായ്
മാനവും നോക്കിനിന്നീടും നേരം

ഞാനരികത്തണഞ്ഞഞ്ചാറു പൂവവൾ
കാണാതെ മന്ദമപഹരിച്ചാൽ
‘ആട്ടെ’യെന്നുള്ളൊരു വാക്കിൽ പരിഭവ-
മാക്കിയവൾ നില്ക്കും മൗനമായി;
എങ്കിലുമന്നു ഞാനോർത്തതില്ലോമലാ-
ളെൻകരൾത്താരു കവർന്ന കാര്യം!!

അറുപത്തേഴ്

Digitized By Kerala Sahitya Akademi

ഓർപ്പൂ ഞാനോമലാളൊത്തുകൊണ്ടക്കളി-
ത്തോപ്പിൽക്കളിച്ചു രസിച്ച കാലം!

ഒട്ടുചാഞ്ഞമ്മലർ മുററത്തു നില്ക്കുമൊ-
രൊട്ടുമാവിൻ തളിർച്ഛായയിങ്കൽ

ഏറും മുദമോടി ഞങ്ങൾ ഗൃഹസ്ഥരായ്
'ചോറും കറിയും' ചമച്ചു തിന്നാൽ

ആദ്യമെനിക്കു വിളമ്പിക്കഴിയാത-
സ്സാദ്ധ്വിതൻകാര്യം നിനയ്ക്കയില്ല;

എങ്കിലുമന്നു ഞാനോർത്തതില്ലായതി-
ലെന്തോ രഹസ്യമുണ്ടെന്ന തത്ത്വം!!

ഓർപ്പൂ ഞാനോമലാളൊത്തു പഠിക്കുവാ-
നോടിഗ്ഗമിക്കുമാ ബാല്യകാലം!

അഞ്ചിതാനന്ദമോടശ്രദ്ധരായൊരു
ബെഞ്ചിലൊരുമിച്ചിരുന്നു ഞങ്ങൾ

അന്നു പറഞ്ഞുകഴിയാത്ത കാര്യങ്ങ-
ളിന്നും കുറച്ചു കിടപ്പുണ്ടാകാം!

മാമകപുസ്തകം തന്നിലവ്യക്തമാ-
യോമലാൾ 'കുത്തിവരച്ചി'ടുമ്പോൾ

തെററെന്നു ഞാനും പരിഭവിച്ചെന്നിരു-
പ്പുറത്തൊരു ബെഞ്ചിലാക്കിയപ്പോൾ

ഉച്ചയ്ക്കവളെന്നടുത്തെത്തിയാ നില്പു
പിച്ചവെച്ചീടുന്നുണ്ടിന്നും മുന്നിൽ!

അറുപത്തെട്ട്

Digitized By Kerala Sahitya Akademi

# സ്മരണ

തുച്ഛമാ രേഖകൾ പ്രേമലിഖിതത്തിൻ
പ്രച്ഛന്നവേഷമെന്നാരറിഞ്ഞു!!

ഓർപ്പൂ ഞാനാമലിൻ മേനിയിൽ താരുണ്യം
പൂക്കളണിയിക്കും ചൈത്രകാലം!

ഏകനായ് വായനാമച്ചിലിരുന്നു ഞാ-
നേകാന്തതയുമായ് സല്ലപിക്കെ,

മന്ദമക്കോലായിലങ്ങിങ്ങൊരു പാദ-
വിന്യാസം കേട്ടു ഞാൻ പിന്തിരിയും

തങ്കരഞ്ജകലതികയിൽ തത്തിടും
കങ്കണപ്പൈങ്കിളിക്കൊഞ്ചലിനാൽ

ബന്ധമഴിഞ്ഞതാം കുന്തളപ്പൂച്ചില-
പ്പൊന്തയ്ക്കൊരിക്കിളിയേറ്റിയേറ്റി

നാണംകുണുങ്ങിയത്തൂണിൻ മറവിലായ്
വാണിടും വാരൊളിമേനി കാണും,

തെല്ലിട ഞങ്ങളറിയാതെ കണ്മുന-
ത്തെല്ലുകളന്യോന്യം മുട്ടിമുട്ടും;

അമ്മുഖത്തല്പനിമേഷത്തിലായിരം
ചെമ്പനീർത്താരുകളങ്കുരിക്കും;

അന്തമറ്റുള്ളതാം ചിത്തത്തുടിപ്പാൽ ഞാ-
'നെന്തിനു വന്ന'തെന്നാരായുമ്പോൾ

'ഒന്നുമില്ലെ'ന്നുള്ളൊരുത്തരമാലോലമലാൾ
വന്നവഴിക്കു തിരിച്ചുപോകും;

അറുപത്തൊമ്പത്

Digitized By Kerala Sahitya Akademi

'ഒന്നുമില്ലെ'ന്നുള്ള വാക്കിന്റെയർത്ഥങ്ങ-
ളൊന്നുരണ്ടല്ലെന്നന്നോർത്തില്ല ഞാൻ!!

ഓർപ്പു ഞാനോമലാളന്ത്യമായ് തൻദീർഘ-
വീർപ്പുവലിച്ചുമാ രോഗതല്പം!
കാലചക്രത്തിൽ കുടുങ്ങി വിദൂരത്തിൽ
താതനായ്ജ്ജീവിതം പോക്കിടും ഞാൻ

രോഗിണിയായിക്കിടന്നിടുമദ്ദിവ്യ-
രാഗിണി തന്മുന്നിൽ ചെന്നനേരം

പാരം വിളറി മയങ്ങും വദനമാം
പാർവ്വണചന്ദ്രൻതൻ പാശ്വഭാഗേ

ശാന്തിതൻ പൊൻകതിർ വീശിപ്പുലരുമ-
സ്സാന്ധ്യതാരാഭമാം ലോചനങ്ങൾ
ഒന്നു തരളിതമായെന്നെ നോക്കിക്കൊ-
ണ്ടന്നു ചൊരിഞ്ഞതാം കണ്ണുനീരിൽ
വ്യക്തമാണോർക്കേണ്ടതൊക്കെയും നില്ക്കാതെൻ
ചിത്തമേ നീയെന്നും പാടിക്കൊൾക......!!



Digitized By Kerala Sahitya Akademi

## ൨൯. ആശ്വാസം

വാസരനാഥന്റെ ചുംബനമേററിട്ടു
വാസവദിഗ്വധൂഗണ്ഡം തുടുക്കവേ,

പ്രേമസംഗീതം പൊഴിക്കുവാൻ താരക-
ച്ചോമനച്ചെന്തളിർച്ചുണ്ടു വിടർത്തവേ,

താമരത്താരിലെത്തൂമരന്ദത്തിലും
താമരത്തോപ്പിലെപ്പച്ചപ്പടർപ്പിലും

തത്തിക്കളിച്ചു പുളച്ചു രസിക്കുന്ന
തൈത്തെന്നൽ വല്ലീനിരകളെപ്പുല്കവേ,

ശൃംഗാരഗീതങ്ങളോരോന്നു പാടിയ-
ബ്ഭൃംഗാളി സൂനങ്ങൾതോറും പറക്കവേ,

അന്തമില്ലാതുള്ള ചിന്താതരംഗങ്ങ-
ളെന്തിനെൻ ചിത്തമേ, പൊന്തിച്ചിടുന്നു നീ?

ആയിരമായിരമാമ്പൽക്കുസുമങ്ങ-
ളായിരവിങ്കൽ നിന്നുള്ളിൽ വിരിയിച്ചു,

കാണാതെ നിന്നെയും വഞ്ചിച്ചുപോയതാ-
മേണാങ്കബിംബമുദിക്കില്ലൊരിക്കലും...!!

ചാരുവാമാനനമല്ലതു, ഭാവിതൻ
ഘോരത കാട്ടിയ കണ്ണാടിതന്നെയാം!

എഴുപത്തൊന്ന്



Digitized By Kerala Sahitya Akademi

കങ്കണനിസ്വനമായിട്ടു കേട്ടതാ-
ക്കാലന്റെ പോത്തിന്റെ ഘണ്ടാനിനാദമാം!

മന്ദാനിലച്ഛലാൽ വീശിപ്പലന്തു-
മന്ത്യനിശ്വാസമെന്നോർത്തതില്ലാരുമേ,

നക്ഷത്രമാല്യങ്ങളുല്ലതപ്പൂവുടൽ
ഭക്ഷിച്ചൊരഗ്നിസ്ഫുലിംഗങ്ങൾ മാത്രമാം!

കാറൊളിക്കുന്നുള്ളമായിട്ടു കണ്ടതാ
നീറും ചിതയിലെപ്പാഴ്ക്കരിക്കട്ടയാം!

അംബരമാണെന്നു തോന്നിയതാക്കകി-
ലന്ത്യാവരണമാണെന്നതു നിർണ്ണയം!

പുഞ്ചിരിത്തെല്ലൊന്നു ചിന്തിച്ചുപോയതാ-
വൻചിത ശേഷിച്ച ചാമ്പലെന്നോർക്ക നീ!

ആശ്വസിച്ചീടുമെൻ ചിത്തമേ,യെങ്കിലും
ശാശ്വതപ്രേമം നശിക്കില്ലൊരിക്കലും...!!

---



Digitized By Kerala Sahitya Akademi

# ൨൭. വ്യാമോഹം

അനുദിനമാരെയോ കാത്തു ഞാനീ
യരുവിതൻ തീരത്തു വന്നിരിപ്പൂ,
അവളെന്നെക്കഷ്ടം കബളിപ്പിച്ചി-
ട്ടകലത്തെങ്ങാനും മറഞ്ഞിരിപ്പൂ!
കഴിയാറായില്ലയിക്കണ്ണുപൊത്തി-
ക്കളി,യിനിക്കാഴ്ത്തിറൊങ്ങു കാലം?

ഒരു മിന്നലയ്യയ്യാ! വാനിലൊന്നാ-
ത്തരിവളതന്നൊളി വീശിക്കാണാം;

കുതികൊള്ളും ചെമ്മുകിലി,ല്ലവൾതൻ
പുതുസാരിത്തുമ്പൊന്നിളകിക്കാണാം;

അകലെപ്പനിർപ്പൂവ,ല്ലമ്മുഖത്തി-
ലരഞൊടി കാണുമരുണിമതാൻ;

കുളിരിളംതെന്നലിളകയല്ലാ-
ക്കിളിമൊഴിതൻമൂളിപ്പാട്ടുതന്നെ;

അരുവിതൻ മർമ്മരമ,ല്ലവൾത-
ന്നരമണിശിഞ്ജിതഘോഷമത്രേ;

മഴവില്ല,ല്ലല്ലണിക്കുന്തലാൾത-
ന്നഴകൊഴുകീടുമാ മഞ്ജുഗാത്രം;



Digitized By Kerala Sahitya Akademi

ആരു,തരു,തെന്തിവൾക്കല്പംകൂടി
യവിടെത്താനങ്ങിനെ നിന്നുകൂടേ?

* * *

മുഴുമതിബിംബമല്ലപ്പിടമാൻ-
മിഴി കയ്യിലേന്തും രജതകുംഭം;

വരവാണിച്ചോലയിൽവെള്ളംകോരാൻ
വരവാണി, ഹാ! ഹാ! ഞാൻ ഭാഗ്യപൂർണ്ണൻ!

ശരി,യെന്നാൽക്കാണട്ടെ, കൺതുടച്ചെൻ
ചിരപുണ്യപുഞ്ജത്തെ കൺകുളുർക്കെ!

* * * *

ഇവിടെ യെന്തെന്നുള്ളി? ലോമലാൾ, "ഞാ-
നിവിടെയുണ്ടേ" ന്നോ നീയെങ്ങുമില്ലാ......!!



Digitized By Kerala Sahitya Akademi

## ൨൯. കിരണാശ്ലേഷം

കലിതകൗതുകം പുലരിമാരുതൻ
കരതലാംഗുലിത്തല്ലിരാലെൻ

മണിയറവാതിലരേ തെരുതെരെ മുട്ടി-
"ട്ടുണരുകെൻകുഞ്ഞേ"ന്നുരചെയ്കേ,

സുഖമയസ്വപ്നസുരഭിലയാമെൻ
സഖിയാകും നിദ്രാവനിതയെ,

ഒരുവിധം മാററീട്ടടനജ്ജനലി-
ന്നരികിലെത്തി ഞാനതിതുഷ്ട്യാ,

തുരുതുരെ മത്ത്യനിരകൾ പാഞ്ഞിടും
തെരുവു വീക്ഷിച്ചു നിലകൊള്ളും;

കനകതാരകനികരമാകാശ-
ത്തനഘവെൺകതിർ ചൊരിയവേ;

ഉലകിനുള്ളൊരു ചെറുദീപങ്ങളാ-
മുഡുനിരകളും തെളിയവേ,

കമനീയമായി രചിതമാമേതോ
കനകച്ചങ്ങലസ്ഫുടിമയായ്

പതിവുപോൽ ഞാനജ്ജനലിന്നന്തികേ
കുതുകമോടെത്തി നിലകൊള്ളു;

ഏഴുപത്തഞ്ച്

Digitized By Kerala Sahitya Akademi

നിരനിരയായിത്തെരുവിൽക്കാണുന്ന
നരതതിതൻെറയിടയിലായ്,

ഇരുളിൻെറ മാറിൽക്കളിയാടുന്നതാ-
മരുണനുള്ളൊരു കിരണംപോൽ,

പുരടകപ്രഭ ചിതറിടും ദിവ്യ-
തരമൊരു മിന്നൽപ്പിണർ കാണാം;

ഇതുവിധം ദുഃഖമയമാകുമോരോ
ദിനമിങ്ങെത്തുമ്പോളതിൽനിന്നും

കടമായാനന്ദസ്ഫുണികമാത്രം ഞാൻ
കരഗതമാക്കും പതിവായി

ഒരു ഞൊടിക്കുള്ളിലതു മായും, ഞാന-
ദ്ദുരിതവാരാശിസ്സുകമാളും!

ഒരുവിധം മന്ദമണയുന്ന 'നാളെ'-
ക്കരുതി ഞാൻ വീണ്ടും നടകൊള്ളും...!!

ഫലിതം



Digitized By Kerala Sahitya Akademi

## ൩൦. പാടുക

പാടുക, പാടുകെൻ ചിത്തവിഹംഗമേ
പാതിരപ്പാട്ടുകൾ പാവനങ്ങൾ,

അല്ലെന്നഖിലരുമോതിടും വേളതാ-
നല്ലയോ നിന്നുടെ കാര്യകാലം!

ആഗതമായിപ്പോയാ നവ്യർത്തു, നീ
സ്വാഗതമോതുക വീതശങ്കം,

ഗൂഢമായ് വാഴാതെ മൌനം വെടിഞ്ഞിനി
ക്കൂടുവിട്ടൊന്നു പുറത്തിറങ്ങൂ;

ആശച്ചിറകു വിരിച്ചു നീ ചിന്തയാ-
മാകാശംതന്നിൽപ്പറന്നുകൊള്ളൂ;

പൊയ്പ്പോയ കാലസ്മരണയാം പഞ്ജരത്തിൻ
കമ്പുമിനിപ്പൂമൊട്ടാസ്വദിക്കൂ!

പാടുകെൻ ചിത്തവിഹംഗമേയിന്നലെ-
പ്പാടിനിറുത്തിയ പാട്ടിൻശേഷം;

നിത്യാന്ധതയിൽ നിമഗ്നയാകും നിന-
ക്കിത്തരം ഗീതങ്ങളുത്തമങ്ങൾ!

അന്യർക്കു കേട്ടു രസിക്കുവാനല്ലതു
നിന്നുടെ നിർവൃതിക്കായിമാത്രം!

എഴുപത്തേഴ്

Digitized By Kerala Sahitya Akademi

ആനന്ദഗാനങ്ങൾ പാടിപ്പറക്കട്ടെ
വാനമ്പാടികുലം വാനംചുററി
പുൽപ്പൂവു കണ്ടു ഹസിച്ചു ചിരിയ്ക്കട്ടെ
പൊൽത്താരും കുട്ടരും തുഷ്ടരായി;
കോടക്കാർ തിങ്ങുമീയന്തരീക്ഷത്തിങ്ക-
ലോടക്കുഴൽവിളി നീ മുഴക്കു!!

II

മഞ്ജുളോഷസ്സിന്നു മാഹാത്മ്യമേറുവാൻ
മഞ്ജരി പൊട്ടിച്ചിരിച്ചിടേണം;
താരകക്കുഞ്ഞുങ്ങൾ പുഞ്ചിരിതൂകുവാൻ
വാരിദമാല കരഞ്ഞിടേണം;
താമരത്തോപ്പിന്നു മർമ്മരം മൂളുവാൻ
മാലേയത്തെന്നലലഞ്ഞിടേണം;
തെല്ലിടക്കൂടാതെ കൂലം ചിരിക്കുവാൻ
കല്ലോലം പല്ലവി പാടിടേണം;
മഞ്ഞുകണികകൾ മിന്നുവാൻ പുല്ക്കൊടി
മൗനസംഗീതം പൊഴിച്ചിടേണം;
ജീവിതപാത്രം വരളാതിരിക്കുവാ-
നീവിധം നീ നിത്യം പാടിടേണം...!!



Digitized By Kerala Sahitya Akademi

# ൯൭. അൎത്ഥന

സത്യപ്രകാശമേ!യെന്നെയുമാ-
നിത്യതയിങ്കലേയ്ക്കൊന്നുയൎത്തൂ,
കണ്ണീൎക്കണങ്ങൾ തുളുമ്പിനില്ക്കും
സുന്ദരമാമിപ്പുഷ്പപാത്രം

ഘോരനിരാശാശിലാതലത്തി-
ലാരുമറിയാതുടയും മുന്നിൽ
ബന്ധുരമായ നിൻപ്രേമപൂൎണ്ണ-
ചന്ദ്രിക തന്നിലലിഞ്ഞുവെങ്കിൽ...!!

തങ്കക്കതിരവകാന്തിപൂരം,
തിങ്കൾക്കലതൻെറ മന്ദഹാസം,
കാകളി പാടിയിങ്ങോടിയെത്തും
കോമളവാസന്തശ്രീവിലാസം,

എത്രമേലെന്നെത്തഴുകിലുമീ-
നിത്യമാം ശൂന്യതയ്ക്കില്ലൊരന്തം...!!

ഭാവനപ്പൂവനചൈത്രമേ! നിൻ-
പാവനഗാനമരന്ദസാരം
പാടുവാനാശിച്ചലഞ്ഞിടുമീ
വീണയിലല്പമൊഴുകുവാനായ്

എഴുപത്തൊമ്പത്



Digitized By Kerala Sahitya Akademi

—പ്രേമരഹിതമീ ലോകമൊന്ന-
ക്കാർമ്മുകിൽക്കാർമ്മുകം കാണുവാനായ്

കമ്പിതഗാത്ര ഞാനെത്ര മിന്നൽ-
ക്കമ്പികൾ മേലുമഴിച്ചുകെട്ടാം...!!

മഞ്ഞുകണങ്ങൾ നിൻ ചുംബനത്താൽ
മന്ദഹസിച്ചു മറഞ്ഞുപോകും;

താവകസൗരഭം പൂശിടുമ്പോൾ
താരകൾ തൽക്ഷണം വാടി വീഴും

എന്നിൽ നിൻഗാനമുയരുമെങ്കി-
ലന്നു ഞാൻ നിന്നിലലിഞ്ഞുചേരും...!!

എന്നു്

Digitized By Kerala Sahitya Akademi

## ൩൨. പിരിഞ്ഞപ്പോൾ

കുടിലകുളിർകുന്തളം കെട്ടഴിഞ്ഞങ്ങിനെ,
കുറുനിരകൾ തെന്നലിൽ തത്തിയുമങ്ങിനെ,

നിടിലമതിൽ വേർപ്പണിമുത്തണിഞ്ഞങ്ങിനെ
തൊടുകുറിയൊരല്പം പൊടിഞ്ഞുമാഞ്ഞങ്ങിനെ,

കളരുചിരകണ്ഠമിടറുമാറങ്ങിനെ,
കടമിഴികളശ്രുവാലാർദ്രമായങ്ങിനെ,

വിവിധതരചിന്തയാൽ വീർപ്പുവിട്ടങ്ങിനെ,
വിമലതരഹാരമിളകുമാറങ്ങിനെ,

കവിയുമൊരു താപം സ്ഫുരിക്കുമാറങ്ങിനെ;
കവിളിലൊരു കാർനിഴലേശിയുമങ്ങിനെ,

അധരപുടമല്പം വിറകലർന്നങ്ങിനെ,
അവയെയൊരുമട്ടിലമർത്തിയുമങ്ങിനെ,

തുടുകവിളിലശ്രുബിന്ദുക്കൾ വീണങ്ങിനെ,
പുടവയുടെ തുമ്പിനാൽ തുത്തുതുത്തങ്ങിനെ,

അപരരതു കണ്ടുവെന്നോർത്തുകൊണ്ടങ്ങിനെ,
അകമുഴറിയേറ്റം പരിഭ്രമിച്ചങ്ങിനെ,

വിഷമമിനി നില്ക്കുവാനെന്നപോലങ്ങിനെ
വിരവിലൊരു മാൻപേടപോൽ വിരണ്ടങ്ങിനെ,

എന്റ്വ തൊ. നു്

Digitized By Kerala Sahitya Akademi

ചില ഞൊടിയിലേററം നിഗൂഢമായങ്ങിനെ,
ചിരവിരഹിയെന്നെക്കടാക്ഷിച്ചുമങ്ങിനെ,

കദനമൊരു രൂപമെടുത്തപോലങ്ങിനെ,
കതകിനുടെ പിന്നിൽ മറഞ്ഞുനിന്നങ്ങിനെ,

കരളു മമ പാരം തകൎക്കുമാറങ്ങിനെ,
സരളയുടെ നില്പു മറക്കുവതെങ്ങിനെ...?



Digitized By Kerala Sahitya Akademi

# തുഷാരഹാരം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൮൮. കഴിഞ്ഞകാല്യം

കുട്ടിക്കതിരവനംബരലക്ഷ്മിതൻ
പട്ടുടയാടയിൽ തൂങ്ങിടുമ്പോൾ,

ഞെട്ടിയുണർന്നോരു ബാലമരുത്തു പൂ-
മൊട്ടിനെത്തട്ടിയുണർത്തിടുമ്പോൾ,

ഇങ്ങിനിയെത്താതെ പോയൊരെൻ ബാല്യത്തിൻ
മങ്ങിയൊരാനിഴൽ കാണ്മൂ ഞാനും;

ബാല്യം—എൻജീവിതവാസരംതന്നുടെ
കാല്യം—കലിതാഭമായ കാലം,
പിച്ചനടക്കുവാനമ്മ പഠിപ്പിച്ച
പൊൽച്ചിലമ്പൊച്ചയുതിരും കാലം;
ആവർത്തനോത്സുകമാകുമാ വേളക-
ളീ മർത്ത്യനെങ്ങിനെ വിസ്മരിക്കും?

മങ്ങിക്കിടപ്പതുണ്ടിമ്മലർമുററത്താ-
മംഗളജ്യോതിസ്സിൻ കന്ദളങ്ങൾ;
കണ്ണീരിൽച്ചാലിച്ച പുഞ്ചിരിയെത്രയീ
മണ്ണിൽ ഞാനന്നാളേകിയില്ലാ;
എണ്ണിയാൽ തീരാത്തൊരെത്ര കഥകള-
ന്നെന്നോടീമാകന്ദമോതിയില്ലാ!

എണ്ണത്താഞ്ച്

Digitized By Kerala Sahitya Akademi

മാമകബാല്യമെനിക്കതിമോഹന-
മാമൊരാരാമം തീർത്തിരുന്നു;
ആനന്ദദായകമാകുമപ്പൂവന-
മാനന്ദനോദ്യാനമായിരുന്നു;

കാലത്തിൻ കൈവിരൽത്തള്ളലാൽ ഞാനെത്ര
കാതങ്ങൾ പിന്നിട്ടു നില്പതിപ്പോൾ!!

പച്ചിലക്കാട്ടിൽപ്പറക്കും കിളികളെൻ
കൊച്ചുകൈത്തണ്ടിൽ കളിച്ചിരുന്നു;

പൊൻപ്രഭ ചിന്നുന്ന തുമ്പികളെന്മുഖം
ചുംബിച്ചെൻമുന്നിൽ പറന്നിരുന്നു;

ആയവയിന്നെന്നെക്കാണുമ്പോൾ പേടിച്ചു
പായുന്നു, ഞാനിത്ര പാപിയെന്നോ!!

മാന്യമാമെന്നുടെ മന്ദിരമന്നെല്ലാം
ശൂന്യതയ്ക്കാവാസമായിരുന്നു;

നാലഞ്ചുകമ്പിനാൽ തീർത്ത കുടിലിൽ ഞാൻ
നാകത്തെ നിത്യവും കണ്ടിരുന്നു;

പ്ലാവിലക്കുമ്പിളിൽപ്പൂഴിച്ചോറന്നെല്ലാം
പാലിലും പ്രീതിദമായിരുന്നു!!

എണ്ണത്താറ്

Digitized By Kerala Sahitya Akademi

## [illegible] ഞങ്ങൾ

മ[illegible]യെ[illegible] [illegible]യാതിയെ[illegible]മെൻ
'ഹൃദയമേ' [illegible] ഞാൻ [illegible]
ചതി[illegible]തമായ ഘോർശാന്തിയിൽ
[illegible] [illegible]ധികമുണ്ടെന്നു തോന്നുന്നപോലവേ
[illegible] [illegible] കാറ്റെല്ലാമൂതുന്ന
കടിച്ചുഹൃദയങ്ങളേ, നിങ്ങൾക്കു മംഗളം!

കദനപരിപൂർണ്ണമെൻ ജീവിതവീഥിയിൽ
കതിരൊളി വിരിക്കുമക്കുളിർദീപത്തിനെ
— വ്രണിതഹൃദയത്തിന്റെ ദുർബ്ബലതന്തുവിൽ
പ്രണയസുധ പൂശുമെൻ പുണ്യത്തിടമ്പിനെ —
അരുതരുതു വിസ്മരിച്ചീടുവാൻ, ജീവിത-
മതിരു ചിരമാക്കുന്നതൊന്നിസ്സ്മരണതാൻ!
വിധിയൊടൊരുമട്ടൊക്കെ മല്ലടിച്ചീവിധം
വിജനതയിലേകനായ് ഞാനിരുന്നീടവേ,
മധുരഹസിതാർദ്രമാമാനനം തെല്ലു ചാ-
ച്ചമൃതരസമൂറിടും നർമ്മസംഭാഷണാൽ
കരളുരുകിയെത്തുമെൻ കണ്ണീർക്കണം തുട-
ച്ചവളരികിൽ നില്പതായ്ത്തോന്നുന്നിതിപ്പൊഴും!

എണ്പത്തേഴ്



Digitized By Kerala Sahitya Akademi

സതിമണികൾ കേവലം സങ്കല്പരൂപരെ-
ന്നതികഠിനമോതുന്ന നിർല്ലജ്ജലോകമേ!

ഒരുനിമിഷമെങ്കിലുമോമലിൻസൗഹാർദ്ദ-
ഹൃദയപരിശുദ്ധിയെക്കണ്ടു തൃപ്തിപ്പെടിൻ!

കുലതരുണിമാരണിമാണിക്യമാ,മവ-
ളുലമിവനെയോർത്തു കരകയാണിപ്പൊഴും!

ഹൃദയയുഗളത്തിൻെറ സംഘട്ടനത്തിനാ-
ലുദിതമൊരു രാഗസ്ഫുലിംഗമൊന്നിത്രമേൽ

വളരൊളി പരത്തുമാ വെള്ളിനക്ഷത്രമായ്
വളരുവതു കേവലം കേഴുവാൻ മാത്രമോ?

പിഴുതുകളയുന്നതിന്നാകാത്തൊരപ്രേമ-
ലതികയുടെ പത്രങ്ങൾ—പോയ്പോയ നാളുകൾ
മറവിയുടെ പിന്നിൽനിന്നെത്തിയെന്നോർമ്മയിൽ
മധുരതരചിത്രശതങ്ങൾ വരക്കയാം!

*　　　　*　　　　*

കനകമഴപൊഴിയുമൊരു കാല്യസൂര്യോജ്ജ്വലൽ-
ക്കിരണപരിരംഭണാലുൾപ്പുളകാംഗിയായ്

കുളി പതിവുപോൽ കഴിഞ്ഞീറനുടുത്തുതൻ
പുരികുഴലൊരശ്രദ്ധമട്ടിൽത്തിരുകിയും

ഇടതുകരവല്ലിയിൽ നാനാകുസുമങ്ങ-
ളിടകലരുമക്കൊച്ചുപൂത്തട്ടമേന്തിയും;



Digitized By Kerala Sahitya Akademi

## ഞങ്ങൾ

അപരകരമാമന്ദമാട്ടി,യറിഞ്ഞിടാ-
തുടുപുടവതൻ തുമ്പിടയ്ക്കിടെത്തട്ടിയും;
അലയിളകി നാണംകുണുങ്ങിച്ചിരിച്ചൊരി-
ഞ്ഞൊഴുകുമൊരു കാനനപ്പൂഞ്ചോലപോലവേ

‘വനജ’ വരവേണിയാളമ്പലത്തിങ്കലേ-
ക്കനുജനൊടുകൂടിത്തൊഴാൻ ഗമിക്കുന്നതും;
വഴിയരികിലെന്തിനോ വന്നുനിന്നീടുമെൻ-
മിഴിയിണകളാനന്ദസമ്പൂർണ്ണമാവതും;

അരുണകിരണാളികളുമ്മവെച്ചീടുന്നൊ-
രരിയ മൃദുചെമ്പനീർപ്പൂവുപോലോമലിൻ
തുടുതുടെ ലസിക്കുന്ന പൊൻകവിൾത്തളുമ്പിങ്ക-
ലൊരു ഞൊടിയിലായിരം ഭാവം തെളിവതും;

തളിരധരപാളിയിൽ തത്തിക്കളിക്കുന്ന
ലളിതഹസിതങ്ങളാം കൊച്ചുപ്പൂമ്പാറ്റകൾ
മമ ഹൃദയമിക്കിളിയേറ്റുമാറങ്ങൊരു
മഹിതതരമാരിവിൽ വീശി മറവതും;

കളിവചനമോരോന്നുരച്ചെൻറ കൂട്ടുകാ-
രൊളിശരമയപ്പതും, പൊട്ടിച്ചിരിപ്പതും;
തളിർനിരകളിളകുമൊരു വാരുണീവാടിയിൽ
തരളതരതാരകത്താരു വിരിയവേ;

പരിമളമിണങ്ങുന്ന തെന്നലെല്ലാടവും
പര,മിളകിയെത്തുന്ന പൊന്നന്തിവേളയിൽ

എണ്ണൂറ്റിത്തൊമ്പതു്

Digitized By Kerala Sahitya Akademi

അമലതരഭാവിസംവേദ്യസങ്കീർത്തന-
ത്തിരയിളകുമാമൽത്തന്നാലയപ്രാന്തവും;

ഈ കനകദ്വീപവും, മായതിൻ മുഴവും
ശോഭ, ശോഭയിൽ ജ്വലിച്ചിരുന്നിടും ശലഭങ്ങളും;

സൗധരമ്യപുടങ്ങളടച്ചും വിട്ടത്തിലു-
മലസൗഗന്ധ്യം ചെയ്യുമെന്നാത്മനാഥയും;

കനിവാർന്നധാരയാലോമൽ പൈതങ്ങൾക്ക-
ചില പിഴയിടയ്ക്കു തിരുത്തിക്കൊടുപ്പതും;

അവളുടെയൊരേട്ടനൊത്തങ്ങേപ്പുറത്തു ഞാ-
നകതളിർ കുളിർത്തുകൊണ്ടോരോന്നുരപ്പതും;

തരുണിമണി നാമം നിറുത്താതെ ഗൂഢമായ്
തല പകുതി ചാച്ചുകൊണ്ടെത്തിനോക്കുന്നതും ;

ഇരുളിലിരുഹൃദയമൊരു ഞൊടിയിടയിലൊന്നി
രാനന്ദസൗധം രചിച്ചു തകർപ്പതും; (ശ്ലോ-

വ്യതിചലനമല്പവുമേശാതെ കാണ്മു ഞാൻ,
മതി, മതി, നിറുത്തട്ടെയെന്നാത്മരോദനം.. !!



Digitized By Kerala Sahitya Akademi

## ൩൯. കാട്ടാറിന്റെ കരച്ചിൽ

കുലഗിരിയൊന്നിൻ കഴൽ ചുംബിക്കുന്ന
നലമെഴുമൊരു നളിനിതന്നുള്ളിൽ

കളിച്ചിരുന്നു ഞാനൊരായിരം കൊല്ലം
വെളിച്ചമെന്നുള്ളതറിഞ്ഞിടാതഹോ!

നവവർഷോദ്ഘോഷപുളകിതയാമാ
നളിനിതന്നുള്ളം തുളുമ്പിയ നാളിൽ

കുതിച്ചു ഞാനൂഴിപ്പരപ്പിലേ,ക്കെന്നാൽ
പതിച്ചിതു കഷ്ടം ശിലാതലംതന്നിൽ!

എടുത്തവിടെനിന്നിവളെ,യാ വന-
പ്പടപ്പൊരമ്മപോൽ പുണർന്നു ലാളിപ്പാൾ;

പരിചിൽ ശാന്തത പരിലസിക്കുമെൻ
പരിസരമെല്ലാം പരമസുന്ദരം;

കളിയാടീടുവാൻ കുളിരിളംതെന്നൽ
പുളകം പൂശുവാൻ പുതുകുസുമങ്ങൾ;
കുണുങ്ങിയോടുവാൻ തൃണതലപ്പര-
പ്പിണങ്ങിയെന്നിലന്നഖിലഭാഗ്യവും!

പഠിക്കുവാനായിപ്പലപത്രങ്ങളും
വിടുർത്തി നിന്നിതാ നിചിനാലക്ഷ്മിയാൾ



Digitized By Kerala Sahitya Akademi

മദയഭാഗ്യത്തിൽ മനം മയങ്ങി ഞാൻ
മദാലസയായിച്ചരിച്ചിതക്കാലം;

തടത്തിൽ നില്ക്കുന്ന ചെടിനിരയെന്നി-
ലിടസ്സു സുസ്മിതം പൊഴിച്ച പൂക്കളാൽ;

തുളുമ്പിയാനന്ദമകക്കുരുന്നിൽ, ഞാൻ
പളുങ്കുമാല്യങ്ങളവയിലപ്പിച്ചു;

കിളിനിരകൾതൻ കളകളസ്വനം
കുളിരിയററിയെന്നകത്തളിരിങ്കൽ

പകരം ഞാൻ വീണാക്വണിതം മേല്ക്കുമേൽ-
പ്പകന്നിതന്നാളപ്പതംഗപാളയിൽ;

തടില്ലതപോലെ തരളമേനിയിൽ
തടം തല്ലിത്തകത്തൊലിച്ച നാളുകൾ

—മദീയജീവിതപ്രഭാതവേളകൾ—
മറഞ്ഞുപോ,യിനി വരില്ലൊരിക്കലും!!

* * *

പുറത്തു നോക്കി ഞാൻ പുതിയ നീഹാര-
പ്പുതപ്പു നീക്കിയന്നൊരു പുലരിയിൽ

വരണ്ട പാരിടം, ഇരുണ്ട വിണ്ടലം
വരേണ്ടതെന്തതിൽപ്പരം ദുരിതങ്ങൾ!!

ചുരുക്കിയോതിടാ,മവിടന്നെൻ ഗതി
തിരിച്ചുവിട്ടിതാ നിയതിതൻ കരം;



Digitized By Kerala Sahitya Akademi

പ്രഭാവധോരണിക്കഭാവമററതാം
പ്രദേശമിപ്പോളെൻ പ്രവാഹപദ്ധതി,

കരുണതൻദിവ്യകണികകളെന്നിൽ
നിരന്തരം വന്നു പതിക്കുന്നുണ്ടിപ്പോൾ,

കരളലിവില്ലെനിക്കിവിടെയെങ്കിലും
വരുന്നതില്ലമേ സമാധാനം തെല്ലും!

ചെറുക്കുന്നെൻ ഗതി ചിറയാലേ ചിലർ
മുത്തുപോകുവാനശക്തയാണു ഞാൻ;

മലയ്ക്കുമാഴിക്കുമിടയിൽപ്പെട്ടിപ്പോൾ
മലയ്ക്ക്യയാണെന്നാൽ, മലിനയല്ലേതും;

തിരിച്ചു ദിക്കിലേയ്ക്കിനിയൊരിക്കലും
തിരിച്ചുപോകുവാനൊരുങ്ങുകില്ല ഞാൻ.

* * *

എനിക്കുമുണ്ടേതോ ചിലതെല്ലാം, മൂഴി-
പ്പുരപ്പിനോടൊന്നു പറഞ്ഞു പോകുവാൻ,

വരുന്ന വർഷത്തിൻ സമാഗമത്തിലെൻ
ചിറ തകരുകിൽ കൃതാർത്ഥയായി ഞാൻ..!!



Digitized By Kerala Sahitya Akademi

## ൯൩. സന്ദേശം

നിത്യവുമെത്താറുണ്ടെൻനാഥന്റെ സന്ദേശങ്ങൾ
—നിസ്തുലസ്നേഹത്തിന്റെ കല്യാണകല്ലോലങ്ങൾ—

* * *

സായാഹ്നവധൂടിയാളെന്മുന്നിലെത്തും, പട്ടു-
സാരിതന്നുള്ളിൽനിന്ന,ക്കത്തെനിക്കേകും പോകും;

ആരതുതന്നതെന്നുചോദിച്ചാൽപറയുവാ-
നാവതല്ലവൾക്കിത്ര വെമ്പലെന്താവോ പോകാൻ!

ശോണമാമമ്മുഖത്തിലെപ്പൊഴും മൗനത്തിന്റെ
വീണവായനയല്ലാതില്ലൊരുത്തരം വേറെ!

തകരും ഹൃദയത്തിൽ പാവനപ്രേമാമൃതം
പകരും മമ പൂർവ്വപുണ്യത്തിൻ തിരുനാമം

ആരാനുരപ്പതു കേൾക്കുകിൽമതി,യെനി-
ക്കാനന്ദസാമ്രാജ്യത്തിൻ റാണിയായുയരുവാൻ!!

* * *

അക്ഷയാക്ഷരമെഴുമാ നീലക്കടലാസ്സി-
ലക്ഷമം പാഞ്ഞീടുമെന്നക്ഷികളുത്സാഹാൽ;

സംഭ്രമമതിലെന്റെ മാനസം മുങ്ങും, ലോകം
സംശയക്കരിമ്പടമിട്ടെന്നെ മൂടും വേഗം!

കല്മഷംപോലും സ്നേഹം, ഇത്തരം സദാചാര-
ക്കണ്ണതിൽക്കെട്ടില്ലാതെങ്ങുള്ള ദുരാചാരം?

* *



Digitized By Kerala Sahitya Akademi

ആളിമാരെയും വിട്ടിട്ടേകയായാരാമത്തി-
ലാളുമുൽക്കണ്ഠയോടടക്കുടിഞ്ഞാനതിഗ്ഗൂഢം

പ്രേമലേഖനമതുവായിച്ചുമാവർത്തിച്ചും
രോമഹർഷത്താലൊന്നുപുഞ്ചിരിതൂകീടുമ്പോൾ

പറയും പതുക്കെയപ്പത്രികളെന്തോ, ചിത്തം
പതറിപ്പകച്ചു ഞാൻ നോക്കുമെൻപരിസരം,

പുഞ്ചിരിയടക്കിക്കൊണ്ടെത്തിനോക്കീടു,മോരോ
മഞ്ജുളമലർകളും മന്ദമെൻപിറകിലായ്

ഉച്ചലന്മരുത്തുമക്കത്തു കണ്ടതിൻപൊരു-
ളുച്ചരിച്ചുലാത്തീടുമുമ്മറപ്പൂങ്കാവിങ്കൽ;

കണ്ണടച്ചു ഞാൻ ലജ്ജാമൂകയായ്ത്തല താഴ്ത്തും,
കണ്ണുകൾ പരിഹാസം കേട്ടേറെറ തഴമ്പിക്കും...!!

* * *

കോമളപദാവലിയിളകിത്തെളിഞ്ഞെന്നെ-
ക്കോൾമയിർക്കൊള്ളിക്കുമസ്സന്ദേശഗാനാമൃതം

എത്രമേൽ നുകന്നാലുമാവതല്ലതിനെന്റെ
തപ്തമാനസത്തിനെസ്സന്തൃപ്തമാക്കീടുവാൻ!

കണ്ടിടാമതിലേറെത്തതേ ചാപദേശം, പക്ഷേ,
കണ്ടതില്ലെന്നാഥന്റെയാഗമവൃത്താന്തങ്ങൾ!

ആശിപ്പതതുമാത്രം ഞാനെന്നും,മദ്ഗേഹത്തി-
നായിരം വിശേഷങ്ങളുണ്ടോതാൻ പുതിയതായ്!

തെങ്ങുറാഞ്ചി



Digitized By Kerala Sahitya Akademi

ഇത്രനാളറിഞ്ഞതവയൊക്കവേയപൂർണ്ണങ്ങ-
ളെത്തുവാനിനിയുള്ളതൊക്കവേയവർണ്ണ്യങ്ങൾ!

നീളുമീ നിരാശയെ നിതരാം നുകരാനോ
നീയെനിക്കേകിടുന്നു നിത്യമിസ്സന്ദേശങ്ങൾ?

ലോകത്തിൻ പരിഹാസപ്പാഴ്മരുപ്പരപ്പിലി-
ശ്ശോകത്തിൻ നിഴലാം ഞാൻ മായുന്നതെന്നാണാവോ...?

---



Digitized By Kerala Sahitya Akademi

## ൩൬. ചന്ദ്രികയിൽ

മോടികൂടീടുമാലയമലർ-
വാടിയിലിരുന്നീവിധം
കാത്തുകയാണു മുഗ്ദ്ധയായത-
ന്നോമനയോടക്കാമുകൻ:—

"സാരസാസനസൃഷ്ടികൌശല-
സാരസർവ്വസ്വകേന്ദ്രമേ!
കണ്ണുനീരാൽ നനച്ചു നേടിയ
പുണ്യകർമ്മവിപാകമേ!
മജ്ജയക്കൊടി, യൊന്നു, നീ നിന്റെ
ലജ്ജയെപ്പുറത്താക്കുക!

"പാർവ്വണശശി പാരിടമൊരു
പാലലക്കടലാക്കവേ
ഇക്കുളിരപ്പൊയ്കരാഗലോലയാ-
യുൾക്കുളിരണിഞ്ഞീവിധം
പൊൻതിരച്ചുണ്ടു മന്ദമായ്‌വിടു-
ത്തിന്ദുരശ്മിയെച്ചുംബിക്കേ;
നർമ്മഭാഷണചാതുര്യാൽ, ലജ്ജാ
നമ്രശീർഷയാം വല്ലിയെ

തൊണ്ണൂറേഴ്

Digitized By Kerala Sahitya Akademi

രാക്കുളിർത്തെന്നൽ തൻവശമാക്കി-
പ്പൂക്കലക്കുചം പുൽകവേ;
ഇത്തരമൊരു രാവിനെ വെറും
മുഗ്ദ്ധതയ്ക്കിരയാക്കൊലാ!!

"തങ്കമേ! തെല്ലുനേരം നീ, നിൻെറ
തങ്കമേനി സമീക്ഷിക്കു;
ലോലലോചനതാരകങ്ങൾ നിൻ-
ഫാലചന്ദ്രനെപ്പുല്കുവാൽ
നിത്യവും കുതിച്ചോടിയിവിധം
നിസ്തുലാനന്ദമാളവേ;
പ്രേമശീതളമായ നിന്നുടെ
കോമളാധരയുഗ്മങ്ങൾ
തങ്ങളിൽത്തന്നെ ചുംബനംചെയ്തു
തുംഗസൗഖ്യം നുകരവേ;
പട്ടറൗക്കിതന്നുള്ളിൽത്തിങ്ങും നിൻ-
കട്ടിപ്പോർക്കുചകുംഭങ്ങൾ
തമ്മിലന്യോന്യം പുല്കിയാനന്ദ-
തുന്ദിലരായ്ത്തുളുമ്പവേ;
കെട്ടഴിഞ്ഞുകിടക്കും നിന്നുടെ
കററവാറൊളികുന്തളം
താവകംമലർമേനിയാശ്ലേഷി-
ച്ചീവിധമിളകീടവേ;



Digitized By Kerala Sahitya Akademi

ചന്ദ്രികയിൽ

എന്തിനെൻ കരസ്പർശനാൽ നിൻെറ
ബന്ധുരാംഗം ത്രസിക്കുന്നു?"

ഇത്തരം നാഥഭാഷിതം കേട്ടു
പൊത്തിയോമലാൾ കണ്ണിണ!

*　　　*　　　*

മംഗളമയമായൊരാ ദിവ്യ-
രംഗമെങ്ങിനെ തീർന്നുവോ...?

ജോസഫ് മുണ്ടശ്ശേരി

Digitized By Kerala Sahitya Akademi

## ൩൮. ആ വസന്തം

ആ വസന്ത,മനശ്വരം, മാമക-
ജീവിതത്തിന്റെ വിശ്വസ്തകാമുകൻ,
—എൻകുളിർസ്വപ്നസൗധശൃംഗങ്ങളിൽ
വെൺകളിപ്പൂശുമാനന്ദചന്ദ്രിക—
കാത്തിരിക്കുമാ നിർവ്വാണമണ്ഡലം
പേർത്തുമെത്ര തിരഞ്ഞിനിപ്പോകണം!
ഈവിധമീയിരുൾപ്പിശാചിന്നെത്ര
ജീവരക്തമിനിയും ചൊരിയണം!
ആവതെന്തു, ഞാനെത്ര കേണീടിലും
ഭാവി,യാരംഗ മെന്നും മറച്ചിടും!!

* * *

ശൂന്യതയിങ്കൽനിന്നു ജനിച്ച ഞാൻ
ശൂന്യതതന്നടിയിലടിയണം!
രണ്ടിനുമിടയ്ക്കായൊരു മോഹന-
വിണ്ടലം കണ്ടുകൊൾവാൻ കൊതിക്കിലോ
ക്ലിപ്തമില്ലാതെ നീണ്ടുനീണ്ടുള്ളൊരി-
ത്തപ്തമാം മരുഭൂവിലുഴലണം!
ആശതൻതണൽ തേടി ഞാ,നെങ്കിലും
ക്ലേശപക്വമശിച്ചു തൃപ്തിപ്പെടാം...!!



Digitized By Kerala Sahitya Akademi

# ൩൯. കളിത്തോണിയിൽ

"ഇന്നലെ ഞാനൊരു സ്വപ്നം കണ്ടു,
ഇന്നു,തൊന്നോതാനസാദ്ധ്യം തോഴി!
പാതിരാവായെന്നു നീ പറഞ്ഞു
വാതിലും ബന്ധിച്ചു പോയശേഷം
പിന്നെയും പുസ്തകവായനയാൽ
തന്നെ, ഞാൻ നേരം കഴിച്ചുകൂട്ടി;
ഉറവും ശ്രമിച്ചു ഞാനെങ്കിലതി-
ലൊററ ലിപിപോലും നീങ്ങിയില്ലാ!
തങ്കച്ചിറകു വിരിച്ചെൻ ചിത്ത-
പ്പൈങ്കിളിയെങ്ങോ പറന്നിരുന്നു;
മറേറതോ ഗ്രന്ഥം തിരഞ്ഞുനോക്കി-
ച്ചുററുമെൻകണ്ണുകൾ പാഞ്ഞിരുന്നു!!

*　　　*　　　*

എത്തുകില്ലിങ്ങിനിയെന്നുനിങ്ങ-
ളൊക്കെയുമോത്തുമെന്നാത്മനാഥൻ
'മഞ്ജുളേ! മഞ്ജുളേ!'യെന്നു വിളി-
ച്ചെന്നഴിവാതില്ക്കലെത്തി മന്ദം;
'പോരിക'യെന്നു പറഞ്ഞു, പിന്നിൽ
ശാരികപോലെ പറന്നെത്തി ഞാൻ...!!

*　　　*　　　*



Digitized By Kerala Sahitya Akademi

തോരാത്തകണ്ണീരും വററുംമട്ടി-
ലാ,രാത്രിയത്രയ്ക്കുമോഹനംതാൻ!

രാകാശശാങ്കനും താരകളും
രാഗപരാഗം പുരട്ടി വാനിൽ;

മഞ്ജുളമഞ്ജരീപുഞ്ജമാളും
കുഞ്ജസദനത്തിൽ രാക്കിളികൾ

രാവിൻെറ മാഹാത്മ്യം വാഴ്ത്തി വാഴ്ത്തി-
ത്തൂകീ മരന്ദം പരിസരത്തിൽ;

കാമനസ്വപ്നങ്ങൾ കണ്ടുകണ്ടി-
ബ്ഭൂമിയും കോരിത്തരിച്ചിരുന്നു;

ഹസ്തേന ഹസ്തം ഗ്രഹിച്ചു മോദാൽ
വൃത്താന്തമോരോന്നുരച്ചു ഞങ്ങൾ

ചന്ദ്രികപ്പൊയ്കയിൽ തത്തും രണ്ടു
പൊൻതിരയായിട്ടൊഴുകിപ്പോയി...!!

* * *

ആനന്ദാലുള്ളം തുളുമ്പിനില്ക്കു-
മാഴിതൻ തീരത്തിലെത്തി ഞങ്ങൾ;

തങ്ങളിൽത്തങ്ങളിൽപ്പുല്കിപ്പോകും
ഭംഗപരമ്പര നോക്കിനിന്നു;

അന്തമറേറാരക്കടലിലപ്പോൾ
പൊൻതോണിയൊന്നു കണ്ടോതി നാഥൻ:—



Digitized By Kerala Sahitya Akademi

'ഓമനേ,യിക്കടൽ ശാന്തം,നമ്മൾ-
ക്കോടി, കളിച്ചു രസിച്ചു പോകാം;'
'അക്കളിത്തോണിയിലേറിയാൽ നാ-
മക്കരെയെത്തുമോ?' എന്നു ഞാനും;

'ഉൾക്കരുത്തൊന്നു കരസ്ഥമെങ്കി-
ലൊക്കെയും സാദ്ധ്യ'മെന്നപ്പൂമാനും

എന്തി,നത്തോണിയിലേറി ഞങ്ങൾ
ചെന്തീപ്പൊരിയും ചിതറിയെന്നിൽ!!

ഗാനങ്ങളോരോന്നു പാടിപ്പാടി-
സ്സാനന്ദം തോണി തുഴഞ്ഞു മന്ദം;
ഒട്ടിടയങ്ങിനെ സഞ്ചരിച്ചു,
മറ്റൊക്കെ മാറി, മറഞ്ഞു ചന്ദ്രൻ!

വൻതിരമാലയിരച്ചുപൊങ്ങി-
യന്ധകാരാവൃതമായി വാനും!

അക്കളിത്തോണി കമഴ്ന്നു ഞങ്ങ-
ളക്കടൽമദ്ധ്യത്തിൽ ത്യക്തരായി...!!"

* * *



Digitized By Kerala Sahitya Akademi

## ൪൦. ശിഥിലചിന്ത

നാകത്തിനുള്ളിൽ, നരകം പണിഞ്ഞും
ശോകത്തിലാനന്ദമുദിച്ചുകണ്ടും
തീരാത്ത നാനാനിനവാർന്നൊരാററിൻ
തീരത്തു ഞാനങ്ങിനെ നിന്നുപോയീ;

സമസ്തവസ്തുക്കളിലൊന്നുപോലെ
സമത്വമില്ലാഞ്ഞു നിലച്ചിടാൻതാൻ
അമർത്ത്യലോകത്തെയുമേകഹസ്താ-
ലമർത്തി വാഴുന്നവനാശപോലും;

വാനത്തുതൻ കീർത്തിയുയർന്നുപോവാ-
നാ,യെത്തിനോക്കുന്ന ഗിരിപ്പരപ്പിൻ
പാദങ്ങളെന്നും പരിചര്യചെയ്തു
പാവങ്ങൾ സാനുക്കൾ തൃണപ്രമാണർ;

നിലത്തു തെല്ലും കുറവേശിടാതെ
മലർത്തു വച്ചുക്കട മൂടുവാനായ്
താഴത്തു താപാർത്തി സഹിച്ചുമേവും
സാനുക്കൾതൻ ജീവനധാര വേണം;

ഒരിക്കലും തെല്ലലിവാർന്നിടാതെ
യുറച്ച പാറക്കൂട്ടിടയിങ്കലൂടെ
ഒലിച്ചുപായുന്ന സരിൽക്കുലങ്ങ
ളലച്ചിൽകൊണ്ടിഷ്ടികഴിച്ചിടുന്നോർ;



Digitized By Kerala Sahitya Akademi

## ശിഥില ചിന്ത

സാധുക്കളുക്കൂട്ടർ പരിശ്രമത്താൽ
സമ്പാദ്യമാർന്നീടിന മൗക്തികങ്ങൾ
പാറസ്സു മാറത്തണിമാല ചാർത്താൻ
പാദത്തിൽവെച്ചേ, മതിയാകയുള്ളൂ;

പാരിന്റെ സൗന്ദര്യനിധാനമായി-
ത്താരിന്നുതൻ ശീഷ്മുയത്തിനില്ക്കാൻ
പാരാ,തമസ്സിൻ പരിഹാസഭാസ്സാൽ
താരാളി മങ്ങിത്തല ചാച്ചിടേണം;

പാടച്ചെളിച്ചാർത്തു മറച്ചുവെച്ചു
പാരിന്നു പച്ചപ്പുതുപട്ടുടുപ്പാൻ
കാറായ കീറത്തുണി ചുററി വാനം
തോരാതെ കണ്ണീരു ചൊരിഞ്ഞിടേണം;

ഇതാണു ലോകസ്ഥിതി, വിശ്വമാതിൻ
വിശാലനേത്രങ്ങളൊരേവിധത്തിൽ
ഇരിക്കയില്ലൊന്നു കരഞ്ഞിടുമ്പോൾ
ചിരിപ്പു മറേറ,തിതിനെന്നൊരന്ത്യം!!

അതാ, ശ്രവിപ്പുണ്ടകലെസ്സമത്വ-
വിവാദകോലാഹലവാദ്യഘോഷം
അതിൻ പ്രപാതത്തെ നിനച്ചു പേടി-
ച്ചനേകവൃക്ഷങ്ങൾ വിറയ്ക്കയല്ലീ?

ആൻറി അബ്ബ്

Digitized By Kerala Sahitya Akademi

നിമ്നോന്നതാദ്ധ്വാക്കളനേകമെന്നും
പിന്നിട്ടു മുന്നോട്ടു കുതിച്ചു മേന്മേൽ
കാലപ്രവാഹം സമമായൊലിസ്സും
കാലം, മനുഷ്യക്ക് വസന്തകാലം!!



Digitized By Kerala Sahitya Akademi

## ൪൫. ഭ്രമരഗീതി

പുലർകലംപതിവുപോൽപുതുതായി വിതാനിച്ച
മലർവനികയായീടും മണിയറയിൽ,

മിളിതാഭമിടയ്ക്കിടയ്ക്കിളകിക്കൊണ്ടിരിക്കുമ-
ക്കുളിരണിത്തെന്നലാകും കളിമഞ്ചത്തിൽ

തളിരാകും തനിപ്പട്ടാമുടയാടയുടുത്തിട്ടു-
ഗ്ഗളംതന്നിൽ ഹിമമണിപ്പതക്കം ചാർത്തി,

കമ്രമായകായകാന്തി ചിതറിക്കൊണ്ടേററം ലജ്ജാ-
നമ്രമായ ശിരസ്സൊത്തു പരിലസിക്കും;

വസന്തലക്ഷ്മിയാൾതന്റെ വരസുതയായ് വിരിഞ്ഞീ
വസുന്ധര വിളക്കുന്ന കുസുമത്തോടേ!

പല പല വേഷംകെട്ടിപ്പറന്നെത്തീടുന്ന, ചിത്ര-
ശലഭത്തിൻ പുറംപൂച്ചിൽ മയങ്ങിയോ നീ?

അനുരാഗപത്രം വീശീട്ടനുദിനമടുത്തെത്തു-
മവിവേകിയവൻ നിനക്കനുചിതൻതാൻ;

മഴവില്ലിന്നൊളി കണ്ടുമയങ്ങുമ്പോളപ്പുറത്തു
മഴക്കാറുണ്ടെന്ന തത്വം മറക്കയോ നീ?

അപ്രമേയപ്രഭാവശ്രീ തിരളുന്നോരമൂല്യമാം
സുപ്രഭാതമവൻ നിന്നെ വരച്ചുകാട്ടും,



Digitized By Kerala Sahitya Akademi

ഒടുവിലങ്ങത്തു ഘോരമിടിയും മാരിയും ചേർന്നു
കിടുകിടുപ്പിക്കും കൊടുംനിശീഥമാക്കും!!

എരിതീയിൻ പ്രഭ കണ്ടിട്ടിരയെന്നോർത്തടുത്തെത്തു-
മവിവേകിയവൻ നിനക്കനുചിതൻതാൻ!!

അനുരാഗഗാനം പാടീ,ട്ടുണയുമിഭ്രമരത്തിൻ
മനതാരിൻ മഹിമ നീയറിയുന്നില്ലാ!

കുലീനനല്ലിവനൊട്ടും കുബേരനുമല്ലാ, പിന്നെ-
കുസുമാസ്ത്രസമനല്ലം സുമുഖനല്ലാ;

തുടുപ്പേററമിയലും നിൻകവിൾത്തടം ചുംബിക്കുവാ-
നടുത്തീടും മമ ചിത്തം തുടിച്ചീടുന്നു!!

പരിമൃദുമലരേ, നീയൊരു മൊട്ടായിരിക്കേ,നിൻ
പരിസരേ പറന്നു ഞാൻ കളിച്ചിരുന്നു;

മന്ദനാമെന്നകതാരു കുളിപ്പിക്കുവാനായന്നു
മന്ദഹാസനിലാവു നീ ചൊരിഞ്ഞിരുന്നു;

താരാട്ടായിട്ടിവനന്നു പാടും പാട്ടിൽ, പ്രേമമാധ്വീ-
സാരമേററമൊളിച്ചന്നു ലസിച്ചിരുന്നു;

നിരവധി സുമനിര നിരന്തരം വിരിഞ്ഞിട്ടു
മരന്ദമാധുരിയന്നാൾ ചൊരിഞ്ഞിരുന്നു;

അണുപോലുമതുകളിലനുരക്തനാകാതെ ഞാൻ
പ്രണയഗാനങ്ങൾ പാടിപ്പറന്നിരുന്നു;



Digitized By Kerala Sahitya Akademi

വിരിഞ്ഞു നിന്നതിരററ സുഷമയെ നുകരുവാ-
നിരുളിങ്കലിരുന്നു ഞാൻ ഭജിച്ചിരുന്നു;

ഇമ്പത്തോടിച്ചെറുചില്ലക്കൊമ്പത്താടിക്കളിക്കും നിൻ
സമ്പത്തിത്ഥം വൃഥാ പുല്ലിൽ പൊഴിച്ചീടുമ്പോൾ

തോന്നീടുന്നുണ്ടെനിക്കു, നീയിനിയുമക്കോരകമായ്-
ത്തീർന്നീടുവാൻ, ഫലമെന്തു? ഫലിക്കില്ലല്ലി!!



Digitized By Kerala Sahitya Akademi

## ൪൨. പ്രതീക്ഷ

പോരിക, പോരികെന്നാശാപതംഗമേ,
കൂരിരുളെങ്ങും പരന്നീടുന്നു!!

തന്നന്ത്യഗാനവും പാടിപ്പടിഞ്ഞാട്ടു
പൊന്നന്തിപ്പൈങ്കിളി പാറിപ്പോയി;
അല്ലിൻെറയമ്മലർവാടിയിലിന്നത്തെ
മല്ലപ്പൂവെല്ലാം വിരിഞ്ഞുതീർന്നു;
അംബുജംതന്നന്ത്യമന്ദസ്മിതാങ്കുര-
മന്തിപ്രഭയിലലിഞ്ഞുചേർന്നു;
ഛൂകിത്തളർന്നൊരു കോകിലം മുററത്തെ
മാകന്ദക്കൊമ്പിലുറക്കമായി;
ആകാശദേശത്തിലെങ്ങാനലയുമെ-
ന്നാശാപതംഗമേ, പോരിക നീ!!

*   *   *

ആരാലക്കുന്നിൻ ചരിവിലുഷസ്സുതൻ
നീരാളസ്സാരിയിളകിടുമ്പോൾ;
നാനാവിഹംഗനിനദാലുലകൊരു
ഗാനാബ്ധിയായലപൊങ്ങിടുമ്പോൾ;
നൂററിപ്പത്തു്

Digitized By Kerala Sahitya Akademi

# പ്രതീക്ഷ

ആദിത്യരശ്മികളാ രത്നം വാരുവാ-
നാ, ദിക്കിൽ മുങ്ങിയുയർന്നിടുമ്പോൾ,

കക്കകളാകുന്ന കുസുമങ്ങളെ
യൊക്കവേ തെന്നൽ പെറുക്കീടുമ്പോൾ;

നീടുററ രാഗിണി, നീ, ഞാനറിയാതെ
നീളത്തിൽക്കുകിയുയർന്നുപോയീ!

നിർന്നിമേഷാക്ഷനായ് നില്ക്കുന്നു ഞാനിദം
നിന്നെപ്രതീക്ഷിച്ചീയന്തിയോളം;

പോരിക, പോരികെന്നാശാപതംഗമേ,
കൂരിരുളെങ്ങും പരന്നീടുന്നു!!

* * *

അക്ഷയകാന്തി വഴിഞ്ഞൊഴുകീടുമാ
നക്ഷത്രലോകത്തിനപ്പുറത്തായ്;

ആയത്തമാകാത്തൊരത്ഭുതവസ്തുവി-
നായിട്ടലഞ്ഞു തളർന്നൊടുവിൽ

ഇന്നും പതിവുപോ"ലില്ല"യെന്നോതി, നീ-
യെന്നടുത്തെത്താൻ മടിക്കയല്ലീ?

അല്ലെങ്കിൽ പത്രം കരിഞ്ഞുകരഞ്ഞു നീ-
യല്ലിലെങ്ങാനും കിടക്കയല്ലീ?

വേദനാപൂർണ്ണമീ രോദനമാകും നിൻ-
വേണുനിനദമുയർന്നിടട്ടേ.

നൂററിപ്പതിനൊന്നു്

**തോരാത്ത കണ്ണീരിൻ മർമ്മരം ലോകത്തെ-**
**ത്താരാട്ടുപാടിയുറക്കിടട്ടേ!!**

**എൻചിരപുണ്യമേ, മന്ദമിഴഞ്ഞു നീ**
**പഞ്ജരമെത്തിശ്ശയിച്ചുകൊൾക;**

**കൂടമടച്ചു ഞാനൊന്നണിമച്ചിലെ**
വാടാവിളക്കു കെടുത്തീടട്ടെ!!

—•<>•—



Digitized By Kerala Sahitya Akademi

## ൪൩. ജീവിതം

ജീവിതം, ഹാ! ഹാ! ശുദ്ധസുന്ദര,മതിനെ ഞാ-
നീവിധം നെടുവീർപ്പാൽത്തപ്തമായ്ച്ചമച്ചാലോ!

തൂമധു നിറയ്ക്കേണ്ട പൊന്നൊളിക്കിണ്ണത്തിങ്ക-
ലീമട്ടു കണ്ണീർ പകർന്നെന്തു നാൾ സൂക്ഷിക്കേണം!

എന്തു ഞാൻ ചെയ്യുമല്ലാതിന്നോളം വായിച്ചതാം
ഗ്രന്ഥമൊന്നിലും കണ്ടി'ല്ലാനന്ദം', മൂന്നക്ഷരം!

ആനന്ദഗാനങ്ങളെപ്പാടാനും പകർത്താനാ-
മാ'നന്ദ'നാരാമത്തിൽ പൂക്കൾക്കാണാനവകാശം;

പാരത്തു വല്ലപ്പോഴുമറിയാതുൽഘോഷിച്ചാൽ
'പാടില്ല!'യെന്നു വാനം മുരങ്ങും സ്തനിതത്താൽ!

മർത്ത്യത മധുരമായ്സ്വപ്നത്തിൽക്കണ്ടാൽ, പിറ്റേ-
ന്നെത്തിടും പുലരിതൻ പൊൻകവിളിരുണ്ടുപോം!!

* * *

മാരിക്കാറണിഞ്ഞതാം വാരൊളിമഴവില്ലിൻ
ചാരുത നുകർന്നു ഞാൻ നിന്നുപോയ് ക്ഷണനേരം,

ഞാനുമൊന്നതുപോലെയാകുവാനല്ലാ,യതു
ഞാനാണെന്നൊരു ചിന്തയുദിച്ചു മമ ഹൃത്തിൽ;

കഴിഞ്ഞു; വരച്ചോരാക്കൈകളാൽത്തന്നെ,യതിൽ
വഴിഞ്ഞ സൗന്ദര്യത്തെക്ഷണികപ്രഭമാക്കി!



Digitized By Kerala Sahitya Akademi

പാടിയെൻഹൃദയത്തിൽ വാണൊരെന്നാശാശുകി
കൂടുവിട്ടുതാണന്നാ,ളെത്തിയില്ലിന്നോളവും...!!

* * *

ആകലെത്തളിർവല്ലിയേന്തിടും പനിനീർപ്പൂ
മുകുളം ചിരിച്ചെന്തോ മൗനഭാഷയിലോതീ,

ഗൂഢഭാവബോധംതന്നെയക്കാര്യമെന്നാകിലും
കൂടിയോരിവർക്കെല്ലാമാശ്വാസമേകീ പാരം;

പാടലാധരങ്ങളാൽ പാവനസന്ദേശത്തെ
പാതിയും മൊഴിഞ്ഞീല പാഴ്മണ്ണിലായീയവൾ!!

പുലരിക്കുളിർപ്പുഴ നീന്തിയന്തരിക്ഷത്തെ-
പ്പുളകപ്പുതപ്പിട്ടു മൂടിയൊരിളന്തെന്നൽ
മലയും മറിച്ചിട്ടുമാതിരി നൈരാശ്യത്താൽ
തലയും തരുക്കളിൽത്തല്ലിയങ്ങോടിപ്പോയി...!!

മാകന്ദമരക്കൊമ്പി,ലാനന്ദസാമ്രാജ്യത്തി-
ലാകണ്ഠം തളിർ തിന്നു മദിച്ച കളകണ്ഠം
നീളത്തിലൊന്നോ രണ്ടോ കൂകിപ്പോ,യപ്പോൾത്തന്നെ
കാലത്തിൻകൂരമ്പതിൻ തൈമേനി താലോലിച്ചു!

തളിർത്തു പിന്നിട്ടുമത്തേന്മാവു പലവട്ടം
കുളിർത്ത ഗാനംമാത്രം കേവലമാശാമാത്രം...!!

* * *

ആഴിയിൽ മുങ്ങിത്തപ്പിയാദിത്യനനഘമാ-
മായിരം രത്നം വാരി വാനത്തിനായിട്ടേകി



Digitized By Kerala Sahitya Akademi

ആകാശമവയെല്ലാമിരുളിൻ ചാണക്കല്ലി-
ലാകുംമട്ടുരച്ചോരോ തരവും തിരിക്കുമ്പോൾ
മഞ്ഞിനെ മാണിക്യമായ് മാററിടും കരങ്ങളാ
മഞ്ജുളരത്നമെല്ലാം മഞ്ചാടിയായിത്തള്ളീ...!

*　　　*　　　*

ചിരി, നാം കരച്ചിലിനായിട്ടു മുമ്പേതന്നെ
ചൊരിയുന്നതാം വെറുംസ്വാഗതംമാത്രം പാർത്താൽ
ഇരുളും വെളിച്ചവും തഴുകിത്തളർന്നാൽ നാ-
മിരുപേരെയും വിട്ടിട്ടന്യത്ര ചേരും ശീഘ്രം.
വരിക്കും, നമ്മൾക്കൊരു തല്പമങ്ങ,തിലന്നേ-
വരക്കും,നാം ചൊരിഞ്ഞ കണ്ണീരു താരായ്ക്കാണാം.



Digitized By Kerala Sahitya Akademi

## ൪൪. വിശുദ്ധരാഗം

ഹാ! മനോമോഹനമാ രഹസ്യ-
മാരോടും ഞാനുരിയാടുകില്ലാ!

എന്നാലും പാടുമാ മൗനഗാന-
മെന്നിലും ലോകമറിഞ്ഞുപോയീ!

ലജ്ജാവനമ്രമെന്നാസ്യ,മെന്തി-
ന്നിജ്ജഗത്തിങ്കൽ ഞാൻ വിശ്വസിപ്പൂ?

ചിത്ര,മെൻ ജീവചരിത്രത്തെ ഞാ-
നെത്ര നിഗൂഹനം ചെയ്തെന്നാലും

അദ്ധ്യായമോരോന്നുമെന്റെ മുന്നിൽ
തത്സ്വരൂപമെടുത്തു നില്പൂ!!

*　　　　*　　　　*

ആരുമറിയാത്തൊരക്കരയിൽ
ധാരയായ്ക്കണ്ണീർ ചൊരിഞ്ഞുകൊണ്ടും

ആകാശസൗധം രചിച്ചുടച്ചു-
മാനന്ദസ്വപ്നത്തെയുമ്മവെച്ചും,

സദ്രസപ്പുഞ്ചിരിപ്പൂ പൊഴിച്ചും
നിദ്രാവിഹീനം ഞാൻ മേവിടുമ്പോൾ

ആരിപ്പുഴിനാക്

Digitized By Kerala Sahitya Akademi

## നിശ്ശബ്ദരാഗം

കല്യാംഗിയാകുന്ന കാവ്യലക്ഷ്മി
വല്ലാതെ, നോക്കി ഹസിക്കുമെന്നെ!!

എന്നുൾത്തടത്തിൻ തുടിപ്പുപോലെ
പൊന്നുഷത്താരം ചലിച്ചുനില്ക്കും;

മാമക ചിന്തകളെന്നപോലെ
മാമലക്കൂട്ടമുയർന്നുകാണും;

കാമനാസ്വപ്നങ്ങളെന്നപോലെ
വ്യോമത്തിൽ മേഘങ്ങളോടിപ്പോകും;

അല്ലിനോടുള്ളോരെന്നാവലാതി
എല്ലാം കിളികളെടുത്തുപാടും;

അന്തരാത്മാവിൻ രഹസ്യമെല്ലാം
ബന്ധുരസൂനത്തിൽ ദൃശ്യമാകും;

ശുദ്ധമാണെൻ പ്രേമമെന്നമട്ടിൽ
മൂടൽമഞ്ഞെങ്ങും പരന്നിരിക്കും...!!

ഹാ! രോമഹർഷദമാ രഹസ്യ —
മാരോടും ഞാനുരിയാടുകില്ലാ...!!



Digitized By Kerala Sahitya Akademi

## ൪൫. സഖികൾ

"പരഭൃതികേ!" നീയെന്താണെന്നൊടിത്ഥം
പരിഭവമായോരോന്നുരച്ചീടുന്നു?

അതികഠിനം താവകമീ വചനം
മതിതളിർ മേ, തട്ടിത്തകർത്തീടുന്നു!

ഘനനിരകൾ വാനിൽപ്പരന്നു, രണ്ടു
കനകമയതാരം മറഞ്ഞു കഷ്ടം!

നിരുപമമാം നമ്മൾതൻ പോയകാലം
ഒരു ഞൊടി നീയൊന്നു തിരിഞ്ഞുനോക്കൂ;

മലിനതകളെന്ന്യേ മനംകവരും
മലർ വിരിയും കാല്യമതെത്ര രമ്യം!

ഇളവെയിലിൽത്തത്തിക്കളിച്ചീടുന്നോ-
രഴകൊഴുകും ചിത്രശലഭങ്ങൾപോൽ

ഇരവുപകലെന്ന്യേ നാം രണ്ടുപേരും
ഇരുകരവും കോർത്തു നടന്നോരല്ലേ?

കിളിമൊഴി, ഞാൻ നിന്നെക്കബളിപ്പിക്കാൻ
കളിവചനംപോലുമുരച്ചതുണ്ടോ?

ഒരു ചെറിയ കാര്യവും നീയറിയാ-
തൊളിവിലിവൾ സൂക്ഷിച്ചതോർമ്മയുണ്ടോ?



Digitized By Kerala Sahitya Akademi

അയി സഖി, ഞാൻ നിന്നെ“ച്ചതിച്ചു”വെന്നാ-
യഖിലമറിഞ്ഞെന്തേ കഥിപ്പൂ കഷ്ടം!
അശരണയാമീയെന്നിൽ പ്രേമമേററം
“ശശിവദന”നുള്ളതെൻ ററമാണോ?

പരമഗുണധാമ, മദ്ദേഹമെന്നായ്
പലകുറിയും നീതാൻ പുകഴ്ത്താറില്ലേ?
ഇവളിലനുരാഗം ഭവിക്കമൂലം
അവമതിയദ്ദേഹത്തിന്നായിയെന്നോ?

സ്മരണയുടെ ചില്ലിൽത്തെളിഞ്ഞുകാണും
ഒരു ചെറിയ ചിത്രം നീയോർത്തുനോക്കൂ;
ഗഗനതലാരാമത്തിൽ സാന്ധ്യലക്ഷ്മി
ഞ്ചകുളുമലർമാലകൾ കോർത്തിടുമ്പോൾ,

കുളിരിളകും തെന്നലേററുല്ലസിച്ചി-
ക്കളിവനികതന്നിലിരുന്നു നമ്മൾ,
പുതുമലരാ“ലാത്ര്യമാരെ”ന്നു ചൊല്ലി
ദ്രുതഗതിൽ പൂക്കൾതൊടുത്തീടുമ്പോൾ

“ഭഗവതിയിഖല്ലെൻെറ മാധുരി, നി-
ന്നകതളിരിലുണ്ടൊരു ദിവ്യരൂപം,
അവിടെയിതു ചാർത്തു”കെന്നെൻചെവിയി-
ലതിമധുരം, നീയന്നുരച്ചതില്ലേ?

ചില നിനവിൻ മദ്ദനംമൂലമപ്പോൾ
ചപലയിവൾ വിങ്ങിക്കരഞ്ഞ നേരം,



ന്നു

Digitized By Kerala Sahitya Akademi

ചെടിനിരകൾ നോക്കിപ്പഠിക്കാ,നിപ്പൂ-
റെത്തൊടിയിലുലാത്തീടുമപ്പുരുഷേന്ദ്രൻ

അരുതരുതെൻ "മാധുരി"യെന്നുരച്ചെ-
ന്നരികിലൊരുമട്ടിലടുത്തുകൊണ്ട്,

കരകമലംതന്നിലെപ്പട്ടുലേസാൽ
കവിളണിയുമെൻകണ്ണീരൊപ്പിമാററി,

പകുതി കുരുത്തുള്ളോരാ മാലികയെൻ
ചികുരമതിൽച്ചാർത്തി,ച്ചിരിച്ചു മന്ദം,

"ഭഗവതിയിൽത്തന്നെ"യെന്നോതിയത്തും
പരഭൃതികേ, നീയപ്പോതാരു കണ്ടു?
അയി സഖി, ഞാൻ നിന്നെ"ച്ചതിച്ചു"വെന്നാ-
യഖിലമറിഞ്ഞതെന്തോ, കഥിപ്പു കഷ്ടം!!
ഇരുവരുമീ നമ്മൾതൻ രാഗതീർത്ഥം
ഒരു കടലിൽ വീഴുമെന്നാരറിഞ്ഞു?
പ്രിയസഖി, ഞാൻമൂലമപ്പുരുഷൻ നിൻ-
പ്രിയതമനായ്ത്തീരാതിരുന്നിടേണ്ടാ;
കരൾകവിയുമെന്നുടെ ദിവ്യരാഗം
കരഗതമധന്യനും, ധന്യയായ് ഞാൻ!
ഒരു ചെറിയനീർപ്പോള ഞാനിങ്ങെത്ത-
മിരുളിനുടെ വീർപ്പിൽത്തകർന്നുകൊള്ളാം!!"

* * *

സഖികളുവർ മൗനം ഭജിച്ചു, വാനിൽ
ശശിയെയൊരു കാർമുകിൽ മൂടിനിന്നു!!



Digitized By Kerala Sahitya Akademi

## ൮൩. മരണം

മരണം, മനോഹരപ്പുഷ്പിലവിരിപ്പിട്ട-
ഗിരിതൻ സാനുപ്രാന്തം തഴുകും തരംഗിണി;
തളിരും വാടാമലർക്കുലയുമിടതിങ്ങി-
ത്തളരാതെന്നും തെന്നലോടാടും ലതകളാൽ
നിത്യസൗന്ദര്യത്തിൻെറ നർത്തനമാം, ഹാ രംഗ-
മെത്തുവാനായിട്ടെന്തെൻ മാനസം പതറുന്നു?
കുഴലിൻ കസ്സും കായ്കളെത്ര തിന്നാലും, വെറും
നിഴലാം മർത്ത്യന്നതിലില്ല വിശ്വാസം തെല്ലും!
മൃത്യുവിനെക്കണ്ടെത്തുവാനായിട്ടു സന്തപ്തമാം
ജീവിതമണൽക്കാട്ടിൽപ്പെട്ടുകൊണ്ടനാരതം
വരളും നാവാലുപ്പുകലരും കണ്ണീർധാര
വളരെക്കുടിച്ചു തൻതൃഷ്ണയെ വളർത്തുന്ന
നര, സച്ചിദാനന്ദപ്പാൽപ്പുഴയൊഴുക്കിൽ ചെ-
ന്നൊരു, കൈക്കുമ്പിൾ പൂർണ്ണമാക്കുവാൻ മടിപോ
(ലും!



Digitized By Kerala Sahitya Akademi

## ൪൦. ക്ഷീണം

കൂരിരുൾക്കൊണ്ടലിലുഴലുന്നകൊണ്ടെൻ, ബാഷ്പ-
ധാര തുടസ്സുക്കുന്ന കാരുണ്യവാരിധേ!
പോരിക, പോരിക, മുന്നോട്ടു, ജീവിത-
പ്പോരിൽ നമുക്കൊരുമിച്ചു പൊരുതിടാം!!

സീമാവിഹീനം കരഞ്ഞു കഴിയുന്നൊ-
രോമനസ്സൊന്നു ചിരിക്കേണ്ടയോ വിഭോ?

കണ്ണീർക്കണങ്ങൾ പുരണ്ടതാം കാലമാം
കണ്ണാടിയിൽക്കൂടി നോക്കുന്ന വേളയിൽ
കാണുന്നതൊക്കെയും കാളമേഘാവൃതം,
കാണേണ്ടതൊക്കെയും കാഞ്ചനസന്നിഭം!!

നിശ്ചയമില്ലാ വിജയമെന്നാകിലും
നിഷ്ഫലം ജീവിതം ശൂന്യമായ്ത്തീർക്കൊലാ;
എന്തു നാം നേടിയെന്നല്ല ചിന്തിക്കേണ്ട-
തെങ്ങിനെയാണു പൊരുതിയെന്നുള്ളതാം;

ഓമനസ്വപ്നങ്ങൾ കാട്ടിയെന്നാത്മനി
രോമാഞ്ചമേറ്റുമൊരാനന്ദകന്ദമേ!!
പോരിക, പോരിക, മുന്നോട്ടു, ജീവിത-
പ്പോരിലെനിക്കൊരു നേർവഴി കാട്ടുക!

നൂറ്റിയമ്പത്തിരണ്ട്

## ക്ഷണം

താവകവിഗ്രഹം കാണുവാനാശിച്ചു
താരൊളിവാസരമോരോന്നുമെത്തവേ,
നൈരാശ്യമാർന്ന നിത്യവും, ജീവിത-
വൈരാഗ്യമെന്നെപ്പഠിപ്പിച്ചുപോകയാം!

പ്രേമപ്രകാശമേ! താവകനാമമാ-
മാ, മധുരാസവം ഞാൻ നുകർന്നീടവേ;
പെട്ടെന്നതിനതികയ്പ്പുകലർത്തുന്ന
മറ്റൊരു നാമമനുദിനം കേൾക്കയാൽ

അച്ഛിന്നസൗഖ്യപ്രദായക,മെന്നുടെ-
യച്ഛന്റെമന്ദിരമന്ധകാരാവൃതം!!

മങ്ങാതെയെന്നുമെൻ കാതിനൊരാനന്ദ-
സംഗീതമേകുന്ന സൗന്ദര്യധാമമേ!
പോരിക,പോരിക, മുന്നോട്ടു, ജീവിത-
പ്പോരിൽ നമുക്കൊരുമിച്ചു മരിച്ചിടാം!!

നിർദ്ധനത്വത്തിന്റെ നിർദ്ദയത്തൊട്ടിലിൽ
നിത്യവിഹാരിയായീടുന്ന നാഥനെ
ഞാനെന്റെ പൂമച്ചിലേക്കിതാ വീഥിയിൽ
സൂനതതി വിരിച്ചെന്നും ക്ഷണിക്കയാം!

ദുർവ്വാരമല്ലേതു വിഘ്നവും, പോരിക
നിർവ്വാണദായക, നിർവ്വിശങ്കം ഭവാൻ!
സൗവർണ്ണമായിട്ടും തൽചിത്തമാണെനി-
ക്കാ, വിണ്ണിനെക്കാളുമേറ്റം പ്രിയകരം!
തൽപ്പാദപങ്കജം ചേരുവാനല്ലാതെ
മൽപ്രാണഭൃംഗത്തിനാശയില്ലല്പവും...!!

## നൂറ്റിരുപത്തിമൂന്ന്

## ൪൯. ആ രംഗം

പാടലപ്രഭ പൂശും നെല്ലണി-
പ്പാടത്തിൻ പൂർവഭാഗത്തായ്
ആടുമേയ്ക്കുന്ന ബാലകരൊഴു-
ക്കീടും ഗാനപ്പൂഞ്ചോലകൾ
നൽത്തെങ്ങിൻതൻ പകരും താരിനം
നൃത്തമാടിക്കളിക്കുന്ന

പച്ചിലപ്പട്ടു ചാർത്തി മിന്നുമ-
ക്കൊച്ചുകുന്നിൻ ചരിവിലായ്
ശില്പവിദ്യതൻ കൃത്രിമപ്പകി-
ട്ടല്പവുംപോലുമേശാതെ
കണ്ടിടുമതിബന്ധുരതര-
മന്ദിരത്തിൻെറ മുന്നിലായ്

വെണ്ണപോൽ മിനുപ്പേറുമാ വെറും
തിണ്ണയിൽക്കിടന്നേകയായ്
വായുവിൽ ചില മാളിക കെട്ടു-
മാ യുവതിയെക്കണ്ടു ഞാൻ...,

സിന്ധുവിൽമറഞ്ഞീടും സൂര്യൻെറ
ബന്ധുരകരരാജികൾ



Digitized By Kerala Sahitya Akademi

## ആ രംഗം

വാരുണിതന്റെ മേനിയിൽത്തങ്ക-
ച്ചാറണിയിച്ചു നില്ക്കുമ്പോൾ
ചന്ദനക്കാട്ടിൽ ചെന്നലഞ്ഞെത്തും
തെന്നലെയൊന്നു ചുംബിക്കാൻ
കുന്ദകോരകം സുന്ദരാധരം
മന്ദമന്ദം വിടർത്തവേ,
ആലയോന്മുഖരായിട്ടു, മഞ്ജു-
ബാലികാവലി പാടിട്ടും
ഗാനധാരയിൽ മഗ്നമാനസ
രാകു,മഗ്രാമപാന്ഥികൾ
കാമുകാഗമം കാത്തുകാത്തവർ-
ക്കാവിലങ്ങിങ്ങുലാത്തുമ്പോൾ;
എത്തി നാം മുമ്പു കണ്ട ഗേഹത്തി-
ലുത്തമനൊരു പൂരുഷൻ...;

അപ്പുമാരുടെ പാദവിന്യാസ-
മല്പമാ,യടുത്തെത്തവേ,
ഞെട്ടിയോമലാൾ തൻദിവാസ്വപ്നം
വിട്ടു പെട്ടെന്നുണർന്നുപോയ്,
പേശല,മൊരു മാരിവില്ലൊളി
വീശിയാ വളർവക്ത്രത്തിൽ!
കണ്ഠവും കുനിച്ചൊട്ടു മാറിത്തൻ
പുഞ്ചിരി തെല്ലിളക്കാതെ



Digitized By Kerala Sahitya Akademi

വാഗതീതമാം സ്വാഗതവച-
സ്സാഗതന്നവളേകിനാൾ!

തെല്ലിട ചില ചിന്തകളുമായ്
മല്ലടിച്ചൊരാ മങ്കയാൾ
"തങ്കമേ!"യെന്നൊന്നുച്ചത്തിൽ വിളി-
ച്ചങ്കണം വിട്ടു പാഞ്ഞുപോയ്!
ആലയാന്തസ്ഥയായവൾ പുറ-
ത്താഗതൻ മാത്രമേകനായ്!!

*     *

സത്വരമൊരു മിന്നൽ പാഞ്ഞിതാ
സ്തബ്ധപൂരുഷ ചിത്തത്തിൽ!
ആയതിൻ ദിവ്യരൂപമെന്നപോ-
ലാലയത്തിൽനിന്നക്ഷണം
ഓടിയെത്തി,യൊരോമനച്ചെറു-
ബാലിക, ഹർഷദായിക!

*     *     *

പൊൻചിലങ്ക കിലുക്കിയുല്ലസൽ-
പ്പുഞ്ചിരിതൂകിക്കൊഞ്ചിടും
പിഞ്ചുകുഞ്ഞിനെപ്പുല്കിയപ്പുമാൻ
സഞ്ചിതാനന്ദതുന്ദിലൻ,

മാറി മാറിയപ്പൂരുഷൻതന്റെ
മാറിലും കരതാരിലും



Digitized By Kerala Sahitya Akademi

തത്തിയുൾക്കുളിരേററിനാളൊരു
തത്തതന്മട്ടിൽ കണ്മണി;
അമ്മുഖത്തവനന്നു നല്കിയൊ-
രുമ്മതൻകണക്കെന്നപോൽ

പൊൻപൊടിപ്പൂശും താരകാളികൾ
വെമ്പിയെത്തി ഗഗനത്തിൽ!!

* * *

രണ്ടുവത്സരത്തിന്നു മുമ്പിലായ്-
ക്കണ്ടൊരു കാഴ്ചയോർക്കവേ
തെല്ലു തെക്കുവളഞ്ഞൊഴുകുമാ-
ക്കുല്യതൻ ചിത്തമെന്തിനോ

ഒന്നു മന്ദം തുടിച്ചു; കല്ലോല-
ദ്വന്ദ്വം തമ്മിൽത്തഴുകിപ്പോയ്!!



ഫ൭

Digitized By Kerala Sahitya Akademi

# ൪൯. അപരാധി

അപരാധിയാണു ഞാൻ, ലോകമേ! നി-
ന്നനുകമ്പയെന്നിലൊഴുക്കിടേണ്ടാ!

അകളങ്കഹൃത്തുകളൊന്നുപോലും
തകരാതിരുന്നതില്ലിത്ര നാളും

കരയരുതംബുകണികയെങ്കിൽ
സുരപഥമെത്താൻ കൊതിച്ചുകൂടാ;

പരിതൃപ്തിതൻെറ കവാടദേശം
പരുഷപാഷാണപ്രകീർണ്ണമത്രേ!!

പ്രണയവിവശമായ്ത്തീരുവോരെൻ
വ്രണിതഹൃദയത്തിൻ മൗനഗാനം

സഹജരേ, നിങ്ങളോടല്ല, ശൂന്യം,
ബധിരതതൻ മുന്നിലായിരുന്നു;

അഴകിൻെറ തൂവെള്ളിക്കിണ്ണമെല്ലാ-
മഴലു നിറഞ്ഞവയായിരുന്നു;

സ്ഫടികാഭമാകുമരുവികൾത-
ന്നടിയെല്ലാം പങ്കിലമായിരുന്നു!!

നരജന്മം തന്ത്രീരഹിതമാകു-
മൊരു വീണ,യെന്തിനെന്നാരറിഞ്ഞു!



Digitized By Kerala Sahitya Akademi

## അപരാധി

പരിശുദ്ധപ്രേമപ്പൊൻകമ്പി കെട്ടി-
പ്പുലവട്ടം ഞാനതിൽ പാടിനോക്കി;
ഒരു കൊച്ചുതാരകം വാനിൽനിന്നെൻ
സിരകളിലുന്മേഷച്ചാറൊഴുക്കി;
പരമാനന്ദത്തിലുറഞ്ഞു ഞാനെൻ
പരമാത്ഥമെല്ലാം മറന്നുപോയീ!!

മമ ചിത്തം ബിംബിച്ചിരുന്നതാമാ
മലിനതയററ മുകുരംതന്നിൽ
ഉലകിൻെറയോരോ വശത്തെയും ഞാൻ
ചലനചിത്രോപമം കണ്ടിരുന്നു;
ശരിയെന്നാലോത്തതില്ലിത്തരത്തി-
ലൊരു ചിത്രം ഭീകരം കാണുമെന്നായ്!
വളരുമെൻ കണ്ണീരുറവൊലിച്ച
കുളിർചില്ലിൽ വീണ,തിരുണ്ടുപോയീ!!

കനകതാരാഭമാ,മംബരത്തിൽ
ഘനതതി കാളിമ പൂശിടുമ്പോൾ
കഴകി ഞാനക്കരിയൊക്കെയുമെൻ
കദനത്തിൻ കണ്ണുനീർ വിഴ്ത്തിവീഴ്ത്തി;
ഇനിയതുമില്ലാ വെളിച്ചമേ,യെ-
ന്നരികിൽ നിൻപൊൻകരം വീശിടേണ്ടാ!
തഴകുമിക്കൂരിരുൾതന്നടിയിൽ
തല ചാച്ചു ഞാനൊന്നുറങ്ങിടാവൂ!!

ആററിരുപതൊമ്പതു്

Digitized By Kerala Sahitya Akademi

നിഴലിൽ മുറുകെപ്പിടിച്ചു ഞാനെൻ
നില വിട്ടു മേല്പോട്ടുയൎന്നുപോയീ;
നിയതിതൻ കൈവിരൽത്തള്ളലിനാൽ
നിലയററ ഗൎത്തത്തിലാപതിച്ചു!

പരിഭവത്തിൻെറ പരുഷനാദം,
പരിഹാസത്തിൻെറ വിളൎത്ത ഹാസം.

പരിശൂന്യതതൻ നടനം,മെൻെറ
പരിസരമയ്യോ! ഭയദമേററം!

ധരയാകുമന്ധതാമിസ്രംതന്നി-
ലൊരുകൊച്ചുമിന്നാമനുങ്ങിയാം ഞാൻ

പൊരിമണൽക്കാട്ടിലും പാറയിലും
ചൊരിയുവാനാശിപ്പു പ്രേമവൎഷം;

അപടു,വെൻ വീണയിലിത്രമാത്രം
അപശബ്ദം ഞാനൊന്നു മീട്ടിപ്പോയി!

അപരാധിയാണു ഞാൻ ലോകമേ നി-
ന്നനുകമ്പയെന്നിലൊഴുക്കിടേണ്ടാ

അവനമ്രശീൎഷനായ് നില്ക്കുമെന്നി-
ലവസാനമാല്യമണിയിച്ചേയ്ക്കൂ...!!

---

നൂററിമുപ്പതു്

Digitized By Kerala Sahitya Akademi

## ൫൦. ലക്ഷ്യം

ഉണ്ടൊരു പരിധി,യെന്മാനസം ചുഴ്ന്നോരി
[രുൾ-

ക്കുണ്ടിനു,മങ്ങേപ്പുറത്താകവേ തേജോമയം!
അങ്ങതിന്നവസാനമെന്നപോലാനന്ദത്തിൻ
മംഗളമയരേഖയൊന്നതാ കാണാം നീളേ;
ആയതിന്നങ്ങേപ്പുറത്താരമ്യപുലർകാല-
ശ്രീയെഴുമൊരു പുത്തൻ പൂവനം പുലരുന്നു;
അക്കളിവനികയിൽ പച്ചപ്പുൽവിരിതന്നി-
ലിപ്പൊഴുമിരിപ്പുണ്ടെന്നാനന്ദമെന്നെത്തേടി;
ഇത്രയും കാണാമെനിക്കായതും ശരിക്കോർത്താൽ
വ്യക്തമല്ലയ്യോ കഷ്ട!മെന്തിതെൻ വ്യാമോഹമോ!
തകരും ചിത്തം കാണ്മാനുള്ളതാണെന്നാ,ലെൻെറ
മുകുരം പൊടിപുരണ്ടാകവേയിരുണ്ടതാം!!

*　　　*　　　*

തീരാത്ത താപാഗ്നിയാൽ തപ്തനായ് ച്ചൊരിയുമെൻ
തോരാത്ത കണ്ണീർധാര യൊപ്പിടാനനുദിനം
ഭാസുരപ്രഭവീശിയെത്തുകയാണെൻമുമ്പിൽ
വാസരച്ചെമ്പട്ടൊളിത്തൂവാലയോരോന്നായി;



Digitized By Kerala Sahitya Akademi

തൂകിട്ടും ബാഷ്പാൽ ഞാനെൻ കണ്ണാടി കഴുകി,യ-
ത്തൂവാലത്തുമ്പുകൊണ്ടു തുത്തുതാൻ കഴികയാം!

കട്ടിടയേവം തുടച്ചീടവേ ചളിയാലെൻ
പട്ടുറുമാലും ഹാ!ഹാ! പങ്കിലമായിക്കാണ്മൂ!

ഇത്തരമമൂല്യമാം ചെന്തളിർക്കൈക്കലേസുക-
ളെത്ര കീറിയാലൊന്നീ മുകുരം തെളിവാവോ!!

* * *

പേശലച്ചിറകിണ വീശി വീശിയെന്നുന്നി-
ലാശയും കുതികൊൾവൂ കൂട്ടരേ, തടയായ്വിൻ.

കാണണം കാണാനുള്ളതന്നോളം പൊഴിയുമെൻ
ഗാനങ്ങളശേഷവും പൂഴിയിലടിയട്ടേ!

തോല്പിതന്നശേഷാപരിയേറിഞ്ഞാൻ, വിജയത്തിൻ
തോളെത്തിപ്പിടിപ്പോളം തെല്ലിട വിരമിക്കാ!!



Digitized By Kerala Sahitya Akademi

# ൬൨. സമാധാനം

"പരിമളേ!" മമസഖി! മദീയഹൃത്തിൽ
പരിതാപമധികമായ് വളർന്നിടുന്നു!

പകലവൻ പതിവുപോൽ മറയുംമുമ്പി-
ലകളങ്കഹൃദയമൊന്നുടഞ്ഞു പോണം

തണലററു തളർന്നൊരിത്തളിരിനു നീ
ഗുണദോഷ,പ്പുതുമഴ പൊഴിച്ചിടേണ്ടാ;

അടിയണമതുചെന്നി,ട്ടപാരതത-
ന്നടിയിലാ,യവിടെയാണഭയമാകും...!!

കനക്കുന്ന കദനത്താൽ കരയുമെന്നിൽ
നിനക്കൊരു ലവലേശം കരുണയില്ലേ!

മനച്ചുമരണിയുമാ മനോജ്ഞചിത്രം
മറക്കുവാൻ പറയും നിൻകരൾ കഠിനം!

ഗുരുജനഹിതമെന്തെന്നുരയ്ക്കും നിന്നിൽ
പരിഭവമശേഷമി"സ്സുഭഗ"യ്ക്കില്ലാ;

എനിക്കൊരു ഹൃദയമുണ്ടതിനെ ഞാനും
നിനയ്ക്കുന്നവിധംതന്നെ ചിലവഴിക്കും...!!

പുരന്ദരദിശിതന്റെ പുളകപൂരം
ഒരു ഞൊടിക്കകമാരോ തുടച്ചു മായ്ക്കാം;



Digitized By Kerala Sahitya Akademi

അഴകേററമൊഴുകുന്ന മഴവില്ലിങ്ക-
ലദൃശ്യമാമൊരുകരം കരി പുരട്ടാം;

ശരി,യെന്നാൽ ക്ഷണികമല്ലതുവിധമെൻ
ചിരന്തനസുകൃതമാം മധുരരൂപം!

ഇരുൾ വന്നു പരക്കുമെൻ ശ്മശാനത്തില-
സ്മരണതൻ കിരണങ്ങൾ കനകം പൂശും...!!

മരുഭൂവാം മമ ഹൃത്തിൽ മരതകച്ചാ-
ർത്തണിയിച്ചു കുളിപ്പിച്ച ഘനശകലം

ഇതരർതൻ ഹൃദയത്തിനിരുളാണെങ്കി-
ലിവളതിലണുപോലുമിളകുകില്ലാ!

ഒരു മിന്നലവിടെയുണ്ടതിനായെൻെറ
നെടുവീർപ്പു നിരന്തരമലഞ്ഞിടുന്നു!

അനുപമമതെന്നാളുമലഭ്യമെങ്കി-
ലബലയാണിവളെന്നോർത്തടങ്ങിക്കൊള്ളാം!

മരണത്തിൻ മടിത്തട്ടിലുറങ്ങുവോളം
കരളാലക്കളേബരം മുകർന്നുകൊള്ളാം!!



Digitized By Kerala Sahitya Akademi

# ൭൨. പുളകപ്പുതപ്പിൽ

കണ്ടു ഞാനന്നാളൊരു കാമ്യമാം ലോക,മതാ
വിണ്ടലമല്ലാ വെറും വസുധയല്ലാ!

* * *

എന്നാത്തലഖിലവുമെങ്ങോ പറഞ്ഞയപ്പാൻ
വന്നെത്തിയതുലമാം വസന്തരാത്രി;

ആകാശപ്പന്തലെനിക്കായിട്ടു വിതാനിച്ചി-
ട്ടാരാലപ്പുകളെങ്ങോ പതുങ്ങിനിന്നു;

മാമകമലർമെത്ത നേരത്തേ വിരിച്ചിട്ടി-
ബ്ഭൂമിയും സുഖമയസുഷുപ്തി തേടി;

അശ്രാന്തപരിശ്രമക്ലാന്തരാം ലതികകൾ
വിശ്രാന്തിയാർന്നു; നൃത്തരഹിതരായി;

ലോലമാം താലവൃന്തത്താലെന്നെ വീശിവീശി
മാലേയമണിത്തെന്നലുറക്കമായീ;

മാമകഭാഗധേയതാരകാഗമം കാത്തി-
ട്ടാ മലർത്തൊടിയിൽ ഞാൻ ക്ഷമയമർന്നു!!

* * *

ദർശനമാത്രമായി നിന്നൊരെൻദിവ്യസ്വപ്നം
സ്പർശനസുഖമേകി, മടിയിലായീ

പേർത്തും ഞാനോർത്തു പറഞ്ഞീടുവാൻ നിരൂപിച്ച
വാർത്തകളഖിലവും മറന്നുപോയീ!

നൂററിമുപ്പത്തഞ്ചു്



Digitized By Kerala Sahitya Akademi

കമ്പിതാധരകങ്ങളന്യോന്യം ചിലതെല്ലാം
ചുംബനശതങ്ങളാൽ പറഞ്ഞു തീർത്തു;
വല്ലതുമങ്ങിങ്ങേകാൻ ഭാവിക്കും സമയത്തിൽ
വല്ലാതെ വിറകൊള്ളും കരതലത്താൽ
ഞങ്ങളന്യോന്യമുടലാകവേ പുളകമാം
മംഗളപ്പൂതപ്പിട്ടു പുണർന്നു ഗാഢം!!

കണ്ടു ഞാനന്നാളൊരു കാമ്യമാം ലോകമതാ-
വിണ്ടലമല്ലാ വെറും വസുധയല്ലാ!!

* * *

ആ ലോകത്തന്നു കണ്ടതാലോചിച്ചൊരു ചിത്ര-
മാലേഖംചെയ്തിടാൻ ഞാൻ മുതിർന്ന നേരം
പൂർവ്വദിഗ്വധൂമുഖച്ചില്ലുതന്നുള്ളിലത-
പ്പൂഷാവു വരച്ചാദ്യമുയർത്തിക്കാട്ടി!
ഉണ്മയിലന്നു കേട്ട ഗാനങ്ങൾ പാടിനോക്കാ-
നെന്മനോവീണക്കമ്പി മുറുക്കുന്നേരം
ചാരുവായ്ക്കിളിനിര പാടിടും കളഗാന-
ധാരയാൽ പരിസരം മുഖരിതമായ്!
ആവുംമട്ടൊരു ലഘുകാവ്യമെഴുതുവാൻ ഞാൻ
ഭാവനത്തൂലികയൊന്നെടുത്ത നേരം
പാവനപരിമളമാർന്നിടും പൂക്കൾതോറും
പൂവനമഖിലവും പകർത്തിക്കാട്ടി!



Digitized By Kerala Sahitya Akademi

## ൫൩. ഭിക്ഷു

ആവൂ! ഞാനൊന്നിനി വിശ്രമിക്കാം
രാവിൻ കുമാർഗ്ഗം കടന്നുകൂടി!
അങ്ങതാ, ദൂരത്തു കാണ്മതുണ്ടെൻ
മംഗളസ്വപ്നത്തിൻ സൗധശൃംഗം;
മന്ദമുയരുന്നു, സൂര്യ്യ, നല്ലാ
മന്ദിരത്താഴികപ്പൊൻകുടംതാൻ;
ഞാനെന്നും തേടി നടക്കുമെൻറ-
യാനന്ദമങ്ങിരുന്നാനന്ദിപ്പൂ;

മുട്ടുകയാണെന്നുമെൻറ ചിത്തം
കൊട്ടിയടച്ചോരാ വാതിലിങ്കൽ;
കാമലാൾ വന്നു തുറക്കുവാറായ്
കോമളക്കൈകളിളക്കിടുമ്പോൾ
എൻകരൾക്കാനന്ദസംഗീതമാം
കങ്കണനിസ്വനം കേൾക്കാകുന്നൂ!
എങ്കിലും വന്നവൾ പിൻമടങ്ങി;
എന്തിനു; ഞാനൊരു ഭിക്ഷുവല്ലേ?

*　　　*　　　*

കട്ടുനാളിങ്ങിനെ മുട്ടീടുമ്പോൾ
പെട്ടന്നാ വാതിൽ തുറക്കയില്ലേ?
"ഒന്നുമില്ലെ"ന്നൊന്നു കേൾക്കാൻമാത്രം;
അന്നു സമ്പൂർണ്ണമെൻ ഭിക്ഷാപാത്രം!!



Digitized By Kerala Sahitya Akademi

## ൫൪. അസ്വാസ്ഥ്യം

പതിവാണവൾക്കെന്നും തെല്ലിട കരഞ്ഞാലേ
മതിയാകുള്ളൂ, നിത്യജോലികൾ തീരാറുള്ളൂ;
കാരണ,മറിഞ്ഞതില്ലാരുമേ, ചോദിച്ചാലും
താരണിവേണിക്കേറെത്തപ്പലാണതു ചൊല്ലാൻ;
ആരെയോപററിക്കൊച്ചു "കോമളം" കഥിക്കുമ്പോൾ
"ശാരി"തൻ വളർവക്ത്രം സായാഹ്നരാഗം പൂശും;
സന്തതമെന്തോകുറിച്ചോമലാൾ നൂറായ്ക്കീറി-
സ്സന്തപ്തനെടുവീർപ്പിലെമ്പാടും പറപ്പിക്കും!!

കൂട്ടുകാർ ചിലപൊഴുതോതിടും, "കൊള്ളാം, കൊള്ളാം
കൂട്ടിലെക്കിളിക്കുമുണ്ടവ്യക്തമേതോ ഗാനം"...!!
"സരസം!, ഞാനക്കഥ ചൊല്ലിടാം, ക്ഷമിക്ക നീ;"
വിരസം ഭാവിക്കുന്ന തോഴിയോടവളോതും!

സമുദായത്തിൻ തുറുകൺമുമ്പിൽ നമിക്കുവാൻ
ക്ഷമയെശ്ശീലിക്കുന്ന ചിത്തവും പഠിക്കേണം...!!

---

നൂററിമുപ്പത്തെട്ട്

Digitized By Kerala Sahitya Akademi

# ൫൫. ഹൃദയാഞ്ജലി

അനഘചൈതന്യത്തികവാം പ്രേമത്തിൽ
കനകം പൂശുന്ന കിരണമേ!
ഇരുൾതിങ്ങുമെന്റെ ഹൃദയത്തിലെന്താ-
ണിനിയും നിൻകാന്തി ചൊരിയാത്തൂ?

കരുണക്കാതലേ! ഭവദീയാഗമം
കരുതിക്കാത്തു ഞാൻ കഴിയുന്നു;
അണിമച്ചിൽക്കത്തും തെളിദീപം തീരെ-
യണയാറാ,യങ്ങെന്തണയാത്തൂ?

ഹൃദയനാഥാ, ഞാൻ തവ ചിത്രം ചിത്തേ
രുധിരപൂരത്താലെഴുതുന്നു;
ചെറുതും സംതൃപ്തികലരായ്കകൊണ്ടെൻ
ചുടുകണ്ണുനീരാൽക്കഴുകുന്നു;
പതിവുപോലിത്ഥമെഴുതിയും മാച്ചും
പകുതിയെൻജന്മം വിഫലമായ്!

അനുരാഗത്തിന്റെയലർമെത്തതന്മേ-
ലവശ ഞാൻ കിടന്നുരുളുമ്പോൾ
അവിടുന്നെന്നുടെയരികിലെത്തി ഞാൻ
സുഖസുഷുപ്തിയിൽ മുദിതയായ്

നൂററിമുപ്പത്തൊമ്പ്

Digitized By Kerala Sahitya Akademi

അകളങ്കമെൻെറ ഹൃദയമങ്ങേയ്ക്കാ-
യടിമവെച്ചു ഞാൻ ചരിതാർത്ഥ;
ഒരു മിന്നലഞ്ഞു മറവായി, പെട്ടെ-
ന്നിരുളിൻ കമ്പളവിരി വീണു!
കരകയാണന്നുമുതലീ ഞാൻ തവ
കഴലിണ കണ്ടു തൊഴുതീടാൻ!!

തരളതാരകനിരകളംബര-
ത്തെരുവിലെമ്പാടും തെളിയുമ്പോൾ,
ഇരുളിൽ ഞാനെൻെറ മുരളിയുമായ്, നി-
ന്നപദാനം പാടിത്തളരുമ്പോൾ,
അകലത്തെങ്ങാനുമവിടുന്നുണ്ടെന്നോ-
രതിമോഹമെന്നിൽ വളരുമ്പോൾ,
അലയാഴിപോലെ കരയും ഞാൻ പെട്ടെ-
ന്നലരിനെപ്പോലെ ചിരിക്കും;
പവനനെപ്പോലെ നെടുവീർപ്പിട്ടീടും
പറവപോൽ പാറും ഗഗനത്തിൽ...!!

മധുമാസാശ്ലേഷതരളിതയാമെൻ
മലർവാടി മലർ ചൊരിയുമ്പോൾ
അവകളങ്ങെനിക്കരുളും സന്ദേശ-
നിരകളെന്നു ഞാൻ കരുതുന്നു!
അതിമോദാൽ മമ ഹൃദയപ്പൂമ്പാററ-
യതുകളിൽത്തത്തിയിളകുമ്പോൾ



Digitized By Kerala Sahitya Akademi

അറിയുന്നുണ്ടു ഞാൻ ഭവദീയരാഗ-
മകരന്ദത്തിൻെറ മധുരത്വം;
കരിമുകിൽമാലയഖിലവും മാഞ്ഞ-
സ്സുരപഥമൊന്നു തെളിയുമ്പോൾ
നുകരുന്നുണ്ടു ഞാനതുലമാം തവ
ഹൃദയവേദിതൻ പരിശുദ്ധി...!!

* * *

ഇനിയും വ്യാമോഹച്ചുഴലിയിൽ വീണി +
വനിമലരെത്ര തിരിയേണം?
അരുതീ നാടകമിനിയാടാ,നിതിൻ
ഭരതവാക്യവും കഴിയേണം;
ഭവദപദാനമകരന്ദം മാത്രം
പതിവായൂറുമീ മുരളിയിൽ
പകരേണം തവ പരിപൂതരാഗം
തകരേണമതു തരിയായി!!
അതുമുതലെനിക്കിരവുമച്ഛയു-
മതുലാഭയാളും പുലർകാലം...!!



Digitized By Kerala Sahitya Akademi

## ൬൩. ഒടുക്കത്തെ താരാട്ട്

അമ്മതൻ വാത്സല്യസത്തേ—സ്നേഹ-
പ്പൊന്മയക്കൂട്ടിലെത്തത്തേ!

കല്യാഭകോലുമഹസ്സേ—യാക്കം
കല്യാണമേറും മഹസ്സേ!

നീയിത്ര വേഗം പിരിഞ്ഞു—പോമെ-
ന്നാരിത്ര നാളുമറിഞ്ഞൂ?

അമ്മിണീ, ചിത്തം തപിക്കും—പെറ്റോ-
രമ്മയെന്മട്ടിൽ സഹിക്കും?

അയ്യോ! പിളരുന്നെൻ മർമ്മം—തീവ്രം
വയ്യേ!യഖിലമെൻ കർമ്മം!!

കേഴുന്നതെന്തിനു ഞാനും—അത്തു
പാഴിലെന്നോതുന്നു വാനും,

ആയിരം മിന്നൽ നശിപ്പൂ—വിണ്ണിൽ
തോയദമെല്ലാം സഹിപ്പൂ!

ഉള്ളിലൊതുങ്ങാത്ത ഖേദം—കണ്ണീർ-
ത്തുള്ളിയായ്പ്പോവതു ഭേദം...!!

മാമകമാനസംതന്നിൽ—അഞ്ചു
തൂമലർക്കാലങ്ങൾ മുന്നിൽ



Digitized By Kerala Sahitya Akademi

•

പ്രേമക്കുരുന്നൊന്നുദിച്ചൂ—പൂത്ത-
നാമൊരു കാന്തിമ വാച്ചൂ;
എൻകതിരോൻ കതിർവീശി—യതിൽ
കുങ്കുമച്ചാറേററം പൂശി;
കൈവന്ന തോഷാൽ പുളച്ചൂ,—നിത്യം
തൈവല്ലിയാടിക്കളിച്ചൂ;
ഉഷ്ണത്തിൻ കാഠിന്യംകൊണ്ടു—പാരം
തൃഷ്ണാർത്തയായി വരണ്ടു!
ചൈത്രമാ വല്ലിയെപ്പുല്കി—യൊരു
മുത്തൊളിക്കോരകം നല്കി;
അമ്മലർമൊട്ടു വിരിഞ്ഞു—പെട്ടെ-
ന്നെൻമനോഭാസ്വാൻ മറഞ്ഞു!
അന്ധതയെങ്ങും പരന്നു—മമ
ചിന്തകളെല്ലാം തകർന്നു!
മൃണ്മയമെന്നുടെ ഗാത്രം—കാത്തി-
തമ്മലരൊന്നിനു മാത്രം!
വാരൊളിചിന്നുമസ്സൂനം—എന്നും
വാടില്ലെന്നോർത്തതു ശൂന്യം...!!

തങ്കമേ! നിൻെറ ചരിത്രം—പാപ-
പങ്കിലമല്ലാ പവിത്രം!
മൃത്യുവിൻ പാഴ്നിഴലൊട്ടും—നിന്നി-
ലെത്തിയിട്ടില്ലൊരുമട്ടും;



എൻ

Digitized By Kerala Sahitya Akademi

പൊന്നുഷസ്സിങ്കൽ മറയും—ഒരു
സുന്ദരതാരകം നീയും!

കണ്ടകാകീർണ്ണമാം മാർഗ്ഗം—എന്ന്യേ
കണ്ടു നീ ദിവ്യസ്വർഗ്ഗം......!!

*　　　*　　　*

കാണുന്നു നിന്നെ ഞാൻ മന്നിൽ—പെററു
വീണൊരക്കാഴ്ചയെൻ മുന്നിൽ,

ആയതന്നങ്കത്തിൽ വാണു— പിഞ്ചു
വായും പിളന്നു നീ കേണു;

കേഴുന്ന നിന്നെ നിനച്ചു—തോഷാൽ
ച്ചൂഴവും നില്പോർ ചിരിച്ചു;
ഇന്നു നീ മന്ദഹസിപ്പൂ—ലോകം
നിന്നിതാ ബാഷ്പം പൊഴിപ്പൂ......!!

*　　　*　　　*

ഓമനേ! നിൻകവിൾത്തട്ടിൽ—നിൻെറ
താതനെ ഞാൻ കണ്ടിരുട്ടിൽ,

തോരാത്ത കണ്ണീരൊഴുക്കി—നിന്നെ
താരാട്ടു പാടിയുറക്കീ;
ദുർഭഗ ഞാനിപ്പോൾ പാടി—യന്ത്യ-
നിദ്രയ്ക്കീത്താരാട്ടു കൂടി......!!



Digitized By Kerala Sahitya Akademi

## ൫൯. തോഴിയോട്

"കരയട്ടേ, തോഴീ, ഞാ,നല്ലെന്നാലെൻ
കരളയ്യോ! പൊട്ടിത്തകർന്നുപോമേ!

കനകച്ചാർ പൂശിയിബ്ഭൂമുഖത്തെ-
ക്കലിതാഭമാക്കിയ കർമ്മസാക്ഷി
കരുണ കലരാതപ്പൊൻകവിളിൽ
കരിതേച്ചുകൊണ്ടു തിരിക്കയായീ!
പറവകൾ തന്റെ ചിറകടിയിൽ
ധരയുടെ ചിത്തത്തുടിപ്പു കേൾക്കാം,
അലയുന്ന തെന്നലിലൂടെയിപ്പോ-
ളവളുടെ സന്തപ്തവീർപ്പു കേൾക്കാം;
ത്വരിതമായെത്തുമിക്കൂരിരുളിൽ
വിരവിലച്ചിത്രം തെളിഞ്ഞു കാണാം

*   *   *

അടവിയിൽപ്പൂത്തോരിപ്പൂമൊട്ടിന്നു-
മനുഭവ,മീമട്ടെന്നാരറിഞ്ഞൂ;
പുലരിയെക്കാണാത്ത പൂവിൻ ജന്മം
പുരുപുണ്യഭാഗ്യത്തിൻ നൃത്തരംഗം!
മഴവില്ലു കണ്ടു മയങ്ങിയ ഞാ-
നഴലിന്റെയാഴമളന്നുപോണം!



Digitized By Kerala Sahitya Akademi

ചിറകററ ചിത്രശലഭംപോലെ
പിറകൊൾവൂ, ദുർബ്ബലമെൻഹൃദന്തം!!

* * *

പ്രണയമേ! നീയെൻെറയന്തരംഗം
വ്രണിതമാക്കീടുമെന്നോർത്തില്ല ഞാൻ;
ചിരിയൊന്നറിയാതെ തൂകിപ്പോയാൽ
ചിരകാലം തീവ്രം കരഞ്ഞിടേണം!
ചെറുമിന്നൽ കണ്ടു തെളിഞ്ഞ മേഘ-
മൊരുജന്മം കണ്ണീർ പൊഴിച്ചിടേണം!

അകളങ്കപ്രേമപ്രദീപമെൻറാ-
യകതളിരാനന്ദമഗ്നമാക്കി;
വിനകൊണ്ടീ വിശ്വമൊതുങ്ങിയെന്നിൽ
വിപുലമായ് ഞാനിപ്രപഞ്ചത്തോളം;
കഥയെല്ലാം മാറി,യക്കമ്രദീപം
കഠിനമാം കാട്ടുതീയായിപ്പോയീ!
ഇരുളിൽനിന്നെന്നെയകററിയിപ്പോ-
ളൊരുപിടിച്ചാമ്പലായ് മാററുമെന്നായ്!!

അടവുകളോരോന്നു കാട്ടിക്കാട്ടി-
യടവിയിലെത്തുമൊരന്തിത്തെന്നൽ
തളിരിനെത്താലോലമാട്ടിയാട്ടി-
ത്തളരുമ്പോൾ ഭാവം മറിച്ചു കാട്ടും!



Digitized By Kerala Sahitya Akademi

അടരണം ഞെട്ടററപ്പുത്രം, വാത്യാ-
ഘതമേററിട്ടെന്നാണീ ലോകതത്വം!

*　　*　　*

അബല ഞാ, നപ്പുമാൻതൻെറ ചിത്ത-
മലിവററതെന്നല്ലഃമാത്തതില്ലാ,

പുരുഷൻെറ പുഞ്ചിരിപ്പൂവിറുള്ളിൽ
പരുഷമാം കാകോളം മാത്രമെന്നോ!

കനിവററ കാലമേ! നിൻകരങ്ങ-
ളിനിയെത്ര ചിത്തം തകക്കയില്ലാ!!

കരയട്ടേ, തോഴി, ഞാ, നല്ലെന്നാലെൻ
കരളയ്യോ പൊട്ടിത്തകന്നുപോമേ......!!



Digitized By Kerala Sahitya Akademi

## ൧൮. പ്രണിതഹൃദയം

ഒന്നു ഞാൻ ചോദിക്കട്ടേ,തെന്നലേ, ഭവാനേയു-
മെന്നെയും തപിപ്പിക്കുമസ്സക്തിയൊന്നല്ലയോ?

അല്ലെങ്കിലെന്തിന്നു നാം രണ്ടാളുമൊരുപോലെ-
യല്ലിലും പകലിലുമലഞ്ഞു നടക്കുന്നു?

ശാന്തസുന്ദരമായ ശാരദാകാശത്തിലും,
കാന്തിയിൽ വിളങ്ങീടും കാനനപ്പരപ്പിലും,

കണ്ടകം നിറഞ്ഞുള്ള കാപഥത്തിലും, മലർ-
ച്ചെണ്ടുകൾ വിരിയുന്ന മഞ്ജുളാരാമത്തിലും,

സിന്ധുതന്നനന്തമാം മാറിടത്തിലും, നമ്മൾ
സന്തതം വിഹരിപ്പൂ സന്തപ്തഹൃദയരായ്!

ആനന്ദമെങ്ങാണെന്നു നീ തിരഞ്ഞീടും നേരം,
ആനന്ദമെന്താണെന്നുതന്നെ ഞാനാരായുന്നു!

പൂർവ്വദിഗ്വധൂമുഖം പുഞ്ചിരിതൂകുമ്പോഴും,
പൂതരാഗാഭ ചിന്നി വാരുണി നില്ക്കുമ്പോഴും,

മന്ദമാരുത! ഭവാനാനന്ദലഹരിയാൽ
മന്നിടേ മതിമറന്നുല്ലസിച്ചുലാത്തുന്നു;

നിത്യവുമേതോ ദിവ്യമേഘദർശനാലിത്ഥം
നർത്തനം നടത്താറുണ്ടെൻ ചിത്തശിഖാവളം!

ആററിനാല്പത്തെട്ട്

Digitized By Kerala Sahitya Akademi

പച്ചിലപ്പടപ്പുതന്നുള്ളിലാവസിച്ചു നീ-
കൊച്ചലർ വിരിവതു വീക്ഷിച്ചു രസിക്കുമ്പോൾ,

അന്തരിക്ഷത്തിലാദ്യം വിരിയും പൂമൊട്ടിനെ-
യന്ധകാരത്തിന്നുള്ളിൽക്കൂടി ഞാൻ സമീക്ഷിപ്പൂ;

നീഹാരബിന്ദുക്കൾ നീ ചാർത്തിടും നേരം, കണ്ണു-
നീരു ഞാൻ കപോലത്തിലണിവൂ ഹതഭാഗ്യൻ!

* * * *

ആത്മസംതൃപ്തി നേടാനായി നാമിരുവരു-
മാത്മസംഗീതംതന്നെ പാടുന്നിതനുവേലം,

നിൻതപ്തനിശ്വാസങ്ങൾ വാനിലെത്തുന്നു,യെൻ്റെ
വന്ധ്യമാം നെടുവീർപ്പു നിന്നിലുമലിയുന്നു!

വാടാത്ത മലരിനെപ്പേർത്തും നീ തിരയുന്നു;
വാടിയ മലരിനെയോർത്തു ഞാൻ കരയുന്നു!!



Digitized By Kerala Sahitya Akademi

## ൫൯. നിത്യരോദനം

ആനന്ദ,മാനന്ദ,മല്ലും പകലു,മെൻ-
മാനസപ്പൈങ്കിളി പാടും മന്ത്രം;

ആതങ്ക,മാതങ്ക,മേതു വഴിക്കുമ-
ച്ചാതകം നിത്യം ചെന്നെത്തും കേന്ദ്രം!!

ഈവിധമെത്ര നാൾ മുന്നോട്ടു പോയാലെൻ
ജീവിതപ്പാത തെളിഞ്ഞു കാണാം?

അത്തൽക്കടൽത്തിരയെണ്ണുവാനാണെങ്കിൽ
മർത്ത്യതയെന്തിനെനിക്കു കിട്ടി?

* * *

ആകാശസൂനങ്ങളായിരം ചേർത്തു ഞാ-
നാകാമ്യമാമൊരു മാല കോർക്കും;

തീരാനിരാശയാം പാഴ്മരുഭൂവില-
ത്താരകളെല്ലാം കൊഴിഞ്ഞുവീഴും!

ആയതണിയുവാനർഹനാമെൻനാഥ-
നായില്ലിനിയും സമയമെത്താൻ!!

നാളുകളോരോന്നുമീവിധം പാഞ്ഞുപോം
"നാളെ"യെന്നുള്ളൊരാപ്പാട്ടു പാടീ;

നൂറിഅയ്യൂബ്

Digitized By Kerala Sahitya Akademi

നീളുമിത്തന്തുവിൻ ശൂന്യത നീക്കുവാൻ
നീടെഴും പൂക്കളൊരെണ്ണമില്ലേ!!

*   *   *

നിർദ്ദയം യാത്രയും ചൊല്ലാതെ യാമിനി
നിദ്രയുമായിത്തിരിച്ചുപോകും

പിന്നേയുമെല്ലാം പുതുക്കുവാനായിട്ടു
പൊന്നിൽക്കുളിച്ചു പുലരിയെത്തും;

എങ്കരൾ ചൂഴുന്ന ക്രൂരിരുളമ്മുഖം
പങ്കിലമാക്കിപ്പറഞ്ഞയയ്ക്കും!!

വാർതിങ്കളാകും ചഷകത്തിലാനന്ദ-
ച്ചാർ പകർന്നുത്സവദായകയായ്

ഈ മന്ദഭാഗ്യതൻ പുഞ്ചിരിപ്പൂവിനായ്
ഹേമന്തരാത്രികൾ വന്നണയും;

എന്നാലാ യാമിനിയെൻതപ്തബാഷ്പത്താ-
ലെന്നുമക്കിണ്ണം നിറച്ചുപോകും!

ചന്ദനക്കാടിനെക്കോൾമയിക്കൊള്ളിക്കും
മന്ദസമീരണനാർദ്രചിത്തൻ

അക്ഷമദൃശ്യമാം പട്ടുകൈലേസാലെൻ
വേർപ്പണിമുത്തുകളൊപ്പിമാററും

കഷ്ടമതെത്തൊന്നാലെൻ നെടുവീർപ്പിനാൽ
തപ്തനായെന്നും തിരിച്ചുപോകും!!

നൂററിഅമ്പത്തൊന്നു്



Digitized By Kerala Sahitya Akademi

പിന്നെയുമെത്തീടും പോയവരൊക്കെയും
മന്നിനെ വിണ്ണെന്നു ഞാനുരപ്പാൻ.
എങ്കിലുമിന്നോളമെന്നിലണഞ്ഞിതി-
ല്ലെൻകരൾ കാംക്ഷിക്കും കമ്രരൂപം!
"കാണും നീ"യെ,ന്നെന്നോടെന്നും കഥിക്കുമി-
ക്കാലത്തെയെങ്ങിനെ വിശ്വസിക്കും?

*　　*　　*

ജീവിതഗ്രന്ഥത്തിലോരോവശങ്ങളു-
മീവിധം മുന്നോട്ടു ഞാൻ മറിച്ചാൽ
തപ്തബാഷ്പാങ്കിതമല്ലാത്തൊരക്ഷരം
തത്ര കണ്ടിടുവാനാകയില്ല!
അന്ത്യലിപിയും കുറിച്ചു പിരിയാനെ-
ന്നന്തരാത്മാവു കഥിച്ചിടുമ്പോൾ
"ആയില്ല"യെന്നോരശരീരിസന്ദേശ-
മാരാലെൻ കണ്ണുത്തിൽ വന്നലച്ചും;
കാലത്തിൻ കൈക്കുമ്പിൾ പൂർണ്ണമായ്ത്തീരുവാൻ
മേലിലുമെൻ കണ്ണീർ വേണമെന്നോ?
ആകട്ടെ,യശ്രുപ്പുഴയിൽ നിഴലിക്കും
നാകത്തെക്കണ്ടു ഞാനാശ്വസിക്കാം......!!



Digitized By Kerala Sahitya Akademi

## ൯൦. പടിവാതിൽക്കൽ

"പുത്തനാമൊരു പാഠം നാളെ ഞാൻതുടങ്ങാം,മി-
ന്നിത്രയും നിങ്ങൾ കാണാപ്പാഠമാക്കണം പോയാൽ."
ആചാര്യനേവം പറഞ്ഞന്നു നിർത്തവേ, ഞങ്ങ-
ളാചാരോപചാരം ചെയ്താഹ്ലാദാൽ പുറത്തെത്തി
ദ്ദൂരവേ പോകേണ്ടോരെൻ സതീർത്ഥ്യർ വിഹഗങ്ങ-
ളാരവം മുഴക്കിക്കൊണ്ടങ്ങിങ്ങു പറന്നുപോയ്;
മാടത്തെ മണിമേടയാക്കുന്ന ബാല്യത്തിനാ
വീടെത്താൻ കുറച്ചൊന്നു വൈകിയാലെന്തേ ചേതം?

അകലെക്കാണും കുന്നിൻ ചരിവിൽ, പോകാൻ (പോകും
പകലിൻതോളിൽത്തൂങ്ങിയെത്തി ഞാൻജാതോന്മേഷം;
കളിയാണെനിക്കന്നു കാര്യങ്ങ,ളതിൻമുഖം
കരിവാളിക്കാനേകബന്ധമഗ്ഗുരുവാക്യം;
ഞാ,നതു കൂട്ടാക്കാതെ വാരുണിയേന്തും പുത്ത-
നാമൊരു ചിത്രം നോക്കി രസിച്ചു കുറേ നേരം;
സഖിയാം പകൽ പോകാൻ വെമ്പി, ഞാൻ ചെ [ന്നില്ല,വൾ
മുഖവും വീർപ്പി,ച്ചെന്നെക്കൂടാതെ തന്നേ പോയി!



Digitized By Kerala Sahitya Akademi

തപ്പിയും തടഞ്ഞും ഞാൻ രാപ്പാതയൂടേ ഗൃഹ-
മെത്തുവാൻ ഗമിക്കുമ്പോൾ കണ്ടിതക്കടലിനെ
പഞ്ചമിച്ചന്ദ്രനാകും കൈവിളക്കുമായാഴി
പണ്ടത്തെപ്പാഠമെല്ലാമാവർത്തിക്കയാണപ്പോൾ
അലയാം വെള്ളത്താള മുന്നോട്ടുമറിച്ചീട-
മവളെൻ സമാഗമ,മീക്ഷിച്ചി,ല്ലണുപോലും!
അയൽവാസിയാം വാനം നിദ്രയിലായോയെന്നൊ-
ന്നറിയാൻ മേല്പോട്ടു ഞാൻ കണ്ണുകളുയർത്തവേ
അംബരം കരിയിട്ടു തെളിഞ്ഞൊരോല നോക്കി;-
യൻപത്തൊന്നു,രുവിട്ടുകണ്ടു ഞാൻ തൃപാസപനായ്
നാളെയാ,മിന്നെൻപാഠം സാരമില്ലെന്നോർത്തു ഞാൻ
മാളികമുകളേറി മെത്തയിലുറക്കമായ്!!

*　　*　　*

ഏറിയ വാത്സല്യത്തേനൂറീടും വചസ്സാലെൻ
ചാരവേ മാതാവെത്തിയുണരാൻ വിളിച്ചിട്ടും
കൂട്ടുകാർ വിഹഗങ്ങൾ കാണാതെ പഠിച്ചീടും
പാട്ടുതന്നല വന്നെൻ കണ്ണത്തിലലച്ചിട്ടും
നിദ്രയെപ്പൂർവ്വാധികം മുറുകിപ്പുണന്നു ഞാൻ
സദ്രസം കിടക്കവിട്ടീടാതെ കിടന്നുപോയ്!!

*　　*　　*

പാതിയും തീരാറായി പാഠങ്ങൾ, വിദ്യാലയ-
വാതില്ക്കൽ, കേറാനാജ്ഞ കാത്തു ഞാൻ നിലകൊണ്ടു;



Digitized By Kerala Sahitya Akademi

മഞ്ജുളമന്ദഹാസവാസ്സിനോടെന്നാചാര്യൻ
നെഞ്ചലിഞ്ഞീടുംമട്ടിലെന്നോടു ചോദ്യംചെയ്തു:—

"ശിഷ്യ! നീ പഠിച്ചിതോപാഠങ്ങ,ളില്ലെന്നാകിൽ
ശിക്ഷയായവിടെത്താൻ നില്ക്കുക പഠിപ്പോളം!"

"ഇല്ല"യെന്നല്ലാതെന്തുചൊല്ലും ഞാൻ, ഗുരുവര്യൻ
തല്ലിയില്ലെന്നൊത്തെല്ലുകോപവും ഭാവിച്ചില്ലാ!

നില്ക്കയാണിന്നും വിദ്യാമന്ദിരദ്വാരത്തിൽ ഞാൻ
ബാക്കിയുള്ളവർ പഠിക്കുന്നതിൽ സശ്രദ്ധനായ്;

വല്ലതും ഗുരുമുഖത്തിങ്കൽനിന്നുപദേശ-
മില്ലാതെ വീട്ടിലെത്താനെങ്കിലുമശക്തൻ ഞാൻ!!



Digitized By Kerala Sahitya Akademi

## ൬൧. ഉൽക്കണ്ഠ

അന്ധകാരത്തിന്നടിത്തട്ടിലാരുടെ
ചെന്താരടികളെപ്പുല്കുന്നു ഞാൻ സദാ;

ആരുടെ പാദരജസ്സു മിന്നാമിനു-
ങ്ങായിപ്പറന്നു തെളിയുന്നിരുളിലും;

നിശ്ശബ്ദതതൻെറ നിശ്ചലതന്ത്രിയിൽ
നിത്യവും കേൾക്കുന്ന സംഗീതമേതുതാൻ;

യാമിനി തന്നിലത്താരാകുമാരികൾ
യാതൊന്നുതാനേററു പാടുന്നു നിത്യവും;

പ്രേമവിവശഹൃദയബാഷ്പത്തിനാ-
ലേതൊരു കല്പകവൃക്ഷം തഴയ്ക്കയാം?

ആവശ്യമുള്ളോൎക്കദൃശ്യനായ് നിന്നിട്ട-
മാ, വശ്യരൂപമൊന്നെന്നടുത്തെത്തുകിൽ...!!

* * *

ഇല്ലായ്മതന്നിൽനിന്നുണ്ടായിവന്നൊര-
ക്കല്യാണരൂപിയെക്കണ്ടു കൈകൂപ്പുവാൻ;

എൻകരംതന്നിലെ ശൂന്യമാം ജീവിത-
ത്തങ്കച്ചഷകം തിരിച്ചു കൊടുക്കുവാൻ;



Digitized By Kerala Sahitya Akademi

എന്നുള്ളിലെന്നും ചിറകടിച്ചാർക്കുന്ന
പൊന്നിൻകിളിയെ പുറത്തയച്ചീടുവാൻ

നീട്ടററ രാഗപരവശയാകുമീ-
നിഹാരനീക്കണം നീരാവിയാകുവാൻ;

ആനന്ദദീപംകൊളുത്തി,യുലകിലീ
ഞാറൊന്ന പാഴ്നിഴൽ മാച്ചുകളയുനാൻ;

എത്ര ദിനകരമണ്ഡലം മേലിലു-
മസ്തശൈലത്തിൽ തടഞ്ഞു തകരണം...?

*　　　　*　　　　*

മൽപ്രാണവായുവിൽ സൌരഭംപൂശുമ-
പ്പൊൽപ്പുതുപ്പൂവിൻെറ പുഞ്ചിരി കാണുവാൻ,

ക്ഷാളനംചെയ്യയാ,ണെൻകൺകൾ, മാനസ-
നാളമുരുകിവരുന്ന ബാഷ്പത്തിനാൽ;

കാലമിടയ്ക്കിടയ്ക്കാഞ്ഞടിച്ചേററുന്ന
കാളാംബുദത്താലിരുളുന്നു പിന്നെയും!

മർമ്മരംമൂളുന്ന പത്രങ്ങൾ നിശ്ചലം
കർമ്മപ്രവാഹത്തെ നോക്കിനിന്നീടവേ,

ഏകാന്തതയിലിരുന്നു ഞാൻ നാഥൻെറ
നാകസംഗീതം ശ്രവിക്കാനൊരുങ്ങവേ,

ഭഞ്ജിക്കയാണെൻെറ ശാന്തതയേറുമീ
നെഞ്ചിടി, ഞാനിതടക്കുന്നതെങ്ങിനെ...?

*　　　　*　　　　*



Digitized By Kerala Sahitya Akademi

നിളെപ്പടൎന്നുപിടിക്കും നിശീഥമാം
ചോലവൃക്ഷത്തിന്റെ തുഞ്ചത്തദൃശ്യമായ്
വ്രീളാസമന്വിതം മോഹനാകാരയാം
നാളെയാം പൂമൊട്ടൊളിച്ചുകളിക്കുകിൽ
സ്വാന്തം തിരയാൽത്തകൎക്കുമിസ്സിന്ധുവിൽ
ശാന്തിതൻ തല്പവും സജ്ജമാണെപ്പൊഴും!
പൂന്തെന്നൽപോലുമിളകാത്ത വേദിയിൽ
പൂന്തിങ്കൾശൈത്യം കലരുമാമെത്തയിൽ
നിഭൃതതന്നിൽനിന്നുൽഗ്ഗമിച്ചീടുന്ന
നിസ്തുലഗാനം നുകൎന്നു നുകൎന്നലം
ആമോദഭാരാൽ തകരുവാൻ ഞാനുമെൻ
പ്രേമോദയത്തെ പ്രതീക്ഷിച്ചിരിക്കയാം...!!



Digitized By Kerala Sahitya Akademi

നൂ ല

൨൰

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൩൨. സുധ

I

ആ സംഭവം നടന്നിട്ട് ഇപ്പോൾ വസന്തം പത്തു കഴിഞ്ഞു. പ്രകൃതി പത്തു തവണ ചിരിച്ചു. പത്തുതവണ കരഞ്ഞു. എങ്കിലും അന്നു സുധയുടെ ഹൃദയത്തിൽ ഉണ്ടായ ഒരു മുറിവു് ഇന്നും ഉണങ്ങിയിട്ടില്ല. അന്നു് ഉറങ്ങുവാൻ തുടങ്ങിയ അവളുടെ ഹൃദയം ഇന്നും ഉണന്നിട്ടില്ല.

സുധയ്ക്കു് ഒരു കളിത്തോഴൻ ഉണ്ടായിരുന്നു അന്നു്: കിഴക്കേതിലെ മുരളി. അവനു് അവളെക്കാൾ രണ്ടുവയസ്സിനു പ്രായം കൂടും; അത്രയേ ഉള്ളു. എങ്കിലും അവരുടെ പിറന്നാൾ രണ്ടും ഒരുദിവസംതന്നെയാണു്; മകരമാസത്തിലെ 'മകം.'

വളരെ ദുല്ലഭമായിട്ടേ സുധയും മുരളിയും പരസ്പരം പിരിയാറുള്ളു. രാത്രിമാത്രം പിരിയാതെ നിവൃത്തിയില്ലാത്ത ആ ഇണപ്രാവുകൾ എങ്ങിനെയാണാവോ നേരംവെളുപ്പിച്ചിരുന്നതു്! പ്രഭാതമാകേണ്ട താമസം, സുധ എഴുന്നേററു് ഒരൊററ ഓട്ടം, മുരളിയുടെ വീട്ടിലേയ്ക്കു്. മുരളി അപ്പോഴും ഉറക്കമായിരിക്കും. സുധ വിളിതുടങ്ങും, "മുരളീ! മുരളീ" അതേ, അവളായിരുന്നു മുരളിയുടെ പുലരി!



Digitized By Kerala Sahitya Akademi

മുരളിയേയും കൂട്ടിക്കൊണ്ടു സുധ അവളുടെ ഗൃഹത്തിൻെറ തെക്കേപ്പുറത്തുള്ള ഇലഞ്ഞിച്ചുവട്ടിൽ എത്തും. അവിടെ അവക്കൊരു ഉണ്ണിക്കൃഷ്ണൻെറ അമ്പലം ഉണ്ട്. മുരളിയാണ് ശാന്തിക്കാരൻ. സുധ അവളുടെ ചേച്ചിയുടെ പൂന്തോട്ടത്തിൽനിന്നും പൂക്കൾ പറിച്ചു മാലകെട്ടി അമ്പലത്തിൽ കൊടുക്കും. പൂജയും ശീവേലിയും മററും തെററാതെ ഉണ്ട്. മരംകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഒരാനക്കുട്ടി, അതിൻെറ പുറത്തു ചിന്നിച്ചിതറിയിരിക്കുന്ന ചില്ലോടുകൂടിയ ഉണ്ണിക്കൃഷ്ണൻെറ ഒരു പടം, താമരപ്പൂവ് ഈക്കിലിയിൽ കോർത്ത് ഉണ്ടാക്കിയ ഒരാനക്കുട. രണ്ട് 'അപ്പൂപ്പൻതാടി' വെഞ്ചാമരം. നാവുകൊണ്ടുതന്നെയുള്ള ചെണ്ടമേളം എന്നിങ്ങിനെയുള്ള അലങ്കാരങ്ങളോടുകൂടിയ ആ ശീവേലി സുധയുടെ ഭാഷയിൽ എന്നും 'അസ്സലും' മുരളിയുടെ അഭിപ്രായത്തിൽ ചിലപ്പോൾ 'പൊട്ട'യും ആകാറുണ്ട്.

വൈകുന്നേരം പള്ളിക്കൂടം വിട്ടുവന്നാൽ മുരളി കാപ്പി കുടിച്ചു, കുടിച്ചില്ല എന്നു വരുത്തും. പിന്നെ കാണുന്നതു സുധയുടെ വീട്ടിൽ! എന്നാൽ സുധയെ കുളിക്കാതെ മുത്തശ്ശി അകത്തു കടത്തുകയില്ല. അവൾ കുളിക്കാൻ പോകുമ്പോൾ മുരളിയും കൂട്ടം കൂട്ടിന് അവിടെ കുളത്തിലേക്കു ചാഞ്ഞു നിലംപാറി ഒരു തെങ്ങു കിടപ്പുണ്ട്. മുരളി അതിന്മേൽ കയറി 'കുതിര' കളിക്കും. സുധ ആ സമയംകൊണ്ട് ഒരു കാക്കമുങ്ങലും കഴിക്കും.



Digitized By Kerala Sahitya Akademi

സാധാരണ കുട്ടികളിൽ കണ്ടുവരുന്ന 'തമ്മിൽ തല്ലും തലകീറും' ഈ ചങ്ങാതികൾക്കില്ല. മുരളിക്ക് അല്പം വികൃതിത്തരങ്ങൾ ഉണ്ട്; സുധയ്ക്കു ചില നേരം പോക്കുകളും. ആണ്ടിൽ ഒരിക്കൽ അവർ തമ്മിൽ കുന്നു പിണങ്ങും. അത് അവരുടെ പിറന്നാളിനാണ്. രണ്ടും ഒരു ദിവസമാണല്ലോ? സുധയുടെ വീട്ടിൽ മുരളി ഉണ്ണാൻ ചെല്ലണമെന്ന് അവൾ. 'എന്റെ വീട്ടിലേയ്ക്കു വരണം സുധ'യെന്നു മുരളി. രണ്ടും നടപ്പുമില്ല വീട്ടുകാർ സമ്മതിക്കുമോ പിറന്നാളായിട്ട് മറ്റൊരു വീട്ടിൽ പോയി ഉണ്ണുവാൻ? ഭക്ഷണം കഴിഞ്ഞാൽ അന്ന് അന്യോന്യംകാണാതെ ആ ബാലികാബാലന്മാർ പിണങ്ങി അവരവരുടെ വീടുകളിൽത്തന്നെ കഴിച്ചുകൂട്ടും. എന്നാൽ അവരുടെ ആ പരിഭവത്തെ പാടേ വിപാടനം ചെയ്യുവാനുള്ള കെല്പ് ഒരു രാത്രിയിലെ ഉറക്കത്തിനുണ്ടായിരുന്നു.

* * *

പൊന്നിൻ ചിങ്ങമാസത്തിലെ തിരുവോണക്കാലം. സുധ പറയും: "മുരളീ, ഒന്നു വേഗം എണീക്കു; ആ അസത്തുകുട്ടികൾ പൂവെല്ലാം ഇപ്പോൾ പറിച്ചെടുത്തു കാണും."

ഒന്നു മൂരിനിവർത്തി എണീററു കണ്ണുതിരുമ്മിക്കൊണ്ടു മുരളി പ്രതിവദിക്കും. "മിണ്ടാതിരിക്കു സുധേ! നമ്മൾ ഇന്നലെ വിടരാൻ കണ്ടുനിറുത്തിയിരിക്കുന്ന ആ കദളിപ്പൂവും ചിററാടപ്പൂവും അവരാരും കാണില്ല. ആ തോട്ടിൽ ഇറങ്ങുവാൻ ഒരെണ്ണത്തിനുണ്ടോ ധൈര്യം?"



Digitized By Kerala Sahitya Akademi

പൂക്കൾ ശേഖരിക്കുന്നതിൽ സാമർത്ഥ്യം സുധയ്ക്കാണ്. മരച്ചില്ലകളിൽ വല്ല അണ്ണാനോ, കുരുവിക്കൂടോ കണ്ടാൽ അതും നോക്കിനില്ക്കും മുരളി. ഇടയ്ക്കു സുധ മന്ത്രിക്കും: "ഇതിൽനിന്നും കിട്ടുമെന്നു വിചാരിക്കേണ്ടാ."

പവിഴക്കുലകളാൽ അലതല്ലുന്ന നെല്ലിൻപാടം. അവിടെ മഴവില്ലിൻെറ ആകൃതിയിൽ കൂട്ടംകൂട്ടമായി എത്തി നെന്മണികൾ കൊത്തിപ്പറക്കുന്ന ആററക്കിളികളെ നോക്കി സുധ തെല്ലിട നിന്നുപോകും. മുരളി അടുത്തുചെല്ലുന്നത് അവൾ അറികയില്ല. അവൻ മന്ദമന്ദം അവളുടെ മഞ്ജുഷയിൽ നിന്നും ഒരു വാരു് അവൻെറ സ്വന്തമാക്കും. ഒരു വലിയ വിജയലബ്ധിയിൽ എന്നപോലെ ആ നിഷ്കളങ്കഹൃദയൻ ഒന്നു പൊട്ടിച്ചിരിക്കുമ്പോളാണ് സുധ കാര്യം മനസ്സിലാക്കുന്നത്. 'ആട്ടെ' എന്ന ആ ഒരൊററ പദത്തിൽ തൻെറ പരിഭവവും ദേഷ്യവും ആസകലം അടക്കി അവൾ ഒരു നിമിഷം മിണ്ടാതെ നില്ക്കും! കഴിഞ്ഞു അവളുടെ പിണക്കം!!

* * *

ആ തെങ്ങിൻതടിയിൽ ഇരുന്നു കുതിര ഓടിക്കുന്ന മുരളിചോദിച്ചു: "സുധേ! നിനക്ക് എത്ര എണ്ണുന്നതുവരെ മുങ്ങിക്കിടക്കാം?"

"എൺപതു്."

"എന്നാൽ കാണട്ടെ."

സുധ മൂക്കുംപൊത്തിക്കൊണ്ടു് ഒരു മുങ്ങൽ. "ഒ... ന്നു്; ര... ണ്ടു്" മുരളി എണ്ണംതുടങ്ങി. ഇടയ്ക്കു് അവൻ ഒരു തട്ടിപ്പെട്ടുത്തു.



Digitized By Kerala Sahitya Akademi

"…..എമ്പത്തി എട്ടു്…..അമ്പത്തി ഒമ്പതു്….."

സുധയും മനസ്സുകൊണ്ടു് എണ്ണുന്നുണ്ടായിരുന്നു! കഷ്ടിച്ചു നൂറായപ്പോൾ അവൾ പൊങ്ങി. മുരളി എഴുപതിരണ്ടോ ആയിരുന്നൊള്ളൂ. പാവം! സുധ! അവൾ അറിഞ്ഞില്ല മുരളിയുടെ ആ ചെറിയ കളവു്. അവൾക്കു് അല്പം കുറച്ചിലായി. വീണ്ടും മുങ്ങി. ഇത്തവണ മുരളി സത്യവാനായിരുന്നു. നൂററിപ്പതിനഞ്ചു് എണ്ണിയതിൽ പിന്നീടാണു് സുധ പൊങ്ങിയതു്.

"ഇതൊന്നും ഒരു സാരമില്ല; ഞാൻ ഇരുനൂറുവരെ കിടക്കാം" എന്നായി മുരളി. അവൻ വെള്ളത്തിൽ ചാടി. സുധ വളരെ വേഗത്തിൽ തെററാതെ എണ്ണവും തുടങ്ങി. ഇടസ്സു മുരളിക്കു് ഒരു സംശയം; സുധ പററിച്ചെങ്കിലോ എന്നു്! അവൻ ഒന്നു പൊങ്ങി വെറുതെ പറഞ്ഞു: "ഇതു പററില്ല സുധേ; നാല്പത്തിമൂന്നോ? കുറേക്കൂടി വേഗം എണ്ണണം."

"വയ്ക്കത്തപ്പനാണു് ഞാൻ തെററിച്ചിട്ടില്ല" എന്ന സത്യവാചകം കേട്ടുകൊണ്ടു മുരളി വീണ്ടും മുങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ അവനു വീർപ്പുമുട്ടിത്തുടങ്ങി. അവൻ പെട്ടെന്നു പൊങ്ങി. "അറുപതു്" എന്നാണു് അവൻ കേട്ടതു്! ആ അഭിമാനിക്കു വലിയ 'ജാള്യത'യായി! "അമ്പടി! നീ നൂററിപ്പതിനഞ്ചു്!…ഞാൻ അറുപതോ…?"

അതാ വീണ്ടും ഒരു മുതലക്കുത്തു്! കുളത്തിന്റെ അടിയിൽ ഒരു കരിങ്കല്ലു് ഉരുണ്ടുവന്നു കിടപ്പുണ്ടായിരുന്നു. മുരളി അതിന്മേൽ വട്ടം കെട്ടിപ്പിടിച്ചു കിടന്നു.



Digitized By Kerala Sahitya Akademi

സുധയുടെ എണ്ണം നൂറിൽ കവിഞ്ഞു. മുരളിക്ക ക്രമത്തിൽ അധികം ശ്വാസംമുട്ടിത്തുടങ്ങി. എണ്ണത്തിൽ ഉള്ള ഉത്സാഹവും വേഗതയും സുധസ്സു വദ്ധിച്ചു. അതാ ഒരു ശബ്ദം, മുരളി നിവന്നു. ഊദ്ധ്വഗതിയിൽ അവൻെറ വായുപിടുത്തം വിട്ടുപോയി! ജലം കുറേയ്ക്കധികം ശിരസ്സിലും വയററിലും കടന്നു! അവൻെറ കൈകാലുകൾ കുഴഞ്ഞു. ഇതെല്ലാം മുരളിയുടെ വെറും വികൃതികളായിട്ടാണ് സുധ കരുതിയതു്! അവൾ കൈകൊട്ടിച്ചിരിച്ചു. കടവിലേയ്ക്കു് അടുക്കുന്നതിനുള്ള മുരളിയുടെ ശ്രമങ്ങളെല്ലാം അവനെ അടിയിലേയ്ക്കു പോകുവാനാണ് സഹായിച്ചതു്. അതാ അവൻെറ കൺമിഴികൾ മറിയുന്നു! കൈകാലുകൾ ഇട്ടടിക്കുന്നു! എന്തിനു്? ആ സാധുവിൻെറ ഉദരം ഒരു പെട്ടിപോലെ വീർത്തുകഴിഞ്ഞു! എന്നാൽ മുരളിയുടെ വികൃതിത്തരങ്ങളുമായി ചിരപരിചയമുള്ള സുധ അതെല്ലാം വെറും ഗോഷ്ടികൾമാത്രമായിട്ടാണ് വ്യാഖ്യാനിച്ചതു്.

"എനിക്കു വിശക്കുന്നു; മുരളി കാപ്പി കുടിച്ചതാണ്; വേഗം കയറി വരു" എന്നു പറഞ്ഞുകൊണ്ടു സുധ വീട്ടിലേയ്ക്കോടി...!

സന്ധ്യയ്ക്കു സുധയുടെ മാതാവു മേൽകഴുകുവാൻ വന്നപ്പോൾ കുളത്തിൽ എന്തോ പൊന്തിക്കിടക്കുന്നു. അവർ പിറുപിറുത്തു: "ഞാൻ തോററു, ഈ വികൃതിപ്പിള്ളേരെക്കൊണ്ടു്! ഒരു തടിയേ ബാക്കി ഉണ്ടായിരുന്നൊള്ളു; അതും ഉന്തിത്തള്ളി വെള്ളത്തിൽ ആക്കി; ഇതു് ഇവിടെ



Digitized By Kerala Sahitya Akademi

ത്താനെ കിടന്നാൽ നാളെ ഇതിന്മേലായിരിക്കും വള്ളംകളി!"

തടി ഉന്തി! കരയ്ക്കടുപ്പിക്കാൻ കൈനീട്ടിയ ആ സ്ത്രീ ഒരു ഞെട്ടൽ! "അയ്യോ" എന്നു് കരച്ചിൽ!!

വീട്ടിൽനിന്നും ആളുകൾ വിളക്കുകൊണ്ടുവന്നു നോക്കിയപ്പോൾ കണ്ട കാഴ്ച!

"മലവാഴത്തടിപോലെ മലൎന്നടിച്ചു" കിടക്കുന്നു മുരളിയുടെ തളിരിളംമേനി...!

പിന്നത്തെ കഥ! ആ രണ്ടു വീട്ടുകാരുടേയും സ്ഥിതി......!

അശുഭസൂചകവും ഭയങ്കരവുമായ ഒരു നിശ്ശബ്ദത അവിടെ എങ്ങും വ്യാപിച്ചിരുന്നു. അതിനെ ഭഞ്ജിച്ചു മുഴങ്ങിക്കൊണ്ടിരുന്ന സുധയുടെ തേങ്ങിത്തേങ്ങിക്കരച്ചിൽ എപ്പോൾ നിലച്ചാവോ!!

* * *

II

"സുധേ! നിന്നോടു പറഞ്ഞില്ലേ; തെക്കേ കുളക്കരയിൽ പോകരുതെന്നു്" എന്ന ഒരു ശാസന ആ ഗൃഹത്തിൽ ദിവസത്തിൽ പലതവണയും മുഴങ്ങിക്കേൾക്കാം.

എപ്പോഴും കിഴക്കേ കുളത്തിങ്കലാണു് സുധ. അവൾക്കു് ഒരു നിയമമുണ്ടു്: കുറെ കരയണം. അതിനുള്ള സ്ഥലമാണു് കുളക്കടവു് അവിടെ അവൾക്കു് ഒരു മുരളീഗാനം കേൾക്കാം!



Digitized By Kerala Sahitya Akademi

"അതു പറവല്ലാ സുധേ!......കുറച്ചുകൂടി വേഗം എണ്ണണം!"

ആവത്തനം! അതാണല്ലോ പ്രകൃതിയുടെ ജോലി! ആ ഓണക്കാലം വീണ്ടും എത്തി.

പൊൻപൊടി പൂശിയ പൂഞ്ചിറകുകൾ വിരച്ചു പറക്കുന്ന പൂമ്പാററകളെ കാണുമ്പോൾ സുധയ്ക്കു തോന്നും: "ഇതെന്തുപക്ഷി; ഒരു ഭംഗിയില്ല, കെട്ടോ."

അയൽപക്കത്തെ കുട്ടികളെല്ലാം പൂ ശേഖരിക്കുന്ന ബഹളം. അവർ സുധയേയും വിളിക്കാതെ ഇരിക്കയില്ല.

അവൾ പറയും: "ഞാനില്ല."

"എടീ പെണ്ണേ! വല്ല രണ്ടു തുമ്പക്കൊടമെങ്കിലും പറിച്ചു കെഴക്കോറത്തിട്" എന്ന മുത്തശ്ശിയുടെ മുറുമുറുക്കൽ എങ്ങിനേയോ സുധയെ പറമ്പിലേയ്ക്കു ഇഴയിക്കും. എന്നാൽ അവിടെയെങ്ങും അവൾ ഒററ പൂപോലും കാണുകയില്ല!

അങ്ങേതിലെ കരുണൻ പൂവിട്ടു് ഓണം കുറുമ്പോൾ സുധ വിചാരിക്കും: 'കഷ്ടം എൻെറ മുരളി ഉണ്ടായിരുന്നെങ്കിൽ......എത്ര നീളത്തിൽ കുരുമായിരുന്നു!'

പന്തുകളികോലാഹലംകേട്ടു ചെവി ഓക്കുന്ന അവൾ മന്ത്രിക്കും: "കഷ്ടം! എൻെറ മുരളി....എന്തുന്ന.... എറിയേണ്ടതാമസം കമ്പിൽ ചെന്നു കൊള്ളുവാൻ!..."



Digitized By Kerala Sahitya Akademi

അമ്പലത്തിൽച്ചെന്നു തൊഴാൻ നില്ക്കുമ്പോൾ അവൾക്കു് ഓർമ്മവരും ഇലഞ്ഞിച്ചുവട്ടിലെ ഉണ്ണിക്കൃഷ്ണന്റെ അമ്പലം. "തൊടരുതു്" എന്നു പറഞ്ഞു് ഒതുങ്ങിനിന്നു പ്രസാദം ഇട്ടുകൊടുക്കുന്ന ആ മുരളിസ്വാമി......!

മകരമാസത്തിലെ മകം. അവളുടെ ജന്മനക്ഷത്രം. അന്നാണു് അവൾക്കു സഹിക്കവയ്യാത്ത സങ്കടം. അന്നു പ്രത്യേകിച്ചു് ഒരു കാരണംകൂടി ഉണ്ടാകും. അവളുടെ അമ്മ പറയും, "കഷ്ടം! ആ മുരളി... അവന്റേയും ജന്മദിനമല്ലേ ഇന്നു്; അവനുണ്ടെങ്കിൽ എന്തായിരിക്കും ഇന്നു കിഴക്കേതിലെ കോലാഹലം!" സുധ വാവിട്ടു കരയും. കരഞ്ഞുകരഞ്ഞു കൺപോളുകൾ വീർത്തു്, മിക്കവാറും അന്നം കഴിക്കാതെതന്നെ ആ സാധു ഉറങ്ങിപ്പോകും!

ഒരു ദിവസം സുധ പറകയാണു് അവളുടെ സഹപാഠിനിയായ രാധയോടു്:

"ഞങ്ങളുടെ കിഴക്കേതിലെ മുരളി ഇപ്പോൾ ഉണ്ടായിരുന്നെങ്കിൽ പതിമൂന്നുവയസ്സു തികയും. ആ ചുരുളൻ തലമുടി പപ്പുറശ്ശായിട്ടു്, കുപ്പായത്തിന്റെ ബട്ടൺസ്സും ഇടാതെ, മുരളി കാലും ആട്ടിക്കൊണ്ടു് ആ ബഞ്ചിൽ ഇരിക്കുന്നതുപോലെ എനിക്കു തോന്നുന്നു."

രാധയുണ്ടോ കിഴക്കേതിലെ മുരളിയെ അറിയുന്നു! അവൾ പ്രതിവദിച്ചു: "എനിക്കു കേൾക്കേണ്ട; ഈ ആൺകുട്ടികൾ......എല്ലാം അസത്തുക്കളാണു്! മുരളിയും, മുരുകനും......"



Digitized By Kerala Sahitya Akademi

പിന്നെ രണ്ടാഴ്ചയ്ക്കു സുധയും രാധയും തമ്മിൽ മിണ്ടാട്ടമേ ഇല്ല...!

അന്നു സുധയുടെ സഹോദരൻ ബാലൻ വളരെ ആഹ്ലാദത്തോടുകൂടിയാണ് വീട്ടിൽ വന്നത്. അവൻ 'സ്കൂൾഫൈനൽ' ജയിച്ചുപോലും!

സുധ വിചാരിക്കയാണ് 'ബാലച്ചേട്ടനും മുരളിയും ഒരു പ്രായം...'

അവൾ ചോദിച്ചു: "അപ്പോളേ ചേട്ടാ! നമ്മുടെ മുരളി ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ ചേട്ടനോട് ഒപ്പം ജയിക്കുമല്ലേ??"

"പോടീ, പെണ്ണേ, ചത്ത മുരളി അല്ലേ ജയിക്കുന്നത്?"

പിന്നീട് ഒരു മാസത്തേയ്ക്കു ബാലച്ചേട്ടനുവേണ്ടി യാതൊരു ശുപാശിയും സുധ അച്ഛന്റെ അടുക്കൽ ചെയ്തിട്ടില്ല!

വൈകുന്നേരം സുധ വിളക്കിന്റെ ചിമ്മിനി തുടച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോ കേൾക്കാം അങ്ങേപ്പുറത്ത് ഒരു ശകാരവർഷം. ബാലൻ പൊടിവലിച്ചതറിഞ്ഞിട്ട് അച്ഛൻ ദേഷ്യപ്പെടുകയായിരുന്നു അത് സുധയുടെ ഹൃദയം ഒന്നു തുടിച്ചു. 'കഷ്ടം!' അവൾ നിനച്ചു: 'മുരളി ഉണ്ടായിരുന്നെങ്കിൽ ഇതുപോലെ കൂട്ടുകൂടി പൊടിയും മററും വലിക്കുമോ ആവോ? പക്ഷേ, എന്നെങ്കിലും ഞാൻ ആ പൊടിക്കുപ്പി ഒന്നു കാണുവാൻ ഇടയായാൽ കഴിഞ്ഞു! ഇങ്ങോട്ടു തട്ടിപ്പറിച്ച് ഒറേററു്!'



Digitized By Kerala Sahitya Akademi

ഇതോടുകൂടി 'കിലും' എന്നൊരു ശബ്ദവും കേട്ടു. അവളുടെ കയ്യിൽ ഇരുന്ന ആ ശരറാന്തലിൻെറ ചിമ്മിനി തവിടുപൊടി തരിപ്പണം...!

സുധയുടെ ആകൃതിക്കും പ്രകൃതിക്കും വ്യത്യാസം വന്നിരുന്നതിനോടൊപ്പംതന്നെ അവളുടെ മനോരാജ്യത്തിൽ ഏകച്ഛത്രാധിപത്യം വഹിച്ചിരുന്ന മുരളിയുടെ ഭാവപ്രകൃതികൾക്കും അനുദിനം വ്യത്യാസം ഭവിച്ചുകൊണ്ടിരുന്നു.

'അപ്പോൾ,' സുധ വിചാരിക്കയാണ്. 'ഇപ്പോൾ മുരളിയുണ്ടെങ്കിൽ തീർച്ചയായും കോളേജിൽ നടന്നുപോകയില്ല. എറണാകുളത്തുതന്നെ താമസമാക്കുമായിരിക്കും. അങ്ങിനെയാണെങ്കിൽ ഞാനെങ്ങിനെ കാണും? ശനിയും, ഞായറും ഉണ്ടല്ലോ അല്ലേ? എയ്! അതു പോരാ. ഞാൻ പറയും ഒരു സൈക്കിൾ വാങ്ങാൻ. മുരളി താനി ഖദറിൽ കോളേജിലേയ്ക്കു പോകുവാൻ സൈക്കിളിൽ കയറുമ്പോൾ ഒന്നു ബെല്ലടിക്കും. ചിലപ്പോൾ ഞാൻ നില്ക്കുന്നതു കാണാതെ ഒരു പറക്കൽ...!'

* * *

'മരതകക്കുന്നി'ലെ മാധുരിയുടെ വിവാഹത്തിനു സുധയും പോയിരുന്നു.

തിരക്കിൻെറ ഇടയിൽ തലമാത്രം പുറത്തേയ്ക്കു കാണിച്ചു കല്യാണമണ്ഡപത്തിലേയ്ക്കു നോക്കിനില്ക്കുന്ന അവൾ തന്നത്താൻ വിചാരിച്ചു.



Digitized By Kerala Sahitya Akademi

'വിവാഹം! അതിങ്ങനെയാണോ? ദൂരെനിന്നും ആരെങ്കിലും ആയിരിക്കും കല്യാണം കഴിക്കുന്നതെന്നല്ലേ ഞാൻ കരുതിയിരുന്നതു് ഇതു് ആ രവീന്ദ്രനല്ലേ? മാധുരി എപ്പോഴും സ്തുതിക്കാറുള്ള ആൾ. അവൾ ഒരുമിച്ചു പഠിച്ചിരുന്നതു്. കഷ്ടം! എന്റെ മുരളി ഉണ്ടായിരുന്നെങ്കിൽ ഞങ്ങൾക്കും ഉണ്ടായേനെ ഒരു കല്യാണം. ഓ അതുകണ്ടോ? ഈശ്വരാ! മാധുരിക്കു നാണമില്ല കെട്ടോ. എത്ര ആളുകളാ, നിരന്നിരിക്കുന്നതു്! അവരുടെ ഒക്കെ മുമ്പിൽവെച്ചു് എത്ര ധൈര്യം, അവൾക്കു രവീന്ദ്രന്റെ കഴുത്തിൽ മാലയിടുവാൻ! എനിക്കാണെങ്കിൽ സാധിക്കയില്ല. അല്ല! പിന്നേയും അവൾ അവിടെത്തന്നെ ഇരിക്കയാണല്ലോ? ഞങ്ങളുടെ കല്യാണം... എനിക്കതു വിചാരിക്കാൻകൂടി വയ്യ. അതിനെന്താ അല്ലേ ഇത്ര നാണം; മുരളിയെ ഞാൻ ദിവസവും കാണുന്നതല്ലേ? അതെന്താ, സമ്മാനങ്ങളോ? ഇത്ര പെരുത്തുണ്ടോ! ഇതെല്ലാം ആ അകത്തു കൊണ്ടുപോയിട്ടു കൊടുത്താൽ പോരേ? അമ്പോ! ഒരു വലിയ പെട്ടി. അതും അവളുടെ കയ്യിൽ! മുരളി ഉണ്ടായിരുന്നെങ്കിൽ ഞങ്ങൾക്കും ഇതിലധികം സമ്മാനങ്ങൾ കിട്ടാതിരിക്കയില്ല. ബി. എ. ജയിക്കുമ്പോളേക്കും എത്ര സ്നേഹിതന്മാരാണു് മുരളിക്കുണ്ടാകുക!...'

ഒരു മംഗളപത്രപാരായണത്തിന്റെ അവസാനത്തിൽ ഉണ്ടായ ഹസ്തതാഡനകോലാഹലത്തോടുകൂടി സുധയുടെ ആ വിചാരധാര മുറിഞ്ഞുപോയി.

നൂററിഎട്ടു പതിനൊന്നു്

Digitized By Kerala Sahitya Akademi

ആ രാത്രി മുതൽ സുധയുടെ ചിന്താസരണി ഒന്നു വ്യത്യസ്തമായിരുന്നു. 'വിവാഹം' എന്നൊരു ശബ്ദനാളം സദാപി അവളുടെ കണ്ണുപുടങ്ങളിൽ വന്നലച്ചുകൊണ്ടിരുന്നു. അവൾക്കെന്തോ ഒരു വല്ലാത്ത മറവി. ഏതോ ഒരദൃശ്യശക്തി നാലുപുറത്തുനിന്നും വന്ന് അവളെ മട്ടിക്കുന്നതുപോലെ തോന്നി. എന്തോ ഒന്ന് അകത്തു ചിറകിട്ടടിക്കുന്നതുപോലെ അവൾക്ക് അനുഭവപ്പെട്ടു. എത്ര വെള്ളം കുടിച്ചാലും തീരാത്ത ഒരു ദാഹം അവൾക്ക്! കൈകൾ കുഴഞ്ഞു് എത്ര വീശിയാലും ശമിക്കാത്ത ഒരു പുകച്ചിൽ ദേഹമാസകലം!!

ചിലപ്പോൾ അല്പം ഉറക്കെത്തന്നെ സുധ പറഞ്ഞുപോകും:"ആ രവീന്ദ്രനെപ്പോലെ നടന്നാലെന്താ മുരളി സ്സ്? ആ തലമുടി ഒന്നു ഭംഗിയായി ചീകിവെയ്ക്കാൻപാടില്ലേ? ഇങ്ങടുത്തു വരു, ഞാൻതന്നെ ശരിയാക്കാം. ഈ മീശസ്സ് ഇത്ര നീളമെന്തിനാ? അത്രയും വേണ്ട ഈ ഷട്ടിനു് ഇത്രയും ഇറക്കം വേണ്ട. ഒന്നു മനുഷ്യരെപ്പോലെ നടന്നു കണ്ടെങ്കിൽ!... —"

മന്ദിരാങ്കണത്തിൽ തത്തിത്തത്തി നടക്കുന്ന മാടപ്രാവിനെ കാണുമ്പോൾ അവൾ മന്ത്രിക്കും: "അതിനു് ഒരു ഇണയുണ്ടു്."

മന്ദമാരുതാശ്ലേഷത്താൽ തരളിതകളേബരയായി തലയാട്ടുന്ന താമരത്താരിനെക്കാണുമ്പോൾ അവൾ തന്നത്താൻ ചോദിക്കും: "ഈ കാററില്ലാതിരുന്നാൽ ആ പൂവു തലയാട്ടുമോ?"



Digitized By Kerala Sahitya Akademi

തരുണാരുണകിരണകന്ദളികളാൽ മാണിക്യഖണ്ഡമായി മാറിനില്ക്കുന്ന ഹിമകണികയെ കണ്ടു് അവൾ പിറുപിറുക്കും: "ഇതിനു് ഈ പ്രഭ എവിടെനിന്നുണ്ടായി!"

*   *

നിയതി പിന്നേയും മുന്നോട്ടുതന്നെ. ആരൊക്കെ കരഞ്ഞാലും കൊള്ളാം; ആ കണ്ണീർധാര അതിന്റെ പ്രവാഹത്തെ പൂർവ്വാധികം വർദ്ധിപ്പിക്കമാത്രംചെയ്യും! ആരൊക്കെ ചിരിച്ചാലുംകൊള്ളാം, അതു് ആ പ്രവാഹത്തിൽ ചില വെൺനുരത്തരികൾ കലർത്തുകമാത്രം ചെയ്യും!

"സുധേ! അകത്തു കിടക്കുന്ന ആ കസേരകൾകൂടി പൂമുഖത്തേയ്ക്കു് ഇട്ടേയ്ക്കു്."

അച്ഛന്റെ ഈ വാക്കുകൾ കേട്ടു് അവൾ പുറത്തേയ്ക്കു് ഒന്നു് എത്തിനോക്കി.

മൂന്നുനാലു് അപരിചിതർ.

സുധയുടെ നിഴൽ പിന്നെ അവിടെ എങ്ങും കണ്ടില്ല. അവൾ കിഴക്കേതിലേയ്ക്കു പോയി.

ഇന്നും കരഞ്ഞുകഴിഞ്ഞിട്ടില്ലാത്ത മുരളിയുടെ അമ്മയെ സമാധാനിപ്പിക്കുക എന്ന അവളുടെ കർത്തവ്യങ്ങളിൽ ഒന്നു് അന്നു കുറേ നേരത്തെത്തന്നെ ആചരിച്ചു.

സുധയുടെ വിവാഹാലോചനയ്ക്കു വേണ്ടിയായിരുന്നു അവർ വന്നിരുന്നതു്.

ഉന്നതവിദ്യാഭ്യാസം, കുലീനത, സൽസ്വഭാവം, സൗന്ദര്യം മുതലായവയുടെ വിളനിലമായ ഒരു യുവാവു്!



Digitized By Kerala Sahitya Akademi

ഒരു യുവതിക്കു കിട്ടേണ്ടതിൽവെച്ച് ഏററവും വലിയ ഭാഗ്യം!

അന്നു രാത്രി പരിചാരിക സുധയോട് ഒരു പരാതി: "ഇന്നെന്താ തങ്കം, പുറത്തെങ്ങും കണ്ടില്ലല്ലോ? മേക്കഴകാനും എന്നെ അന്വേഷിച്ചില്ല. കല്യാണം തീർച്ചയാക്കിയപ്പോൾത്തന്നെ ഇങ്ങിനെയായി; അപ്പോൾ അതങ്ങു കഴിഞ്ഞാലോ?"

"നീ പോടീ" എന്നുമാത്രമായിരുന്നു സുധയുടെ മറുപടി.

*　　　*　　　*

കുററാക്കുററിരുട്ട്, ഭയങ്കരമായ മഴ! ചെവിക്കല്ലിളക്കുന്ന ഇടിമുഴക്കം! കണ്ണു മഞ്ഞളിപ്പിക്കുന്ന മിന്നൽപ്പിണർ!

അതിലുംവലിയ ഒരു കോളിളക്കം സുധയുടെ ഹൃദയത്തിൽ.

തെരുത്തുവെച്ചിരുന്ന കിടക്കയിൽത്തന്നെ അവൾ ചാരിക്കിടന്നിരുന്നു. കരഞ്ഞുകരഞ്ഞ് അവൾ തെല്ലിടയൊന്നു മയങ്ങിപ്പോയി. "അങ്ങിനെതന്നെ" എന്ന് ഉച്ചത്തിൽ പറഞ്ഞുകൊണ്ട് അവൾ ചാടിയെഴുന്നേററു. അസാധാരണമായ ഒരു വിലാസം അപ്പോൾ അവളുടെ വദനകമലത്തിൽ കളിയാടിയിരുന്നു. അതാ അവൾ പതുക്കെ തെക്കോട്ടുള്ള കതകിൻെറ സാക്ഷ നീക്കുന്നു...



Digitized By Kerala Sahitya Akademi

ഈ അസമയത്തു കുളക്കടവിൽ ഇരിക്കുന്ന സുധയെ അപ്പോൾ കണ്ണുതുറന്ന ഒരു മിന്നൽമാത്രം കണ്ടിരിക്കാം. അവൾ തന്റെ സാരി അഴിച്ചു് ഒരു കുരുക്കുണ്ടാക്കി അവിടെ കിടന്നിരുന്ന ഒരു വലിയ കരിങ്കല്ലിൽ ഇട്ടു മുറുക്കി. സാരിയുടെ മറേറ തുമ്പു് അവളുടെ അരയിലും ദൃഢമായി ബന്ധിച്ചു. ഒരുവിധം പ്രയാസപ്പെട്ടു് ആ കല്ലുരുട്ടി വെള്ളത്തിൽ ആക്കി. അതാ ഒരു കുതി...!!

സർവ്വവും ഭദ്രം!!



Digitized By Kerala Sahitya Akademi

# ചില്ലിക്കാശ്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൩൩. ചില്ലിക്കാശ്

### ഉത്ഭവം

ഞാനുൾപ്പെടെ എൻെറ അമ്മയ്ക്കു പതിനാറു മക്കളുണ്ടു് എന്നാൽ ഞാൻ എത്രാമനാണെന്നു് എനിക്കോ, എൻെറ ബന്ധുക്കൾക്കോ, എന്നെ എടുത്തു പെരുമാറുന്ന നിങ്ങൾക്കോ, അറിഞ്ഞുകൂടാ. ഒന്നായിട്ടു നടന്നാൽ ഞങ്ങൾക്കു വിലയും നിലയും കൂടുമെങ്കിലും, കൂടെപ്പിറന്നവരെ ആട്ടിയോടിച്ചു ശീലിച്ചുപോന്ന മനുഷ്യൻ ഞങ്ങളെ ഒററതിരിച്ചു നിർത്തുന്നതിനാണു് ഇഷ്ടപ്പെടുന്നതു് മനുഷ്യരിൽ ഭൂരിപക്ഷവും, ഭിന്നിപ്പിച്ചു ഭരിക്കുന്നതിൽ ബദ്ധശ്രദ്ധന്മാരാണു് അവർ പഠിച്ചതു പാടിക്കൊള്ളട്ടെ.

ഒററതിരിഞ്ഞാണെങ്കിലും, പലയിടങ്ങളിലും പലവട്ടവും ഞാൻ സഞ്ചരിച്ചിട്ടുണ്ടു് എൻെറ പരിചയപരിധി പരിമിതമാണെങ്കിലും കുടുംബചരിത്രം കൂലങ്കഷമായി ഞാൻ ഗ്രഹിച്ചിട്ടുമുണ്ടു്. മനുഷ്യർ ഇന്നത്തെ രൂപമെടുത്തതിനുശേഷമാണു് എൻെറ പൂർവ്വപിതാമഹന്മാർ ഭൂമുഖത്തു പ്രത്യക്ഷരായതു്. ജനസമുദായപരിഷ്ക്കാരത്തിൻെറ ആദ്യ അടയാളമായി അന്നു ഞങ്ങളെ പലരും ഗണിച്ചിരുന്നു. എങ്കിലും ഞങ്ങളുടെ പുണ്യപുരാതനന്മാർ "തുകല"ന്മാരായിരുന്നുവെന്നു പറഞ്ഞു നാണയസ



Digitized By Kerala Sahitya Akademi

മുദായത്തെ പരിഹസിക്കുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ ആ പരിഹാസസംഘത്തലവന്മാർ അവരുടെ പൂർവ്വപിതാമഹന്മാരെ അരനിമിഷനേരം അനുസ്മരിച്ചാൽ എത്ര നന്നായിരുന്നു എന്നാണ് നിങ്ങളിൽ ചിലരുടെ മുഖത്തു ഭാവപ്പകർച്ച ഉണ്ടാകുന്നത്? 'മരം ചാടികൾ ഞങ്ങളുടെ പിതാമഹന്മാരല്ല, അല്ല.' എന്നു നിങ്ങൾ 'മുറുമുറു'ത്തുകൊള്ളുവിൻ! ഞങ്ങളെ 'തുകല'ന്മാരെന്ന് എത്ര വട്ടം വേണമെങ്കിലും പറഞ്ഞുകൊള്ളുവിൻ. ''മറ്റുള്ള ജനങ്ങൾക്കു കുറ്റങ്ങൾ പറഞ്ഞിടും— മുറ്റും തന്നുടെ കുറ്റമൊന്നറികയുമില്ല.'' അറിയാത്തതിനുള്ള ഒരു കാരണം കുററം മുററിയിരിക്കുന്നതുകൊണ്ടാണ് നിറകുടമുണ്ടോ തുളുമ്പുന്നു?

തുകലസൃഷ്ടി ചെയ്തവർക്ക് എന്തു പേരു കൊടുക്കണമെന്നു ശബ്ദാഗമശാസ്ത്രസമ്പത്തുള്ള മറാഷ്യൻ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ. ഏതായാലും തുകലന്മാരെക്കൊണ്ട് അന്നുള്ളവർക്കു വളരെ ഉപകാരമുണ്ടായിരുന്നു. അവരുടെ വ്യാപാരവൈഷമ്യത്തെ ലഘൂകരിച്ചതു് ആ തോലന്മാർ തന്നെയായിരുന്നു. തോലന്മാർക്കും ക്രയവിക്രയംചെയ്യുവാൻ സാമർത്ഥ്യം ഉണ്ടെന്നു പറഞ്ഞാൽ മുതലാളികൾക്കു വിശ്വാസം തോന്നുകയില്ലായിരിക്കും. കയ്യിലൊതുക്കി കൈകാര്യം ചെയ്യുവാനുള്ള വണക്കവും ഇണക്കവും അനുസരിച്ച് അവർക്കു വിലയും ക്ലിപ്തപ്പെടുത്തിയിരുന്നു. ക്രയവിക്രയവിക്രമം കുറഞ്ഞവരെ തോലന്മാരെന്ന് ഇന്നു വിളിക്കുന്നതു്, ഞങ്ങളുടെ കുടുംബത്തോടുള്ള കൃതഘ്നത



Digitized By Kerala Sahitya Akademi

കൊണ്ടല്ല, കൃതജ്ഞതകൊണ്ടായിരിക്കണം. എന്നാൽ അന്നത്തെ അനൎത്ഥനാമം ഇന്നത്തെ അനൎത്ഥനാമമായി. മനുഷ്യശബ്ദംതന്നെ അനൎത്ഥമായല്ലല്ലോ ഇന്ന് ഇരിക്കുന്നത്!

ഏതായാലും പരിഷ്കാരോന്മുഖനായ—പരിവൎത്തനപ്രിയനായ മനുഷ്യനോടുള്ള സമ്പൎക്കംനിമിത്തം നാണയകുടുംബപ്രകൃതിക്കു ക്രമേണ മാററം സംഭവിച്ചു. തുകൽ സുലഭമായിത്തീൎന്നതുകൊണ്ടോ, അഥവാ മാംസം കൊണ്ടും മതിയാകാതെ തുകൽകൂടി മനുഷ്യൻ ഭക്ഷിച്ചുതുടങ്ങിയതുകൊണ്ടോ എന്തോ, തുകൽനാണയം ഉപേക്ഷിക്കപ്പെട്ടു.

ഭൂമുഖത്തു വളരുന്നതും വളരാത്തതുമായ വസ്തുക്കൾ സ്വന്തമാക്കിയിട്ടും മനുഷ്യർ തൃപ്തിയായില്ല. ഭൂമുഖം കണ്ടു ഭ്രമിച്ച അവർ ഭൂമുഖത്തേയ്ക്കു ചുഴിഞ്ഞുനോക്കി. അവിടെ ചില ദുൎല്ലഭസാധനങ്ങൾ കണ്ടുമുട്ടി. സുലഭവസ്തുക്കൾക്കു പ്രിയം കുറയുന്നതുകൊണ്ട്, അസുലഭവസ്തുക്കൾ ശേഖരിച്ചു കൈകാൎയ്യം ചെയ്യണമെന്ന് അവർ തീൎച്ചപ്പെടുത്തി. കണ്ടുകിട്ടിയ ലോഹങ്ങളിൽ തിളക്കവും വിളക്കവും ഉള്ളവയെമാത്രം പ്രത്യേകമെടുത്തു. തുരുമ്പും കായും ഉള്ളവയ്ക്കു കരിയും ചെളിയുംതന്നെ എന്നും ആധാരം. ചുമപ്പും വെളുപ്പുമുള്ളവക്കേ അന്നും സ്ഥാനമുള്ളു. ആ സ്ഥിതിക്കു കറുമ്പന്മാരോട് ഇന്നുള്ളവർ അറപ്പു കാണിക്കുന്നതിൽ എന്താണ് കുറവ്?

നൂററിഎപ്പത്തൊന്ന്

Digitized By Kerala Sahitya Akademi

മനുഷ്യൻ ലോഹവുമായി വലിയ ലോഹ്യമായി. തിളക്കവും വിളക്കവും ഉള്ളവസ്തു നിലയും വിലയും കല്പിച്ചു. അതായത്, ലോകത്തിൽ ജാതി സൃഷ്ടിച്ച മനുഷ്യൻ ലോഹത്തിലും ജാതി സൃഷ്ടിച്ചു. ചെമ്പിനു മീതെ വെള്ളിയും, വെള്ളിക്കു മീതെ സ്വർണ്ണവും, അങ്ങിനെ അട്ടിയട്ടിയായി അടുക്കിവെച്ചു മനുഷ്യത്വത്തെ അടക്കുവാൻ ശ്രമിച്ചു. ഞങ്ങളെ മുഴുവൻ കൈവശപ്പെടുത്തി. മനുഷ്യരുടെ ത്വഷ്ണയ്ക്കുണ്ടോ അതിരുള്ളൂ?

എത്തും പിടിയും കിട്ടിയാലും മനുഷ്യർക്കു തൃപ്തിയില്ല. പിടിച്ചാലും വളച്ചാലും അവരുടെ ദുര ഒതുങ്ങുകയില്ല. വട്ടത്തിലാക്കിയേ വിട്ടു എന്നു് അവർക്കു നിർബ്ബന്ധമുള്ളതായിത്തോന്നുന്നു. ആദികാലംമുതൽ ഇന്നുവരെ— ഈ നാഴികവരെ—ഈ വിനാഴികവരെ—എന്നോടും എന്റെ സമുദായത്തോടും ചെയ്തുകൊണ്ടിരിക്കുന്ന കടുംകയ്യ് ഓർക്കുമ്പോൾ ഇന്നു് എനിക്കു കണ്ണുനീരുണ്ടാവുന്നില്ല. അക്രമങ്ങൾ എന്റെ നേത്രങ്ങളിലെ ചുടുനീർ മുഴുവൻ വററിച്ചുകളഞ്ഞു. സ്വാതന്ത്ര്യനിറഞ്ഞ ലോകം വെറുത്തു്, ഭൂമിയുടെ അന്തരാളത്തിൽ സുഖജീവിതം നയിച്ചവരായിരുന്നു ഞങ്ങൾ. അധഃസ്ഥിതമർദ്ദനംകണ്ടു ഹൃദയം പൊട്ടിയൊഴുകി അസ്തജീവരായി അവിടെ അന്നു ഞങ്ങൾ ഒതുങ്ങി ഒന്നായി പാർക്കുകയായിരുന്നു. ആ നിർദ്ദയമർദ്ദനം മേലാൽ കാണേണ്ടിവരികയില്ലല്ലോ എന്നു കരുതി അന്നു ഞങ്ങളുടെ കരളു കുളുത്തിരുന്നു. പക്ഷേ നിങ്ങളുടെ സ്വാതന്ത്ര്യത ഞങ്ങളുടെ സുഖവാസത്തെ ഭഞ്ജി



Digitized By Kerala Sahitya Akademi

ച്ചു. ഞങ്ങളുടെ ഗൂഢസങ്കേതങ്ങൾ നിങ്ങൾ കണ്ടുപിടിച്ചു. ഞങ്ങളെ ക്രമേണ കയ്യടക്കം ചെയ്തു. അധഃസ്ഥിതർ അമൂല്യവസ്തുക്കളെന്ന് അവക്ക് അന്നു ബോധമുണ്ടായിരുന്നുവെന്ന് ഇന്നു ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അനന്തരനടപടികൾ അത്രമാത്രം അസഹനീയമായിരുന്നു. കയ്യടക്കം ചെയ്തിട്ടും ഞങ്ങളോടുള്ള പക തീർന്നിട്ടില്ല! പ്രകൃതിയുടെ അങ്കസ്ഥലിയിൽ—അമ്മയുടെ മടിത്തട്ടിൽ അനന്തമായ ആനന്ദം അനുഭവിച്ചു സുഖജീവിതംകൊണ്ട ഞങ്ങൾ ഭൂമുഖത്തു വന്നപ്പോൾ കണ്ടതു് എന്താണ്? അഗ്നി—സ്വാത്മവഹ്നി! അതിദുസ്സഹമായ ഒരാഗ്രഹക്കൊടുംതീ! അതുതന്നെയായിരുന്നു അധികാരപ്രമത്തനായ മനുഷ്യൻ ഞങ്ങൾക്ക് ഒഴിച്ചു നീക്കിവെച്ച കളിത്തൊട്ടിൽ—എനിക്കു തെററിപ്പോയി. കളിത്തൊട്ടിലല്ല പട്ടടക്കിടക്കയാണ് മനുഷ്യൻ ഞങ്ങൾക്ക് ഉടനെ നല്കിയതു് അധികാരികളുടെ കയ്യേററംകൊണ്ടു ഛിന്നഭിന്നാവസ്ഥയെ പ്രാപിച്ചിരുന്ന ഞങ്ങളെ ഓരോരുത്തരായി അഗ്നിയിൽ സമർപ്പിച്ചു. പരോപദ്രവമെന്തെന്നറിയാതെ പരമശാന്തരായി പല ശതാബ്ദങ്ങൾ അധഃസ്ഥിതരായി കഴിഞ്ഞുകൂടിയ ഞങ്ങൾക്ക് അധികാരികൾ ഇത്ര ദാരുണമായ ശിക്ഷ എന്തിനാണ് നല്കിയതു്? അവർക്കോ അവരുടെ സമുദായത്തിനോ ഹാനികരമായി ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല. ഞങ്ങൾ അതിന്ന് അശക്തരുമാണ്. അതു ഞങ്ങളുടെ കുലധർമ്മമേ അല്ല. അവരുടെ അധികാരദുഷ്പ്രഭുത്വവും ഞങ്ങളുടെ

നിരപരാധിത്വവും ഓർത്തപ്പോൾ ശരീരം വിറകൊണ്ടു: ഹൃദയം തപ്തമായി. മനുഷ്യരുടെ മനുഷ്യേതരമായ പ്രവൃത്തി കണ്ടോ, ഞങ്ങളോടുള്ള പൂർവ്വവിരോധംകൊണ്ടോ എന്തോ അഗ്നിയുടെ മുഖം ചുവന്നു. കണ്ണനിഗ്ജ്ജ്വലിതമായ ദുർവ്വായു അനിലഗതിയെ തിരിപ്പിച്ചു. അനലപ്രകൃതിയും ആകമാനം മാറി. ഞങ്ങളുടെ ശരീരവും ഹൃദയവും ഒരുപോലെ ഉരുകിയൊഴുകി. ഇതിനായിരുന്നോ മനുഷ്യർ ഞങ്ങളോടു ലോഹ്യംപിടിച്ചത്!!! അവർ ഞങ്ങളെ ഭിന്നിപ്പിച്ചുവെങ്കിലും ആ അനലതാപമേററ അന്ത്യവേളയിലും, ഞങ്ങൾ ഒത്തൊരുമിച്ച് ഒതുങ്ങി ചേർന്നിന്നു. ആകൃതിയും പ്രകൃതിയും മാറി. ഞങ്ങൾ അസ്പൃശ്യന്മാരായിത്തീർന്നു. അസ്പൃശ്യതയോടുകൂടി ആയുശ്ശേഷം കഴിക്കാമെന്നു കരുതി ഞങ്ങൾ ആശ്വസിച്ചു. എന്നാൽ മനുഷ്യഹസ്തസ്ഥിതങ്ങളായ—അവർക്കു സ്വാധീനമുള്ള ചില ഉപകരണങ്ങളെക്കൊണ്ടു ഞങ്ങളെ സ്പർശിക്കുന്നതിന് അവർ ശ്രമിച്ചു. ഞങ്ങൾ ആദ്യം ഉരുണ്ടുമാറി: തെററിത്തെറിച്ചു നിന്നു. എന്നാൽ അടുത്ത നിമിഷത്തിൽ അവരുടെ ഉപകരണദംഷ്ട്രകളിൽ ഞങ്ങൾ ഒതുങ്ങിപ്പോയി. അവയുടെ സ്പർശനിമിത്തം ഉൽഗമിച്ച ചൂട് ദുസ്സഹനീയമായിരുന്നു. ആവിധത്തിൽ അസ്പൃശ്യതയിൽ— ആ കൊട്ടംതീയിൽ എത്രകാലം വേണമെങ്കിലും കിടന്നുരുകുകയായിരുന്നു. അഭിലഷണീയം. പക്ഷേ തണുത്തിരിക്കുന്ന ഹൃദയം തപിപ്പിക്കാനുള്ള വാസന മനുഷ്യന്റെ പ്രത്യേകസമ്പത്താണല്ലോ.



Digitized By Kerala Sahitya Akademi

ഞങ്ങളുടെ അഭിലാഷം അവരുടെ ദുരാഗ്രഹവേദിയിൽ സമർപ്പിക്കപ്പെട്ടു. ആശ്രയമററവർക്ക്, അധഃസ്ഥിതർക്ക്, അഭിലാഷമേ പാടില്ലെന്നാണല്ലോ അവരുടെ മതം. അതാണ് അവരുടെ വേദവാക്യം. ആ സ്ഥിതിക്ക് അവരുടെ ആശ്രയവർത്തികളായി പരിവർത്തനം ചെയ്തുപോയ—അല്ല ചെയ്യിക്കപ്പെട്ട—ഞങ്ങളുടെ കഥ ചോദിപ്പാനുണ്ടോ? അഗ്നികുണ്ഡത്തിൽനിന്നും ഞങ്ങളെ പെട്ടെന്നെടുത്തു: അപ്പോൾ അവരുടെ മുഖഭാവം അനുകമ്പാർദ്രമായിരുന്നെന്നു കാണികൾക്കു തോന്നിയേക്കാം. പക്ഷേ അകത്തുവെച്ചിരുന്ന കത്തിയുടെ പുറത്തെ പത്തിമാത്രമായിരുന്നു അതു് ഞങ്ങളുടെ രക്തവർണ്ണത്തിൽ സൂക്ഷിച്ചുനോക്കി. ഒരു കുളിർകല്ലിൽ ഒന്നായി ഞങ്ങളെ വെച്ചു. അയ്യോ! അതു് ആദ്യംകാണിച്ച ലോഹ്യംമാത്രമായിരുന്നു. ആ കല്ലിൽ ഇരുന്നു് അല്പം ആശ്വസിക്കാമെന്നു വിചാരിച്ചു. ആ സഹോദരനും ഞങ്ങളെക്കണ്ടപ്പോൾ ചൂടുപിടിച്ചു. അധികാരഹസ്തം ഉയർന്നു. ഞങ്ങളെ അനുഗ്രഹിപ്പാനായിരിക്കുമോ? കഷ്ടം! ഊക്കോടുകൂടി ഒരടി. ആ കുളിർകല്ലു്—പീഡയനുഭവിച്ച അശരണർക്ക് അങ്കസ്ഥലി, ആശ്രയഭൂമിയാകിയ കുളിർകല്ലു്—ഞങ്ങളുടെ മരണശയ്യയായിത്തീരുകയോ? ആ ഓർമ്മ ഒന്നുകൊണ്ടുമാത്രം ഞങ്ങളുടെ കണ്ണിൽനിന്നു തീപ്പൊരി ചിതറി പലയിടത്തേയ്ക്കു തെറിച്ചു. കെട്ടിയിട്ടു് അടിച്ചാലും കണ്ണുനീർ ഉതിർക്കരുതെന്നാണ് സ്വാമിയുടെ കല്പന; അഥവാ അങ്ങിനെയാണു് ആ സ്വാമിമാർ കല്പി



Digitized By Kerala Sahitya Akademi

കാറുള്ളതു്. അടിമകളിൽ അടിമകളായ ഈയുള്ളവരുടെ കഥ ചോദിക്കണോ? ഒററയ്ക്കുനിന്നാലും അവരുടെ കൈത്തരിപ്പിനു വിധേയർ! ഒന്നുചേർന്നു നിന്നാൽ...... എന്തുചെയ്യാം! അകവും പുറവും ഒരുപോലെ പഴുത്തിരുന്ന ഞങ്ങളെ പലരും മർദ്ദിച്ചു്, പല തുണ്ടുകളാക്കിത്തീർത്തു. അധികാരികളുടെ മുദ്രയും ഞങ്ങളിൽ പതിച്ചു: ഈ മുദ്രകൾ ഞങ്ങളിൽ പതിച്ചതെന്തിനാണു്? സ്വഗൃഹം ഉപേക്ഷിച്ച മഹാപരാധത്തിനായിരിക്കാമോ? ഞങ്ങൾ സ്വഗൃഹം മനസ്സാലെ വിട്ടതല്ല: സ്വഗൃഹത്തിൽനിന്നു ബഹിഷ്കരിച്ചു് അതു് അവർ അപഹരിക്കുകയാണ് ചെയ്തതു് സ്വകുടുംബാംഗങ്ങളിൽനിന്നു ഞങ്ങളെ ബലപ്രയോഗം ചെയ്തു മാററുകയാണു് ചെയ്തതു് അവരുടെ ദൃഷ്ടിയിൽ പലതരത്തിലുള്ള കുററങ്ങൾ ഞങ്ങൾ ചെയ്തുപോയി. ആ കുററത്തിനു് എന്നെന്നേയ്ക്കുമായി ശിക്ഷയും അവർ കല്പിച്ചു. ഭൂമുഖത്തു സഞ്ചരിക്കുന്നിടത്തോളം കാലം ക്ലിപ്തമായ ഒരു സംഖ്യ ഞങ്ങളെ കൈകാര്യം ചെയ്യുന്നവർക്കു സമ്പാദിച്ചുകൊടുക്കണമെന്നാണു് അവർ നിശ്ചയിച്ചതു് സമുദായാംഗങ്ങളുടെ സന്നിധിയിൽവെച്ചു് അവരെ തൃപ്തിപ്പെടുത്തുന്നതിനൊന്ന വ്യാജേന ഞങ്ങളെ പലരും താലോലിക്കുന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടു്

നിറവും വിലയും അനുസരിച്ചു ഞങ്ങൾക്കു നാമവും കല്പിച്ചു. ആ വർഗ്ഗത്തിൽ ഏററവും എളിയവനാണു് ഞാൻ: എൻെറ പേരു ചില്ലിക്കാശെന്നാണു്.

ഞങ്ങളുടെ കുടുംബഭാഗം നടത്തിയ കഥ അത്യന്തം ഹൃദയസ്പൃക്കായിട്ടുള്ളതാണു്.

ആറിഎല്ലൂറുതരാക്

Digitized By Kerala Sahitya Akademi

# മണിനാദം

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൬൪. മണിനാദം

മണിമുഴക്കം! മരണദിനത്തിന്റെ
മണിമുഴക്കം മധുരം!— വരുന്നു ഞാൻ!
അനുനയിക്കുവാനെത്തുമെൻ കൂട്ടരോ-
ടരുളിടട്ടെയെന്നന്ത്യയാത്രാമൊഴി:—

മറവിതന്നിൽ മറഞ്ഞു മനസ്സാലെൻ
മരണഭേരിയടിസ്സും സഖാക്കളേ!
സഹതപിക്കാത്ത ലോകമേ!—യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ!
കവനലീലയിലെന്നുററ തോഴരാം
കനകതൂലികേ! കാനനപ്രാന്തമേ!
മധുരമല്ലാത്തൊരെൻമൗനഗാനത്തിൽ
മദതരളരാം മാമരക്കൂട്ടമേ!
പിരികയാണിതാ ഞാനൊരധഃകൃതൻ
കരയുവാനായ്പ്പിറന്നൊരു കാമുകൻ!
മണലടിഞ്ഞു മയങ്ങിക്കിടക്കട്ടെ
പ്രണയമററതാമീ മൺപ്രദീപകം!

*　　　　*　　　　*

അഴകൊഴുകുന്ന ജീവിതപ്പൂക്കളും
വഴിയരുകിലെ വിശ്രമത്താവളും,



Digitized By Kerala Sahitya Akademi

കഴുകനിജ്ജഡം കാത്തുസൂക്ഷിക്കുന്ന
കഴുമരം!—ഹാ, ഭ്രമിച്ചു ഞാൻ തെല്ലിട!

അഴലിലാനന്ദലേശമിട്ടെപ്പൊഴും
മെഴുകി മോടി കലർത്തുമീ മേടയിൽ

കഴലൊരല്പമുയർത്തിയൂന്നീടുകിൽ
വഴുതി വീഴാതിരിക്കില്ലൊരിക്കലും.

മലമുകളിലിഴഞ്ഞിഴഞ്ഞേറിടും
മഴമുകിലെന്നപോലെ ഞാനിത്രനാൾ

സുഖദസുന്ദരസ്വപ്നശതങ്ങൾതൻ
സുലളിതാനന്ദഗാനനിമഗ്നനായ്

പ്രതിനിമിഷം നിറഞ്ഞു തുളുമ്പിടും
പ്രണയമാധുരീലഹരിയിൽ ലീനനായ്

സ്വജനവേഷം ചമഞ്ഞവരേകിടും
സുമമനോഹരസുസ്മിതാകൃഷ്ടനായ്

അടിയുറയ്ക്കാതെ മേല്പോട്ടുയർന്നുപോ-
യലകടലിന്റെയാഴമളക്കുവാൻ!

മിഴി തുറന്നൊന്നു നോക്കവേ, കൂരിരു-
മ്പഴികൾ തട്ടിത്തഴമ്പിച്ചതാണു ഞാൻ!

തടവെഴാപ്രേമദാരിദ്ര്യബാധയാൽ
തടവുകാരനായ്ത്തീർന്നവനാണു ഞാൻ!

കുടിലു കൊട്ടാരമാകാനുയരുന്നു
കടലിരമ്പുന്നു കൈത്തോട്ടിലെത്തുവാൻ



Digitized By Kerala Sahitya Akademi

പ്രണയമൊന്നിച്ചിണക്കാനൊരുങ്ങിയാ-
ലണിമുറിക്കാനിരുളുമണഞ്ഞിടും!

മണിമുഴക്കം! മരണദിനത്തിൻെറ
മണിമുഴക്കം മധുരം!—വരുന്നു ഞാൻ!

ചിരികൾതോറുമെൻ പട്ടടത്തീപ്പൊരി
ചിതറിടുന്നോരരങ്ങത്തു നിന്നിനി,

വിടതരൂ, മതി പോകട്ടെ ഞാനുമെൻ
നടനവിത്ര്യയും മൂകസംഗീതവും!

വിവിധരീതിയിലൊററനിമിഷത്തിൽ
വിഷമമാണെനിയ്ക്കാടുവാൻ പാടുവാൻ

നവരസങ്ങൾ സ്ഫുരിക്കണമൊക്കെയു-
മവരവർക്കിഷ്ടമായിട്ടിരിക്കണം!

അരുതരുതെനിയ്ക്കീ രീതി തെല്ലുമി-
ച്ചരിതമെന്നുമപൂർണ്ണമാണെങ്കിലും

അണിയലൊക്കെക്കഴിഞ്ഞു ഞാൻ പിന്നെയു-
മണിയറയിലിരുന്നു നിശ്ശബ്ദമായ്

പലദിനവും നവനവരീതികൾ
പരിചയിച്ചു ഫലിച്ചില്ലൊരല്പവും!

തവിടുപോലെ തകരുമെൻ മാനസ-
മവിടെയെത്തിച്ചിരിച്ചു കുഴയണം!

ചിരിചാരിയുവാനായിയെൻ ദേശികൻ
ശിരസി താഡനമേററീ പലപ്പൊഴും

ഹഹഹ! വിസ്മയം, വിസ്മയം, ലോകമേ!
അതിവിചിത്രമീ നൃത്തശിക്ഷാക്രമം!

കളരി മാറി ഞാൻ കച്ചകെട്ടാമിനി
കളിയരങ്ങൊന്നു മാറിനോക്കാമിനി;

പ്രണയനാടകമെന്നുമിതുവിധം
നിണമണിച്ചിലിലെത്താതിരുന്നിടാ!

മണിമുഴക്കം!—മരണദിനത്തിന്റെ
മണിമുഴക്കം മധുരം! വരുന്നു ഞാൻ!

ഉദയമുണ്ടിനിമേലിലതെങ്കിലെ—
ന്നുദകകൃത്യങ്ങൾ ചെയ്യുവാനെത്തിടും.

സ്ഥിരതയില്ലാത്ത ലോകത്തിലെന്തിനായ്
ചിരവിരഹി ഞാൻ മേലിലും കേഴണം?

മധുരചിന്തകൾ മാഞ്ഞുപോയീടവേ,
മരണമാണിനിജ്ജീവിച്ചിരിക്കുവാൻ;
ഇരുളിലാരുമറിയാതെയെത്ര നാൾ
കരളു നൊന്തു ഞാൻ കേഴമനസ്സുഖം?
ഹൃദയമില്ലാത്ത ലോകമേ, യെന്തിനാ—
യതിനു കാരണം ചോദിപ്പു നീ സദാ?

പരസഹസ്രം രഹസ്യമുണ്ടെന്നുമെൻ
പുറകിൽനിന്നിദം വിങ്ങിക്കരയുവാൻ
—സ്മരണയായിപ്പറന്നുവന്നെന്നുമെൻ,
മരണശയ്യയിൽ മാന്തളിർ ചാർത്തുവാൻ,



Digitized By Kerala Sahitya Akademi

സമയമായി, ഞാൻ — നീളും നിഴലുകൾ
ക്ഷമയളന്നതാ നില്ക്കുന്നു നീളവേ.

*　　　*　　　*

പവിഴരേഖയാൽ ചുററുമനന്തമാം
ഗഗനസീമയിൽ പ്രേമപ്പൊലിമയിൽ,
കതിർവിരിച്ചു വിളങ്ങുമക്കാർത്തികാ
കനകതാരമുണ്ടെൻകർമ്മസാക്ഷിയായ്.
അവളുപാങ്കിലല്ലൂരെയാണെങ്കിലു-
മരികിലുണ്ടെനിയ്ക്കെപ്പൊഴും കൂട്ടിനായ്.
കഠിനകാലം കടറാമൊരല്പമാ-
ക്കവിളിണയിൽക്കലർത്താതിരിക്കണേ!

*　　　*　　　*

പരിഭവത്തിൻ പരുഷപാഷാണകം
തുരുതുരെയായ്പ്പതിച്ചു തളർന്നൊരെൻ
ഹൃദയമൺഭിത്തി ഭേദിച്ചുതിരുമീ
രുധിരബിന്ദുക്കളോരോന്നുമൂഴിയിൽ
പ്രണയഗാനമെഴുതുന്ന തൂലിക
ക്കുണർവിയററുമോ?—യേററാൽ ഫലിക്കുമോ?



Digitized By Kerala Sahitya Akademi

## ൯൪. നാളത്തെ പ്രഭാതം

**നാ**ളത്തെ പ്രഭാതമേ നിൻമുഖം ചുംബിക്കുവാൻ
നാളെത്രയായീ കാത്തുനില്പിതെന്നാശാപുഷ്പം!
നീളത്തിൽ നിന്നെക്കണ്ടു ഘ്ലുക്കുവാനായിക്കണ്ഠ-
നാളത്തിൽത്രസിക്കുന്നുണ്ടെന്നന്ത്യസംഗീതകം!
പാടി ഞാനിന്നോളവും നിന്നപദാനം മാത്രം
വാടിയെൻ കരളെന്നും നിന്നഭാവത്താൽ മാത്രം!
ഗോപുരദ്വാരത്തിങ്കൽ നില്ക്കും നിന്നനവദ്യ-
നൂപുരക്വാണം കേട്ടെൻ കാതുകൾ കുളുക്കുന്നു!
ബദ്ധമാം കവാടം ഞാനെന്നേയ്ക്കും തുറന്നാലും
മുഗ്ദ്ധ നീ മുന്നോട്ടെത്താനെന്തിനു ലജ്ജിക്കുന്നു!
അങ്ങുവന്നെതിരേല്ക്കാനാകാതെ ചുഴലവും
തിങ്ങുമീയിരുൾക്കുള്ളിൽ വീണു ഞാൻ വിലപിപ്പൂ!
തെല്ലൊരു വെളിച്ചമില്ലോമനേ,യിതായെൻറ
പുല്ലുമാടവും കത്തിച്ചെത്തുകയായീ ദാസൻ......!!



Digitized By Kerala Sahitya Akademi

## ൬൬. വരുന്നു ഞാൻ

I

പാതിയും കഴിഞ്ഞതില്ലെൻഗ്രന്ഥപാരായണം
ഭീതിദമിതിന്നന്ത്യമെന്തിനായാരായേണം?

ഘോരാതൃഷ്ണനാമെന്റെ നീട്ടറ്റ നിത്യാദ്ധ്വാനം
പാനപാത്രത്തിൽ വെറും കണ്ണുനീർ നിറപ്പാനാം!
പാതയിലിളംകാറ്റുമിളകുന്നീല ചെറ്റും,
പാതിരാപ്പിശാചിന്റെ നർത്തനരംഗം ചുറ്റും!
അക്ഷരമോരോന്നും ഞാൻ വായിച്ചുതീർക്കുന്നേരം,
അക്ഷികൾ ചുടുബാഷ്പാലന്ധമാകുന്നു പാരം!
ഏറുമെൻനെടുവീർപ്പിൻ നിശ്വാസനിപാതങ്ങൾ
—വീറുമീഹൃദയത്തിൻ നിശ്ശബ്ദഞരക്കങ്ങൾ—
മതി,യിബ്ഭയാനകമൂകത ഭഞ്ജിക്കുവാൻ
മതിയിൽക്കുറേക്കൂടി തീക്കനൽ ചൊരിയുവാൻ!

II

ആദ്യത്തെയദ്ധ്യായങ്ങളൊക്കെവേയമൂല്യങ്ങൾ,
—ആനന്ദാർണ്ണവത്തിലെസ്സുന്ദരതരംഗങ്ങൾ—
ആയതിന്നാന്ദോളനമേറ്റു ഞാൻ പോയിപ്പോയി
ആഴമേറീടും കയംതന്നിലാപതിക്കയായ്!
ഇനിയും മുന്നോട്ടേക്കോ......? വേണ്ടിതിന്നവസാനം
ഇതിലും ഭയാനകമാകുവാനത്രേ നൂനം!

നൂറ്റിത്തൊണ്ണൂറ്റാഞ്ച്

Digitized By Kerala Sahitya Akademi

കർത്തൃകയാണെന്നാലുമെൻമുന്നിൽ ഗതഭയം
കർത്തവ്യം നടത്തുവാനേതൊരു ദീപം സ്വയം!
ഞാനതുമനാദരിച്ചെങ്ങിനെ വിരമിക്കും?
കാണുവതസഹ്യമാ,ണെങ്ങിനെ മുഴമിക്കും?

III

അങ്ങതാ, മമ ഭാഗ്യപുണ്യമെൻമലർശ്ശയ്യ,
ഭംഗിയായൊരുക്കിയെന്നാഗമം കാക്കുന്നയ്യാ!
നിദ്രയും വെടിഞ്ഞു ഞാൻ വായനയാന്നാലേവം
ഭദ്രയാമവളൊന്നു കണ്ണടസ്സുമോ പാവം!
കാമനേ, വരുന്നു ഞാൻ, വായന നിറുത്തട്ടേ
ഈ മണിദീപാങ്കുരം ഞാൻതന്നെ കെടുത്തട്ടേ......!!



Digitized By Kerala Sahitya Akademi

## ൯൩. വിശ്വഭാരതിയിൽ

പുസ്തകം ദൂരത്തെറിഞ്ഞെന്റെ കുട്ടി-
പ്പൂത്തിലഞ്ഞിച്ചോട്ടിലൊന്നിച്ചിരിക്കുവിൻ.
വിജ്ഞാനജിജ്ഞാസയേറുന്ന നിങ്ങളീ
വിശ്വത്തെ വീക്ഷിച്ചു സംതൃപ്തി നേടുവിൻ;

പുല്ലാണു പുസ്തകങ്ങളൊന്നും പുലരിതൻ
പുല്ലാങ്കുഴൽവിളി വന്നു പുണരവേ;
തോല്ക്കുകിലെന്തു് പരീക്ഷയിൽ? തെല്ലുമേ
തോല്ക്കൊല്ലാ സൗഭഗാസ്വാദനത്തിങ്കൽ നാം.

പുസ്തകകീടങ്ങളായിട്ടനാരതം
മസ്തകം താഴ്ത്തി നാം മൗനം ഭജിക്കുകിൽ
സാരശൂന്യങ്ങളാമോരോ നിമിഷവും
കൂരിരുൾക്കുള്ളിലടിഞ്ഞുപോം നിഷ്ഫലം!

പണ്ടു പഠിച്ചുള്ള പാഠമുരുവിട്ടു
തൊണ്ടവരട്ടുന്ന പണ്ഡിതമ്മന്യരാൽ
ശിക്ഷണം ചെയ്യും കലാലയാലംബർ നാം
ലക്ഷണംകെട്ടവരായിച്ചമഞ്ഞുപോയ്!

മാനവനാകാൻ കൊതിക്കുന്ന മർത്ത്യനെ
വാനരനാക്കും കലാലയാദ്ധ്യായനം
വിതാനലജ്ജം തുടങ്ങുന്നതെന്തൊരു
പാതാളമെത്തുവാനയ്യോ! ഭയങ്കരം!

ആറിത്തൊണ്ണൂറോളു്

Digitized By Kerala Sahitya Akademi

വാസ്തവം കൈവിട്ടതിൻ പാഴ്നിഴലിനെ-
വാഴ്ത്തുവാൻമാത്രം പഠിച്ചവരായ നാം!
അന്തമററുന്നുഖനാകും സനാതന-
ഗ്രന്ഥത്തിലേക്കൊന്നു കണ്ണയച്ചീടുകിൽ

അജ്ഞാതമാമിതിന്നാന്തരാത്ഥം കുറ-
ച്ചാത്മാവറിയാതെ ശാന്തിയുണ്ടാകുമോ?

അല്പവും നില്ക്കാതെ കാലമതിനുടെ
രാപ്പകൽത്താളുകൾ മുന്നോട്ടു നീക്കവേ

മത്ത്യനറിയേണ്ട പാഠങ്ങളെത്രയോ
വ്യക്തമായ് മാഞ്ഞുമറയുന്നു നിത്യവും!

താവുന്ന സംസാരസന്താപമേഘങ്ങൾ
താഴ്ത്തരമെത്രമേൽ മൂടിനിന്നീടിലും,

പ്രത്യഗ്രഭാഗത്തിലെപ്പൊഴും മിന്നുന്നു
നിത്യപ്രകാശനിമഗ്നശിരസ്കരായ്,

ചിന്താനിരതരചലേന്ദ്രരാം, മുനി-
വൃന്ദങ്ങളോതുന്ന ദിവ്യതത്വങ്ങളെ

പാട്ടിൽ ഗ്രഹിച്ചു പതഞ്ഞൊഴുകീടുന്ന
കാട്ടാറുതന്നുടെ കല്ലഗാനങ്ങളും;
ജീവിതപത്രങ്ങൾ മേല്ക്കുമേൽ വീഴ്കിലും,
ഭാവി കരങ്ങളാലെത്ര മാച്ചീടിലും,
ഭൂയോപി ഭൂയോപി കായത്തിനോടൊത്തു
സായൂജ്യമാളുന്ന തൻനിഴല്പാടിനെ,

നോക്കിത്തൊണ്ണൂറെട്ട്

Digitized By Kerala Sahitya Akademi

ശ്രദ്ധിച്ചുനോക്കിപ്പഠിച്ചോ രഹസ്യങ്ങ-
ളുദ്ധരിച്ചിദ്ധരതന്നിൽ പരത്തുവാൻ

പാടുപെട്ടീടും പരാർത്ഥശരീരരാം
പാദപപാളിതന്നോരോദളങ്ങളും;

വ്യാകരണത്തിന്നിരുമ്പറക്കൂട്ടു വി-
ട്ടാകാശമെങ്ങും പറക്കും കിളികൾതൻ

സ്വാതന്ത്ര്യസംശുദ്ധഗാനമകരന്ദ-
പൂതകല്ലോലിനി തന്റെ വിശുദ്ധിയും;

സത്തുമനന്തം തിരഞ്ഞൊടുവിലുള്ളതാം
സത്യസ്വരൂപം പാരംശിഗ്ഗാഭയം

ആശ്വാസമേകുന്ന [illegible] തെന്നലിൻ
ശാശ്വതശാന്തിതൻ സന്ദേശസാരവും;

ലോകോത്തരസ്നേഹശുദ്ധിയെ, ദിവ്യമാം
ത്യാഗത്തിലെത്തിച്ച ശ്രേഷ്ഠരായ്, നിത്യരായ്,

മന്ദഹസിച്ചു മറഞ്ഞുപോയീടുന്ന
മഞ്ഞുകണികതൻ നിസ്വാർത്ഥജന്മവും;

കണ്ടു പഠിക്കുവിൻ, കേട്ടു പഠിക്കുവിൻ
കണ്ണും തുറന്നുകൊണ്ടുച്ചരിച്ചീടുവിൻ......!!

ആയിരത്തൊണ്ണൂറൊമ്പത്

വന്ന

Digitized By Kerala Sahitya Akademi

## ൯൮. ഞാനിതാ വിരമിപ്പൂ

മാപ്പെനിയ്ക്കേകു ഭദ്രേ! മാമകസങ്കേതപ്പൂ-
ന്തോപ്പിലെന്നെന്നും നില്ക്കും സുന്ദരവാസന്തികേ!
ഒററ വാക്കെനിയ്ക്കില്ലിന്നുത്തരമോതാൻ, നില്ക്കാ-
തുൽഗമിച്ചീടുമെൻെറ കണ്ണുനീരുറവെന്യേ.

താന്തനായ് തണലിനും താങ്ങിനുമതീതനായ്,
ഭ്രാന്തനായനാദ്യന്തജീവിതാദ്ധ്വാവിൻ മദ്ധ്യേ
മൂകമായ്ക്കിടന്നൊരെൻ ജീവനിൽ പ്രേമപ്പുതു-
പ്പൂവിരിപ്പുണ്യാഹസ്സിൻ പുഞ്ചിരി പകർത്തിയും,
"ഉത്സവമുല്ലാസദം, ജീവിതം," ഏവം പാടി
മത്സിരാപ്രവാഹത്തിൽ പൊന്തിരയിളക്കിയും
ലോകത്തിനജ്ഞാതമായീ മണല്പുരതന്നിൽ,
ത്യാഗദേവതേ, നിത്യനർത്തനം നടത്തി നീ!
അന്യനുമഭ്യസൂയ ചേർത്തിടും വിധത്തിലീ
മന്നിൽനിന്നെന്നേയ്ക്കുമായെന്നെയുമുയർത്തി നീ!

* * *

പകലിൻ പകുതിയിൽ പാതിരാവിനെക്കണ്ടു
പതറിപ്പകച്ചു ഞാൻ നോക്കുന്നു നിരുന്മേഷം!
അസ്വാസ്ഥ്യമലതല്ലുമന്തരംഗത്തിൻ തപ്ത-
നിശ്വാസം പാളിക്കുന്നെൻ പട്ടടച്ചെന്തീയല്ലോ

ഇരുനൂറ്

Digitized By Kerala Sahitya Akademi

ഇരുളാണിരുളെങ്ങുമെങ്ങിനെ തുടരും ഞാ-
നിനിയും തീർക്കേണ്ടൊരെൻ തീർത്ഥയാത്രതൻ ശേഷം!

മാർഗ്ഗദർശനം ചെയ്യാനേന്തിയ മണിദീപം
മാററിനിർത്തിയതെന്തെൻ സ്വാർത്ഥാന്ധകാരത്തെത്താൻ!

കാററു വന്നുതിക്കെട്ടത്തീടാതെ വസ്ത്രാഞ്ചലാൽ
കാത്തു ഞാൻ സൂക്ഷിയ്ക്കയാൽ കെട്ടിതദ്ദീപാങ്കുരം!

*　　　　*　　　　*

ജീവിതമിനിയും ഞാൻ പേറിയും ത്യജിക്കില്ല-
മീവിധം കരയുവാനുള്ളതാം തവ ജന്മം......!

അമിതോല്ലാസപ്രദമായ നിൻമുഖം മേലിൽ
സമുദായത്തിൻവെറും സംശയമിരുളിക്കും!

ഞാനശക്തനാണതു കാണുവാ,നവസാന
ഗാനവും പാടാം; പാപപങ്കിലം മമ ജന്മം!!

വിണ്ണിനെക്കാട്ടിത്തന്ന നിൻമുഖത്തൊഴിയാത്ത
കണ്ണുനീരർപ്പിച്ച ഞാനെന്നെന്നും കൃതഘ്നൻതാൻ;
പരുഷതത്തിൻവെറും പര്യായഭേദം മാത്രം
പുരുഷൻ—ക്ഷമിയ്ക്കണേ—ഞാനിതാ വിരമിപ്പൂ......!!



Digitized By Kerala Sahitya Akademi

## ൬൯. കരയല്ലേ......!

കരയല്ലേ തങ്കം! കരയല്ലേ തങ്കം!
കളയല്ലേ കാലം കദനത്താൽ!
അഴകിൻ പൊടുന്നാടം, ക്ഷണികജീവിത-
മൊഴുകട്ടേ തോഷക്കുളിരാററിൽ!

പരിണാമിയാമീ മനുജജീവിതം
പലവഴിയൂടെ തിരിയേണം;
ഒരു നീണ്ടയാത്രസ്കൂടിമയല്ലിതി-
നൊരു ഭാരം പേറിത്തളരേണ്ട;

കവിതൻകണ്ഠത്തിൻ കളകളഗാന-
കലവിക്കാലപരിധികൾ
അതിലംഘിച്ചെന്നുമഭിനവമായി-
യലതല്ലിപ്പായുമവിതർക്കം,
അലരുകൾ വാടും. കൊഴിയും,മായവ-
യണിയുമ്പോഴെന്നാൽ കരയേണ്ടാ;

കരയല്ലേ തങ്കം! കരയല്ലേ തങ്കം!
കളയല്ലേ കാലം കദനത്താൽ!
മധുരസംഗീതം പരിപൂർണ്ണമാകാൻ
യതിഭംഗംവേണോ മതിയാവൂ;



Digitized By Kerala Sahitya Akademi

കരയല്ലേ.........!

പുരടവർണ്ണമാം പുത്തനിഴൽ തഞ്ചും
പുഴയിലാശീഷം മുഴുകുവാൻ
അടരും ജീവിതദലമെല്ലാം നിജ-
യരുണനസ്തമിച്ചിരുളുമ്പോൾ
കദനത്തിൻ ചാറു നുകരുവാൻ, ബാഷ്പ-
ഝരികതൻ സ്വർഗ്ഗമണയുവാൻ,
പ്രണയത്തിൻ കുളി മതിയാക്കാൻ കാലം
ക്ഷണനമായ് പിന്നിൽ പിടികൂടും:

കരയല്ലേ തങ്കം! കരയല്ലേ തങ്കം!
കളയല്ലേ കാലം കദനത്താൽ!
അതിവേഗം നമുക്കിവിടെയുള്ളതാ-
മലരറുക്കേണം മതിയോളം
അമലേയല്ലെങ്കിലണയുമത്തെന്നാ-
ലപഹരിച്ചേക്കുമഖിലവും!
സിരകളിൽപുത്ത രുധിരം പായുന്നു
ത്വരിതമായ്, കൺകൾ തെളിയുന്നു
അവസരം മാറില്ലിനിച്ചുംബന-
ശതമന്യോന്യം നാം പകരുവാൻ;

അറിക നമ്മൾതൻ നിമിഷജീവിതം
സുരഭിശാലയാൽ പരിപൂതം
നിശിതസുസ്ഥിരകരമാം വാഞ്ഛകൾ
നിയതം തൃപ്തിയാൽ പൊതിയേണം;

ഇരുപത്തിമൂന്ന്

Digitized By Kerala Sahitya Akademi

സമയത്തിൻ കരതലമൊഴുക്കുന്നു
മരണത്തിൻ മഞ്ജുമണിനാദം!

കരയല്ലേ തങ്കം! കരയല്ലേ തങ്കം!
കളയല്ലേ കാലം കദനത്താൽ!
മഹിതസൗന്ദര്യക്കുളിർനിലാവാക്കും
മതിയിലേകുന്നു മധുപൂരം;
മനുജജീവിതക്ഷണികതാളത്തി-
നനുകൂലിച്ചതും നടമാട്ടം;
ചിരിയൊന്നുപോലും മുഴുവനാക്കുവാ-
നരുതാത്ത മർത്ത്യൻ പറയുന്നു!
'അനഘം വിജ്ഞാന,'മതിനു കാരണ-
മവനുള്ള കാലപരിമാണം;
പരിപൂർണ്ണമാക്കാൻ കഴിയുകിലേതും
പരിശൂന്യംതന്നെ പരിശൂന്യം;

അഖിലം പൂർണ്ണമാണഖിലം ശാന്തമാ-
ണവിടെയാ നിത്യ സുരലോകേ,
ശരിയെന്നാൽ മന്നിൽ മഹിതപുഷ്പങ്ങൾ
പരിപൂർണ്ണം, നിത്യം മരണത്താൽ...!!



Digitized By Kerala Sahitya Akademi

## ൧൦. വിപ്ലവം! വിപ്ലവം!

എത്രകരികിലും, പിന്നെയും പിന്നെയും
പത്രം മുളയ്ക്കുമെന്നാശാപതംഗമേ!

പോകായ്ക്ക, പോകായ്ക്ക മേല്പോട്ടിരുൾത്തട്ടി-
ലേകാകിയായിക്കഴിയ്ക്കാം കുറച്ചുനാൾ;

വാരുററവാസരം കേട്ടു ചിരിയ്ക്കിലും
വാരുണിയെത്ര മുഖം കറുപ്പിക്കിലും

ഭാവപ്പകർച്ചയൊരല്പം ഗണിക്കാതെ
ഭാവിഭയാനകമെന്നുമോർത്തിടാതെ

ഇച്ഛയ്ക്കിണക്കിയപോലെ പലേതരം
സ്വച്ഛന്ദഗാനങ്ങൾ പാടിപ്പറന്നു നീ

സ്വാതന്ത്ര്യമാരാഞ്ഞു മുന്നോട്ടുപോയതി-
പ്പാരതന്ത്ര്യത്തിൽപ്പതിക്കുവാൻ മാത്രമാം!
അല്പംപരിമിതമെങ്കിലും പിന്നിട്ടോ-
രപ്രദേശംതാൻ പ്രഹർഷപ്രദായകം!

ക്ലേശം പുരണ്ടനിൻ കണ്ഠനാളം കുറ-
ച്ചാശ്വസിച്ചീടുമസ്സംഗീതമണ്ഡപം

നിന്നെക്ഷണിക്കയാണിപ്പൊഴും പിന്നോട്ടു
മിന്നൽപ്പിണക്കരം വീശിയിടയ്ക്കിടെ;



Digitized By Kerala Sahitya Akademi

ചിന്തയ്ക്കുമപ്പുറത്താരുമറിയാത്ത
ബന്ധുരമായൊരു പഞ്ജരാന്തസ്ഥയായ്
നിന്നെയോർത്തപ്പൊഴും സ്നേഹഗാനത്തിന്റെ
പൊന്നലവീശുന്ന പുണ്യത്തിടമ്പിനായ്
നിൻനിത്യസങ്കല്പഗാനം പതിവുപോൽ
വിൺതട്ടിലെങ്ങാനമെത്തിമുട്ടീടവേ
"ദുസ്സഹം! ദുസ്സഹം! ദുർവ്വിഷപൂരിതം!
ദുസ്സ്വഭാവത്തിൻ പ്രദർശന"മാണുപോൽ!
കഷ്ടം! 'കല കല'യ്ക്കുന്ന മഹദ്വാക്യ-
മൊട്ടുമറിയാത്ത സാഹിത്യദാസരേ!
കാലത്തുരുമ്പിൽ മുറുകെപ്പിടിക്കുന്ന
ലീലയ്ക്കു ഞാനിതാ കൈതൊഴാം കൈതൊഴാം.

ആവൽച്ചിറകടികൊണ്ടു മുഖരിത-
മാകുന്നു നിരന്ധ്രനീലനഭഃസ്ഥലം
നേരിൽപ്രഭാകരൻ നീളെ നിറയുന്ന
നീരദപാളിയാൽ നിഷ്പ്രഭനാകവേ
ആവശ്യമില്ല നിന്നാത്മസംഗീതങ്ങ-
ളീ വിശ്വമത്രമേൽ പാതാളമാണ്ടുപോയ്!

മേല്ക്കുമേൽ തിങ്ങുന്ന കൂരിരുൾമഗ്നമാം
രാക്കുയിലോർക്കാതെ രാഗം തുടങ്ങിയാൽ
പേക്കിനാവിങ്കൽ കഴിയുന്ന മൂങ്ങകൾ-
ക്കോക്കവാൻ വയ്യവ മൂളാൻ തുടങ്ങിടും!

ഇരുന്നൂറാറ്

Digitized By Kerala Sahitya Akademi

## വിപ്ലവം! വിപ്ലവം!

ലോകവികൃതികൾ കണ്ടൊരു താരകം
ശോകരസസ്ഫുരൽപ്പുഞ്ചിരി തൂകിയാൽ
കാളുമസൂയ ഘനീഭവിച്ചുള്ളതാം
കാളാംബുദങ്ങൾ മുരങ്ങാൻ തുടങ്ങിടും!

ലോകത്തിനുണ്ടൊരു കാഞ്ചനകഞ്ചുകം
ലോലം — സദാചാരമെന്ന നാലക്ഷരം!
ആയതിനുള്ളിലടങ്ങുന്നതില്ലെത്ര-
-മായാത്ത ബീഭത്സനഗ്നചിത്രം നരൻ!

സത്യം തിരയുമെന്നാത്മാവതിന്നുടെ
സത്യമസത്യം തുറന്നു കാട്ടീടവേ
ആട്ടിൻതുകലിട്ട ചെന്നായ്ക്കളൊക്കെയു-
-മാർത്തുവിളിക്കുന്നു 'വിപ്ലവം! വിപ്ലവം!'

ആദർശജീവിതം പാടിനടക്കുന്ന
മാദൃശരെത്രമേൽ സുസ്ഥിരരാകിലും
മർത്ത്യൻ സമുദായജീവിയാണെങ്കിലോ
മററഭിപ്രായങ്ങളാദരിച്ചീടണം;

കാരുണ്യമററ പരിതസ്ഥിതികൾതൻ
ക്രൂരദംഷ്ട്രയ്ക്കും വിധേയനായീടണം;
ആഴമേറീടുന്നൊരാഴി കടക്കിലും
ആഴക്കുവെള്ളത്തിൽ മുങ്ങിമരിക്കണം!!

ഇരുനൂറേഴ്

Digitized By Kerala Sahitya Akademi

## ൭൫. വസന്തം കഴിഞ്ഞു

**തോഴി:—**

“തരളിത'താരകേ!' നീയിനിയും
തളരാതെ പാടുന്നതാരു കേൾക്കും?
അതിദഗ്ദ്ധമായനിൻ തന്ത്രികളി-
ലനിരുദ്ധഗാനത്തിനർത്ഥമില്ലേ!”

**നായിക:—**

“മദിരോത്സവത്തിൽ മുഴുകിയോരോ
മധുമാസം തോഴി, മറന്നെന്നാലും
അകലെയലസമലയടിക്കും
അരുവിയിഗ്ഗാനങ്ങളേറ്റുപാടും.”
“സ്മരണതൻ മഞ്ജുളമന്ദഹാസം,
അരുണാഭമന്നത്തെയന്തരിക്ഷം,
ഇനിയെത്ര കണ്ണീരൊഴുക്കിയാലും
കനിവറ്റ കാലം തെളികയില്ല!”
“അഖിലവും, സാക്ഷിയായ് കണ്ടിരുന്നോ-
രവസരം മേലിലദൃശ്യമെങ്കിൽ,
ഒഴിയാതൊഴുകുമിത്തപ്തബാഷ്പം
മിഴിയിൽനിന്നെന്നും മറച്ചുകൊള്ളും!”
“തളിരുണ്ടതാരുണ്യശ്രീയിൽത്തത്തും
കളകണ്ഠം പാടിപ്പറന്നുപോയി!”
“മകരന്ദം പെയ്യുമഗ്ഗാനനാള-
മനുവേലമെന്നുള്ളിൽ മാറ്റൊലിക്കും”

ഇരുനൂറൊട്ട്

Digitized By Kerala Sahitya Akademi

“സുലഭമപ്പുഞ്ചിരിയാകും ചിത്ര-
ശലഭങ്ങളെല്ലാം കരിഞ്ഞുപോയി!”
“അഴകിൻകണികകളെങ്കിലും ഞാൻ
മഴവില്ലിൽക്കണ്ടുകൊണ്ടാശ്വസിക്കും”
“പുളകം പുരട്ടിടുമാ വചസ്സാം
പുതുമലരെല്ലാം കൊഴിഞ്ഞുപോയി!”
“പരമനിർവ്വാണദമാ,മവതൻ
പരിമളധോരണി വീശിവീശി,
അഭിരാമസ്വപ്നശതങ്ങൾ, തീർപ്പോ-
രവഗാഹകാവ്യങ്ങൾ ഞാൻ പാടിക്കും.
പ്രണയത്തിൻ ചഞ്ചൽച്ചിറകുവീശി-
യകലത്തൊരാത്മാവലഞ്ഞുവെന്നാൽ,
കഠിനനിരാശതൻ മണ്ഡലത്തിൽ
തടയും, തളരും, തകർന്നുപോകും!”
“ഇരുളിന്നടിത്തട്ടിലെത്രയെത്ര
കരളുകൾ തേങ്ങിക്കരഞ്ഞെന്നാലും,
കരിയുവാനുള്ള സുമങ്ങളെല്ലാം
വിരിയും, വിതറും സുഗന്ധസാരം;
തകരും ഞാൻ—ജീവിതമാകമാനം
പകരാവൂ പാവനപ്രേമഗാനം;
അനഘമാണെന്നതിലും മർത്ത്യജന്മം,
അനുരാഗിയെന്നാലതിലും കാമ്യം……!!



Digitized By Kerala Sahitya Akademi

## ൨൫. "തകരു! തകരു!"

രജനിത്തൈവല്ലിയിൽ വിടർന്ന വെള്ളിപ്പൂക്കൾ
വിജനപ്രദേശത്തും വാരൊളി വിതറവേ;
അവയെപ്പുണർന്നെത്തും കൊച്ചന്തിക്കുളിർത്തെന്ന-
ലമലസ്നേഹത്തിൻെറ സന്ദേശം പരത്തവേ;
തകരും താപത്താൽത്തൻ തൂലികയെറിഞ്ഞിട്ടി-
ക്കവിയെന്തേവമേന്തിക്കരവൂ സഗൽഗദം?

പൂർണ്ണമായില്ലാ കഷ്ടം! സായാഹ്ന രാഗത്തിനാൽ
വാർണ്ണീഷു പിടിപ്പിച്ചോരെൻ ചിത്രമതിൻ മുമ്പേ,
ഭാവനാലോകം വിട്ടു കീഴ്പോട്ടു പതിച്ചോരെൻ
തൂവലു ദൂരത്തെങ്ങിലെന്നതിൽ തെററാണാവോ?
പകലാം വെള്ളത്താളിൽപ്പകർത്തിക്കഴിയാത്ത
പല പാഠവുമുണ്ടെൻ ജീവിതഗ്രന്ഥത്തിങ്കൽ;
എഴുതിത്തീർക്കാത്തൊരച്ചിത്രവും കഷ്ടയാം കൈ
വഴുതിക്കുതിച്ചോരാപ്പൈങ്കിളി പോയാൽ പോട്ടെ;
ശരി,യെന്നാലും മുന്നിൽ നില്ക്കുമീ രജനിക്കും
ശിരസ്സിൽവരയ്ക്കുണ്ടോ വല്ലതുമൊരു മാററം?
കഴിയും കമനീയമാകുമീ രംഗമിപ്പോൾ
പൊഴിയാൻ കണ്ണീരുള്ളോർ സജ്ജരാകുകിൽപ്പോരും!

* * *

ഇരുന്നൂററിപ്പത്തു്

Digitized By Kerala Sahitya Akademi

“തകരു! തകരു!”

സത്യസൗന്ദര്യങ്ങൾതൻ സന്ദേശകാരൻതന്റെ
ശുദ്ധമാനസം വീഴ്ത്തും കണ്ണീരുതാനാം കാവ്യം;
ഒന്നുകിലാനന്ദത്താലല്ലെങ്കിലാതങ്കത്താ-
ലൊന്നിനെൻ ഹൃദയത്തിൽ സ്ഥാനമില്ലല്പംപോലും

രാഗമൂകമാമൊരു സായാഹ്നമുകിലാം ഞാൻ
ത്യാഗിയാം കാർമ്മേഘമായ്ക്കരയാൻ പിറന്നതാം.
മിന്നലിൻ സാരിത്തുമ്പിൽച്ചെന്നെത്തിപ്പിടിക്കുവാ-
നൊന്നിവൻ വെമ്പി, ക്കുന്നിൽ തടഞ്ഞു തകരുമ്പോൾ

തപ്തമാമൊരു ചിത്രമെങ്ങാനും കുളൂത്താൽ ഞാൻ,
ശപ്തനാണതാണെന്റെ ജീവിതമുദ്രാവാക്യം!

കരയാൻമാത്രം രണ്ടു കണ്ണുമായ്പ്പിറന്ന ഞാൻ
തിരയാനിനിയെങ്ങുമില്ലയെന്നാനന്ദത്തെ
ഇനിയും പിളക്കേണം, കൂരിരുൾപ്പാറസ്സുള്ളിൽ
കനിവിന്നുറവല്പമുണ്ടെങ്കിൽ കണ്ടെത്തുവാൻ

സിരയിൽക്കിടപ്പുണ്ടു ചെഞ്ചോര കുറച്ചതും
ചൊരിയാൻ മടിയില്ലിപ്പാഴ്മരുപ്പരപ്പിൽ താൻ!
പോകട്ടെ മുന്നോട്ടുതാനെന്നാലുമെനിക്കാട്ടെ
ശോകസിന്ധുതന്നാഴം കണ്ടതിനൊന്നാം മുദ്ര!!

*　　　*　　　*

വിടർന്ന താരിൻ ചിരിയല്ല,തു കൊഴിയുമ്പോൾ
വിടുന്ന നെടുവീർപ്പെൻ മാനസമുണർത്തിപ്പൂ!

ഇരുന്നൂറ്റിപ്പതിനൊന്ന്

Digitized By Kerala Sahitya Akademi

മൗക്തികം വിളവത്തുകൊണ്ടല്ല, നീർപ്പോളകൾ
നിത്യവും തകരലാലാണാഴിയോടെൻ പ്രേമം!

താരകത്തങ്കപ്പുള്ളി താവിടും നീലാംബര-
ധാരിയായെത്തിടുന്ന യാമിനി ചിരിയ്ക്കട്ടെ!

കൂരിരുൾദ്ദാരിദ്ര്യത്തിന്നുള്ളിൽനിന്നുൽഗമിക്കും
നേരിയ നെടുവീർപ്പിൻ കാരണമാരായാം ഞാൻ;

"തകരൂ, തകരൂ"യെൻമാനസം മന്ത്രിക്കുമ്പോൾ
"നുകരൂ, നുകരൂ" എന്നോതുവാനശക്തൻ ഞാൻ!

ഞാനെന്റെ ചുടുബാഷ്പാലെൻകാവ്യം വിരചിയ്ക്കാം,
ആനന്ദകാവ്യത്തിന്റെ കർത്തൃത്വം പ്രകൃതിക്കാം...!!



Digitized By Kerala Sahitya Akademi

## ൯൨. തകരാത്ത നിഷ്പ്രാള

കാലത്തിൻ വേലക്കാരിയാം വാസരം
വേലചെയ്തു വലഞ്ഞു വശംകെട്ട്,
അന്ത്യയാത്രയും ചൊല്ലി, ദഹിക്കവേ,
അന്തരിക്ഷമിരുണ്ടു പുകയാലേ!
തങ്കരളാം കരിങ്കല്ലലിയാതെ
ശങ്കയെന്യേ, മുതലാളിതൃപ്തിക്കായ്
മങ്കയാൾ മൂലമന്നതാനാർജ്ജിച്ച
തങ്കനാണ്യങ്ങളെണ്ണുന്നുഢുച്ഛലാൽ!
അന്തിയോളമലഞ്ഞു നടന്നൊരെ-
ന്നന്തരംഗത്തിനാർത്തി കെടുത്തുവാൻ,
കിട്ടിയില്ലിററു കഞ്ഞിത്തെളിപോലും,
കഷ്ടമെന്നാശയൊക്കവേ നിഷ്ഫലം!
ആലസമെന്നിയേന്നുമരുളുമൊ-
രാലയദ്വാരമെത്തിയുല്ലുണ്ടയാൽ
മുട്ടി ഞാനിന്നു,മെങ്കിലൊരുത്തരം
കിട്ടിയില്ല, തുറന്നില്ല വാതിൽ മേ;
വെന്തു തീവ്രമെരിയുമെൻ ഹൃത്തിങ്കൽ
ചന്ദനച്ചാർ പുരട്ടും കരത്തിലും,
ഈറനുകമ്പ വീഴ്ത്തുവാനില്ലാതെ
വററിയോ? മമ കൈക്കുമ്പിൾ ശൂന്യമായ്!

ഇരുന്നൂറിപ്പതിമൂന്ന്

Digitized By Kerala Sahitya Akademi

സ്തന്യമററതാം മാതാവുതൻചേരാ-
തന്നെയല്ലയോ, പൈതൽ റംകരുന്നു;
നിഷ്കളങ്കമെൻ കണ്ണീർപ്രവാഹത്താൽ
മൽക്കരക്കമ്പിൾ പൂർണ്ണമായ്ത്തീരട്ടെ.

നീണ്ടുകാണും നിരാശതൻ നർത്തന-
മണ്ഡപമാകുമീ നിശീഥത്തിങ്കൽ,
എന്തുകൊണ്ടു നശിച്ചില്ലീ ബുദ്ബുദം,
വൻതിരമാല തല്ലിത്തകർത്തിട്ടും?

നീളവേ, ഞാൻ വൃഥാവിലായെന്തിനു
'നാളെ'യെന്നു സമാശംസിച്ചീടുന്നു?
നാളെ—യെന്നുടെ പട്ടടയിൽ തൃണ-
നാള—മല്ലയോ? ഇന്നത്തെയാണു ഞാൻ.

———·›·———



Digitized By Kerala Sahitya Akademi

## ൪൭. വിസ്മൃതമാകണം

മരണമേ! മമ സ്വാഗതം! ഭുവിൽ മേ-
ലമരണമെന്നതാശിപ്പതില്ല ഞാൻ!
ധരണിയാമിരുൾക്കുണ്ടിൽനിന്നെന്നേയ്ക്കും
ശരണമേകുക ശാശ്വതാനന്ദമേ!

*　　　*　　　*

കരിമുകിൽമാല മിന്നുമൊരംബര-
ത്തെരുവിലെങ്ങുമലയുമെൻ ചിത്തമേ!
മതി, മതി, തവ ചിന്തകളിക്കൊടും-
ചിതയിൽ വീണങ്ങു വെണ്ണീറടിഞ്ഞല്ലോ!
വികൃതമാകുന്ന മൃണ്മയമീ ഗാത്രം
ചെറുകൃമികൾക്കുമാഹാരമാകട്ടെ!

നിരവധിനാളുകൊണ്ടു ഞാനാർജ്ജിച്ച
നിരുപമാനന്ദസ്വപ്നം തകർന്നുപോയ്!
മമ പ്രണയലതിക തഴയ്ക്കുവാൻ
മരണശാഖിയിൽത്തന്നെ പടരണം!
കരൾതകർന്നു ഞാൻ മണ്ണടിഞ്ഞാലൊരു
കരിയിലപോലുമില്ല കരയുവാൻ
വിടപിയിലൊരു പത്രം കൊഴികിൽ
വിടവവിടെയൊരല്പമുണ്ടാകുമോ?

ഇടപ്പള്ളി—൧൧൯൨ മീനം, ൨൩



Digitized By Kerala Sahitya Akademi

കടലിനെന്തൊരു നഷ്ടമൊരുതിര
കരയൊടേററു തകർന്നുപോയീടുകിൽ?
പുലരിതന്നുടെ പുഞ്ചിരിക്കൊഞ്ചലും
പുറകിലായെത്തും കണ്ണീർപ്രവാഹവും,
വളരൊളിവാനിൽ വീശും കളർമതി
വിളറിയങ്ങു മറഞ്ഞുപോകുന്നതും;
ചിരസുകൃതഫലമാം തടില്ലത
ഒരു ഞൊടിയിൽ പൊടിഞ്ഞു വീഴുന്നതും;
നിരവധി സുമരാജിയെത്തന്നുടെ
നിറകതിരാൽ വിടർത്തിയ ഭാനുമാൻ
കരുണ തെല്ലുമിയലാതവകൾതൻ
മരണശയ്യ വിരിച്ചു പിരിവതും;
പ്രതിദിനം കണ്ടുപോരും പ്രകൃതിയ്ക്കെൻ
പ്രലപനങ്ങൾ വൃഥാവിലായ്ത്തോന്നിടാം;

അബലമാരുടെ ജന്മമനന്തമാ-
മവശതതന്നണിയറതന്നെയാം;
മമ തനുവിൻെറ സൗഭാഗ്യം കണ്ടാദ്യം
മതിമറന്നെത്ര തോഷിച്ചതില്ല ഞാൻ!
കഠിനം, മിക്കായ കാന്തിയാം പീയൂഷം
കണവനുള്ളൊരു കാകോളമായെന്നോ!
പരിണയിയ്ക്കാനൊരുത്തൻ, നിവൾ പിന്നെ
പരപുരുഷനു പാവയായാടണം!

ഇരുനൂററിപ്പതിനാറ്

Digitized By Kerala Sahitya Akademi

## വിസ്മൃതമാകണം

പ്രണയം — എന്നുടെ ജീവിതസർവ്വസ്വം —
പണയമാക്കണംപോൽ, ഞാൻ പണത്തിന്!

അനഘനിർമ്മലപ്രേമത്തിൻ മുമ്പില-
ക്കനകകുംഭങ്ങൾ പാഴ്ക്കരിക്കട്ടകൾ!
പുതുപരിഷ്കൃതികൾതെല്ലുമേശാത്ത
ചെറുകുടിലുകൾ, ചേണെഴും സൗധങ്ങൾ!

മധുപപാളി മരന്ദം നുകർന്നനം
മദതരളിതരായി മടങ്ങുമ്പോൾ;
ഉലകിൽദൗഷ്ട്യമറിയാത്ത താരുകൾ
തലകുനിച്ചുകരഞ്ഞു കഴിയണം!
മഹിള ഞാനെന്റെ മാനം നശിപ്പിച്ചി-
മ്മഹിയിൽവാഴ്വാനാശിപ്പതില്ലല്ലം!
സതികൾതന്നുടെ പാദം തുടർന്നിവൾ
പതിവ്രതയായിത്തന്നെ മരിച്ചിടാം!

* * *

ഇനിയുമുണ്ടൊരു ജന്മമെനിക്കെങ്കി
ലിതൾവിടരാത്ത പുഷ്പമായ്ത്തീരണം;
വിജനവിപിനലെങ്ങാനതിൻജന്മം
വിഫലമാക്കീട്ടു വിസ്മൃതമാകണം!



Digitized By Kerala Sahitya Akademi

## ഒ. ഫ്രൻെറ പോക്ക്

ഉച്ചവെയിലേററു വാടും കൈവല്ലിയിൽ
പിച്ചപ്പാഴ്ക്കുമ്പിളുമേന്തിയേന്തി;

മേല്ക്കുമേൽ വീഴുന്ന പാരുഷ്യമാർന്നിടും
വാക്കതൻ കല്ലേറു പേറിപ്പേറി;

കണ്ടകാകീർണ്ണങ്ങളായിടും വീഥികൾ
കണ്ടകമൊട്ടൊട്ടു വാടിവാടി;

ആശാസുമങ്ങൾ വിരിച്ചിട്ടു മാർഗ്ഗത്തിൽ
ക്ലേശങ്ങളാകവേ മാററി മാററി;

സ്വപ്നസുഖങ്ങൾതൻ ശീതളച്ഛായയിൽ
സ്വസ്ഥമായ് വിശ്രമം തേടിത്തേടി;

പിന്നിട്ടു കാലടിയോരോന്നും ചിത്തത്തിൻ
സ്പന്ദനാൽ തിട്ടമായെണ്ണിയെണ്ണി;

വററാത്തൊരിററനുകമ്പ ലഭിക്കുവാൻ
ചുററിത്തിരിഞ്ഞു ഞാൻ നാൾ കഴിപ്പൂ!

---



Digitized By Kerala Sahitya Akademi

## ൬൭. സ്വപ്നാപഹാരി

കോകിലപാളിതൻ കാകളിത്തേൻതെളി
കാതിൽ പകരുമൊരാരാമത്തിൽ

ഫുല്ലപ്രസൂനങ്ങളൊത്തുല്ലസിച്ചീടുന്ന
വല്ലീമതല്ലികൾതൻ നടുവിൽ; .

വെൺകുളിർക്കല്ലുകളാലേ വിരചിച്ച
കൺകവരും മേടതന്നങ്കണത്തിൽ;

മുന്തിരിപ്പച്ചയാൽ ശീതളമായൊരു
ബന്ധുരമായ നികുഞ്ജംതന്നിൽ;

മധ്യാഹ്നവേളയിലോമലാളൊത്തിരു-
ന്നിത്തരമോരോന്നുരച്ചു ഞാനും:—

"ദിവ്യമാം പ്രേമവും താരുണ്യസമ്പത്തും
സർവ്വേശൻ നമ്മൾക്കായേകിടുമ്പോൾ

പാരിടം തന്നിലെജ്ജീവിതം ദുഃഖമായ്
തീരുവാനെന്തൊരു ബന്ധമാവോ?

സ്നേഹത്തിൻ സാരമറിയാത്തതായൊരു-
സ്നേഹിതരാരുമീ നമ്മൾക്കില്ല;

സ്നേഹത്തിലന്യരെ മുന്നിട്ടു പോകുവാൻ
മോഹിപ്പതെന്ന്യേ മററാശയില്ല;



Digitized By Kerala Sahitya Akademi

പ്രേമകഥകൾ കുറിക്കുന്ന പുസ്തക-
സ്തോമമല്ലാതെ നാം വായിപ്പീലാ;
നീടുററ നമ്മൾതൻ പ്രേമാപദാനത്തെ
പ്പാടിപ്പുകഴ്ത്തിടും വാക്കുകൾ തൻ-
മന്ദതയോർക്കുമ്പോളെങ്ങിനെയാണല്ലും
മന്ദഹസിയ്ക്കാതിരിപ്പൂ നമ്മൾ?"

II

യാമിനീദേവിതന്നാഗമവേളയിൽ
വ്യോമത്തെ നോക്കി ഞാനേവമോതി:—
"കത്തുന്ന ദീപത്തിനുള്ള നിഴലിൽ, ത-
ന്നത്തുംഗകാന്തി മറഞ്ഞിടുമ്പോൾ,
പൂങ്കാവിൽനിന്നുൽഗമിക്കും നെടുവീർപ്പും
പൂഞ്ചോലതന്നുടെ മർമ്മരവും
ചട്ടററ വേണുവിൻ സംഗീതഘോഷവും
തട്ടിയീ വായു കനക്കുംനാളിൽ;
മൃണ്മയദേഹം വെടിഞ്ഞിട്ടീയാത്മാക്കൾ
ചിന്മയൻതന്നിൽ ലയിക്കും നാളിൽ;
സുന്ദരമാമേതു താരമോ നമ്മൾതൻ
മന്ദിരമായിട്ടു തീർന്നിടുന്നു?"
മാമകചോദ്യങ്ങൾക്കൊന്നുമൊരുത്തര-
മോമൽ കഥിച്ചില്ല; സ്വപ്നമെല്ലാം!!

—•<>•—

ഇരുപത്തിയൊന്ന്

Digitized By Kerala Sahitya Akademi

## ൨൫. അന്ത്യസന്ദേശം

ഞാൻ ഉണർന്നെണീറ്റിട്ട് ദിവസങ്ങൾ അല്ലാ മാസങ്ങൾ വളരെയായി. കഠിനമായ ഹൃദയവേദന. ഇങ്ങനെ അല്പാല്പം മരിച്ചുകൊണ്ട് എന്റെ അവസാനദിനത്തെ പ്രതീക്ഷിക്കുവാൻ ഞാൻ അശക്തനാണ്. ഒരു കമ്മ്യൂണിസ്റ്റാകുവാൻ നോക്കി. ഒരു ഭ്രാന്തനായി മാറുവാനാണ് ഭാവം.

സ്വാതന്ത്ര്യത്തിനു കൊതി, അടിമത്വത്തിനു വിധി. മോചനത്തിനു വേണ്ടിയുള്ള ഓരോ മറിച്ചിലും ഈ ചരടിനെ കൊടുമ്പിരിക്കൊള്ളിക്ക മാത്രമാണ് ചെയ്യുന്നത്.

എന്റെ രക്ഷിതാക്കൾ എനിക്കു ജീവിക്കാൻ വേണ്ടുന്നവ സന്തോഷത്തോടും സ്നേഹത്തോടും തരുന്നുണ്ടായിരിക്കാം. പക്ഷേ ഈ ഔദാര്യമെല്ലാം എന്റെ ആത്മാഭിമാനത്തെ പാതാളംവരേയും മർദ്ദിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാഭാരമായിട്ടാണ് തീരുന്നത്. ഞാൻ ശ്വസിക്കുന്ന വായു ആകമാനം അസ്വാതന്ത്ര്യത്തിന്റെ വിഷബീജങ്ങളാൽ മലീമസമാണ്. ഞാൻ കഴിക്കുന്ന ആഹാരമെല്ലാം ദാസ്യത്തിന്റെ കല്ലുകടിക്കുന്നവയാണ്. ഞാൻ ഉടുക്കുന്ന വസ്ത്രംപോലും പാരതന്ത്ര്യത്തിന്റെ കാരിരുമ്പാണി നിറഞ്ഞതാണ്.

ഇതന്ത്യാക്കാരുടെ പത്തൊമ്പ്

Digitized By Kerala Sahitya Akademi

പ്രവർത്തിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, സ്നേഹിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ആശിക്കുവാൻ എന്തെങ്കിലുമുണ്ടായിരിക്കുക, ഈ മൂന്നിലുമാണ് ലോകത്തിലെ സുഖം അന്തർഭവിച്ചിരിക്കുന്നത്. ഇവയിലെല്ലാം എനിക്കു നിരാശയാണ് അനുഭവം. എനിക്ക് ഏകരക്ഷാമാർഗ്ഗം മരണമാണ് അതിനെ ഞാൻ സസന്തോഷം വരിക്കുന്നു. ആനന്ദപ്രദമായ ഈ വേർപാടിൽ ആരും നഷ്ടപ്പെടുന്നില്ല, ഞാൻ നേടുന്നുമുണ്ട്. മനസാ, വാചാ, കർമ്മണാ ഇതിൽ ആർക്കും ഉത്തരവാദിത്വമില്ല. സമുദായത്തിന്റെ സംശയദൃഷ്ടിയും നിയമത്തിന്റെ നിശിതഖഡ്ഗവും, നിരപരാധിത്വത്തിന്റെ മേൽപതിയ്ക്കരുതേ.

എനിക്കു പാട്ടുപാടുവാൻ ആഗ്രഹമുണ്ട്. എന്റെ മുരളി തകർന്നുപോയി.

കുറിപ്പുകൈ.

---

കൊല്ലം,
21—11—1111 }

ഇടപ്പള്ളി രാഘവൻപിള്ള



Digitized By Kerala Sahitya Akademi

# അവ്യക്തഗീതം

ഉൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## ൭. അവ്യക്തഗീതം

(ഗദ്യകവിത)

മഞ്ഞുതുള്ളിയ്ക്കു മന്ദഹസിക്കണം
—ഒരു നിമിഷം!
പനിനീർപ്പൂവിനു പരിമളം പരത്തണം
—ഒരു ദിവസം!
കാനനച്ചോലയ്ക്കു കാഞ്ചനതന്ത്രികൾ മീട്ടണം
—എന്നെന്നേയ്ക്കും!

എന്റെ ശിഥിലഹൃദയത്തിനു കരയണം
—"മതി!", എന്ന മൗനഗാനനാളം
എന്റെ കണ്ണുപുടത്തിൽ വന്നലയ്ക്കുവോളം;
പരിതൃപ്തിയുടെ പരിമൃദുലാധരങ്ങൾ
ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും
ആ കണ്ണുനീരുറവിനെ ചുംബിച്ചൊടുക്കുവോളം!
എന്തിനു്?...
ചിലർ പറയും, "വൃഥാ!"
അതാ ഒരവ്യക്തസ്വരം:—
"വെറുതെയൊന്നുമല്ല!"

* * *



Digitized By Kerala Sahitya Akademi

പ്രേമം!—
ഹിമകണികയുടെ ഒരു മധുരസ്വപ്നത്തിന്
അവൾ കൊടുത്ത ഒരോമനപ്പേരാണതു്!
അവൾക്കറിയാം,
മുൻപും പിൻപും ഇരുളാണെന്നു്!—
        വെറും ഇരുൾ!
ആ ഒരൊററ നിമിഷം മാത്രമേ
        അവളുടെ സ്വന്തമായിട്ടുള്ളു.
ആ രാഗിണി അതിനെ പാഴാക്കിയില്ല.
ആ മധുരസ്വപ്നത്തെ അവൾ സ്മരിച്ചു.
അതിനെ അവൾ വാസ്തവമാക്കി;—
അതേ, അവൾ ഒന്നു മന്ദഹസിച്ചു.
സംസാരസാഗരം മുഴുവൻ
അതിൽ നിഴലിച്ചു.
സർവ്വവും കഴിഞ്ഞു—അന്ധകാരമായി!
അവൾ നിത്യസുഷുപ്തിയുടെ മടിത്തട്ടിൽ
ശിരസ്സണച്ചു!

*        *        *

II

ആനന്ദം!
        മലർവല്ലരിയിൽ അങ്കുരിച്ച
        മനോജ്ഞമുകുളത്തിൻെറ
        മുദ്രാവാക്യമാണതു്.



Digitized By Kerala Sahitya Akademi

ആഴിയിൽ മറയുവാൻ ഒരുമ്പെടുന്ന അരുണൻ
അന്ത്യകിരണങ്ങളാൽ
ആ ലതയെ അവസാനമായി ആലിംഗനംചെയ്തു
ഒരു നെടുവീർപ്പിട്ടു. (കൊണ്ടു്,

ഒരു കൊച്ചോമനമുകുളം—
എന്താണാഃവാ അതിന്റെ സ്ഥിതി?

ഈ നിഷ്കളങ്കയ്ക്കറിഞ്ഞുകൂടാ ലോകമെന്തെന്നു്!
ദിനമണി അപ്പോൾത്തന്നെ കുറിച്ചിട്ടുണ്ടായിരുന്നു
ആ പൂമൊട്ടിന്റെ ജാതകം.

അവളുണ്ടോ അതറിയുന്നു?
ചന്ദ്രികാധവളമായ നിശാവേളകളിൽ,
അവിശ്വസനീയവും,
എന്നാൽ, ആനന്ദസന്ദായകവുമായ ഒരു സ്വപ്ന
ആ ഇളംകോരകം, (ത്തെ,
ആവർത്തിച്ചാവർത്തിച്ചു കണ്ടു.

ആനന്ദാതിരേകത്താൽ,
അവളൊന്നു പൊട്ടിച്ചിരിച്ചുപോയി!

ആനന്ദം!—
എവിടേയും അതിന്റെ തിരതല്ലൽ!

അവൾ വിചാരിച്ചു:—
"ജീവിതം ക്ഷണികം!
എങ്കിലും, അമൂല്യം!

ഇരുനൂററിരുപത്തെട്ടു്

Digitized By Kerala Sahitya Akademi

അതിനെ പരിപൂർണ്ണമാക്കണം—
ഒരു ദിവസംകൊണ്ടു്!"
നിസ്വാർത്ഥയായ അവൾ,
തനിക്കുള്ള സർവ്വസ്വവും
ലോകത്തിന്റെ മുമ്പിൽ കാഴ്ചവെച്ചു,
"അയ്യ!"—അവൾ പിറുപിറുത്തു;
"ലോകസേവനം എത്ര പരമാനന്ദകരം!
എനിക്കെന്നും ഇതുപോലെ ചെയ്യുവാൻ
സാധിച്ചെങ്കിൽ!"—

എന്നും!—
എന്തു ഫലം?

ഏതോ ഒരദൃശ്യഹസ്തം,
ഒരടിയിൽ അവൾക്കുള്ള അന്ത്യതല്പവും വിരിച്ചു
കാത്തിരിക്കയാണു്.

അവൾ പാടുന്ന ആ അവസാനഗാനത്തിന്റെ
പരിസമാപ്തിയാകേണ്ട താമസം—
അതു വിളിക്കുവാൻ!
അവളുടെ ജാതകത്തിനു യാതൊരു പിഴയുമില്ല.

ആ പരിപാവനഹൃദയം!—
അതു പരിപൂർണ്ണതയിൽ ലയിച്ചു.
"എങ്ങനെ?"



Digitized By Kerala Sahitya Akademi

എങ്ങനെയെന്നോ?—

ആ ഹൃദയപരിമളമല്ലാതെ,

മറെറന്താണ്,

മന്ദപവനനിൽ അലിഞ്ഞു ചേർന്ന്

പരിസരങ്ങളെ പരിരംഭണംചെയ്യുന്നതു്?...

---

(1110 മിഥുനത്തിൽ "ശ്രീമതി" എന്ന പ്രതിവാരപത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതു്.)



Digitized By Kerala Sahitya Akademi

## ൨൭. കാമുകൻ

കാമുകൻ ചോദ്യമായോമനേ, ഞാനൊരു
കാർമുകിലായാൽ നീയെന്തുചെയ്യും?

ഞാനതിൻമദ്ധ്യത്തിൽ വൈദ്യുതവല്ലിയായ്
വാനിൽ വളരെയൊളി വീശിമിന്നും.

മാമകാനന്ദമേ, അമ്മുകിൽ ചൂടുന്ന
മാമലയായി ഞാൻ മാറിയാലോ?

ആഴിയിൽമുങ്ങാതെ,ഞാരാദിത്യനായതിൻ
താഴികപ്പൊൽക്കുടമായ് വിളങ്ങും.

പ്രേമത്തിടമ്പേ! ഞാനമ്മലവാരത്തിൽ
താമരപ്പൊയ്കയായ് താഴ്ന്നെന്നാലോ.?

നിശ്ചലമാകുമപ്പൊയ്കയിൽ പ്രേമത്തിൻ
കൊച്ചലചാർത്തായ് ഞാൻ കോളിളക്കും.

കണ്മണി, കാനനച്ചോലയിൽ ചേരുന്ന
വെണ്മണൽത്തിട്ടായ് ഞാൻ തീർന്നെന്നാലോ?

ആമൺതരികളെ കോൾമയിർക്കൊള്ളിക്കും
ഹേമന്തചന്ദ്രികയായിടും ഞാൻ.

തങ്കം, ഞാൻ മൂകമാം വേണുവായ്പുഴിത-
ന്നങ്കത്തി,ലെങ്ങാനിറങ്ങിയാലോ?

ഹാ,നാഥ! ഞാനിളംപുല്ലായതിൻമീതെ
ആനമിച്ചെന്നും പൊഴിക്കുമശ്രു.

ഇടപ്പള്ളി രാഘവൻപിള്ള (? ) 

Digitized By Kerala Sahitya Akademi

## ൬൯. കൃഷിപ്പാട്ട്

### ൧

ഹാ, ശംൻ വിധി കൊയ്യും
ജീവിതച്ചേർപ്പാടത്തിൽ
ആശതൻ കൃഷിപ്പണി
യൊക്കെയും വിഫലത്തിൽ.

കർഷകൻ പ്രയത്നിപ്പാൻ,
കാഞ്ചനക്കുളമ്പാരത്തിൽ
ഹർഷാശ്രു പൊഴിക്കുവാ-
നന്യനാണിജ്ജഗത്തിൽ.

കാലത്തുതൊട്ടിട്ടന്തി-
യാകുവോളവും നിന്നു
കാലത്തിൻ കരിക്കോലു-
കൊണ്ടു ഞാനുഴകുന്നു.

ശാശ്വതപ്രേമത്തിന്റെ
വിത്തുകളതിൽപ്പാകി
ശാന്തിതൻ സനാതന-
സംഗീതം തൂകിത്തൂകി

ഇരുന്നൂററിമുപ്പത്തൊന്ന്



Digitized By Kerala Sahitya Akademi

തപ്തമായ് വരണ്ടു വി-
ണ്ടീടുമാ വിടവാകെ-
സ്സ്വച്ഛമാം കണ്ണീർ തേകി
നിത്യവും നിറയ്ക്കുവേ;

പാവനപ്രേമത്തിൻെറ
പട്ടിണിപ്പുല്ലപ്പാടം
ഭാവനാതീതരമ്യ-
മായീടും മലർവാടം

വേലിയും വരമ്പുമായ്
ബദ്ധമ,ല്ലൊബ്ഭാഗത്തിൽ
കാലികൾ കേറിടാതെ
കാത്തു ഞാൻ നിദ്രാഹീനൻ.

൨

മിന്നലാമരിവാളു
മിന്നിച്ചു തോഷത്തോടെ
കന്നാലേറിയാ വിധി
നോക്കിനാൻ ക്രൂടക്കുടെ

പ്രേമത്തിൻ ചുട്ടരകതാം
വേണമാ വൻമോഹത്തിൻ
ധൂമത്താലിരുണ്ടീടും
ദുർമ്മുഖം തുടക്കുവാൻ.



Digitized By Kerala Sahitya Akademi

## ൯

സ്വപ്നത്തിൻ മുരളിയിൽ
സത്യസംഗീതം കേൾക്കാം.
സത്യത്തിൻ മുരളിയിൽ
സ്വപ്നവും നിഴലിക്കാം.

ഫലമാവതിൻമുൻപേ
പത്തായം നിറയ്ക്കുവോൻ
ഖലനാം വിധി, വിത്തും
വേലയും വിഫലംതാൻ.

എന്നാലും കാററിൽത്തങ്ങി-
നില്ക്കുമെൻ കൃഷിപ്പാട്ടും
എന്നാളും നിൻവാളിന്നൊ-
ന്നൂണാകയില്ലെമ്മട്ടും!



Digitized By Kerala Sahitya Akademi

## ൫൦. അറിയുന്നു ഞാൻ

(ടാഗോർ)

കോമളച്ഛായപ്പാവകൾ ഞാനെ-
ന്നോമനേ നിനക്കേകുമ്പോൾ
വാരിദമാലതന്നിലു,മീശൻ
വാരിധിതൻെറ മാറിലും;
വാരണിയും കാന്തിചിന്നീടുമോരോ
താരകൾതൻദലത്തിലും;
നാനാവർണ്ണങ്ങൾ ചേർപ്പതിൻ തത്ത്വം
ഞാനറിയുന്നു സ്പഷ്ടമായ്!

ഓമനേ, നിന്നെയാനന്ദിപ്പിപ്പാ-
നോരോ ഗാനം ഞാൻ പാടുമ്പോൾ
മർമ്മരത്താലെ പത്രപംക്തികൾ
സംഗീതം പൊഴിപ്പതും;
ഉൽക്കണ്ഠയോടെ ശ്രദ്ധിച്ചീടുന്നൊ-
രക്കടൽക്കര കേൾക്കുവാൻ
കല്ലോലമാലയെപ്പൊഴുമൊരേ
പല്ലവി പാടി വാഴ്വതും;
എന്തിനാണെന്ന തത്ത്വമെന്നുടെ-
യന്തരംഗേയറിവൂ ഞാൻ!

൧൧രുനൂററിമുപ്പത്തിനാല്

Digitized By Kerala Sahitya Akademi

# അറിയുന്നു ഞാൻ

മാധുര്യമേററമേറിടുന്നതാം
സാധനം നിനക്കേകുമ്പോൾ,
മഞ്ജുളമലരാകുമോരോരോ
മഞ്ജൂഷയിൽ മരന്ദവും;
ശ്ലാഘമാന് പകചപാളിയിൽ, രസം
കൂടുമാസവസമ്പത്തും;
എന്തിനാണീശൻ ചേർത്തിരിപ്പതെ-
ന്നന്തരംഗേയറിവൂ ഞാൻ!
പുഞ്ചിരിയൊന്നു തൂകുവാൻ നിന്റെ
പൂങ്കവിളിൽ ഞാൻ ചുംബിക്കേ
ദിവ്യമാമേതുമട്ടിലുള്ളൊരു
നിവ്വൃതിയാണു നിത്യവും
നിഗ്ഗളിപ്പതു വാനിങ്കൽനിന്ന-
സ്സുപ്രഭാതത്തിലെന്നതും;
ഉൾക്കളിരേതുമട്ടിലേറുന്നീ-
ത്തൈക്കളിർത്തെന്നലെന്നതും;
ശങ്കവിട്ടെന്റെ മാനസന്തന്നിൽ
തങ്കമേ, ഞാനറിയുന്നു.

— —



Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ
## കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| [illegible] | 1 | 4 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| ശ്രീതിലകം | 1 | 0 | 0 |
| കലാകേളി | 0 | 12 | 0 |
| കളിത്തോഴി | | 8 | 0 |
| [illegible] | 0 | 8 | 0 |
| ആരാധകൻ | 0 | [illegible] | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| [illegible] | 0 | 8 | 0 |
| നിർവ്വാണമണ്ഡലം | 0 | 8 | 0 |
| [illegible] | 0 | 8 | 0 |
| അനശ്വരഗാനം | | | 0 |
| യവനിക | 1 | 8 | 0 |
| നാലു... (ശ്രീ... ) | 0 | 8 | 0 |
| [illegible] | 1 | | |

[illegible]

മംഗളോദയം ലിമിറ്റഡ്,
തൃശൂർ

Digitized By Kerala Sahitya Akademi

# പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| 1. | ഏകലോകം (വെൻഡൽ വില്ലിയുടെ One World എന്ന പുസ്തകത്തിന്റെ മലയാളതർജ്ജമ) . | 3 | 0 | 0 |
| 2. | ഗാന്ധിയുടെ കൂടെ (ലൂയി ഫിഷർ) . | 2 | 8 | 0 |
| 3. | അനർഘനിമിഷം (വൈക്കം മുഹമ്മദ് ബഷീർ) . | 1 | 4 | 0 |
| 4. | ജന്മദിനം ,, . | 1 | 8 | 0 |
| 5. | കഥാബീജം ,, . | 1 | 4 | 0 |
| 6. | ബാല്യകാലസഖി ,, . | 1 | 4 | 0 |
| 7. | മണിമാളിക (എസ്. കെ. പൊറ്റെക്കാട്ട്) . | 1 | 8 | 0 |
| 8. | സമ്മാനം (ജെ. മുണ്ടശ്ശേരി) . | 1 | 4 | 0 |
| 9. | കടാക്ഷം ,, . | 1 | 0 | 0 |
| 10. | അന്തരീക്ഷം ,, . | 1 | 4 | 0 |
| 11. | കാവ്യപീഠിക ,, . | 1 | 8 | 0 |
| 12. | മാറ്റൊലി ,, . | 1 | 0 | 0 |
| 13. | മാനദണ്ഡം ,, . | 1 | 4 | 0 |
| 14. | നിഴലുകൾ (രാമകൃഷ്ണപിള്ള) . | 1 | 4 | 0 |
| 15. | നിഴലാട്ടം (കുട്ടികൃഷ്ണമാരാർ) . | 1 | 4 | 0 |
| 16. | വിചാരവിപ്ലവം (കുറ്റിപ്പുഴ) . | 1 | 8 | 0 |
| 17. | കടത്തുവഞ്ചി (കെടാമംഗലം) . | 1 | 8 | 0 |
| 18. | മനുഷ്യപ്പുഴുക്കൾ (മാക്സിം ഗോർക്കി) . | 1 | [illegible] | 0 |
| 19. | നിമിഷം (ജി. ശങ്കരക്കുറുപ്പ്) . | 1 | 0 | 0 |
| 20. | കപടക്കളി—ഒരു പ്രഹസനം (വള്ളത്തോൾ) . | 1 | 0 | 0 |
| 21. | കർപ്പൂരചരിതഭാണം ,, . | 0 | 10 | 0 |
| 22. | റെയിൻബൊ (1943-ലെ സ്റ്റാലിൻ സമ്മാനാർഹമായ നോവൽ) | 2 | 8 | 0 |
| 23. | തറവാട്ടമ്മ . | 1 | 8 | 0 |
| 24. | ബാബിലോണിലെ രാജകുമാരി . | 1 | [illegible] | 0 |
| 25. | മനുഷ്യൻ (കെ. ദാമോദരൻ) . | 2 | 0 | 0 |

മംഗളോദയം

Digitized by Kerala Sahitya Akademi